# ഹിന്ദുമതത്തിന്റെ പുണ്യഗ്രന്ഥം



- ഹിന്ദുമതത്തിന്റെ ഉത്ഭവം.
- ഹിന്ദുമതത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ.
- സ്മൃതിശാസ്ത്രം – പലപ്പോഴും ഉത്തരം തേടുന്ന ചോദ്യങ്ങൾ.
- ഹിന്ദുമതവും വേദമന്ത്രങ്ങളും
- നിത്യ പ്രാർത്ഥന – ഹിന്ദുക്കൾക്ക് അനിവാര്യമായത്.
- ഭജന – ഈശ്വര കീർത്തനം
- സ്വർഗ്ഗവും നരകവും
- ബിംബാരാധന
- ജാതിവ്യവസ്ഥ
- മനുസ്മൃതി
- ഉപനിഷത്തുക്കൾ
- വിഷ്ണുവിന്റെ ദശാവതാരങ്ങൾ
- ഭഗവാൻ മഹാവീരൻ
- ശങ്കരാചാര്യർ
- സ്വാമി വിവേകാനന്ദന്റെ തത്വശാസ്ത്രം



# ഹിന്ദുമതത്തിന്റെ പുണ്യഗ്രന്ഥം

ഹിന്ദുമതത്തിന്റെ ഉത്ഭവം • ഹിന്ദുമതത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ • സ്മൃതിശാസ്ത്രം - പലപ്പോഴും ഉത്തരം തേടുന്ന ചോദ്യങ്ങൾ • ഹിന്ദുമതത്തിന്റെ വൈദിക മതവും വേദമന്ത്രങ്ങളും • ഭഗവാൻ കൃഷ്ണനും ഭഗവദ്ഗീതയും ഗീതാമന്ത്രങ്ങളും • നിത്യ പ്രാർത്ഥന - ഹിന്ദുക്കൾക്ക് അനിവാര്യമായത് • ഭജന - ഭഗവാന്റെ കീർത്തനാലാപനം • സ്വർഗ്ഗവും നരകവും • ബിംബാരാധന • ജാതിവ്യവസ്ഥ • മനുസ്മൃതി • ഉപനിഷത്തുക്കൾ • വിഷ്ണുവിന്റെ ദശാവതാരങ്ങൾ • ഭഗവാൻ മഹാവീരൻ • ശങ്കരാചാര്യർ • ഹിന്ദു സന്യാസിയായ സ്വാമി വിവേകാനന്ദനും അദ്ദേഹത്തിന്റെ തത്വശാസ്ത്രവും • ചില പ്രധാനപ്പെട്ട ഹിന്ദു പദങ്ങളുടെ സാരാംശം.

*ട്രസ്റ്റി ഹിന്ദു റിലീജിയസ് ചാരിറ്റബിൾ ട്രസ്റ്റ്.*

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ഹിന്ദുമതത്തിന്റെ ഉത്ഭവം | 5 |
| 2. | ഹിന്ദു മതത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ | 9 |
| 3. | സ്മൃതിശാസ്ത്രം | 11 |
| 4. | ഹിന്ദുത്വത്തിലെ വൈദികമതം | 45 |
| 5. | വേദമന്ത്രങ്ങൾ | 49 |
| 6. | ഭഗവാൻ കൃഷ്ണനും ഭഗവദ് ഗീതയും | 79 |
| 7. | ഗീതയിലെ ചില ശ്ലോകങ്ങൾ | 86 |
| 8. | നിത്യോപയോഗത്തിനായി ഹിന്ദുക്കൾക്ക് നിർബ്ബന്ധമായും ആവശ്യകരമായ പ്രാർത്ഥന | 99 |
| 9. | ഭജനഃ ഭഗവാന്റെ കീർത്തനങ്ങൾ | 104 |
| 10. | സ്വർഗ്ഗവും നരകവും | 105 |
| 11. | ബിംബാരാധന | 106 |
| 12. | ജാതിവ്യവസ്ഥ | 112 |
| 13. | മനുസ്മൃതി | 119 |
| 14. | ഉപനിഷത്തുക്കൾ | 122 |
| 15. | വിഷ്ണുവിന്റെ ദശാവതാരങ്ങൾ | 123 |
| 16. | ഭഗവാൻ മഹാവീരൻ | 127 |
| 17. | ശ്രീശങ്കരൻ (ശങ്കരാചാര്യർ) | 128 |
| 18. | സ്വാമി വിവേകാനന്ദനും അദ്ദേഹത്തിന്റെ തത്വശാസ്ത്രവും | 130 |
| 19. | സംസ്കൃത നാമങ്ങളുടേയും പദങ്ങളുടേയും അർത്ഥം | 134 |

# ലേഖകന്റെ കുറിപ്പ്

"ഹിന്ദുമതത്തിന്റെപുണ്യഗ്രന്ഥം"ഹിന്ദുവേദഗ്രന്ഥങ്ങളിലേക്കുള്ള ഒരു എത്തിനോട്ടമാണ്. ഇതിലെ ഉള്ളടക്കം വിപുലമായ ഹൈന്ദവ സാഹിത്യങ്ങളിൽ നിന്നും അടർത്തിയെടുത്തിട്ടുള്ളതാണ്. വേദ ഗ്രന്ഥങ്ങളിലെ ചില ഭാഗങ്ങൾ, ആത്മാർത്ഥമായ ഒരു ഹിന്ദുവിന് ഈശ്വരനെ നിത്യവും ആരാധിക്കാനാവും വിധത്തിലുള്ള പ്രാർത്ഥനകൾ, എന്നിവയെല്ലാം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഹിന്ദുമതത്തെ കുറിച്ച് മൂല്യവും ആധികാരികവുമായ ഏതെങ്കിലും ലിഖിതം ആരുടെയെങ്കിലും കൈവശം ഉള്ള പക്ഷം അവയെപ്രസാധകർക്ക് കൈമാറണമെന്ന് താല്പര്യപ്പെടുന്നു. തുടർന്നുള്ള പതിപ്പുകളിൽ അവയെ പറ്റുമെങ്കിൽ ഉൾക്കൊള്ളിക്കാമല്ലോ!

"സനാതനധർമ്മം" ഈശ്വരൻ മനുഷ്യ രാശിക്ക് വേണ്ടി ഋഷിവര്യരുടേയും മുനികളുടേയും പ്രവചനങ്ങൾ വഴി നല്കിയ ഒരു വരമാണ്. മറ്റുള്ള എല്ലാ മതങ്ങളും ഏതെങ്കിലും ഒരു വ്യക്തിയുടെ പ്രഭയിൽ നിലകൊള്ളുമ്പോൾ, തങ്ങളുടെ അടിത്തറ വിപുലീകരിക്കുന്നതിന് ഒരേയൊരു തത്വത്തെ മാത്രം മുന്നോട്ട് വെയ്ക്കുകയും മറ്റൊരു ആദ്ധ്യാത്മിക പാതയേയും അംഗീകരിക്കാതിരിക്കുമ്പോൾ ഹിന്ദുമതം മറിച്ചാണ്. അതിന്റെ പാരമ്പര്യം വളരെ വിശാലവും സ്വതന്ത്രവുമാണ്. ഹിന്ദുമതം ആർക്ക് ഏത് രീതിയിലും, പൊള്ളയായ വാദങ്ങൾക്കും സ്വാധീനങ്ങൾക്കും അതീതമായി വർത്തിക്കുവാൻ അനുവാദം നൽകുന്നു. മനുഷ്യരാശിയുടെ ഉപയോഗത്തിന് വേണ്ടി ലേഖകൻ ഈ ഗ്രന്ഥം അവന്റെ (ഈശ്വരന്റെ) കല്പനകളെ (വചനങ്ങളെ) മാത്രം ആശ്രയമാക്കി രചിച്ചതാണ്. ഇതെഴുതുന്നതിനോ "ഹിന്ദുമതത്തിന്റെ പുണ്യഗ്രന്ഥം" സംശുദ്ധമാക്കുന്നതിനോ ലേഖകൻ ഒരു പുണ്യവും ആഗ്രഹിക്കുന്നില്ല.

ഈ പുസ്തകം വായിക്കുന്ന എല്ലാ വായനക്കാർക്കും ഈശ്വരന്റെ അനുഗ്രഹവും ലഭിക്കുമാറാകട്ടെ. അവരുടെ ജീവിതത്തിൽ ഈശ്വരൻ സന്തോഷവും വിജയവും പ്രദാനം ചെയ്യട്ടെ !

**പ്രൊഫ. ഡോക്ടർ സത്യജിത്ത് ചക്രവർത്തി**

ട്രസ്റ്റി ഹിന്ദു റിലീജിയസ് ചാരിറ്റബിൾ ട്രസ്റ്റ്.

# ഹിന്ദുമതത്തിന്റെ ഉത്ഭവം

ഒരു മതമെന്ന നിലയിൽ ഹിന്ദുധർമ്മത്തിന് ഏകദേശം ഇരുപതിനായിരം വർഷം പഴക്കം കാണും. മാനവസംസ്കാരത്തിൽ തന്നെ പ്രഥമമതമാണത്രെ ഹിന്ദുമതം.

പ്രശസ്ത ചരിത്രകാരനും പണ്ഡിതനുമായ കാലകൂടൻ പ്രസ്തുതമതത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ''പ്രീത''(PRITA)Kolkata Prita, Page 26 (Mandal Book House, 78/1 M.G. Road, Kolkata - 700 009) എന്ന തന്റെ ചരിത്ര പഠനത്തിൽ പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹം കാലത്തെ, ഒന്നാകമാനം ചാക്രികമായ നാലുയുഗങ്ങളായിട്ടാണ് വേർതിരിച്ചിട്ടുള്ളത്. ഓരോയുഗത്തിനും 5000 സംവത്സരങ്ങളുടെ ദൈർഘ്യമുണ്ട്. ഇതിൽ ആദ്യത്തേത് ധർമ്മത്തിന്റെ വിളയാട്ടമുള്ള സത്യയുഗമാണ്.

ഈ യുഗത്തിൽ എല്ലാ മനുഷ്യർക്കും ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ പ്രാഥമികാവശ്യങ്ങൾ ലഭിക്കുന്നു. പുരുഷന്മാരും, സ്ത്രീകളും തങ്ങളുടെ പ്രവൃത്തികളിൽ സത്യനിഷ്ഠ കാണിക്കുകയും വസ്തുനിഷ്ഠമായ നിലപാടുള്ള വരുമായിരിക്കും.ഏവരും സൗഹാർദ്ദത്തോടെയും പരസ്പരധാരണയോടെയും വർത്തിക്കുന്നു.

സത്യയുഗത്തെ തുടർന്നുള്ള മൂന്നു യുഗങ്ങൾ ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം എന്നിവയാണ്. കാലകൂടന്റെ നിഗമനത്തിൽ ഇപ്പോൾ കലിയുഗമാണ്. ക്രിസ്തുവർഷം 78ൽ കനിഷ്കർ ശകവർഷം ആരംഭിച്ചപ്പോൾ കലിയുഗം 3179 പിന്നിട്ടിരുന്നു. അതനുസരിച്ച് ഇപ്പോൾ (2008ൽ) കലിയുഗം 5107 വർഷം പഴക്കം ചെന്നിരിക്കയാണ്.

കാലകൂടന്റെ തന്നെ പഠനമനുസരിച്ച് ഈശ്വരന്റെ കല്പനകളും, വചനങ്ങളും ലോകത്തിനാകമാനം പ്രദാനം ചെയ്തത് മൂന്ന് പ്രവാചകന്മാരാണ് ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ. ഈ മൂവർക്കും (ത്രിമൂർത്തികൾക്കും) ജ്ഞാനം ലഭിക്കുകയും അവർ സനാതന ധർമ്മം പ്രചരിപ്പിക്കുകയും ചെയ്തതോടെ യാണത്രെ സത്യയുഗത്തിന്റെ ആരംഭം. അങ്ങിനെ ഗണിക്കുമ്പോഴാണ് മേലുദ്ധരിച്ച 20000 വർഷത്തിന്റെ പഴക്കം ഹിന്ദുമതത്തിനുണ്ടെന്ന് നാം അനുമാനിക്കുന്നത്.

ത്രിമൂർത്തികൾ മൂവരും ഭാരതത്തിന്റെ മൂന്നിടങ്ങളിൽ നിന്നായിട്ടാണ് ഉത്ഭവിക്കുന്നത്. ബ്രഹ്മാവ് മദ്ധ്യ ഭാരതത്തിൽ നിന്നാണെങ്കിൽ വിഷ്ണു, (നാരായണൻ, വെങ്കടാചലപതി, ബാലാജി എന്നി പേരുകളിലും അറിയപ്പെടുന്നു.) ദക്ഷിണത്തിൽ നിന്നും ശിവൻ, (ശങ്കരൻ, രുദ്രൻ എന്നീ നാമങ്ങളാൽ) അറിയപ്പെടുന്നു. മഹേശ്വരൻ ഉത്തര ഭാരതത്തിലെ കാശ്മീരിൽ നിന്നും ഉള്ളവരാണ്.

ത്രിമൂർത്തികൾ നിരൂപനായ ഈശ്വരന്റെ തന്നെ മൂന്ന് വ്യത്യസ്ത സാക്ഷാത്കാര മായിട്ടാണ് ചില ഹിന്ദുതാത്വികജ്ഞാനികൾ കണക്കാക്കുന്നത്. ഇവരുടെ വെളിപാടുകളും പ്രവചനങ്ങളും ശക്തിയുക്തവും അവർ നല്കിയ സന്ദേശങ്ങൾ ഭാരത ഉപഭൂഖണ്ഡങ്ങളിലും മറ്റു നിരവധി രാജ്യങ്ങളിലും സ്വാധീനം

ചെലുത്തിയിട്ടുണ്ട്. ആശയവിനിമയം നന്നേ കുറവായിരുന്ന പ്രാചീനകാലങ്ങളിൽ പോലും അവർ നല്കിയ അദ്ധ്യയനങ്ങളും സന്ദേശങ്ങളും വിദൂരവ്യാപകമായിരുന്നു. സനാതന ധർമ്മം തന്നെ നിലവിൽ വന്നത് ഇപ്രകാരമാണ്.

സനാതന ധർമ്മത്തെതന്നെയാണ് പില്ക്കാലത്ത് ഹിന്ദുമതമായി കാണുന്നത്. ത്രിമൂർത്തികളെയാകട്ടെ ആദിദേവന്മാരായും സനാതന ധർമ്മത്തിന്റെ സ്ഥാപകരുമായി നാം കാണുന്നു. അവർ തന്നെയാണ് വേദങ്ങളുടെ വെളിപാടുകൾ നടത്തിയതും.

സിന്ധു നദിയുടെ പൂർവ്വതീരങ്ങളിൽ ഉടലെടുത്ത് നിലവിലുണ്ടായിരുന്ന ഒരു സംസ്കാരമുണ്ടായിരുന്നു.മദ്ധ്യേഷ്യക്കാർ ഈ സംസ്കാരത്തെ "ഹിന്ദു" സംസ്കാരമെന്ന് നാമകരണം ചെയ്കയായിരുന്നു. 'സ' എന്ന അക്ഷരത്തിന് അവർ 'ഹ' എന്നാണ് ഉച്ചരിച്ചത്. അങ്ങനെ "സിന്ധു" "ഹിന്ദു" വായി.

ക്രിസ്തുവിന് മുൻപ് 4500–3500 കാലയളവിൽ അശ്വാരൂഢരായ മദ്ധ്യേഷ്യക്കാർ ഭാരതത്തിന്റെ ഉത്തര പശ്ചിമാതിർത്തികളിലൂടെ സിന്ധു ഗംഗാ നദീതടത്തിലേയ്ക്ക് ആക്രമിച്ച് പ്രവേശിച്ചു. താമസിയാതെ തന്നെ അവർ ഇന്ത്യയെ ആക്രമിച്ച് കീഴടക്കുകയും ഇവിടുത്തെ ഭരണാധികാരികളാക്കുകയും ചെയ്തു. ഇതെ തുടർന്ന് ഭാരതത്തിന്റെ ഏകദേശം മുഴുവൻ ഭാഗവും അവരുടെ അധീനതയിലായി. "ഹിന്ദു" വെന്ന് അവർ നാമകരണം ചെയ്ത പദം കാലക്രമേണ പ്രചുരപ്രചാരം നേടി.

വേദാധിഷ്ഠിതമാണ് ഹിന്ദുമതം. ഇന്ത്യയിൽ അതിക്രമിച്ചു വന്നവരും ഭരണകർത്താക്കളും ക്രമേണ ഇവിടുത്തെ ജനങ്ങളുമായി ഇടപഴകുകയും ചിരസമ്പർക്കം പുലർത്തുകയും ചെയ്തു. മാത്രമല്ല ഹിന്ദു തത്വശാസ്ത്രത്തിന്റെ അടിസ്ഥാനാദർശനങ്ങൾ അവർ സ്വീകരിക്കുകയും ചെയ്തു. തങ്ങളുടെ വിദേശീയത അതോടെ ശിഥിലമാകുകയായിരുന്നു.

ഹിന്ദുക്കളുടെ ദൈവത്തെ ഈശ്വരൻ എന്ന് വിളിക്കുന്നു. സർവ്വോച്ചമായ ഒരു അസ്തിത്വമാണ് ഈ ഈശ്വരൻ എന്ന പദം. ഈശ്വരൻ ഒരു കേവലശക്തിയാണ്. അദ്ദേഹം സർവ്വവ്യാപിയും കാലാതീതനുമാണ്, ആദിയോ, അന്ത്യമോ അതിനില്ല. രൂപമോ, നിറമോ, വ്യാഖ്യാനമോ ഒന്നും തന്നെ ഇല്ലാത്ത ഈശ്വരൻ സ്രഷ്ടാവും എല്ലാ നിമിത്തങ്ങളുടെയും നിമിത്തവുമാണ്. അവൻ സർവ്വശക്തനാണ്, തന്റെ സങ്കല്പം നിലവിൽ വരുത്തുന്നതിന് അവന് വേറെയാരുടെയും സഹായമോ സഹകരണമോ ആവശ്യമില്ല.

ഭൂമിയുടെ പലേ ഭാഗങ്ങളിലായി ഈശ്വരന്റെ സൃഷ്ടികൾ നില കൊള്ളുന്നു. അവയെ സംരക്ഷിക്കുന്നതിനായി ഈശ്വരനാകട്ടെ മനുഷ്യ രൂപത്തിൽ തന്റെ ദൂതന്മാരെ അയക്കുന്നു. അവന്റെ മഹത്വത്തിന്റെ പ്രതിഫലനമാണത്രെ, ഇത്! പലേ ഇന്ത്യൻ ഭാഷകളിലും ഇത്തരം ദൂതന്മാരെ ദേവതകൾ എന്നാണ് വിളിക്കുന്നത്.

ഭക്തർ ഈശ്വരനോട് പ്രാർത്ഥിക്കുന്നു. ദേവതകളുടെ ജീവിതവും പ്രവൃത്തിയും സോപാനവും അവർ ദേവാലയങ്ങളിൽ പ്രകീർത്തിക്കുന്നു. ഈ ദേവതകൾ വാസ്തവത്തിൽ പ്രകൃതിക്കതീതമായ ശക്തിയുള്ള മനുഷ്യ

ജീവികൾ തന്നെയാണ്. എന്നാൽ അവരുടെ സാക്ഷാത്കാരം അതത് ചരിത്ര കാലങ്ങളും സാമൂഹികാന്തരീക്ഷവും, ഭൂമിശാസ്ത്രപരമായ ഹേതുക്കളാലും ബന്ധപ്പെട്ടതുമാണ്.

ദേവാലയങ്ങളിൽ വിഗ്രഹാരാധന നടക്കുന്നു. സാധാരണ മനുഷ്യർ ഇവിടെ ദേവതകളുടെ വിഗ്രഹങ്ങളെ ആരാധിക്കുന്നു. വിഗ്രഹങ്ങൾ കേവലം ആരാധനാപാത്രം മാത്രമല്ല, ഈശ്വരനോടുള്ള തീക്ഷ്ണമായ പ്രാർത്ഥനയുടെ കേന്ദ്ര ബിന്ദു കൂടിയാണ് ഈ വിഗ്രഹങ്ങൾ. വിഗ്രഹാരാധന വാസ്തവത്തിൽ ദേവതകളുടെയും ദേവദൂതരുടെയും വീരാരാധനയാണ്.ദേവതകൾ ഫലത്തിൽ മനുഷ്യരായിരുന്നത് കൊണ്ടയിരിക്കാം ഒരുദേശത്തെ ദേവനെ പരദേശത്ത് ആരാധിക്കാത്തത്. എന്നാൽ ഈശ്വരനാകട്ടെ ദേശനാമഭേദമില്ലാതെ ഏതൊരു പ്രാർത്ഥനയും സ്വീകരിക്കുന്നു.

എന്നാൽ വേദങ്ങൾ പഠിക്കയും ഗ്രഹിക്കയും മതപരമായ തത്വശാസ്ത്രത്തിന്റെ പൊരുൾ മനസ്സിലാക്കുകയും ചെയ്ത ഒരുവന് വിഗ്രഹാരാധന നടത്തേണ്ട ആവശ്യമില്ല. അവരെ സംബന്ധിച്ചിടത്തോളം ഈ ഒരു ആരാധന അർത്ഥശൂന്യമാണ്. ഈശ്വരന്റെ യഥാർത്ഥ പ്രകൃതം ഗ്രഹിച്ചവരാണ് അവർ.

മൗലികമായി ഹിന്ദുക്കൾ ഏകദേവഭക്തരാണ്. സർവ്വശക്തനായ ഈശ്വരനെ അവർ ആരാധിക്കുന്നു. ദേവതൈ, ദേവഡു, ഈശ്വരൻ, കടവുൾ, ഇറൈവൻ എന്നുതുടങ്ങി പലേ നാമങ്ങളും ഈശ്വരനാണ്.ദേവതകളെ പ്രകൃതിക്കതീതമായ ശക്തിയുള്ള വീരപുരുഷരും വീരവനിതകളുമായിട്ടാണ് ആരാധിച്ചത്. ഈശ്വരന്റെ ചില ഗുണങ്ങൾ അവരിൽ കാണുകയും ചെയ്തിരുന്നു.

ഈശ്വരൻ സർവ്വജ്ഞനും, സർവ്വവ്യാപിയും ഭൂമിയുടേയോ സൗരയൂഥത്തിന്റെയോ സീമകൾക്ക് അതീതമായി വർത്തിക്കുന്നവനുമാണ്. സർവ്വമനുഷ്യ ജീവികളും തങ്ങളുടെ പ്രാർത്ഥനയും അനുഷ്ഠാനങ്ങളും കൊണ്ട് അവനെ സമീപിക്കുന്നു. ഈശ്വരന് മാത്രമാണ് നമ്മുടെ പ്രാർത്ഥനകൾ അർഹിക്കുന്നത്.

സനാതന ധർമ്മത്തിന്റെ ആദ്യ ദിശകളിൽ ഹിന്ദുക്കൾ ഏകദേവ ഭക്തരായിരുന്നു. അവർ ഒരു ഈശ്വരനെ മാത്രം ഭജിച്ചു. ഹാരപ്പ, മോഹൻജദാരോ എന്നിവിടങ്ങളിൽ നിലകൊണ്ടിരുന്ന നാഗരിക സംസ്കാര വേളയിലാണത്രെ ഹിന്ദുക്കൽ വിഗ്രഹാരാധന ചെയ്തു തുടങ്ങിയത്. ഇക്കാലത്ത് മനുഷ്യർ സൂര്യ ഭഗവാന്റെയും ശിവ ലിംഗത്തിന്റെയും ചില മൃഗ രൂപങ്ങളുടെയും വിഗ്രഹങ്ങൾ വെച്ച് ആരാധിച്ചു തുടങ്ങി.

ക്രിസ്തുവിനു മുൻപ് 1475 വർഷത്തിനു മുൻപാണത്രെ ഹാരപ്പൻ മോഹൻജദാരോ സംസ്കാരം നില കൊണ്ടിരുന്നത്. ഹിന്ദു പ്രമാണങ്ങൾ അനുസരിച്ച് ക്രി. മു.1475 ൽ ഒരു കനത്ത സമുദ്രാന്തര ഭൂചലനമുണ്ടായി. തിരമാലകൾ വളരെ ഉയരത്തിൽ വരികയും സിന്ധുനദിയും അതിന്റെ പരിസരപ്രദേശങ്ങളും ആവരണം ചെയ്യുകയും ചെയ്തു. ഹാരപ്പയും മോഹൻജദാരോയും ചെളിമണ്ണാൽ മൂടപ്പെട്ടു. പെട്ടെന്നുള്ള ഒരാക്രമണമാകയാൽ

വെള്ളപ്പൊക്കം കഴിഞ്ഞ് പരിസരമാകെ ശാന്തമായപ്പോഴേക്കും മനുഷ്യരും മൃഗങ്ങളും സസ്യ കൃഷികളുമെല്ലാം കട്ടിയേറിയ മൺകൂനകൾക്ക് അടിയിലായി. പ്രസ്തുത സംസ്കാരത്തിന്റെ നാശത്തിന് പരിതസ്ഥിതി തുലനത്തിലുണ്ടായ മാറ്റവും കാരണമായിരുന്നിരിക്കാം. ഈ നാഗരിക സംസ്കാരത്തിൽ നിരവധി മുളകളും മറ്റും ഉപയോഗിച്ച് വീട്ടുപകരണങ്ങൾ നിർമ്മിച്ചു. കാടുകളുടെ നാശത്തിന് ഇത് വഴിവെക്കയും പരിത സ്ഥിതിയെ സാരമായി ബാധിക്കയും ചെയ്തു. പ്രകൃതിയുടെ ഈ ശാപം ഈ സംസ്കാരത്തിന്റെ തന്നെ ഉന്മൂല നാശത്തിന് ഹേതുവായി.

സിന്ധു ഗംഗാ നദീതട സംസ്കാരത്തിൽ ആപ്പിന്റെ (ശരത്തിന്റെ) ആകൃതി യിലുള്ള ഒരു തരം ലിഖിതം നിലവിലുണ്ടായിരുന്നു. മെസ്സോപൊട്ടാമിയ, സുമേറിയ എന്നിവിടങ്ങളിൽ നിലകൊണ്ടിരുന്ന സംസ്കാരത്തിന്റെ സ്വാധീനമായിരുന്നിരിക്കാം ഈ ലിഖിത രീതി. വിഗ്രഹങ്ങളുടെ നിരവധി ചിത്രങ്ങൾ ഉൾക്കൊണ്ട ഒരു ലിഖിതം ഹാരപ്പ മോഹൻജദാരോ കാലയളവിൽ ആശയ വിനിമയത്തിനായി ഉപയോഗിച്ചി രുന്നതായിരിക്കാം.

ഋഗ്വേദ കാലത്ത് ജാതിവ്യവസ്ഥയോ, ശിശുവിവാഹമോ, സതിദഹനമോ നിലവിലുണ്ടായിരുന്നില്ലെങ്കിലും തൊഴിലധിഷ്ഠിതമായ ഭിന്നതകൾ സമൂഹത്തി ലുണ്ടായിരുന്നു. ഒരേ കുടുംബത്തിലെ ഒരാൾ അദ്ധ്യാപകനാണെങ്കിൽ, മറ്റൊരാൾ യോദ്ധാവും, വേറൊരാൾ ശില്പകലാകാരനുമാകാം. മിശ്രവിവാഹവും, പരസ്പരം തൊഴിൽ ഭേദം ചെയ്യുന്നതും സമൂഹം പൊതുവെ അംഗീകരിച്ചിരുന്നു.

വൈദികസംസ്കാരത്തിന്റെ പൂർവ്വാർദ്ധത്തിൽ സ്ത്രീകളും വേദാദ്ധ്യായനം നടത്തിയിരുന്നു. അപാലഘോശാ, വിശ്വബര,ലോപമുദ്ര, വിശാഖ എന്നു തുടങ്ങി നിരവധി വിദൂഷികൾ ഇതിന് ദൃഷ്ടാന്തമാണ്. ഭർത്താവിനോടൊപ്പം തന്നെ ജീവിതത്തിന്റെ എല്ലാ ദിശകളിലും സ്ത്രീകൾ പങ്കാളിയായിരുന്നു. വിവാഹത്തിൽ അവർക്ക് സ്വയം തീരുമാനമെടുക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. ആയുർ വിദ്യകൾ നേടുന്നതിനും യുദ്ധത്തിൽ പങ്കെടുക്കുന്നതിനും സ്ത്രീകൾക്ക് കഴിഞ്ഞിരുന്നു. മുദ്ഗലനി അക്കാലത്തെ മുൻനിരയിലെ ഒരു യോദ്ധാവായിരുന്നു.

# ഹിന്ദു മതത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ

1. നമ്മുടെ കഴിവിന്റെ പരമാവധിയ്ക്കനുസരിച്ച് നാം നമ്മുടെ കർമ്മങ്ങൾ ചെയ്യുക. കർമ്മത്തെ കുറിച്ച് ബന്ധനമോ, ഉത്കണ്ഠയോ പാടുള്ളതല്ല. കർമ്മഫലം നമ്മുടെ ശ്രമങ്ങൾക്കും ചുറ്റുപാടുകൾക്കും അനുപാതമായിട്ടായിരിക്കും ലഭിക്കുക. ജ്ഞാനം നേടുക. ഒരിക്കലും നമ്മുടെ നിഷ്ഫലതയെ ചൊല്ലി വ്യാകുലപ്പെടേണ്ടതില്ല.

2. യാതൊരു തരത്തിലുള്ള പ്രതീക്ഷയോ പ്രതിഫലമോ കൂടാതെയുള്ള ഒരു അർപ്പണമായിരിക്കണം ദാനം. ദാനം നല്കേണ്ടത് ഉചിതമായ വേളയിലും സ്ഥലത്തും, അർഹിക്കുന്ന ഒരു വ്യക്തിക്കും നല്ലൊരു കാര്യത്തിനുമായിരിക്കണം.

3. മനുഷ്യന്റെ ദേഹം ഒരു തോണി പോലെയാണ്.അതിന്റെ പ്രഥമവും പ്രധാനവുമായ ഉപയോഗം ജീവിതസാഗരത്തിലൂടെ ഒരുവനെ അമരത്വത്തി ലേക്ക് കൊണ്ടുപോവുക എന്നതാണ്. ആത്മാവിന്റെ ദേഹാന്തര പ്രാപ്തി ഈശ്വര നിശ്ചിതമാണ്.ഇതനുസരിച്ച് ഒരാൾ വീണ്ടും വീണ്ടും ജനിക്കയും തന്റെ ഇഹജീവിതത്തിലും പൂർവ്വജന്മങ്ങളിലും ചെയ്തിട്ടുള്ള കർമ്മങ്ങളുടെ ഫലത്താൽ ഉളവാകുന്ന വിധിയുടെ ഫലങ്ങൾ അനുഭവിക്കയും ചെയ്യുന്നു. അപകടങ്ങളോ വിശദീകരിക്കാനാവാത്ത അത്യാഹിതങ്ങളോ ചിലർക്ക് ലഭിക്കുന്ന അതിവിജയങ്ങളോ എല്ലാം ഇത്തരത്തിൽ നാം മുജ്ജന്മങ്ങളിൽ സ്വരൂപിച്ചെടുത്ത പുണ്യങ്ങളുടെയോ പാപങ്ങളുടെയോ പരിണിത ഫലങ്ങളാണ്.

4. നാം ഈശ്വരനെ നമ്മുടെ ഹൃദയം, ആത്മാവ് , സർവ്വശക്തി, എന്നിവയെല്ലാം കൊണ്ട് സ്നേഹിക്കണം ഈശ്വരനുനേരെ യാതൊരുവനാണോ അനാദരവ് കാണിക്കുന്നത് അവൻ മനുഷ്യ വംശത്തിന് തന്നെ ഒരു ശത്രുവാണ്.

5. ജീവഹാനി വരുത്തുകയോ ജീവിത സഖിക്കു പകരമായി മറ്റൊരു ബന്ധത്തിലേർപ്പെടുകയോ, മോഷണം നടത്തുകയോ, അസത്യം പറയുകയോ അരുത്. ആരുടെയും വസ്തുക്കളെ കാംക്ഷിക്കയോ അരുത്. സത്യസന്ധവും സൗഹാർദ്ദ പ്രകൃതമായതും കഠിനാദ്ധ്വാനം ചെയ്യുന്നതുമായ ജീവിതമായിരിക്കേണം ഒരുവന്റേത്.

6. അപരന്റെ തെറ്റുകളും ന്യൂനതകളും യാതൊരുവൻ പൊറുക്കുന്നുവോ, അവന്റെ തെറ്റുകൾ ഈശ്വരനും പൊറുക്കുന്നു.

7. ഒരു അസ്ത്രം കണക്കെ നാം നമ്മുടെ മനശക്തി ബലപ്പെടുത്തേണം. പ്രസ്തുത അസ്ത്രം നമ്മുടെ ദു:ഖത്തിന്റെ ഹേതുവിന്റെ ഉറവിടങ്ങളിലേക്ക് എത്തിച്ചേരും.

8. പ്രാർത്ഥനക്കു വേണ്ടി മന്ത്രങ്ങളോ സ്തോത്രങ്ങളോ അറിയേണ്ടതില്ല. ധ്യാനമോ ചിന്തനമോ ഇതിന് അനിവാര്യവുമല്ല. ഒരാൾ തന്റെ ഹൃദയത്തെ ഈശ്വരന്

പൂർണ്ണമായും അർപ്പിച്ചാൽ മാത്രം മതി.ഇതിനായി ഒരു പുരോഹിതന്റെ ആവശ്യമില്ല.

9. ആത്മാവ് അമരവും അതിനാൽ ജീവിതം ചാക്രികവും ആവർത്തന സ്വഭാവമുള്ളതുമാണ്. മരണത്തോടെ ദേഹം നശിക്കുന്നു.എന്നാൽ ആത്മാവ് നിർബ്ബാധം തുടരുന്നു. ആത്മാവിനെ ഖഡ്ഗത്താൽ മുറിവേല്പിക്കുവാനോ അഗ്നിയാൽ ദഹിപ്പിക്കുവാനോ ആവുന്നതല്ല.

10. നന്മയുടെയും തിന്മയുടെയും ശക്തികൾക്കിടയിൽ ജീവിതം ഒരു നിരന്തരമായ സമരമാണ്. നാം നമ്മുടെ ചിന്തയും വാക്കുകളും ശ്രദ്ധിച്ച് പ്രയോഗിക്കണം. ഇവയാൽ ഒരു നല്ല മനുഷ്യനെ വേദനിപ്പിക്കരുത്.

11. ക്രോധം, അഹന്ത, ഭീതി, ദു:ഖം എന്നീ ഭീകര വികാരങ്ങൾക്ക് നാം ഒരിക്കലും അടിമപ്പെടരുത്. ഈശ്വരന്റെ ദീർഘകാല പദ്ധതിയിൽ എന്നും ശുഭാപ്തി വിശ്വാസം നൽകുക. ഒടുവിൽ എല്ലാം മംഗളമായി ഭവിക്കും എന്ന് വിശ്വസിക്കുക.

12. നാമേവരും ലോകത്തിലേക്ക് പ്രവേശിച്ചത് അനാവൃതമായാണ്. തിരിച്ച് പോകുന്നതും അതേ പോലെ തന്നെ. ഇതിനിടയിൽ നമുക്ക് ലഭിക്കുന്ന ഹ്രസ്വ വേളയിൽ നാം നമ്മുടെ പരിസരങ്ങൾ നന്നാക്കുന്നതിനും, നാം ഇവിടം വിടുന്നതിനു മുൻപ് നാം വരുമ്പോഴുള്ളതിനേക്കാൾ മെച്ചപ്പെട്ട താക്കുന്ന തിനും ശ്രമിക്കേണ്ടതാണ്.

13. പ്രപഞ്ചത്തിലുള്ള സർവ്വതും ഈശ്വര സൃഷ്ടിയും സമ്മാനങ്ങളുമാണ്. അതിൽ ഏവർക്കും തുല്യാവകാശവും ചുമതലയുമാണുള്ളത്. ഈശ്വരന്റെ കാഴ്ചപ്പാടിൽ ആർക്കും തന്നെ ഒരു ഉന്നതസ്ഥാനം അവകാശ പ്പെടാ വുന്നതല്ല.

14. പത്തു വയസ്സിന് മേലുള്ള ഏവരും ദിവസത്തിൽ രണ്ട് നേരമെങ്കിലും ഈശ്വര പ്രാർത്ഥന നടത്തേണ്ടതുണ്ട്. പ്രഭാതങ്ങളിൽ മന്ത്രങ്ങൾ ജപിക്കയും പ്രസ്തുതദിവസങ്ങളിൽ ആവിഷ്ക്കരിച്ച പദ്ധതികളുടെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കാം. വൈകുന്നേരങ്ങളിലാകട്ടെ മന്ത്രം ചൊല്ലി അന്ന് നേടിയ വിജയങ്ങൾക്ക് നന്ദി പറയുകയും പരാജയപ്പെട്ടതിന്റെ ഹേതു സ്വയം തേടുകയും വേണം. ചുരുങ്ങിയത് പത്തുമിനിററെങ്കിലും പ്രതിദിനം പ്രാണായാമം ചെയ്യേണം.

15. മാസം തോറും പൗർണ്ണമി രാത്രിയിൽ നാം ഭോജോത്സവം സംഘടിപ്പിക്കുകയോ അതിൽ പങ്കെടുക്കുകയോ വേണം.*

16. ആഴ്ചയിൽ ഒരു ദിവസമെങ്കിലും എല്ലാവരും കൂടി ഒന്നിച്ച് ഒരു ക്ഷേത്രത്തിൽ പോകയും സമൂഹത്തിലെ ഏവരുടെയും ഉന്നമനത്തിനായി പ്രാർത്ഥിക്കയും വേണം.പൂജാരി പ്രാർത്ഥന നടത്തുകയും ചുരുങ്ങിയത് ഗീത, വേദശാസ്ത്രങ്ങൾ, ഉപനിഷത്ത് എന്നീ ഗ്രന്ഥങ്ങളിലെ അഞ്ച് ശ്ലോകങ്ങളെങ്കിലും വ്യാഖ്യാനിച്ച് അവ മാനവരാശിയെ എപ്രകാരം സഹായിക്കും എന്നത് പറഞ്ഞ് കൊടുക്കയും വേണം.

*അടുത്ത അദ്ധ്യായത്തിലെ ചോദ്യങ്ങൾ 14 , 79, 85, 114 ഉം അഞ്ചാം അദ്ധ്യായത്തിലെ 83ാം ചോദ്യവും കൂടി കാണുക.

# സ്മൃതിശാസ്ത്രം
## (പലപ്പോഴും ഉത്തരം തേടുന്ന ചോദ്യങ്ങൾ)

നമ്മുടെ നിത്യ ജീവിതത്തെ കുറിച്ചുള്ള ചോദ്യോത്തരങ്ങളുണ്ടല്ലോ അതിനെ ആസ്പദമാക്കിയിട്ടുള്ള ഒരു ഗ്രന്ഥമാണ് സ്മൃതിശാസ്ത്രം. ഹിന്ദു ശാസ്ത്രങ്ങളിലെയും പ്രമുഖ ഹിന്ദു ഋഷിവര്യരുടെയും വചനങ്ങൾ സ്മൃതി രൂപേണ സംഹരിച്ചതാണ് ഒന്നിലധികം രൂപത്തിലുള്ള സ്മൃതിശാസ്ത്രം.

ചോദ്യം 1. ഈശ്വരനിലുള്ള യഥാർത്ഥ വിശ്വാസത്തിന്റെ ലക്ഷണമെന്ത് ?

ഉത്തരം : ആത്മാർത്ഥതയുള്ള ഒരു വിശ്വാസിക്ക് ധൈര്യം ഒരു ജീവിത മാർഗ്ഗമായിരിക്കും. ധൈര്യമെന്നത് ഒരുവന് ആവശ്യമുള്ള വേളയിലോ അത്യാസന്നഘട്ടത്തിലോ ലഭിക്കുന്ന ഒരു വസ്തുതയല്ല. മറേറതിനെപോലെ തന്നെ ധൈര്യവും നമ്മുടെ ഒരു സ്വഭാവ വ്യക്തതയാണ്. ധൈര്യം സ്വഭാവത്തിന്റെ ഒരു ഭാഗമാണ്. പ്രാർത്ഥനയും ഈശ്വരേച്ഛയ്ക്ക് മുന്നിൽ സമ്പൂർണ്ണ അർപ്പണവും ചെയ്ത ഒരുവന് അത് ലഭ്യമാകുന്നു. ഈശ്വരനിൽ യഥാർത്ഥ വിശ്വാസമുള്ള ഒരുവന് ദൈവേച്ഛയ്ക്ക് മുന്നിൽ ഒന്നും വിലപോവില്ലെന്നും എല്ലാം അവസാനം നല്ല രീതിയിൽ തന്നെ കലാശിക്കുമെന്നും അറിയാം. ഭയമുണ്ടെങ്കിൽ തന്നെയും ഒരു വിശ്വാസി ധൈര്യപൂർവ്വം തന്നെ തന്റെ പ്രവൃത്തികൾ ചെയ്യുന്നു.

ചോദ്യം 2. എന്താണ് ദൈവം ?

ഉത്തരം : ദൈവം ഈശ്വരനാണ്. ഹിന്ദുമതത്തിൽ അതിനെ "ഓം" എന്ന അക്ഷരം കൊണ്ടാണ് സൂചിപ്പിക്കുന്നത്. ഈശ്വരൻ അഭേദ്യനാണ്, അവൻ സർവ്വജ്ഞാനിയും എല്ലാ കാരണങ്ങളുടെയും ഹേതുവുമാകുന്നു. അവൻ സ്വയം സർവ്വശക്തനാകയാൽ തന്റെ സങ്കല്പം നിറവേറ്റുന്നതിനായി ആരുടെയും സഹായം ആവശ്യമില്ല. അനാദി കാലം മുതൽ നിലകൊണ്ടു വന്നിരുന്ന അവന് അന്ത്യമില്ല.ഈശ്വര ജന്മത്തിന് ഒരു മാതാപിതാക്കളുടെയും ആവശ്യമില്ല. അവനെ നാമകരണം ചെയ്തത് മാതാപിതാക്കളുമല്ല. അവന്റെ നാമങ്ങൾ ഭക്തർ തന്നെ നല്കിയതാണ്. അതിനാൽ ഈശ്വരൻ എന്ന നാമം അത്ര പ്രാധാന്യമുള്ളതല്ല.

ചോദ്യം 3. ഈശ്വരനും ദേവതയും തമ്മിൽ എന്താണ് വ്യത്യാസം?

ഉത്തരം : ഈശ്വരൻ വിഭജിക്കപ്പെടുന്നവനല്ല.അവൻ സർവ്വജ്ഞനും സകല കാരണങ്ങളുടെ കാരണവുമാണ്. ദേവതകളാകട്ടെ ഈശ്വരൻ മനുഷ്യ രൂപത്തിൽ ലോകത്തിലേക്കയച്ച പ്രവാചകന്മാരും. ഈശ്വരൻ അവന്റെ കരുണയും സ്നേഹവും കൊണ്ട് തന്റെ ദൂതരെ ലോകത്തിലേക്കയക്കുന്നു. ഈ ദൂതരാകട്ടെ തങ്ങളുടെ ജീവിതോദാഹരണം കൊണ്ട് ഗുരുക്കന്മാരും രക്ഷകരുമായി ജനങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം

നൽകുന്നു. അവർ ജനസമൂഹങ്ങളുടെ മനസ്സിന് പ്രകാശം നൽകുന്നു. അങ്ങനെ ലോകം ജീവിക്കുന്നതിനായി ഒരു സുരക്ഷാകേന്ദ്രവും നല്ല സ്ഥലവും ആകുന്നു. ഈശ്വര ചൈതന്യത്തിന്റെ പ്രതിഫലന ജ്വാലയാണ് ദേവതകൾ. ദേവതകളുടെ അനുയായികൾ വാസ്തവത്തിൽ ഈശ്വരന്റെ തന്നെ അനുയായികളാണ്. ദേവതകളിൽ ഭക്തർ ഈശ്വരന്റെ ദൂതനെ ദർശിക്കുന്നു. ഭക്തർ അവരിൽ ആദരവും, കൃതജ്ഞതയും, ബഹുമാനവും പലേ വിധത്തിൽ ചൊരിയുന്നു. ചിലർ വിഗ്രഹങ്ങൾ നിർമ്മിക്കുന്നു. ചിലർ നാമസ്മരണം നടത്തുന്നു. മറ്റുചിലർ നാടോടി ഗാനങ്ങളും ദേവതകളുടെ ആദരസൂചകമായി ആലപിക്കുന്നു. ദേവതകളെ അവർ ഈശ്വരന്റെ സ്നേഹഭൂതമായി ഗണിക്കും. തങ്ങളുടെ പ്രാർത്ഥനകൾക്ക് ദേവതകൾ ഫലം നല്കുമെന്ന് ഭക്തർ വിശ്വസിക്കുന്നു. എന്നാൽ ഉത്തമ ഫലം ലഭിക്കുന്നതിന് പ്രാർത്ഥന സംഘമായി ഉച്ചത്തിൽ നടത്തേണം. മന്ത്രങ്ങളും മറ്റും ഉൾക്കൊണ്ട ഈ പ്രാർത്ഥന പ്രഭാതത്തിലും വൈകുന്നേരങ്ങളിലും നടത്തേണ്ടതുണ്ട്. പ്രതിദിനം കേവലം പത്തു നിമിഷം മാത്രം വേണ്ടുന്ന പ്രാർത്ഥന മനുഷ്യന്റെ ജീവിതകാലമത്രയും സംരക്ഷിക്കും.

ചോദ്യം 4. ഈശ്വരൻ ദൈവമെങ്കിൽ ദേവതകളെ ആരാധിക്കുന്നത് ഈശ്വരനോടു കാട്ടുന്ന അനാദരവല്ലേ?

ഉത്തരം : ഒരു ഉദാഹരണത്താൽ ഇതിന് പരിഹാരമുണ്ടാക്കാം. സമൂഹത്തിൽ ആദരണീയനും ശക്തനുമായ ഒരാൾ. ഉറുമ്പുപോലെ നിസ്സാരമായ ജീവികൾ തന്നെയോ തന്റെ കീഴ്ത്തടത്തിലുള്ളവരെയോ ആദരിക്കുന്നത് അദ്ദേഹത്തിന് പ്രശ്നമേയല്ല. അതേപോലെ ദേവതകളെ ആദരിച്ചാൽ അത് ഈശ്വരന് സാരമാകുന്നതേയില്ല. എന്നാൽ മനുഷ്യനെ നേരത്തെ ഉദ്ധരിച്ച ഉദാഹരണത്തിലെ ഉറുമ്പുമായി താരതമ്യപ്പെടുത്തുന്നത് ശരിയല്ല. ഈശ്വരൻ മനുഷ്യനെക്കാൾ സങ്കല്പിക്കാവുന്നതിലേറെ അനേക കോടി മടങ്ങ് മഹത്താണ്! അവൻ പ്രകടിപ്പിക്കുന്നത് കരുണയാണ്, ക്രോധമല്ല! എന്നാൽ ഈശ്വരനെ നേരിൽ പ്രാർത്ഥിക്കുന്നത് എപ്പോഴും നല്ലതും ഫലവത്തുമാണ്.

ഭഗവദ്ഗീതയിൽ ഈശ്വരൻ സർവ്വോച്ചനും സർവ്വശക്തനുമാണെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. അനുകൂലമോ പ്രതികൂലമോ ആയ ഒന്നിനേയും സർവ്വവ്യാപിയായ അവനെ ബാധിക്കുന്നില്ല. അതിനാൽ അവന്റെ ദൂതരെ നാം പൂജിച്ചാൽ തന്നെയും അത് ഈശ്വരനെ ബാധിക്കുന്നതേയില്ല.

ചോദ്യം 5. സ്വാർത്ഥമായ ഒരു ലോകത്തിൽ നാം ദു:ഖിതനാകുമ്പോൾ സമ്പൂർണ്ണ ആദ്ധ്യാത്മികതത്വത്തിലേക്കുള്ള ഏറ്റവും നല്ല മാർഗ്ഗമെന്താണ് ?

ഉത്തരം : നമ്മുടെ പ്രവൃത്തിയും ആദ്ധ്യാത്മികതയും തമ്മിലുള്ള ഒരു സങ്കലനമാണ് ഈ ലോകത്തിൽ നമ്മുടെ നിലനില്പിനുതന്നെയുള്ള

ആധാരം. നമ്മുടെ പ്രവൃത്തികൊണ്ടും കഠിനാദ്ധ്വാനം കൊണ്ടും അംബര ചുംബികളായ ക്ഷേത്രങ്ങൾ നാം ഈശ്വരനു വേണ്ടി നിർമ്മിക്കുന്നു. ഈശ്വരനാകട്ടെ തന്റെ പൂർണ്ണമഹിമകളും കൊണ്ട് അവിടെ കുടികൊള്ളുന്നു. ക്ഷേത്രങ്ങളിൽ ജനങ്ങൾക്ക് ശാന്തിയും സമാധാനവും ലഭിക്കുന്നു. ശൂന്യതയിൽ നിന്നും പൂർണ്ണത പ്രാപിച്ച ഒരു അനുഭവം അവർക്കുണ്ടാകുന്നു. ഈശ്വരനെ സംബന്ധിച്ചിടത്തോളം അവന് വിഗ്രഹങ്ങളോ പ്രതിമകളോ ഇല്ല. ഈശ്വരൻ നമുക്കേവർക്കും ഇന്ദ്രിയങ്ങളും, ശക്തിയും, രക്തധമനികളും, മാംസപേശികളും, വികാരങ്ങളും എല്ലാം തന്നിരിക്കുന്നു. എന്തുകൊണ്ടാണ് ഈശ്വരൻ ഇത്രയധികം ഭേദങ്ങളോടെ ഈ ലോകം നിർമ്മിച്ചിരിക്കുന്നത്? അതിനെന്തെങ്കിലും ലക്ഷ്യമുണ്ടാകില്ലേ? ഏതൊരുവൻ സ്വയം തന്റെ ദൈനംദിന പ്രവൃത്തികളിൽ നിന്നും പരിശ്രമങ്ങളിൽ നിന്നും വേറിട്ടു നില്ക്കുന്നുവോ അത് ആദ്ധ്യാത്മിക സ്വാർത്ഥതയുടെ മൂർത്തീഭാവമാണ്. അത് അവനെ ഈശ്വരപ്രമത്തിൽനിന്നും ഒഴിവാക്കുന്നു.

ചോദ്യം 6. കാലത്തിന്റെ ആരംഭത്തിൽ ഈശ്വരസാക്ഷാത്കാരം എങ്ങിനെ യായിരുന്നു?

ഉ. കാലം ആരംഭിക്കുന്ന വേളയിൽ സർവ്വത്ര അന്ധകാരമായിരുന്നു. എങ്ങും വിവേചനമില്ലാത്ത സങ്കീർണ്ണത. ശൂന്യതകൾ ആവരണം ചെയ്യപ്പെട്ട വസ്തു സാക്ഷാത്കരിച്ചു. അത് ഈശ്വരനായിരുന്നു. ഈശ്വരന്റെ ദയയും കാരുണ്യവും ചരാചരങ്ങൾക്ക് ജീവൻ നല്കി. ചലിക്കുന്നതും, നീന്തുന്നതും, പറക്കുന്നതുമായ ജീവികൾ അവന്റെ സൃഷ്ടിയാണ്. അരൂപിയും അദൃശ്യവുമായ ആ സത്യമാണ് ഈശ്വരൻ.

ചോദ്യം 7. ഈശ്വന്റെ യഥാർത്ഥ നാമമെന്താണ്? തന്റെ സൃഷ്ടികളെ അവൻ എങ്ങിനെയാണ് നയിക്കുന്നത്?

ഉ. നിഗൂഢതയിൽ ഒളിഞ്ഞിരിക്കുന്ന യാഥാർത്ഥ്യത്തിലാണ് പ്രപഞ്ചം ഒരു ഏകാന്ത ഗൃഹം കാണുന്നത്. ആ യാഥാർത്ഥ്യത്തിൽ എല്ലാം ഏകീകരിക്കുന്ന അവിടുന്ന് എല്ലാം ഉത്ഭവിക്കുന്നു. ഏകമായ ആ ദൈവത്തിന് നാമമില്ല. മഹർഷിമാർ അവനെ'ഈശ്വരൻ' എന്ന് സംബോധന ചെയ്യു. അവന്റെ സൃഷ്ടികൾക്ക് ഉത്തേജനം നല്കുവാൻ അവന്റെ മഹിമയുടെ പ്രതിഫലനമായ പ്രവാചകന്മാർ മനുഷ്യരൂപേണ ഭൂമിയിൽ ഉടലെടുക്കുന്നു. അവരെ ദേവതകൾ എന്നും വിളിക്കുന്നു. ഭക്തന്മാർ ഈശ്വരനോട് പ്രാർത്ഥിക്കുകയും ദേവാലയങ്ങളിൽ ദേവതകളുടെ ജീവിത സന്ദേശങ്ങളും പ്രവൃത്തികളും ആഘോഷി ക്കുകയും ചെയ്യുന്നു.

ചോദ്യം 8. നാം എന്നും ക്ഷേത്രങ്ങളിലേക്ക് പോവേണ്ടതുണ്ടോ? ഒരു പൂജാരി എന്താണ് ചെയ്യേണ്ടത്?

ഉ. ഇടയ്ക്കിടെ ക്ഷേത്രങ്ങളിൽ പോകുന്നതും, ദൈവത്തിന്റെ കീർത്തനങ്ങൾ

സംഘമായി പാടുന്നതും നമുക്ക് മനോബലം നല്കുക മാത്രമല്ല, ഈശ്വര സംരക്ഷണം ഉറപ്പാക്കുകയും ചെയ്യുന്നു.

ഒരു പൂജാരി പ്രാർത്ഥനയും സംഘാലാപനവും നടത്തേണ്ടതാണ്. ഗ്രന്ഥങ്ങളിൽ നിന്നും വ്യാഖ്യാനിക്കുന്ന ശ്ലോകങ്ങൾ ഭക്തർക്ക് മാർഗ്ഗദർശം നൽകുകയും അവരുടെ പ്രശ്ന പരിഹാരങ്ങൾക്ക് കാരണമാകയും ചെയ്യുന്നു. ഒരു പൂജാരി ഭക്തരുടെ സ്നേഹിതനും, മാർഗ്ഗദർശിയും തത്വജ്ഞാനിയും ആകേണ്ടതുണ്ട്. ഹൈന്ദവ സമൂഹത്തിന് വേണ്ടി പ്രവർത്തിക്കുന്ന അവൻ സമൂഹത്തിന്റെ ധാർമ്മികവും, ലൌകികവുമായ സന്തുലിതാവസ്ഥ പാലിക്കേണം.

ചോദ്യം 9. നാം എന്നും ദേവനെ പൂജിക്കയും പൂജാരിക്ക് ദക്ഷിണ കൊടുക്കയും വേണ്ടതുണ്ടോ?

ഉ. ദേവപൂജയെക്കാളും ഫലവത്താണത്രെ പ്രാർത്ഥനോച്ചാരണം. പുജചെയ്യുന്നത് അനിവാര്യമല്ല. ഒരു പൂജാരിയുടെ സാമ്പത്തിക നിലവാരം ഗണിക്കേണ്ടതുണ്ട്. നല്ല യോഗ്യതയും കഴിവുമുള്ള ആളുകൾ പുരോഹിതരാകുന്നതിനെ പ്രോത്സാഹിപ്പിക്കണം. നല്ല പുരോഹിതർ നല്ല സമൂഹത്തെ ഉറപ്പാക്കുന്നു.

ചോദ്യം 10. ഭക്തനായ ഒരു ഹിന്ദുവിന്റെ അന്ത്യകർമ്മം എപ്രകാരമായിരിക്കണം?

ഉ. അഗ്നി പരമാത്മാവിന്റെ ഒരു വകഭേദമാണ്. അതിനാൽ ആത്മാവും പരമാത്മാവും ഒന്നിക്കുന്നതിനായി ദേഹത്തെ അഗ്നിയ്ക്ക് സമർപ്പി ക്കേണ്ടതുണ്ട്. എങ്കിലും നാട്ടുനടപ്പിനെ നാം മാനിക്കേണ്ടതുമുണ്ട്.

ചോദ്യം 11. ഹിന്ദു വിവാഹത്തിന്റെ യഥാർത്ഥ രീതി എന്താണ്?

ഉ. ഒരു പുരുഷനും ഒരു സ്ത്രീയും ഒന്നിയ്ക്കുന്നതാണ് യഥാർത്ഥത്തിൽ ഹിന്ദു വിവാഹം കൊണ്ട് അർത്ഥമാക്കേണ്ടത്. ഈ വിവാഹം നാട്ടുനടപ്പ നുസരിച്ചായിരിക്കണം നടത്തേണ്ടത്.

ചോദ്യം 12. ജീവിത പങ്കാളിയോട് കൂറ് കാണിക്കാത്തവനെയും പരസ്ത്രീ പരപുരുഷ ഗമനത്തേയും ഏതു വിധത്തിലാണ് ശിക്ഷിക്കേണ്ടത്?

ഉ. ജീവിത പങ്കാളിയോട് വഞ്ചന കാട്ടുന്നത് വിശ്വാസ ലംഘനമാണ്. തൊഴിൽദാതാവും തൊഴിലാളിയും, നികുതിദാതാവും നികുതിദായ കനും, സർക്കാരുദ്യോഗസ്ഥനും പൊതുജനങ്ങളും തമ്മിൽ പലരീതി യിലും ഇത്തരം വഞ്ചന കാട്ടുന്നു. ഇതേ വിശേഷണങ്ങളിൽ വിശ്വാസ ലംഘനത്തിന് നൽകുന്ന ശിക്ഷ പ്രസ്തുത വേളയിലും, നിയമതുല്യമായി നല്കാവുന്നതാണ്. പരസ്ത്രീ പരപുരുഷഗമനം ചതിയാണ്. അത് നടക്കുന്ന ദേശത്ത് നിലവിലുള്ള നിയമമനുസരിച്ച് ശിക്ഷിക്കാവുന്നതാണ്.

ചോദ്യം 13. ബലാത്സംഗത്തിനുള്ള ശിക്ഷയെന്താണ് ?

ഉ. ബലാത്സംഗം അക്രമത്തിൽ മൂർദ്ധന്യസ്വഭാവമുള്ളതാണ്. അതിനുള്ള ശിക്ഷ മൂർദ്ധന്യത്തിന്റെ അളവനുസരിച്ചായിരിക്കും.

ചോദ്യം 14. ആർക്കാണ് സ്വർഗ്ഗം അർഹിക്കുന്നത്?

ഉ.. സ്വർഗ്ഗപ്രാപ്തിക്കുവേണ്ടി ഒരു ഹിന്ദു പ്രതിദിനം രണ്ടു തവണ മന്ത്രോച്ചാരണം നടത്തേണ്ടതുണ്ട്. പത്തുനിമിഷമെങ്കിലും അവൻ പ്രണായാമം ചെയ്യുകയും ഭോജോത്സവത്തിൽ പങ്കെടുക്കുകയും വേണം.

ഏതൊരുവനാണോ ജീവിയ്ക്കുന്നതിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നത്, മറ്റുള്ളവരെ ജീവിയ്ക്കുവാൻ സഹായിക്കുന്നത്, ആർത്തിയില്ലാത്തത്, വേദാദിഗ്രന്ഥങ്ങൾ ഭക്തിയോടെ ഗ്രഹിക്കയും സ്വജീവിതത്തിൽ പകർത്തുകയും ചെയ്യുന്നത്, അവനാണ് സ്വർഗ്ഗ പ്രാപ്തി അർഹിക്കുന്നവൻ.

ചോദ്യം 15. ഒരു ക്ഷേത്രം പണികഴിപ്പിക്കുന്നതിനോ പൊതു ജനങ്ങൾക്ക് വേണ്ടി നടത്തുന്നതിനോ സഹായിക്കുന്നവനെ സ്വർഗ്ഗത്തിൽ ഏതു രീതിയിലാണ് സ്വീകരിക്കുക?

ഉ. ക്ഷേത്രം നിർമ്മിയ്ക്കുന്നവനോ, പൊതുജനങ്ങൾക്ക് വേണ്ടി ക്ഷേത്രങ്ങൾ പരിപാലിക്കുന്നതിനു വേണ്ടി പണവും ശക്തിയും ചിലവഴിക്കുന്നവനോ വേണ്ടി ഈശ്വരൻ സ്വർഗ്ഗത്തിൽ ഒരു ഗൃഹം തയ്യാറാക്കി വെയ്ക്കുന്നു.

ചോദ്യം 16. പ്രപഞ്ചത്തിൽ ഈശ്വരന്റെയും ചെകുത്താന്റെയും സ്ഥാനമെന്താണ്?

ഉ. ഈശ്വരൻ പരമോന്നത ആനന്ദവും ചെകുത്താൻ വേദനയുമാകുന്നു. ഈശ്വര വിശ്വാസികൾ ആനന്ദ ഭരിതമായ ഒരു ജീവിതം നയിക്കയും മറ്റുള്ളവർക്ക് സന്തോഷം പകരുകയും ശാശ്വത സ്വർഗ്ഗാനന്ദം അനുഭവിക്കയും ചെയ്യുന്നു. എന്നാൽ ചെകുത്താന്റെ പിൻഗാമികളാകട്ടെ, അക്രമാസക്തവും, ഹീനവും, നീചവുമായ ഒരു ജീവിതമായിരിക്കും നയിക്കുക. അവർ ആരുമായും ബന്ധപ്പെടുന്നുവോ അവർക്കെല്ലാം വേദന പകരുകയും നരകഗമനം സുനിശ്ചിതമായവരും ആകുന്നു. ഈശ്വരവിശ്വാസികൾ കഠിനാദ്ധ്വാനം ചെയ്തും ഈശ്വരസൃഷ്ടികളെ സേവിച്ചും കഴിയുന്നു. ചെകുത്താൻ മാനുഷികമായ ഒരു ആശയമാണെങ്കിൽ ഈശ്വരൻ ശാശ്വത സത്യത്തിന്റെ പ്രതീകമാണ്.

ചോദ്യം 17. പുരോഹിതനാകുന്നതിനു വേണ്ടി ഒരാൾ ബ്രഹ്മചാരിയായിരിക്കേണ്ടതുണ്ടോ?

ഉ. ഒരു പൂജാരി നല്ല വിദ്യാഭ്യാസം നേടിയവനും, നിസ്വാർത്ഥവും യാഥാർത്ഥ്യബോധമുള്ളവനും, മറ്റുള്ളവരുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കുവാനും തയ്യാറുള്ളവനുമായിരിക്കണം. ബുദ്ധിമുട്ടുള്ള ഒരുവന് പ്രശ്നപരിഹാരങ്ങൾ നിർദ്ദേശിക്കുവാനും നല്കുവാനും അവന്

കഴിയണം.ബ്രഹ്മചര്യം ഒരു അധികയോഗ്യതയല്ല. എന്നാൽ മന്ത്രോച്ചാരണം നടത്തുന്നതിന് മാധുര്യമേറിയ ശബ്ദം ഒരു അധികയോഗ്യതയാണ്. ബ്രഹ്മചര്യം എന്നത് ജീവിതത്തോടുള്ള ഓരു സമീപനം മാത്രമാണ്; മറ്റൊന്നുമല്ല.

ചോദ്യം 18. എന്തുകൊണ്ടാണ് ആദ്യകാലങ്ങളിൽ പലേ ഋഷിവര്യരും ബ്രഹ്മചര്യം സ്വീകരിച്ചത്?

ഉ. ജ്ഞാനത്തിന് വേണ്ടി വളരെ ഊന്നൽ കൊടുത്തവരായിരുന്നു ഈ ഋഷികൾ. യഥാർത്ഥ ജ്ഞാനികളായ നല്ല ഗുരുക്കന്മാരെ തേടി അവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും സഞ്ചരിച്ചു.അക്കാലത്ത് സ്കൂളുകളോ കോളേജുകളോ പുസ്തകങ്ങളോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഗുരുക്കന്മാർ തങ്ങളുടെ ശിഷ്യരെ അവരുടെ പർണ്ണ കുടീരങ്ങളിൽ ദീർഘകാലം താമസിപ്പിച്ച് അദ്ധ്യയനം നടത്തി. പലേ ഘട്ടങ്ങളിലും ഗുരുക്കന്മാർ തങ്ങളുടെ ശിഷ്യരുമൊത്ത് വിപരീത കാലാവസ്ഥയും ഹിംസ്ര ജന്തുക്കളെയും, നരഭോജികളെയും വകവെയ്ക്കാതെ ദേശത്തിന്റെ മുക്കിലും മൂലയിലും സഞ്ചരിച്ചു കൊണ്ടേയിരുന്നു.ഇത്തരം ദുസ്സഹ വേളയിൽ കുടുംബവും കുട്ടികളുമായി വനാന്തരങ്ങളിലൂടെയും നദികളിലൂടെയും നീങ്ങുവാൻ കഴിയുമായിരുന്നില്ല. അധികമാളുകളും മിത വരുമാനമുള്ളവരും, തുച്ഛമായ സമ്പാദ്യമുള്ളവരുമായിരുന്നു. ദൂരദിക്കിൽ ദീർഘകാലം വസിച്ച് ജ്ഞാനസമ്പാദനം നടത്തുവാൻ പോകുന്ന അവർക്കാകട്ടെ , ഒരു കുടുംബം പുലർത്തുവാൻ കഴിയുമായിരുന്നില്ല. അതിനാൽ ജ്ഞാനാർത്ഥികൾ സാമ്പത്തിക ബാദ്ധ്യതകൾ ഒഴിവാക്കുന്നതിനായി ബ്രഹ്മചര്യം സ്വീകരിച്ചു. ജനങ്ങൾ ബ്രഹ്മചാരികളായ ഋഷികളെ കവിഞ്ഞ ആദരവോടെ ഗണിക്കയും ചെയ്തു.

ചോദ്യം 19. മതപുസ്തകങ്ങളിലുള്ള വൈദികപഠനം എന്തിനാണ് പഠിക്കേണ്ടത്?

ഉ. ഈശ്വരനിൽ നിന്നും ലഭിച്ച പ്രചോദനത്തിലാണ് ഈ വൈദിക പഠനങ്ങൾ രചിച്ചത്. ഈ ഗ്രന്ഥങ്ങൾ ജീവിതത്തിന്റെ ധ്രുവനക്ഷത്ര മായി നില കൊള്ളുകയും ഒരുവനെ തെറ്റായ മാർഗ്ഗം പിന്തുടരുന്നതിൽ നിന്നും പിന്തിരിപ്പിക്കയും ചെയ്യുന്നു.

ചോദ്യം 20. എന്തിനാണ് ഈശ്വരൻ നമുക്ക് കഷ്ടപ്പാടുകൾ നല്കുന്നത്?

ഉ. ഈശ്വരൻ മനുഷ്യർക്ക് അവരുടെ അംഗങ്ങളും, ബുദ്ധിയും, മനസ്സാക്ഷിയുംനല്കിയിരിക്കുന്നു. കഷ്ടപ്പാടുകൾ അവരിൽ ചിലർക്ക് ഈശ്വരനിലുള്ള വിശ്വാസത്തെ ഉലയ്ക്കുന്നു. ഈശ്വരൻ മനുഷ്യരെ ഇത്തരം പ്രതികൂലാവസ്ഥകൾ കൊണ്ടാണ് പരീക്ഷിക്കുന്നത്.

ചോദ്യം 21. ഈലോകത്ത് ചില അധമന്മാരുണ്ട്. അവർ ഭൂരിപക്ഷം ജനങ്ങളുടെയും താല്പര്യങ്ങളും സംരക്ഷണവും അവഗണിച്ച്, വിദേശ

ശക്തികളുടെ പണവും സ്വാധീനവും കാംക്ഷിച്ചും നേടിയും, തങ്ങളുടെ സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി ദേശത്തെ രാജാവിനെതിരെ പടവാളുയർത്തുകയും ചെയ്തിട്ടുണ്ട്. അത്തരം ആളുകളെ എങ്ങിനെയാണ് ഗണിക്കേണ്ടത്?

ഉ.. നിർഭാഗ്യവശാൽ ഇത്തരം ആളുകൾ വളരെ കൂർമ്മ ബുദ്ധികളും സ്വാധീനമുള്ളവരുമാണ്. അവർ തങ്ങളുടെ ഹീനവും നീചവുമായ ചാതുര്യങ്ങൾ കൊണ്ട് നമ്മെ ആശയക്കുഴപ്പത്തിലാക്കുന്നു. ഇത്തരം ഹീനജീവികളെ നാം അതേ രീതിയിൽ തന്നെ ഗണിക്കേണ്ടതാണ്. സ്വാർത്ഥ താല്പര്യത്തിനവേണ്ടി സ്വന്തം മാതാവിന്റെ ചാരിത്ര്യം പോലും നശിപ്പിക്കുവാൻ തയ്യാറുള്ളവരാണ് ഇത്തരക്കാർ. അവരെ നേരിടുവാൻ നമുക്ക് ധൈര്യം സംഭരിയ്ക്കാനായില്ലെങ്കിൽ, നരകത്തിൽ ഒരു ഇരുട്ടറ നമുക്കായി തയ്യാറായിരിക്കും.

ചോദ്യം 22. അഴിമതിക്കാരനായ ഒരാൾ മെച്ചപ്പെട്ട രീതിയിൽ കഴിയുമ്പോൾ ഈശ്വരൻ മനുഷ്യനെ സത്യസന്ധനായിരിക്കണമെന്ന് നിഷ്കർഷിക്കുന്നതെന്തിനാണ്?

ഉ. ഒരു അഴിമതിക്കാരൻ നല്ലപോലെ ഭക്ഷിക്കുന്നുവെങ്കിൽ സത്യസന്ധനായ ഒരുവൻ സുഖ നിദ്ര ചെയ്യുന്നു. ആത്മാർത്ഥതയുള്ള ഒരു സത്യസന്ധൻ ആനന്ദഭരിതമായ ജീവിതം നയിക്കുന്നു. അവന്റെ മക്കൾ അനുഗൃഹീതരായിരിക്കും.

ചോദ്യം 23. ഔന്നത്യങ്ങൾ നേടിയവർ എങ്ങിനെയാണ് പെരുമാറേണ്ടത്?

ഉ. 'അങ്ങയെ ദേഷ്യപ്പെടുത്തുന്ന രീതിയിൽ ഞാൻ ഒന്നും തന്നെ പറയുകയോ ചെയ്യുകയോ ആകാതിരിക്കട്ടെ' എന്ന് അവൻ ഈശ്വരനോട് പ്രാർത്ഥിക്കേണം.

ചോദ്യം 24. കുടുംബത്തിലും സമൂഹത്തിലും സ്ത്രീകളുടെ സ്ഥാനമെന്താണ്?

ഉ. പറന്നുയരുന്നതിന് ഒരു പക്ഷിക്ക് രണ്ടു ചിറകുകളിലും തുല്യ ശക്തി വേണ്ടതുണ്ട് അതുപോലെ ഒരു സ്ത്രീയും പുരുഷനും കുടുംബത്തിലെ എല്ലാ കാര്യങ്ങളിലും സാമൂഹികമായ കാര്യങ്ങളിലും സകലരീതിയിലുമുള്ള സന്തോഷത്തിനു വേണ്ടി തുല്യ സ്ഥാനം വേണ്ടതുണ്ട്.

ചോദ്യം 25. സന്യാസം സ്വീകരിക്ക വഴി, ലോകകാര്യങ്ങൾ വേണ്ടെന്ന് വെയ്ക്കുന്നതു വഴി, നാം ഈശ്വരനെ പ്രീതിപ്പെടുത്തുമോ?

ഉ. തന്റെ സ്വന്തം ആദ്ധ്യാത്മിക ഉന്നമനത്തിന് വേണ്ടി ലൗകിക കാര്യങ്ങളിൽ നിന്ന് വിരക്തി കാണിക്കുന്നതാണ് സന്യാസം. ആദ്ധ്യാത്മിക സ്വാർത്ഥത സ്വാർത്ഥതയുടെ മൂർദ്ധന്യരൂപമാണ്. മനുഷ്യസമൂഹത്തിൽ ഒരാൾ തികച്ചും സ്വാർത്ഥിയാവാതിരിക്കുന്നതിനുള്ള വിചിത്രമായ ഒരു ആന്തരിക പ്രചോദനമുണ്ട്.

പ്രസ്തുത അന്തർചിട്ടയാണത്രെ ഒരുവനെ സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള വ്യഗ്രതയിൽ നിന്നും മറ്റുള്ളവരെ സഹായിക്കുന്നതിലേക്കായി താല്പര്യം ജനിപ്പിക്കുന്നത്. യഥാർത്ഥത്തിൽ അന്യരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ നാം മുഴുകിയില്ലെങ്കിൽ നമ്മുടെ കാര്യങ്ങളിൽ ശ്രദ്ധചെലുത്തുവാൻ കഴിയില്ല. ഇത്തരമൊരു സംഘടിത താല്പര്യമാണത്രെ ഒരുവനെ സ്വന്തം താല്പര്യങ്ങളും അന്യരുടെ താല്പര്യങ്ങളും ഒരേ പോലെ സംരക്ഷിക്കുന്നതിൽ ശ്രദ്ധാലുക്കളാക്കുന്നത്. സങ്കുചിതമായ താല്പര്യങ്ങൾ പോലും ക്രമേണ സ്വരൂപിച്ച് തങ്ങളുടെ കുട്ടികളുടെയും അവരുടെ കുടുംബങ്ങളുടെയും, അയല്ക്കാരുടെയും, സ്വന്തം രാജ്യത്തിന്റെയും, ലോകമാകമാനവും ആയി ഒത്തുചേരുന്നത്. ഈ ലോകത്ത് അദ്ധ്വാനത്തിന് മാത്രമെ ഈശ്വരന് ആരാധനയായി സ്വീകരിക്കുവാനും ആനന്ദിക്കുവാനും ആകയുള്ളു. സന്യാസം സ്വാർത്ഥമായ ഒരു ഒളിച്ചോട്ടമാണ്.

ചോദ്യം 26. ബ്രഹ്മചര്യം കൊണ്ട് നമുക്ക് എന്താണ് പ്രയോജനം? അത് ആർക്കാണ് വേണ്ടത് ?*

ഉ. വിദ്യാർത്ഥിയായിരുന്ന വേളയിൽ മനസ്സിന് ഏകാഗ്രത അത്യന്താപേക്ഷിതമാണ്. ഇതിന് ബ്രഹ്മചര്യം അനിവാര്യമാണ്.

ഏതൊരുവനാണോ എല്ലാ ലൌകികമായ ആകർഷണങ്ങളിൽ നിന്നും മോചനം നേടുമെന്ന് ശപഥം ചെയ്തിട്ടുള്ളത് അവൻ തന്റെ ഇന്ദ്രിയ താല്പര്യങ്ങളിൽ നിന്നും പലേ ദൈനം ദിനാവശ്യങ്ങളിലും നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. ബ്രഹ്മചര്യം ലൌകിക സുഖത്തിൽ നിന്നും, ഐന്ദ്രീകമായ ആവശ്യങ്ങളിൽ നിന്നും ഉപേക്ഷ കാണിക്കുന്നതിന്റെ ഒരു ഭാഗമാണ്.

ചോദ്യം 27. എന്തിനാണ് ഈശ്വരൻ എല്ലാവരും അച്ചടക്കമുള്ളതായിരിക്കുന്നതിൽ താല്പര്യപ്പെടുന്നത്?

ഉ. അച്ചടക്കം പരിപാലിക്കുന്നത് ബുദ്ധിമുട്ടുള്ളതാണ്. എന്നാൽ അച്ചടക്കവും നിയന്ത്രണവും പരിശീലിച്ച ഒരുവന് നന്മയുടെയും സമാധാനത്തിന്റെയും ഒരു കൊയ്ത്തുതന്നെയാണ് പ്രദാനം ചെയ്യുന്നത്. അച്ചടക്കമുള്ള ഒരുവനെ ഈശ്വരൻ ഇഷ്ടപ്പെടന്നു.

ചോദ്യം 28. ചുറ്റുപാടുകളുടെ ഭേദമനുസരിച്ച് മനുഷ്യനും മാറ്റം സംഭവിക്കുന്നത് എങ്ങിനെയാണ്?

ഉ. നിലവിലുള്ള യാഥാർത്ഥ്യത്തിനൊത്ത് മനസ്സിനെ ക്രമപ്പെടുത്താൻ വിവേകമുള്ളവനുള്ളതാണ് ഈ ലോകം. വിവേകശാലികളെ ഈശ്വരൻ ഇഷ്ടപ്പെടുന്നു. ജീവിതത്തിൽ ഒന്നും തന്നെ ചെയ്തിട്ടില്ലാത്ത ഒരുവന് എന്തെങ്കിലും ചെയ്ത മറ്റൊരുവനെ കുറിച്ച് മൂല്യനിർണ്ണയം നടത്തുവാനാവുന്നതല്ല.

*ചോദ്യങ്ങൾ 35,44 കൂടി കാണുക.

ചോദ്യം 29. എങ്ങിനെയാണ് ഒരുവൻ തന്റെ ജിഹ്വയെ നിയന്ത്രിക്കുക?

ഉ. ശരിയായ കാര്യങ്ങൾ ശരിയായ അവസരത്തിൽ പറഞ്ഞാൽ മാത്രം പോരാ, പ്രകോപ്പനപരമായ ചുറ്റുപാടിൽ തെറ്റായ പ്രവൃത്തിയും ചെയ്യുകൂടാ.അസുഖകരമായ സത്യം ശ്രോതാവിനെ ദേഷ്യം പിടിപ്പിക്കും. അധികാരത്തിലുള്ള ആർക്കും അർഹിക്കുന്ന ബഹുമാനം കൊടുക്കുക.

ചോദ്യം 30. ജീവിതചര്യയ്ക്ക് വേണ്ടി ഒരുവൻ സാഹസത്തിന് തയ്യാറാകേണ്ടതുണ്ടോ?

ഉ. തോൽവിയിൽ ഒരുവൻ നിരാശപ്പെടുന്നു. എന്നാൽ ശ്രമിക്കാത്തവനാകട്ടെ മുരടിച്ച് പോകയേയുള്ളൂ. തോൽവികളുടെ കൂട്ടത്തിൽ പരാജയമല്ല ഏറ്റവും നികൃഷ്ടം. നമ്മെ നമ്മുടെ പ്രവൃത്തി നിയന്ത്രിക്കുന്നത് പോലെ തന്നെ നാം നമ്മുടെ പ്രവത്തിയെയും തിട്ടപ്പെടുത്തുന്നു.

ചോദ്യം 31. ധൈര്യം എന്നാൽ എന്താണ്?

ഉ. ധൈര്യമെന്നതു കൊണ്ട് അർത്ഥമാക്കേണ്ടത് ഭയമില്ലാത്ത അവസ്ഥ എന്നല്ല. മറിച്ച് ഭയത്തെ ചെറുക്കുവാനുള്ള കഴിവും ഭയത്തെ കീഴ്പ്പെടുത്തുവാനുമുള്ള ചാതുര്യവുമാണ്.

ചോദ്യം 32. ഒരുവൻ തന്റെ പങ്കാളിയെ എങ്ങിനെയാണ് തിരഞ്ഞെടുക്കേണ്ടത്?

ഉ. വിവേകിയോടൊത്ത് സഹവസിക്കുന്നവൻ സ്വയം വിവേകശീലമുള്ളവനാകുന്നു. എന്നാൽ മൂഢരോടൊത്ത് കഴിയുന്നവൻ നാശം ഏറ്റുവാങ്ങുകയും ചെയ്യുന്നു.

ചോദ്യം 33. ഈശ്വരൻ ആരെയാണ് ജീവിതത്തിൽ വിജയിയാക്കുക?

ഉ. വിജയത്തിന്റെ വില കഠിനാദ്ധ്വാനമാണ്. നാം ചെയ്യേണ്ടുന്ന പ്രവൃത്തിയോടുള്ള കവിഞ്ഞ ആത്മാർത്ഥതയും, വിജയാപജയങ്ങൾ വകവെയ്ക്കാതെ നാം ചെയ്യേണ്ട പ്രവൃത്തിയോട് അത്യന്തം കൂറ് പുലർത്തുകയും ഇതിനാവശ്യമാണ്.ഫലത്തിനുവേണ്ടി നെട്ടോട്ടമോടരുത്. നാം ചെയ്യുന്ന പ്രവൃത്തിയുടെ ഫലം സുനിശ്ചിതവും ചെയ്തതിന് തുല്യവും ആയിരിക്കും. ശുഷ്കാന്തിയും അദ്ധ്വാന ശീലവും സൗഭാഗ്യത്തിന്റെ ഉറവയാണ്.

ചോദ്യം 34. ഒരു സന്യാസിയാകുന്നതിന് ഒരാൾ തന്റെ കുടുംബവും സമൂഹജീവിതവും ഉപേക്ഷിക്കേണ്ടതുണ്ടോ?

ഉ. നമ്മുടെ ആത്മസംതൃപ്തിയ്ക്ക് വേണ്ടി ആദ്ധ്യാത്മിക കാര്യങ്ങളിൽ ഇടപഴകുന്നതിനേക്കാളും നല്ലത് നാം ചെയ്യേണ്ടുന്ന പ്രവൃത്തിയും ചുമതലകളും ആത്മാർത്ഥതയോടെ ചെയ്യുന്നതാണ്. സ്വന്തം കടമകൾ മറന്ന് ആത്മീയ കാര്യങ്ങളിൽ മുഴുകുക ഒരിയ്ക്കലും അഭിലഷണീയമല്ല. ഇത്തരം ചെയ്തികൾ ആതമീയാഡംബരം മാത്രമാണ്. അത് ഒരിയ്ക്കലും ഈശ്വരസേവയല്ല.

ചോദ്യം 35. ബ്രഹ്മചര്യം എന്നാൽ എന്താണ്?

ഉ. ബ്രഹ്മചര്യം അഥവാ ലൈംഗികാസക്തിയിൽ നിന്നുമുള്ള അകൽച്ച ആത്മനിയന്ത്രണവും ഏകാഗ്രതയും ലക്ഷ്യം വെച്ചുള്ള ഒരു പാതയാണ്. ഇന്ദ്രിയഭോഗം നിയന്ത്രിക്കുക മാത്രമല്ല ബ്രഹ്മചര്യം കൊണ്ട് അർത്ഥമാക്കുന്നത്. ഐന്ദ്രികാസ്വാദനം ഈശ്വരന്റെ ഒരു വരദാനമാണ്. വേണ്ട നിയന്ത്രണത്തോടെ അത് പാലിച്ചാൽ അതിൽ പാപമൊന്നുമില്ല.

ചോദ്യം 36. മൃഗഹത്യ ഹിന്ദുമതത്തിൽ അനുവദനീയമാണോ?

ഉ. സ്വരക്ഷയ്ക്കും ഭക്ഷണത്തിനും വേണ്ടി കഴിവതും ലഘുവായി മൃഗഹത്യ ചെയ്യാവുന്നതാണ്. എന്നാൽ അതിലുപരി ജന്തുക്കളെ മുറിവേല്പിക്കുന്നതോ കൊല്ലുന്നതോ പാപവും ക്രൂരതയുമാണ്. പുലി, പല്ലി, ചിലന്തി എന്ന് തുടങ്ങി പലേ ജീവികളും ഹത്യയിലൂടെയാണ് സ്വയം ജീവനം ചെയ്യുന്നത്. എന്നാൽ എല്ലാ വിധത്തിലും ജീവഹാനി ചെയ്യുന്നത് ഈശ്വരൻ വർജ്ജിച്ചിരിക്കയാണെങ്കിൽ അദ്ദേഹം മാംസഭുക്കുകളെ സൃഷ്ടിക്കുമായിരുന്നില്ല.

ചോദ്യം 37. ഒരു ഹിന്ദു വനിതയ്ക്ക് തന്റെ ഭർത്തൃമരണത്തിന് ശേഷം പുനർവിവാഹം ചെയ്യാവുന്നതാണോ?

ഉ. ഭർത്താവ് മരിച്ചാൽ ഒരു ഹിന്ദുസ്ത്രീയ്ക്ക് പുനർവിവാഹം അനുവദിച്ചിട്ടുള്ളതാണ്. മഹാഭാരതത്തിൽ ഹസ്തിനപുര ചക്രവർത്തിയായ ധൃതരാഷ്ട്രരുടെ പിതാവ് വിചിത്രവീര്യൻ ചെറുപ്രായത്തിൽ തന്നെ മരിച്ചു. വിചിത്രവീര്യന്റെ അമ്മയായ രാജ്ഞി സത്യവതി വിചിത്രവീര്യന്റെ ഭാര്യ അംബാലിക ഭർത്തൃജ്യേഷ്ഠനായ ഭീഷ്മരുമായി ശാരീരികബന്ധം പുലർത്താമെന്ന് നിഷ്കർഷിച്ചു. എന്നാൽ താൻ എക്കാലവും ബ്രഹ്മചാരിയായിരിക്കുമെന്ന് ഉഗ്രശപഥം ചെയ്ത ഭീഷ്മർ ഈ നിർദ്ദേശം നിരാകരിക്കയും അതേ തുടർന്ന് സത്യവതിയുടെ തന്നെ മറ്റൊരു പുത്രനായ പരാശരനുമായി അംബാലിക ബന്ധപ്പെടുകയും ചെയ്തു. പ്രസ്തുത ബന്ധത്തിൽ നിന്നും ജനിച്ചതാണ് ധൃതരാഷ്ട്രർ.

ചോദ്യം 38. എന്റെ ജീവിത പങ്കാളി തെറ്റ് ചെയ്യുവെന്ന് ഞാൻ മനസ്സിലാക്കിയാൽ ഒരു ഹിന്ദുവെന്ന നിലയിൽ ഞാൻ അവരെ ഉപേക്ഷിക്കാമോ?

ഉ. താങ്കളുടെ പങ്കാളി പാപിയാണെങ്കിൽ തന്നെയും വീണ്ടും പാപം ചെയ്യാതിരിക്കുന്നതിനായി അവനെ സഹായിക്കുക.

ചോദ്യം 39. ഭക്തനായ ഒരുവൻ ജീവിത നിവൃത്തിക്കുവേണ്ടി അദ്ധ്വാനിക്കേണമോ അതോ ഭിക്ഷാടനം ചെയ്യേണമോ?

ഉ. അദ്ധ്വാനിക്കുവാൻ ആരോഗ്യമുള്ള ആരും തനിക്കും അന്യർക്കും വേണ്ടി അദ്ധ്വാനിക്കേണം. യാതൊരുവനാണോ തന്റെ ഉപജീവനത്തിന് വേണ്ടി

ഭിക്ഷ യാചിക്കാതെ അദ്ധ്വാനിക്കുന്നത്, ഈശ്വരൻ അവനോട് കരുണ കാട്ടുന്നു.

ചോദ്യം 40. ഒരാൾ തന്റെ തൊഴിൽ ദാതാവിനെ എപ്രകാരമാണ് കരുതേണ്ടത്?

ഉ. നിങ്ങളുടെ കുടുംബത്തിന് വേണ്ടി ഭക്ഷണമാർഗ്ഗം തരുന്നവനോട് നിങ്ങൾ കൂറ് പുലർത്തേണം. അവനോട് എതിർക്കുന്നവൻ ഈശ്വര കോപത്തിന് പാത്രമാകുന്നു.

ചോദ്യം 41. അസൂയയെ എങ്ങിനെ നിയന്ത്രിക്കാനാകും? എങ്ങിനെയാണ് ഒരു വരം അപേക്ഷിക്കേണ്ടത്?

ഉ. ഈശ്വര കാരുണ്യം എന്തെന്ന് അറിയുവാൻ ഒരു ധനികൻ തന്നെക്കാൾ താഴെക്കിടയിലുള്ള ധനികനേയും, ഒരു പാവപ്പെട്ടവൻ തന്നെക്കാൾ പാവപ്പെട്ടവനെയും നോക്കിയാൽ മതിയാകും. അതനുസരിച്ച് അസൂയ നിർമ്മാർജ്ജനം ചെയ്യുക.

നമുക്ക് നല്ലതെന്ന് നാം സ്വയം കരുതുന്ന കാര്യത്തിന് വേണ്ടി ഈശ്വരനിൽ നിന്നും വരം ചോദിക്കരുത്. മറിച്ച് ഈശ്വരൻ നമുക്ക് നല്ലതെന്ന് കരുതുന്ന കാര്യത്തിനായി മാത്രം ചോദിച്ചാൽ മതി.

ചോദ്യം 42. വിജ്ഞാനാന്വേഷണത്തിന്റെ പരിണാമമെന്താണ്?

ഉ. വിജ്ഞാന സമ്പാദനത്തിനായി ഭൂമിയുടെ വിദൂരമായ ദിശയിലേക്കായാലും പോകുക. വിജ്ഞാനം നേടുന്നതിനും അറിയുന്നതിനും വേണ്ടി ജീവിതമൊട്ടാകെ സമർപ്പിച്ച ഒരാളെ ഈശ്വരൻ ഇഷ്ടപ്പെടുന്നു. സ്ത്രീ–പുരുഷ ഭേദമില്ലാതെ വിജ്ഞാന സമ്പാദനം നടത്തുക എല്ലാ ഭക്തരിലും അധിഷ്ഠിതമായ ഒരു കർത്തവ്യമാണ്. അറിവ് നേടുക. അത് ഒരുവനെ ശരിയും തെറ്റും വിവേചനം ചെയ്യുന്നതിന് സഹായകമാകുന്നു. ഭൂമിയിലേക്കും സ്വർഗ്ഗത്തിലേക്കുമുള്ള പാത അത് നമുക്ക് തിരഞ്ഞെടുക്കുവാൻ സഹായിക്കുന്നു.

ചോദ്യം 43. സ്വത്തുക്കൾ സമ്പാദിക്കുന്നത് ഒരുവനെ മുരടനും ഗർവ്വുള്ളവനുമാക്കുന്നു. അതിനാൽ സ്വത്ത് സമ്പാദിക്കുന്നത് ഒരു പാപമാണോ? ഭൗതികലോകത്തിൽ ഒരാൾ എങ്ങിനെയാണ് കഴിയേണ്ടത്?

ഉ. ഈശ്വരന്റെ സാമ്രാജ്യത്തിൽ എല്ലാ പ്രവൃത്തികളും അവചെയ്യുവാനുള്ള ഉദ്ദേശത്തെ അടിസ്ഥാനമാക്കിയാണ് വിലയിരുത്തുന്നത്. ഗർവ്വിഷ്ഠനോ ദുർഭാഷിയോ ഈശ്വര സാമ്രാജ്യത്തിൽ എത്തിച്ചേരുകയില്ല. ലൗകിക വസ്തുക്കൾക്ക് പ്രദാനം ചെയ്യാനാകാത്ത സംതൃപ്തമായ മനസ്സുള്ള ഒരു ഭക്തനെ ഈശ്വരൻ ഇഷ്ടപ്പെടുന്നു. താമരയിലയ്ക്ക് മേലുള്ള ജലകണം പോലെ ലോകത്തിൽ വസിക്കുക. സ്വത്ത് സമ്പാദിക്കാം. എന്നാൽ ഈശ്വരൻ നമ്മെ ഈ ലോകം കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനായിട്ടാണ് ഇവിടേക്ക് അയച്ചിരിക്കുന്നത്. അതിനാൽ സ്വത്തുക്കളുമായി നാം നമ്മെ ബന്ധിപ്പിക്കരുത്.

നമുക്കുണ്ടാകുന്ന ഏതൊരു ബുദ്ധിമുട്ടും നാം ചെയ്ത ഏതെങ്കിലും കർമ്മത്തിന്റെ ഫലമായിട്ടാകാം. ദൈവത്തിന്റെ മാപ്പിനുവേണ്ടി പ്രാർത്ഥിക്കുക.

ചോദ്യം 44. ഏതെങ്കിലും ക്ഷേത്രത്തിന്റെ മുഖ്യ കാർമ്മികനാകുന്നതിന് ബ്രഹ്മചര്യം അനിവാര്യമാണോ ?

ഉ. അല്ല. ബ്രഹ്മചര്യം അതിന് ആവശ്യമില്ല. വിദ്യാഭ്യാസ ജീവിതത്തിലാകട്ടെ ഏകാഗ്രത ലഭിക്കുന്നതിനായി ബ്രഹ്മചര്യം സഹായകമാണ്. എന്നാൽ മുതിർന്ന ജീവിതത്തിൽ ദൈനംദിന ജീവിതകൃത്യങ്ങളിൽ ഏർപ്പെടുമ്പോൾ തന്നെ ബ്രഹ്മചര്യം ഒരു വലിയ ഭാരമാണ്. സമുന്നതരായ ഹിന്ദു പ്രവാചകർ ആരും തന്നെ ബ്രഹ്മചര്യം നിഷ്കർഷിച്ചിട്ടില്ല.

ചോദ്യം 45. ദാനം ചെയ്യുന്നത് ഹിന്ദുക്കൾക്ക് നിർബന്ധമാണോ?

ഉ. ദാനമോ ഭിക്ഷയോ നല്കുന്നത് നല്ലതാണ്. എന്നാൽ അത് ഹിന്ദുക്കൾക്ക് നിർബന്ധമുള്ളതല്ല. മതപരമായ തത്വശാസ്ത്രം നിലവിലുള്ള സാമ്പത്തികകാര്യങ്ങൾക്ക് മാത്രം വേണ്ടിയുള്ളതല്ല അത് ശാശ്വതമായ ഒന്നാണ്. ഈശ്വരൻ ഹിന്ദുക്കളോട് കരുണയുള്ളവനാണ്. അതിനാൽ ഭിക്ഷയെടുത്ത് ജീവിക്കുന്നവൻ ഹിന്ദു സമൂഹത്തിൽ നിന്നും വേഗം തന്നെ ഇല്ലാതാകുകയാണ്. സ്വത്തുക്കൾ നേടുന്നതിനായി എല്ലാവരും അദ്ധ്വാനിക്കണം. അത് ലോകത്തെ കൂടുതൽ സമൃദ്ധമാക്കുന്നു. അവിടെ ദാനം ചെയ്യുന്നതിനോ ഭിക്ഷചോദിക്കുന്നതിനോ പ്രസക്തിയില്ലാതാനും. എന്നാൽ ഹിന്ദുക്കൾ അവരുടെ ആദായത്തിന്റെ ഒരു ശതമാനമെങ്കിലും സമൂഹത്തിന്റെ പൊതു താല്പര്യങ്ങൾക്കും ക്ഷേത്രപാലനത്തിനും വേണ്ടി ചിലവഴിക്കേണ്ടതാണ്.

ചോദ്യം 46. ശാസ്ത്രത്തിന്റെ കണ്ടെത്തലുകളെ കുറിച്ച് ഹിന്ദുമതം എന്തുപറയുന്നു?

ഉ. ഹിന്ദുമതം നമ്മെ പഠിപ്പിക്കുന്നതും,ശാസ്ത്രത്തിന്റെ ബോധനങ്ങളും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. ഉദാഹരണത്തിന്,''ഗഗന ദുഹിതയുടെ രാവ്''എന്ന വിവരണമുള്ള അഥർവ്വവേദത്തിലെ (19/5/2/3.5) ഒരു സ്തോത്രത്തിൽ, കാവല്ക്കാരെ നിയമിക്കുന്നത് കണക്കുകളിൽ കാണുന്ന ഒരു ക്രമത്തിലാണ്.99,88,77,66,55,44,33,22,11 എന്ന് തുടങ്ങി11ന്റെ ഗുണനങ്ങളായി. ആര്യഭട്ടർ, ബ്രഹ്മസുതൻ, സിദ്ധാർത്ഥശേഖർ, ലീലാവതി എന്നിവരും ഹിന്ദു ഗ്രന്ഥങ്ങളിലെ ഈ രീതിയല്ലെ പ്രതിനിധാനം ചെയ്തത്? ബ്രഹ്മസ്വത സിദ്ധാന്തത്തിന്റെ 17ാമത് ശ്ലോകത്തിൽ ഗണിത രൂപത്തിലുള്ള പുരോഗതി താഴെ കൊടുത്ത രീതിയിൽ വ്യക്തമായി തന്നെ പ്രതിപാദിക്കുന്നുണ്ട്.

पदमेकहीनमुत्तरगुणिता संयुक्तमादिनाऽन्त्यधनम्
आदियुतान्त्यधनार्धं मध्यधनं पदगुणनं गणितम् ॥

– ब्रम्हगुप्त

– ब्राम्हस्फुटसिध्वन्त गणिताध्याय, १७ सूत्र ॥

പദമേ കഹീനമുത്തര ഗുണിതാ സംയുക്താമദിന ഹന്തധനം
ആദിയുദാന്ത്യ ധനാർധ മദ്ധ്യധനം പദഗുണാൻ ഗണിതാം!

ഈ ശ്ലോകം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
ഗണിതത്തിൽ ഏറ്റവും വലിയ സംഖ്യയായ

$t_n = [a+(n-1)b]$ യും

മദ്ധ്യസംഖ്യയായ $M_n = \frac{2a+(n-1)b,}{2}$

എല്ലാസംഖ്യയും കൂട്ടിക്കിട്ടുന്ന സംഖ്യയും( $S_n = n/2[2a+(n-1)b]$യും ഹിന്ദുമതത്തിന് എല്ലാ പുതിയ കണ്ടുപിടിത്തങ്ങളേയും തന്നിൽ സ്വരൂപിപ്പിച്ച് പുതിയ സത്യമാക്കി തീർക്കുവാനാകും. ഇത്തരമൊരു സ്ഥിതി വിശേഷം (പൂർവ്വസ്ഥിതി അനായേസന പ്രാപിക്കുവാനാകുക) ഹിന്ദുമതത്തിന് അതിന്റെ അടിസ്ഥാനപരമായ തത്വങ്ങളെ ദൃഢമാക്കി നിർത്തുന്നതിനും, ഏതെങ്കിലും അന്യമതങ്ങളുടെ സ്വാധീനത്താൽ നവാശയങ്ങൾ സ്വീകരിക്കുകയാണെങ്കിലും ശത്രുക്കളായ വിദേശ രാജാക്കന്മാരുടെ അധീനതയിലോ അഭ്യന്തരലഹളക്കാലങ്ങളിലോ കാതലായ മൂല്യം നില നിർത്തുന്നതിനും കഴിയുന്നു.ഒരു ഹിന്ദുവിനെ സംബന്ധിച്ച് ശാസ്ത്രപരമായ എല്ലാ കണ്ടുപിടിത്തങ്ങളും ഈശ്വരന്റെ വരമാണ്.അവൻ നമുക്ക് നല്കിയ വരങ്ങളെ ശാസ്ത്രജ്ഞരും ഋഷിവര്യരും കണ്ടെത്തുന്നത് മാത്രമാണ്.

ചോദ്യം 47. ഒരു ഹിന്ദു പുരോഹിതന് അനുയോജ്യമായ വസ്ത്രം ഏതാണ്?

ഉ. ആനുകാലിക ലോകത്തിൽ പ്രവർത്തിക്കുവാനുതകുന്ന ഏതൊരു വസ്ത്രധാരണവും നല്ലതാണ്.ഭഗവാൻ ". കൃഷ്ണന്റെ കാലത്ത് മുണ്ടും മെതിയടിയും സാധാരണമായിരുന്നു. തുച്ഛവും മെച്ചവുമേറിയ വസ്ത്രങ്ങൾ നിലവിലിരിക്കേ പുരോഗതിക്ക് സൗകര്യപ്രദമായ ഏതൊരു ആധുനികവസ്ത്രവും ധരിക്കാം. ചുരുക്കത്തിൽ വസ്ത്രം ഉപയോഗപ്രദമായിരിക്കേണം.

ചോദ്യം 48. ഒരു പുരോഹിതൻ അന്താരാഷ്ട്ര സമാനമായ ട്രൌസർ, ജാക്കറ്റ്, എന്നീ വസ്ത്രങ്ങൾ ധരിക്കാവുന്നതാണോ?

ഉ. വേഗതയോടെ ജോലി ചെയ്യുന്നതിനും ശൈത്യമായ കാലാവസ്ഥ ഉള്ളിടത്തും ഇത്തരം വസ്ത്രങ്ങൾ അനുയോജ്യമാണ്. ഉഷ്ണ പ്രദേശങ്ങളിൽ മുണ്ടും ചെരിപ്പുമാണ് സൗകര്യം. എന്നാലും ഒരു സമൂഹത്തിന് പുരോഹിതന്റെ ആവശ്യം അവന്റെ ജ്ഞാനത്തിനും പ്രഭാഷണങ്ങൾക്കും, അവനിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കുന്ന ശാന്തിയുമാണ്. ഇത്തരമൊരു ഗുണങ്ങളെന്നും അവന്റെ വസ്ത്രധാരണത്താൽ സ്വാധീനിക്കപ്പെടുന്നില്ല. അതിനാൽ വ്യക്തിപരമായ വാസനയും സൗകര്യവുമനുസരിച്ചായിരിക്കണം ഒരു പുരോഹിതന്റെ വസ്ത്രധാരണം.

ചോദ്യം 49. മുണ്ട് ധരിക്കുന്നതിനാൽ ഒരു ഹിന്ദുവിന്റെ സാമൂഹിക സാംസ്കാരിക മതപരമായ ജീവിതത്തിൽ എന്ത് ഫലങ്ങളാണുണ്ടാക്കുക ?

ഉ. മുണ്ട് പൊതുവേ വിലകുറഞ്ഞ വസ്ത്രമാണല്ലോ. ശാമൂഹിക ജീവിതത്തിൽ അത് ഉപയോഗിക്കുന്നത് ലാളിത്യമുളവാക്കും. എന്നാൽ അത് ധരിക്കുന്ന ഒരുവന് വേഗത്തിൽ പ്രവർത്തിക്കുവാനാകുകയില്ല. സ്വരക്ഷക്കും അത് സഹായകമല്ല. മുണ്ട് ധരിച്ച ഹിന്ദുക്കൾ നിക്കർ ധരിച്ച് മദ്ധ്യേഷയിൽ നിന്ന് ആക്രമിച്ച് കയറിയവർക്ക് മുൻപ് അടി പതറിയിട്ടുണ്ട്.

ചോദ്യം 50. ദേശീയാഭിമാനത്തിനുതകുന്ന കൃത്യങ്ങൾ നിർവ്വഹിക്കുന്നതിന് മുണ്ടാണോ അനുയോജ്യമായ വസ്ത്രം?

ഉ. മുണ്ട് വസ്ത്രമായി ഉപയോഗിച്ച ഹിന്ദുക്കൾ തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ വേഗത കുറഞ്ഞവരാകുന്നു. ഏകദേശം എല്ലാമത്സരങ്ങളിലും സമ്പത്ത്, അധികാരം, കീർത്തി,ആരോഗ്യം തുടങ്ങിയവ അവർ പരാജയം ഏറ്റുവാങ്ങേണ്ടതായും വന്നിട്ടുണ്ട്. സ്വാദിഷ്ടമായ ഭക്ഷണമോ, നല്ല പാർപ്പിടമോ,നല്ല ആരോഗ്യമോ മറ്റേതെങ്കിലും സൗകര്യങ്ങളോ അവർക്ക് നേടുവാനുമായില്ല. ഹിന്ദുക്കൾ സ്വയം മൂഢസ്വർഗ്ഗം കണ്ട് കൂപമണ്ഡൂകങ്ങളാകുകയും തങ്ങളിൽ പൊള്ളയായ അഭിമാനം കണ്ടെത്തുകയും ചെയ്തു. ഭക്ഷണം സമ്പത്ത് പാർപ്പിട ജീവിത സൗകര്യങ്ങൾ എന്നിവയിൽ നിന്നെല്ലാം ഉപേക്ഷ കാണിച്ച് ആരും തന്നെ മത്സരിക്കുവാനിടയില്ലാത്ത ജീവിതചര്യകൾ അവർ പിന്തുടർന്നു.

ചോദ്യം 51. സർവ്വശക്തനായ ഈശ്വരനോ പാപമൂർത്തമായ ചെകുത്താന്റെയോ പ്രതിബിംബമായി ഹിന്ദുക്കൾ വിഗ്രഹാരാധന ചെയ്യുന്നത് ഈശ്വരൻ ഒരു പാപമായി ഗണിക്കുമോ?

ഉ. ഇത് ഒരു പാപമല്ല. എങ്കിലും ഒരു ശിലയോ മൂർത്തിയോ ഈശ്വരന്റെയോ ചെകുത്താന്റെയോ ലക്ഷണമായി കരുതുന്നത് ആവശ്യമില്ലാത്തതാണ്. പക്ഷെ ഒരിടത്ത് തന്നെ ഒരു ജനസമൂഹത്തെ ആകർഷിക്കുന്നതിന് ഈയൊരു മാർഗ്ഗം ഫലവത്തുമാണ്. എല്ലാമതപ്രവാചകന്മാരും

ഇത്തരമൊരു മാർഗ്ഗം, ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ജനങ്ങളെ ആകർഷിക്കുന്നതിനായി ഉപയോഗിച്ചിരുന്നു. ചില പ്രബോധകർ പ്രതിമ, ഘടന, പുസ്തകം എന്നിവ ഈശ്വരൻ എന്ന സങ്കല്പത്തിന് ആദരവ് കാണിക്കുന്നതിനായി ഉപയോഗിച്ചപ്പോൾ, മറ്റ് ചിലർ ഒരു കൽസ്തംഭത്തെ ചെകുത്താനെ നിന്ദിക്കുന്നതിനായി ഉപയോഗിച്ചു. എന്നാൽ സർവ്വശക്തനായ ഈശ്വരനാകട്ടെ, ഇതെല്ലാം തികച്ചും തുച്ഛവും അർത്ഥരഹിതവുമായ മാർഗ്ഗങ്ങളാണ്.

ചോദ്യം 52. കുറ്റകൃത്യം ചെയ്തവന്റെ അംഗഛേദം നടത്തുക എന്നിങ്ങനെയുള്ള ശിക്ഷാവിധികൾ നടപ്പാക്കുന്നത് സമൂഹത്തിന് ഗുണകരവും ഈശ്വരനെ പ്രീതിപ്പെടുത്തുവാൻ ഉതകുന്നതുമാണോ?

ഉ. *ഈശ്വരനാണ് സർവ്വതിന്റേയും സർവ്വരുടേയും സ്രഷ്ടാവ്. അവൻ അതീവ കാരുണ്യവാനാണ്. അതിനാൽ ഒരിക്കലും തന്റെ തന്നെ സൃഷ്ടികളോട് അവന് ഹൃദയശൂന്യത കാണിക്കാനാവുകയില്ല. ഒരു മോഷ്ടാവ് തന്റെ തികച്ചും പൂർണ്ണമായ ഇല്ലായ്മകൊണ്ടാണ് മോഷണം നടത്തുന്നത്. സുഗമമായ ഒരു ജീവിതമാർഗ്ഗം നേടുന്നതിന് സമൂഹം ആർക്കും ഒരു പോംവഴി കൊടുക്കുന്നില്ല. ലഘുവായ നിലനില്പിനു പോലും സമൂഹം ആർക്കും സംരക്ഷണം നൽകുന്നില്ല. ഒരു രാജ്യത്ത് മോഷണം നടത്തി കഴിയുന്ന ഒരുവന് ഒരുപക്ഷേ വേറൊരു ദിക്കിൽ സാമൂഹ്യസംരക്ഷണം ലഭ്യമാകാം. അവിടെ അവന് മാന്യമായി ജീവിക്കുവാനുമാകും. അതിനാൽ മോഷണം ഈശ്വരന് നേരെയുള്ള കുറ്റമല്ല. അത് സാമൂഹ്യ രാഷ്ട്രീയ ചുറ്റുപാടുകളുടെ ഒരു ദോഷം മാത്രമാണ്. ഒരു മോഷ്ടാവിന്റെ അംഗഛേദം നടത്തുക വഴി അന്യായവും സ്വാർത്ഥികളുമായ ഭരണകർത്താക്കൾ സാധാരണക്കാരുടെ പ്രതികരണശക്തിയെ അമർച്ചചെയ്യുക മാത്രമാണ് ചെയ്യുന്നത്. ഇത്തരം നടപടികളാൽ സാധാരണക്കാർ ഭീതിയുള്ളവരും തങ്ങളുടെ ന്യായമായ വിഷമങ്ങൾ പോലും പ്രകടിപ്പിക്കാൻ കഴിയാത്തവരുമായി തീരുന്നു.

ചോദ്യം 53. പരപുരുഷ ബന്ധത്തിലേർപ്പെട്ട ഒരു സ്ത്രീയെ തുറുങ്കിലടയ്ക്കുക എന്നീ പ്രത്യക്ഷ ശിക്ഷാവിധി നടപ്പാക്കുക വഴി നമുക്ക് സമൂഹത്തെ സേവിക്കുകയും ഈശ്വരനെ പ്രീതിപ്പെടുത്തുവാനും കഴിയുമോ?

ഉ എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും ജീവിതത്തിൽനിന്ന് സാധാരണമായ ആനന്ദം ലഭിക്കുന്നതിന് അവകാശമുണ്ട്. അത് ഈശ്വരന്റെ ഒരു വരം മാത്രമാണ്. ഒരു സ്ത്രീക്ക് സത്യസന്ധമല്ലാത്ത, നിന്ദ്യമായ, നിഷ്കരുണനായ, സുഖകരമല്ലാത്ത, രോഗിയായ, അഥവാ ഷണ്ഡനായ ഭർത്താവാണെങ്കിൽ അവൾ പരപുരുഷനെ തേടിപോകുന്നത് കൊണ്ട് ഈശ്വരനു മുന്നിൽ അപരാധിയാകുന്നില്ല. സ്വയം ആത്മാർത്ഥതയില്ലാത്തതും, ദുർഭാഷിയും, കാരുണ്യരഹിതനും

*ദയവായി അവസാനത്തെ പേജ് നോക്കുക.

വക്രബുദ്ധികളുമായ പലേ ഭരണകർത്താക്കളും സമൂഹത്തിലെ ഉന്നതരും തങ്ങളുടെ സ്ത്രീജനങ്ങളെ ദൈവീകമായ നിയോഗമെന്ന പേരിൽ അടിച്ചമർത്തുന്നതിനായി ക്രൂരമായ നടപടികൾ കൈകൊള്ളാറുണ്ട്. ദുർന്നടപ്പുകാരിയായ ഭാര്യയെ ഉപേക്ഷിക്കുവാൻ മാത്രമേ ഒരു പുരുഷന് അധികാരമുള്ളൂ. ഇത്തരം സ്ത്രീകൾക്ക് നിവൃത്തിവിഹിതം നല്കാതിരിക്കേണ്ടതിന്റെ ഹേതു സമൂഹത്തെ അറിയിക്കുകയും ചെയ്യാം. മറ്റേതൊരു ശിക്ഷയും ഈശ്വരന് എതിരായ കുറ്റമാണ്. പരസ്പരമുള്ള കൂറും ബഹുമാനവും ഒരു പുരുഷന്റെയും കളത്രത്തിന്റെയും വൈവാഹിക ജീവിതം സുഖകരമാക്കുകയും അവരുടെ കുട്ടികളെ നല്ല നിലയിൽ വളർത്തുന്നതിനും സഹായകമാകുന്നു.അത് ഈശ്വരനേയും പ്രീതിപ്പെടുത്തും.

ചോദ്യം 54. ആത്മരക്ഷക്ക് വേണ്ടി ഹിന്ദുക്കൾക്ക് ആയുധമാകാമോ?

ഉ. പതിനാല് വയസ്സ് കഴിഞ്ഞ ഏതൊരു ഹിന്ദുവിനും അവനവന്റെ ദേശനിയമമനുസരിച്ച് ഒരു ആയുധം കൈവശമുണ്ടായിരിക്കേണ്ടതാണ്. ഏറ്റവും നിർദ്ധനനായ ഒരുവന് പോലും ഒരു വടിയെങ്കിലും ആയുധമായി വേണ്ടതാണ്. ആയുധം കയ്യിലുള്ളത് ഒരുവന് ധൈര്യം പകരുന്നു. സ്വാഭിമാനവും ആവശ്യമുള്ളപ്പോൾ രക്ഷയും നൽകുന്നു. ധൈര്യശാലികളായവർക്ക് യഥാർത്ഥ ഈശ്വരപ്രേമം ലഭിക്കുന്നു.

ചോദ്യം 55. ഹിന്ദുക്കൾ എപ്രകാരമുള്ള സംഘത്തെ അഥവാ ആളുകളെയാണ് പ്രോത്സാഹിപ്പിക്കേണ്ടത്?

ഉ. ഹിന്ദുക്കളുടെ ആത്മാഭിമാനം, ശക്തി, രക്ഷ, സാമ്പത്തികനിലവാരം എന്നിവ പിന്തുണയ്ക്കുന്നവരെ നമുക്ക് പിന്താങ്ങാം. എന്നാൽ ഹിന്ദു താല്പര്യങ്ങൾക്ക് വിരുദ്ധമായ ആരെയും എതിർക്കുകയും വേണം.

ചോദ്യം 56. നമ്മുടെ മതമോ ദേവതയോ അപമാനിക്കപ്പെടുകയാണെങ്കിൽ നാം അതിനെ എങ്ങിനെ നേരിടണം?

ഉ. ഈശ്വരനേയോ ദേവതയേയോ അപമാനിക്കുന്നവരെ സ്വന്തം മാതാവിനെ വധിക്കുന്നവനെ നേരിടുന്നത് പോലെ തന്നെ നേരിടേണം.

ചോദ്യം 57. ഒരു ഹിന്ദു അന്യമതക്കാരെ ഹിന്ദുക്ഷേത്രത്തിൽ പ്രവേശിക്കുന്നത് അനുവദിക്കാമോ?

ഉ. വൃത്തിഹീനരും സാംക്രമികരോഗമുള്ളവരും അമ്പലങ്ങളിൽ പ്രവേശിക്കുന്നത് നിരോധിക്കണം. ആത്മീയശാന്തിക്കായി മറ്റാർക്കും ഒരു ഹിന്ദു ക്ഷേത്രത്തിൽ പ്രവേശിക്കാം.

ചോദ്യം 58. ഒരു ഹിന്ദുക്ഷേത്രത്തിൽ നിന്നും ഒരു ഭക്തന് എന്താണ് പ്രതീക്ഷിക്കാവുന്നത്?

ഉ. സൂര്യോദയം മുതൽ അസ്തമയം വരെ ആർക്കും ഏത് നേരവും പ്രാർത്ഥിക്കുവാനാകുന്ന ഒരിടമായിരിക്കേണം ക്ഷേത്രം. ഭക്തരിൽ

നിന്നും ലഭിക്കുന്ന സംഭാവനകൾ കൊണ്ട് വിശക്കുന്നവനെ ഊട്ടുവാൻ ക്ഷേത്രാധികാരികൾ ശ്രമിക്കണം. ക്ഷേത്രം ജനങ്ങൾക്ക് വിദ്യാഭ്യാസം, ശുശ്രൂഷ തുടങ്ങി മറ്റ് സേവനങ്ങൾ നല്കുകയും എല്ലാ ഭക്തരുടെയും സാമൂഹികോദ്ധാരണത്തിനും പുരോഗതിയുടെയും ഭാഗമാകയും വേണം. ക്ഷേത്രത്തിൽ സർവ്വ ഭക്തർക്കും പ്രാർത്ഥിക്കുവാനുതകും വിധം ഒരു മുറിയുമുണ്ടായിരിക്കേണം.

ചോദ്യം 59. രാഷ്ട്രീയവും മതവും വേർതിരിക്കേണ്ടതുണ്ടോ?*

ഉ. ഏതൊരു കാര്യത്തിനും മേൽ ആളുകൾക്കുള്ള സമീപനമാണ് രാഷ്ട്രീയം. ഒരാളുടെ മൂല്യനിർണ്ണയത്തിൽ നിന്നാണ് ഒരു കാഴ്ചപ്പാടുണ്ടാകുന്നതും. ഇത്തരമൊരു മൂല്യങ്ങളാകട്ടെ, മതത്തോടുള്ള ബന്ധത്തിൽനിന്നുളവാകുന്നതാണ്. മതവും രാഷ്ട്രീയവും ഇടകലർന്ന ഒന്നാണ്. അവ തമ്മിൽ മാനസിക ബന്ധവുമുണ്ട്. ഇത്തരമൊരു ബന്ധം നാം അവഗണിക്കുമ്പോൾ രാഷ്ട്രീയം ജനങ്ങളിൽ നിന്ന് വിദൂരമാകയും ഭരണാധികാരികളുടെ അധർമ്മത്തിന് ഹേതുവാകുകയും ചെയ്യുന്നു.

മഹാഭാരതത്തിൽ ഇവിടെ പ്രസക്തമായ ഒരു ഉത്തരം കണ്ടെത്താനാകും. ഭീഷ്മർ രാഷ്ട്രീയത്തിൽ നിന്ന് പിന്മാറുകയും മതവുമായി കൂടുതൽ ബന്ധപ്പെടുകയും ചെയ്തു. ഫലമെന്തായിരുന്നു? കൗരവർ കൂടുതൽ ദുർമ്മാർഗ്ഗികളായി. എന്നാൽ ഭീഷ്മർ രാഷ്ട്രീയ കാര്യങ്ങളും മതബന്ധവും ഏകീകരിച്ചിരുന്നെങ്കിലോ? അദ്ദേഹം തന്റെ പിതാവായ ശന്തനുവിന്റെ സത്യവതിയുമായുള്ള രണ്ടാം വിവാഹത്തിന് സമ്മതമുള്ളമെങ്കിലും സത്യവതിയുടെ പിതാവിന്റെ അതിരുകടന്ന നിബന്ധനകൾക്ക് വശംവദനാകയുമില്ലായിരുന്നു. സത്യവതിയുടെ അച്ഛൻ മുന്നോട്ടുവെച്ച നിബന്ധന പ്രകാരം തന്റെ മകൾ (സത്യവതി) ശന്തനുവിനെ വിവാഹം ചെയ്യണമെങ്കിൽ ഭീഷ്മർ തന്റെ കിരീടാവകാശം ഉപേക്ഷിക്കേണ്ടതുണ്ട്. ഭീഷ്മരാകട്ടെ ഇത്തരമൊരു നിബന്ധന സ്വീകരിക്കുകയും ശന്തനുവിന്റെ കാമപൂർത്തീകരണത്തിന് വേണ്ടി ആജീവനാന്ത ബ്രഹ്മചര്യം സ്വീകരിക്കയും ചെയ്തു. ഫലം അപായകമായിരുന്നു. കൗരവവംശത്തിന്റെ നാശത്തിന് തന്നെ അത് ഹേതുവായി. മഹാഭാരത യുദ്ധത്തിൽ ആയിരക്കണക്കിന് നിരപരാധികൾക്ക് ജീവഹാനി ഭവിച്ചു. ഭാരത ദേശത്തിന് നഷ്ടപ്പെട്ടത് ഭീഷ്മരെന്ന ശക്തനും, മഹാനും, ധർമ്മിഷ്ഠനുമായ ഒരു മഹാരാജാ വിനെയാണ്. ഭീഷ്മർ മതവും രാഷ്ട്രീയവും സംയോജിപ്പിക്കുവാൻ തയ്യാറായില്ല. അദ്ദേഹം രാജ്യഭാരം ഏറ്റെടുത്തിരുന്നുവെങ്കിൽ ശതലക്ഷ ങ്ങളുടെ നന്മ സംരക്ഷിക്കപ്പെടുമായിരുന്നു. മറ്റൊരു ഉദാഹരണം ഭഗവാൻ കൃഷ്ണൻ തന്നെയാണ്. രാഷ്ട്രീയവും മതവും കൂട്ടിക്കലർ ത്തിയതിനാൽ ''ഭഗവദ് ഗീത'' പോലുള്ള മഹത് ഗ്രന്ഥം ഉടലെടുത്തു. ദുഷ്ടരായ കൗരവരെ നീക്കി സന്മാർഗ്ഗികളും നല്ലവരുമായ പാണ്ഡവരെ

*ചോദ്യം 77കൂടി കാണുക.

വാഴിച്ചതും കൃഷ്ണന്റെ ഈ നടപടിയാണ്.

ചോദ്യം 60. ഒരുവൻ രാജാവുമായി എപ്രകാരമാണ് ഇടപഴകേണ്ടത്?

ഉ. ഒരു രാജാവിന് തന്റെ ദേശത്തെ പടുത്തുയർത്തേണ്ടതുണ്ട്. അതിലേക്കായി ഏവരും രാജാവിനോട് കൂറ് പുലർത്തേണം. ദേശോദ്ധാരണത്തിന് വിവിധ മാർഗ്ഗങ്ങളുണ്ട്. എന്നാൽ ഒരു രാജാവിനെ തന്റെ മാർഗ്ഗത്തിൽ നിന്നും പിന്തിരിപ്പിച്ചത് കൊണ്ട് ആർക്കും ഒന്നും നേടുവാനാകില്ല.നിസ്വാർത്ഥമായ ഒരു രാജാവാണെങ്കിൽ നമ്മുടെ രാജഭക്തിയും കേവലമായിരിക്കണം. രാജാവിന്റെ സ്വകാര്യജീവിതമല്ല മറിച്ച് പൊതുപ്രവർത്തനമാണ് കൂടുതൽ പ്രധാനം.

ചോദ്യം 61. ക്ഷേത്ര സമ്മേളനങ്ങൾ കൊണ്ട് ഒരുവൻ തന്റെ കച്ചവടാഭിവൃദ്ധിക്ക് വേണ്ടി ഉപകരിക്കാമോ?

ഉ ക്ഷേത്രം അവന്റെ സ്വകാര്യക്രയവിക്രയങ്ങൾക്കുള്ള വേദിയല്ല. ഈശ്വരപ്രാർത്ഥന നടത്തുന്നതിനും പൊതുവായ സാമൂഹ്യകാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമുള്ള സ്ഥലമാണ് അത്.

ചോദ്യം 62. ഒരു പൂജാരി ശ്ലോകങ്ങൾ തെറ്റായി ഉച്ചരിച്ചാൽ എന്താണ് സംഭവിക്കുക?

ഉ അങ്ങനെയാണെങ്കിൽ കരുണാലുവായ ഈശ്വരൻ തന്റെ ഭക്തരെ കൈവെടിയാതിരിക്കുന്നു. എന്നാൽ ശ്ലോകോച്ചാരണം നടത്തുന്ന പൂജാരിക്കാകട്ടെ ഇതിന്റെ ഫലമൊട്ട് ലഭിക്കുന്നതുമില്ല. ജ്ഞാനിയായ ഒരുവന് യഥാർത്ഥമായ ഉച്ചാരണം അറിയുന്നതാണെങ്കിൽ അദ്ദേഹം പൂജകർത്താവ് ഏകനായിരിക്കുമ്പോൾ ഇതേ കുറിച്ച് ബോധവാനാകേണ്ടതുണ്ട്. പൂജാരിയെ പൊതുജനസമക്ഷം അമ്പരിപ്പിക്കുന്നത് ഒഴിവാക്കുക.

ചോദ്യം 63. ഏത് പ്രവൃത്തിയാണ് കൂടുതൽ ശ്ലാഘനീയം?*

ഉ. പ്രവൃത്തി ഏത് തന്നെയായാലും അതിലൊന്നിലും തന്നെ ഉച്ചനീചത്വങ്ങൾ ഇല്ലെന്നാണ് ഗീത നമ്മെ പഠിപ്പിക്കുന്നത്. ഒരു പ്രവൃത്തിയും ഹീനമല്ല. ഏതെങ്കിലും ഒരു ജോലി ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ, അത് ചെയ്യേണ്ടുക തന്നെ വേണം. അത് തന്നെയായിരിക്കും ഏറ്റവും നല്ല പ്രവത്തിയും.

ചോദ്യം 64. ലോകം കൂടുതൽ ആനന്ദകരമായ ഒന്നാക്കേണമെങ്കിൽ എന്താണ് ചെയ്യേണ്ടത്?

ഉ. ഏവരും ലോകത്തെ മാറ്റുവാൻ ശ്രമിക്കുന്നു.എന്നാൽ സ്വയം മാറ്റം വരുത്തുന്നതിലാണ് ഈശ്വരന് കൂടുതൽ അഭികാമ്യം.

ചോദ്യം 65. ഈശ്വരഭക്തർ എന്തിനാണ് ക്ഷേത്രങ്ങളിൽ പോയി വിഗ്രഹാരാധന നടത്തുന്നത്?

ഉ. ഹിന്ദുമതത്തിൽ ദേവതകൾ ഈശ്വരന്റെ സന്ദേശവാഹകരാണല്ലോ.

*ചോദ്യം 107കൂടി കാണുക.

വിഗ്രഹാരാധനയുടെ മന്ത്രങ്ങൾ ദേവതകളുടെ സദ്ഗുണങ്ങളെ ആരാധിക്കുന്നവയും, പ്രവൃത്തികളെ പ്രകീർത്തിക്കുന്നവയുമാണ്. വിഗ്രഹാരാധന ഒരുതരം വീരാരാധനയാണ്. ഏറ്റവും നല്ല മെച്ചം കൈവരിക്കുന്നതിന് സ്ഥിരമായി ഈശ്വരമന്ത്രങ്ങൾ ഉരുവിടുന്നതാണ്.

ചോദ്യം 66. ഏതെങ്കിലും ദേവതക്ക് താൻ ദൈവത്തിന്റെ അവസാനത്തെ പ്രവാചകനാണ് എന്ന് അവകാശപ്പെടാനാകുമോ?

ഉ. എല്ലാ പ്രവാചകരും മനുഷ്യരായിരുന്നു. വീണ്ടുമൊരു പ്രവാചകനെ അയക്കേണ്ടതുണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കേണ്ടത് ഈശ്വരാജ്ഞ മാത്രമാണ്. അതിനാൽ ഒരു മനുഷ്യനും ഈശ്വരനിൽ നിന്ന് ആ ഒരു അവകാശത്തെ പിടിച്ച് പറ്റുവാനാവില്ല. ഇത് വരെ ഭഗവാൻ കൃഷ്ണനാണ് ഹിന്ദുക്കളുടെ അവസാനത്തെ പ്രവാചകനായി കരുതപ്പെടുന്നത്.

ചോദ്യം 67. ഒരു ക്ഷേത്രത്തലവനെ നാം എങ്ങിനെയാണ് ബഹുമാനിക്കേണ്ടത്?

ഉ. പൊതുവെ ഒരു ക്ഷേത്രത്തിന്റെ തലവൻ ആ ക്ഷേത്രത്തിന്റെ സംരക്ഷകനോ, ഭരണാധികാരിയോ, ചുമതലക്കാരനോ ആയിരിക്കാം. ഭക്തർ ആ ക്ഷേത്രത്തിന്റെ നല്ല നടപ്പിനുതകും വിധത്തിൽ ആ ഭരണാധികാരിക്ക് വേണ്ടത്ര സഹകരണങ്ങൾ നല്കേണ്ടതാണ്.

ചോദ്യം 68. അനീതിയെ ഹിന്ദുക്കൾ വെറുമൊരു വിധിയായി കരുതുന്നുണ്ടോ?

ഉ. മുൻകൂട്ടി നിശ്ചയിച്ച പ്രകാരമുള്ള വിധിയോടല്ല, മറിച്ച് സ്വതന്ത്രമായ പ്രവൃത്തിയാണ് ഹിന്ദുമതം സ്വീകരിക്കുന്നത്. യഥാർത്ഥ ഹിന്ദുക്കൾ തങ്ങൾക്ക് തങ്ങളുടെ സ്വന്തം വിധിയുമായി പൊരുത്തപ്പെടുവാൻ കഴിവില്ലാത്തവരെന്ന് സ്വയം ബോദ്ധ്യപ്പെട്ടാൽ മാത്രമേ, വിധിയ്ക്കുമുന്നിൽ കണ്ണുമടച്ച് കീഴടങ്ങുകയുള്ളൂ. വേദങ്ങൾ പറഞ്ഞിട്ടുണ്ട്: ഈശ്വരൻ ഒരിക്കലും ഒരു കൂട്ടരുടെ നിലവാരം അവർ സ്വയം തങ്ങളിലുള്ള തെറ്റുകളെ മാറ്റാതിരിക്കുന്നിടത്തോളം മാറ്റുകയില്ലെന്ന്. നീതിയേയും ന്യായത്തേയും സംരക്ഷിക്കുന്നതിൽ വീഴ്ചവരുത്തിയ ഏതൊരു ഭരണകർത്താവിനു നേരെയും വിപ്ലവ ശബ്ദമുയർത്തുവാൻ ഹിന്ദുക്കൾക്ക് അവകാശമുണ്ട്.

ചോദ്യം 69. ഹിന്ദുക്കൾക്ക് ഏത് തരത്തിലുള്ള രാഷ്ട്രീയ ചുറ്റുപാടാണ് പ്രയോജനകരം?

ഉ. ഒരു ഭരണം നേടുന്നതിനും അതിനെ വേണ്ട വിധത്തിൽ പ്രവർത്തിപ്പിക്കുന്നതുമാണ് രാഷ്ട്രീയം. രാഷ്ട്രീയ ഘടനയിൽ ഹിന്ദു തത്വശാസ്ത്രം തഴച്ച് വളരാവുന്നതാണ്. ഹിന്ദുക്കളായ പ്രജകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നവനാണ് ഏറ്റവും അഭികാമ്യമായത്. ഹിന്ദുതത്വങ്ങളോട് പൂർണ്ണമായും അടിയുറച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ കൂടിയും അതിന്റെ ലക്ഷ്യങ്ങളോട് കരുണയോടെ വീക്ഷിക്കുന്ന

ഒരുവനെ (രാജാവിനെ)യും നമുക്ക് സ്വീകരിക്കാം. ഈ നിലപാടിൽ, ഹിന്ദുമതത്തോട് കൂറുള്ളതോ അഥവാ അവയുടെ പുരോഗതിക്ക് വേണ്ടി ശ്രമിക്കാനോ ആയ ഭരണത്തെ ഒരു ഹിന്ദു പുലർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി യത്നിക്കേണം. എന്നാൽ ഹിന്ദു തത്വങ്ങളോട് സഹകരിക്കാതെയും അതിന്റെ പുരോഗമനത്തിനായി യത്നിക്കാത്ത വനെയും അവസരം ഒത്തുവന്നാൽ മറിച്ചിടുക തന്നെ വേണം.

ചോദ്യം 70. ഒരു ഹിന്ദു എപ്പോഴാണ്, എങ്ങിനെയാണ് ഭരണകർത്താവിനോട് ഉപേക്ഷ കാണിക്കുന്നത്?

ഉ. പ്രശ്നാത്മകമായ ചില ചുറ്റുപാടുകൾ ഉണ്ടാകാറുണ്ട്. ആരാണ് രാജാവാകേണ്ടത് എന്തിനാണ് രാജാവിന്റെ ആജ്ഞകൾ അനുസരി ക്കേണ്ടത് എന്നിങ്ങനെ. തത്സന്ദർഭങ്ങളിൽ ഹിന്ദുക്കൾ തങ്ങളുടെ ഗതകാല ചരിത്രത്തിലേക്കെത്തിനോക്കുകയും മറ്റ് ഹിന്ദുക്കളുമായി ഇതേ കുറിച്ച് കൂടിയാലോചിക്കുകയും വേണം. ദ്രോഹകരമായ വിദേശ ഭരണകർത്താക്കളുടെ കീഴിൽ ഹിന്ദുക്കൾ നിരവധി ശതകങ്ങൾ യാതനകൾ അനുഭവിച്ചിട്ടുണ്ടല്ലോ. അത്തരം ഘട്ടങ്ങളിലാണ് മേൽ പറഞ്ഞ സന്ദർഭങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നത്.

അന്യായവും അവഗണനയും എതിർക്കുന്നതിനായി ഹിന്ദുക്കൾ —അത് കൊച്ച് സംഘമായി തന്നെയായിരുന്നാലും—തങ്ങളുടെ അധികാരം വിനിയോഗിക്കുമ്പോൾ അത് മൂലമുണ്ടാകുന്ന നേട്ടങ്ങൾ കോട്ടങ്ങളേ ക്കാളേറെ ആയിരിക്കും.

ചോദ്യം 71. ഒരു ഹിന്ദു നേതാവിന് തന്റെ രാഷ്ട്രീയസ്വാധീനം മെച്ചപ്പെടു ത്തുന്നതിനായി തന്റെ ജാതി സംഘനില ഉപയോഗപ്പെടുത്താമോ? ഇതിൽ ഏത് പ്രവൃത്തിയാണ് കൂടുതൽ നിന്ദ്യം?

ഉ. ഹിന്ദുക്കളുടെ ഇടയിൽ വിഭാഗീയത വളർത്തുന്നതിനുതകുമാറ് ആരാണോ രാഷ്ട്രീയമാർഗ്ഗങ്ങളോ സിദ്ധാന്തങ്ങളോ ഉപയോഗിക്കുന്നത്, അവൻ ഈശ്വരന്റെ ശത്രുവാകുന്നു. അവനെ ഇല്ലായ്മ ചെയ്യേണ്ടതുണ്ട്. ഈശ്വരനെ സംബന്ധിച്ചിടത്തോളം തൊഴിലിൽ ഉച്ചനീചങ്ങളില്ല. ഒരു പ്രവൃത്തിയും ഹീനമല്ല. ഏത് ജോലി തന്നെയായാലും അവ ചെയ്യേണ്ടതാണെങ്കിൽ അത് സൽപ്രവൃത്തി തന്നെയാണ്.

ചോദ്യം 72. ഏകദൈവം, വിഗ്രഹാരാധനക്കെതിർപ്പ് എന്നിവ പ്രചരിപ്പി ക്കുന്നവർ ലോകത്തെ നല്ലൊരിടമാക്കുകയാണോ? ഉപവാസം ഒരുവനെ പാപവിമുക്തനാക്കുമോ? ഔഷധശാസ്ത്രം, ഭക്ഷ്യസാങ്കേ തികത്വം, രസതന്ത്രം, ഭൗതികശാസ്ത്രം, ഗണിതശാസ്ത്രം എന്നിവയുടെ പുരോഗമനത്തിൽ വിഗ്രഹഭഞ്ജകരുടെ പങ്ക് നിസ്സാരമാണ്.അവരുടെ പ്രവൃത്തികൾ നിരപരാധികളുടെയും അശക്തരുടെയും, സ്ത്രീകളുടെയും, മൃഗങ്ങളുടെയും മേലുള്ള ക്രൂരത ന്യായീകരിക്കുവാനേ സഹായക മായിട്ടുള്ളൂ. വിശ്വാസികളെ മാനസികമായും ശാരീരികമായും

പീഢിപ്പിക്കുക മാത്രമേ അത് മൂലം ഭവിച്ചിട്ടുള്ളു. കുറ്റവാളികളെ അവർ എല്ലാവിധ ഹീനകൃത്യങ്ങളും നടത്തുവാൻ അവർ പ്രേരിപ്പിച്ചു. കുറ്റം ചെയ്തവൻ ഉപവാസം നടത്തുകയോ ഭക്ഷണക്രമം നടത്തുകയോ ചെയ്താൽ എല്ലാ പാപങ്ങളിൽ നിന്നും വിമുക്തരാകും എന്ന തെറ്റായ പ്രചരണവും അവർ നടത്തി.

ചോദ്യം 73. ഹിംസ്രജന്തുക്കളും കൊള്ളക്കാരായ സൈന്യങ്ങളും ഈശ്വരന്റെ പേരിൽ രാജ്യങ്ങളാകമാനം കീഴ്പ്പെടുത്തുന്നതെങ്ങിനെയാണ്?

ഉ. അഹങ്കാരികൾ തങ്ങളുടെ സ്വാധീനം വിപുലപ്പെടുത്തുന്നതിനും തങ്ങളുടെ തന്നെ ആളുകളെ പറ്റിക്കുന്നതിനുമായി വിഭാഗീയ മനശാസ്ത്രങ്ങളെ കൗശലപൂർവ്വം ഉപയോഗിക്കാറുണ്ട്. ഇതെല്ലാം ഈശ്വരപ്രീതിയ്ക്ക് വേണ്ടിയെന്നവർ വാദിക്കയും ചെയ്യും. വികസനവാദികളാകട്ടെ, തങ്ങളുടെ ആധിപത്യം ഉറപ്പിക്കുന്നതിനായി ജനങ്ങളെ ഈശ്വരന്റെ പേരിൽ പ്രീണിപ്പിയ്ക്കുകയോ, ഭീതിപ്പെടുത്തുകയോ ചെയ്യുന്നു. നിഷ്പക്ഷമായി ചിന്തിക്കുന്നതിനും ഭാവിയിൽ ഉണ്ടായേക്കാവുന്ന സേനാപ്രക്ഷോഭം ഇല്ലായ്മ ചെയ്യുന്നതിനുമായി ഈശ്വരനാമം വിനിയോഗിക്കയും ചെയ്യുന്നു.

ചോദ്യം 74. പ്രബുദ്ധരും വിദഗ്ദ്ധരുമായി കൂടിയാലോചിച്ച് പ്രവർത്തിക്കുന്ന കേവലാധികാരമുള്ള ഒരു ഹിന്ദു രാജാവ് സ്വീകാര്യമാണോ?

ഉ. ഭരണകർത്താക്കളും ഭരിക്കപ്പെടുന്നവരുമായി കൂടിയാലോചന നടക്കും വിധം ഒരു രാജാവ് പ്രവർത്തിക്കുകയാണെങ്കിൽ ദൈവികമായ ന്യായം നില നില്ക്കുന്നു. അന്യായത്തെ എതിർക്കുവാനുള്ള അധികാരം ജനങ്ങൾക്ക് ലഭിയ്ക്കുന്നു. അവിടെ ജനാധിപത്യം നില കൊള്ളുകയും ചെയ്യും.

എന്നാൽ കൂടിയാലോചനകൾ ഒരു രാജാവിന്റെ നന്മയെ ആശ്രയിച്ചിരിക്കുന്നു. അതല്ലെങ്കിൽ അന്യായത്തിനെതിരെയുള്ള നിബന്ധനകൾ വെറും ഒരു തുച്ഛമായ ആളുകളുടെ ബുദ്ധിവ്യവസ്ഥ യിൽ മാത്രം ഒതുങ്ങി നില്ക്കുന്നു. അത് ഒരിക്കലും പ്രാവർത്തികമാകുന്നില്ല. അതിനാൽ സ്വേച്ഛാധിപതിയായ ഒരു രാജാവ് സ്വീകാര്യമല്ല.

ചോദ്യം 75. സ്വേച്ഛാധിപതിയായ ഒരു ഭരണകർത്താവിനെ നിയന്ത്രിക്കും വിധം വിവേക ശാലികളുടെ ഒരു സഭ ഉചിതമാകുമോ?

ഉ. നീതിരഹിതനായ ഒരു ഭരണകർത്താവിന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കും വിധം വിവേകികളുടെ സംഘത്തെ ദുരുപയോഗ പ്പെടുത്താവുന്നതാണ്. പ്രബുദ്ധരും സന്മാർഗ്ഗികളുമായ ഉന്നത പുരോഹിതരുടെ ഒരു സമിതിയ്ക്ക് പാരിതോഷികങ്ങൾ നല്കിയോ, ഭീഷണിപ്പെടുത്തിയോ തന്റെ ആശയങ്ങൾ എല്ലാം ബഹുജനസമക്ഷം കൗശലത്തോടെ അവതരിപ്പിക്കുവാൻ രാജാക്കന്മാർക്ക് കഴിയുന്നു. ഇവർ(ഭരണകർത്താക്കൾ)

തങ്ങളുടെ പ്രവൃത്തിയെല്ലാം ദൈവ കല്പനയ്ക്കനുസരിച്ചുള്ളതാണെന്ന് ഘോഷിക്കുന്നു. അതെല്ലാം ജനങ്ങൾ എതിർപ്പില്ലാതെ സ്വീകരിക്കേണ്ട തായും വരുന്നു.

ചോദ്യം 76. സ്വേച്ഛാധിപതിയായ ഒരാളുടെ ഭരണമാണോ അതോ സമുദായമാകമാനമുള്ള ജനഹിതമനുസരിച്ചുള്ള ഭരണമാണോ അഭികാമ്യം?

ഉ. ചരിത്രം നമുക്ക് നല്കുന്ന വ്യക്തമായ കാഴ്ചപ്പാടനുസരിച്ച് നോക്കുമ്പോൾ മാനവ സംസ്കാരത്തിന്റെ ആരംഭം മുതല്ക്ക് തന്നെ ഒരു കാലത്തും സമുദായമാകമാനം ഒരു ഭരണത്തിന് രൂപം നല്കിയിട്ടില്ല. എക്കാലത്തും ഭരണം ശക്തികൊണ്ടും കീഴ്പ്പെടുത്തലുകൾകൊണ്ടും മാത്രമേ നടന്നിട്ടുള്ളൂ. മതരാഷ്ട്രീയ നേതാക്കളായ സാമുദായിക തല്പരർ മാത്രമേ കേവല സ്വേച്ഛാധിപത്യത്തെ നിശബ്ദമായി നിർദ്ദേശിച്ചിട്ടുള്ളൂ.

ചോദ്യം 77. മതവും രാഷ്ട്രീയവും തമ്മിൽ എങ്ങിനെയാണ് ബന്ധപ്പെട്ടിട്ടുള്ളത്?

ഉ. ജനങ്ങളുടെ മനശാസ്ത്രത്തിൽ മതവും രാഷ്ട്രീയവും കെട്ട് പിണഞ്ഞ് കിടക്കുകയാണ്. അവയെ വേർതിരിക്കുവാൻ സാദ്ധ്യമല്ല. ഏതെങ്കിലും കാരണവശാൽ ഇവയെ ഭിന്നിപ്പിക്കുകയാണെങ്കിൽ മതം രാഷ്ട്രീയ പിന്തുണ ലഭിക്കാതെ നശിക്കുന്നു. മതപരമായ ആദർശ സീമകളി ല്ലാതെ വന്നാൽ രാഷ്ട്രീയവും അർത്ഥശൂന്യമായിതീരുന്നു. അവ അസന്മാർഗ്ഗികവും, സ്വാർത്ഥവും ക്രൂരവും ആയി രൂപാന്തരപ്പെടുന്നു.

ചോദ്യം 78. ഒരാൾ എങ്ങിനെയാണ് പൂജ ചെയ്യേണ്ടത്?

ഉ. ഈശ്വരനാമ ഭജനം തന്നെയാണ് ഏറ്റവും നല്ല പൂജ. ജലം, ദ്രാവകം എന്നിവ പൂജയ്ക്കായി ഉപയോഗിക്കാതിരിക്കുക. അവ വൃത്തിരഹിതവും ദൈവത്തിന് നിരക്കാത്തതുമാണ്.

ചോദ്യം 79. പൂജയിൽ നിന്നും ഏറ്റവും നല്ല ഫലമുളവാകുന്നതിന് നാം ഉപവസിക്കേണ്ടതുണ്ടോ?

ഉ. പൗർണ്ണമി ദിവസങ്ങളിൽ സൂര്യോദയം മുതൽ അസ്തമയം വരെ ഒരാൾ ഉപവസിക്കണം. അത് കഴിഞ്ഞാൽ ചന്ദ്രോദയത്തിനുശേഷം എല്ലാവരും കൂടി ഭോജോത്സവം എന്ന സാമുദായികാത്താഴം കഴിക്കാം. ഈ അത്താഴം ഒരാൾ ഇടവിട്ട് വേറൊരാൾ എന്ന ക്രമത്തി ലായിരിക്കേണം. ഇങ്ങിനെ ചെയ്താൽ ഭക്തർക്ക് ഈശ്വര കടാക്ഷം ലഭിക്കയും നല്ല ആരോഗ്യവും സമ്പത്തും ലഭ്യമാകുകയും ചെയ്യുന്നു. മറ്റ് ദിവസങ്ങളിൽ വൃത്തിയുള്ള വസ്ത്രം ധരിച്ച് യാതൊരു വിധത്തിലുള്ള മാനസിക വിഭ്രാന്തിയുമില്ലാതെ പൂജകൾ ചെയ്യാം. ഏതെങ്കിലും സാമൂഹിക കർമ്മങ്ങൾ ചെയ്യുന്നതിന് ഉപവാസം വേണ്ടതില്ല. നാം എത്ര പേരുമായിട്ടാണോ ഭോജോത്സവം പങ്കിടുന്നത് അത്ര തന്നെ പൂർവ്വികർക്ക് നാം ഭക്ഷണം നല്കുന്നു എന്നാണ് പ്രമാണം. നാം

മറ്റുള്ളവരെ ഭോജോത്സവത്തിന് ക്ഷണിക്കുകയോ നമ്മെ മറ്റുള്ളവർ ക്ഷണിക്കുകയോ ആണെങ്കിലും ഫലം ഒന്നുതന്നെയാണ്.

ചോദ്യം 80. ആർക്കാണ് ഒരു പുരോഹിതനാകുവാൻ കഴിയുക?

ഉ. ഇരുപത് വയസ്സ് കഴിഞ്ഞ നല്ലവരായ ഒരു ആണിനോ പെണ്ണിനോ പുരോഹിതനാകാം. പ്രസ്തുത പുരോഹിതൻ വിദ്യാഭ്യാസം ലഭിച്ചവ നായിരിക്കണം. അവന് നല്ല ശീലങ്ങൾ ഉണ്ടായിരിക്കേണം. ഹിന്ദുമതത്തെ കുറിച്ച് നല്ല വിവരവും നല്ല രീതിയിൽ പ്രഭാഷണം നടത്തുവാനും അവന് കഴിയണം. വേദം, ഗീത, ഉപനിഷത്തുക്കൾ തുടങ്ങിയവ വിശകലനം ചെയ്യുവാൻ അവന് കഴിയണം. ഭക്ത സമക്ഷം ഇവയെല്ലാം അവതരിപ്പിക്കുവാനും ഭജനം നടത്തുവാനും അവനാകണം. ഒരു പുരോഹിതൻ ധൈര്യവാനും, നല്ല ആരോഗ്യമുള്ള വനും സന്മാർഗ്ഗിയുമായിരിക്കേണം. സ്വന്തം കുട്ടികളേയും ഭക്തരേയും ഒരേ വാത്സല്യത്തോടെയും ശ്രദ്ധയോടെയും പാലിക്കുവാൻ അവനാകണം. പ്രാർത്ഥനകളിൽ ഭക്തരെ നയിക്കു വാനും സാമൂഹികോദ്ധാരണത്തിന് നേതൃത്വം കൊടുക്കുവാനും അവന് കഴിയണം.

ചോദ്യം 81. ഒരുവൻ എങ്ങിനെയാണ് വിവിധ ദേവതകളുടെ പൂജകൾ അനുഷ്ഠിക്കേണ്ടത്?

ഉ. കുറഞ്ഞത് അടിസ്ഥാനപരമായ പതിനഞ്ച് മന്ത്രങ്ങളെങ്കിലും* നിർബന്ധമായി ഉരുവിടേണ്ടതാണ്. അതിനുശേഷം ഇഷ്ടദേവതയുടെ ബൃഹത്തായ പ്രവൃത്തിയെ സ്മരിക്കേണ്ടതുണ്ട് .ഇത്തരമൊരു പ്രക്രിയ ഭക്തരെ പ്രസ്തുത മാർഗ്ഗത്തെ പിന്തുടരുന്നതിന് സഹായകമാകും. പൂജാരി ഇത് പുസ്തകത്തിൽ നിന്നോ സ്മൃതിയിൽ നിന്നോ ഉരുവിടാ വുന്നതാണ്. പ്രാർത്ഥനക്ക് ഉപരിയായി ഈശ്വരൻ യാതൊന്നും തന്നെ തന്റെ ഭക്തരിൽ നിന്നും സ്വീകരിക്കുന്നില്ല. മറ്റേതെങ്കിലും അർച്ചനയാ കട്ടെ ഭക്തന്റെ സമ്പത്തിനെ പ്രദർശിപ്പിക്കുന്നതിന് മാത്രമേ ഉതകൂ. ഈശ്വരന് അതിന്റെ ആവശ്യമില്ല.

ചോദ്യം 82. പൂജാരിയുടെ വരുമാനം എന്തായിരിക്കേണം?

ഉ. ഒരു പൂജാരി ക്ഷേത്രനിധിയിൽ നിന്നും വേതനം കൈപറ്റാവുന്നതാണ്. ഈശ്വരനാണല്ലോ നമുക്ക് മനുഷ്യജന്മവും സമ്പത്തും നല്കിയത്. അതിൽ നാം നന്ദി പ്രകടിപ്പിക്കേണ്ടത് നമ്മുടെ മാസവരുമാനത്തിന്റെ നൂറി ലൊരുഭാഗം ക്ഷേത്രനിധിയിലേക്കോ ഹിന്ദു സാമൂഹ്യ സംഘടന കളിലേക്കോ നല്കികൊണ്ടാണ്.

ചോദ്യം 83. എന്തിനാണ് ഭക്തർ ക്ഷേത്രത്തിലേക്കോ മറ്റേതെങ്കിലും സാമൂഹ്യസ്ഥാപനങ്ങളിലേക്കോ സംഭാവന ചെയ്യേണ്ടത്?

ഉ. ഈ ലോകത്ത് ഈശ്വരൻ എല്ലാവരേയും തുല്യരീതിയിൽ സ്നേഹിക്കുന്നു.

*പേജുകൾ 100 -103 കൂടി കാണുക

എങ്കിലും മറ്റ് പല കാരണങ്ങളാലും ഒരാൾക്ക് മറ്റുള്ളവരെക്കാളും കൂടുതൽ വരുമാനമാർഗ്ഗമുണ്ടാകാം. ചിലർ വിശ്വാസത്തിന്റെ നല്ലൊരു ഭാഗം അനുഭവിക്കുന്നു. അതാകട്ടെ മറ്റുള്ളവരുമായി തുല്യമായി പങ്ക് വെക്കേണ്ടതാണ്. ഒരൾ തന്റെ ആദായം മറ്റുള്ളവരുമായി പങ്കുവെക്കുമ്പോൾ അമിതാദായത്തിന്റെയും വരുമാനമാർഗ്ഗങ്ങളാലും ഉള്ള പാപത്തെ മറി കടക്കുന്നു.ക്ഷേത്രമോ മറ്റ് സാമൂഹ്യസേവ നങ്ങളോ ഒരുവന് താൻ അമിതാദായം അനുഭവിക്കുന്നത് മൂലമുണ്ടാകുന്ന പാപത്തെ ദൂരീകരിക്കുവാൻ സഹായിക്കുന്നു. അതിനാലാണ് തന്റെ നൂറിലൊരംശം മാസവരുമാനം സംഭാവനയായി നല്കേണ്ടത്.

ചോദ്യം 84. നല്ല സംഭാവനകൾ ഏതെല്ലാം രീതിയിലാകാം?

ഉ. ക്ഷേത്രനിർമ്മാണത്തിനുള്ള ഭൂമി; വിശക്കുന്നവന് ഭക്ഷണം, വൃദ്ധർക്കും രോഗികൾക്കും മരുന്നും സഹായവും, പൊതുജനങ്ങൾക്ക് വിദ്യാഭ്യാസം, ജീവനമാർഗ്ഗത്തിനും തൊഴിലന്വേഷികൾക്കും പരിശീലനം, ഭീരുക്കൾക്ക് സംരക്ഷണവും സുരക്ഷിതത്വവും നല്കുക— ഇതെല്ലാം നല്ല സംഭാവനകളാണ്.

ചോദ്യം 85. ഒരാൾ എത്ര നേരമാണ് പ്രാർത്ഥനക്ക് വേണ്ടി ചിലവഴിക്കേണ്ടത്?

ഉ. ഒരുവൻ പ്രതിദിനം രണ്ട് തവണ പ്രാർത്ഥിക്കേണം— ഒരിക്കൽ പുലരുമ്പോഴും പിന്നീട് ഉറങ്ങുന്നതിന് മുൻപും. ഈശ്വരനെ പ്രാർത്ഥിക്കുന്നതിന് ചുരുങ്ങിയത് അഞ്ച് മിനിറ്റെങ്കിലും വേണം. എന്നാൽ ഈശ്വരനെ പ്രാർത്ഥിച്ച ശേഷം ഒരുവന് മറ്റ് ദേവന്മാരെ കൂടി മണിക്കൂറുകളോളം പ്രാർത്ഥിക്കാം. പ്രാർത്ഥനയുടെ കാര്യത്തിൽ പ്രായമായവർക്കോ കുട്ടികൾക്കോ അസുഖമുള്ളവർക്കോ അമിതമായ ബുദ്ധിമുട്ടില്ലാതിരിക്കും വിധം പ്രാർത്ഥനാസമയം നിശ്ചയിക്കുന്നതിൽ പൂജാരികൾ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഒരുവൻ മുടങ്ങാതെ ദിവസവും പത്ത് മിനിറ്റ് പ്രണായാമവും ചെയ്യേണം. ദിവസത്തിൽ രണ്ട് നേരം അഞ്ച് മിനിറ്റ് വീതം പ്രാർത്ഥനയും, പത്ത് മിനിറ്റ് പ്രണായാമവും, മാസം തോറും ഭോജോത്സവും സ്വർഗ്ഗപ്രാപ്തിക്ക് ആവശ്യമാണ്.

ചോദ്യം 86. ഒരു ക്ഷേത്ര സമ്മേളനത്തിൽ ഭക്തന്മാർ പ്രാർത്ഥനക്ക് വേണ്ടി എങ്ങിനെയാണ് നില്ക്കേണ്ടത്?

ഉ. പ്രാർത്ഥനാമുറിയുടെ വ്യാപ്തിയനുസരിച്ച് ഭക്തർ 9×9 അഥവാ 12×12 എന്നീക്രമത്തിലാണ് നില്ക്കേണ്ടത്. ഇതിന് പൂജാരി സഹായിക്കും. ഇതനുസരിച്ച് 81 പേരാണ് ഉള്ളതെങ്കിൽ അവർ ഒമ്പത് വരികളിലായി ഓരോ വരിയിലും ഒമ്പത് പേരായി നില്ക്കേണ്ടതുണ്ട്. 22 പേരാണ് ഉള്ളതെങ്കിൽ 9 പേരടങ്ങുന്ന രണ്ട് വരിയും മൂന്നാമത്തെ വരിയിൽ 4 പേരും ആകാം. ഇപ്രകാരം പ്രാർത്ഥനക്കായി ഭക്തർക്ക് നില്ക്കാവുന്നതാണ്.

ചോദ്യം 87. ക്ഷേത്രാങ്കണത്തിൽ നടക്കുന്ന ഒരു സമ്മേളനത്തിൽ സ്ത്രീകൾക്ക് ഏറ്റവും അനുയോജ്യമായ സ്ഥാനമെന്താണ്?

ഉ. സമ്മേളനത്തിന്റെ ഘടനയനുസരിച്ച് ഇടത് ഭാഗത്തുള്ള വരികൾ സ്ത്രീകൾക്ക് ഉപയോഗിക്കാവുന്നതാണ്.

ചോദ്യം 88. എന്തുകൊണ്ടാണ് ദിവസേനയുള്ള പ്രാർത്ഥന പ്രധാനപ്പെട്ടത്?

ഉ. പ്രാർത്ഥന വലിയ സമ്പത്ത് നേടികൊടുക്കാനാവുന്ന അദൃശ്യമായ ഒരു ഉപകരണമാണ്. ലൌകിക കാര്യങ്ങളിലും ശാശ്വത ജീവിതത്തിലും സർവ്വോന്മുഖ വിജയത്തിന് ഇത് ഉപകരിക്കുന്നു. ഒരു നൂറ് കൊല്ലങ്ങൾക്ക് ശേഷം ഒരുവന്റെ വിജയങ്ങളും പരാജയങ്ങളും നാം മറക്കുമെങ്കിലും നമ്മുടെ പ്രാർത്ഥന ഒരുവനെ അവന്റെ ശാശ്വത ജീവിതത്തിൽ നയിക്കുന്നു.

ചോദ്യം 89. ഈശ്വരനെ നമുക്ക് എങ്ങിനെ കാണാനാവും?

ഉ. ഈശ്വരനെ കാണുവാനാഗ്രഹിക്കുന്നവരെ ഈശ്വരനും കാണുവാൻ ഇഷ്ടപ്പെടുന്നു.

ചോദ്യം 90. ഈശ്വരന്റെ മാന്യതയെ സംരക്ഷിക്കുന്നതിനായി ഒരു ഹിന്ദു മറ്റ് മതങ്ങളിൽ പെട്ടവരുടെ ശത്രുവാകേണ്ടതുണ്ടോ?

ഉ. അജ്ഞരായ അഹങ്കാരികൾക്ക് മാത്രമേ തങ്ങൾ ഈശ്വരന്റെ അഭിമാന സംരക്ഷകർ എന്ന് കരുതി പ്രവർത്തിക്കാനാവൂ. ഈശ്വരേച്ഛയില്ലെങ്കിൽ ആർക്കെങ്കിലും വർത്തിക്കാനാവുമോ? അഹങ്കാരികൾ, ഈശ്വരനാണ് ആചാരങ്ങളും അനുഷ്ഠാനങ്ങളും തന്റെ ദൂതന്മാർ വഴി ഉണ്ടാക്കിയെന്നത് വിസ്മരിക്കുന്നു.

ചോദ്യം 91. ആരാണ് സ്വർഗ്ഗപ്രാപ്തി നേടുക? ആരെല്ലാം നരകത്തിൽ പോകും?

ഉ. ലോകത്ത് സുരന്മാർ, അസുരന്മാർ എന്നീ രണ്ടു തരത്തിലുള്ള ആളുകളുണ്ട്. സുരന്മാർ കഠിനാദ്ധ്വാനത്താൽ സമ്പത്തുണ്ടാക്കുകയും മറ്റുള്ളവരുമായി അത് പങ്ക് വെക്കുകയും ചെയ്യുന്നു. ലോകം സമാധാനപരവും ഏവർക്കും സസന്തോഷം ജീവിക്കുവാനുള്ള സ്ഥലമാക്കുവാനും അവർ ശ്രമിക്കുന്നു.അവരെ ഈശ്വരൻ സൃഷ്ടിച്ചവരാണ് അവർക്ക് സ്വർഗ്ഗത്തിൽ ശാശ്വതവാസം ലഭിക്കുന്നു. അസുരന്മാരാകട്ടെ ഈശ്വരന്റെ ആളുകളിൽ നിന്നും സ്വത്തുക്കൾ കവർന്നെടുത്ത് ഭീതിയും വിദ്വേഷവും ജനമദ്ധ്യത്തിൽ പകർത്തുന്നു. അസുരന്മാർ ചെകുത്താന്റെ പ്രവണതകളുടെ പ്രതിനിധാനമാണ്. അവർ എന്നും നരകത്തിൽ വെന്ത് കഴിയുന്നു.

ചോദ്യം 92. ഒരുവൻ കുറ്റമോ പാപമോ ചെയ്താലും അവൻ ദൈവത്തിന് പൂജയും നിവേദ്യവും നല്കിയാൽ ശിക്ഷയ്ക്ക് ഇളവുണ്ടാകുമോ?

ഉ. ഈശ്വരനോ ഏതെങ്കിലും ദേവന്മാരേയോ യാതൊരുവിധത്തിലുള്ള ''കൈമടക്ക്'' കൊണ്ട് സ്വാധീനിക്കാനാവുന്നവരല്ല. പൂജകൾ

ചെയ്യുന്നത് അത് ചെയ്യുവാൻ താല്പര്യമുള്ള പൂജാരികളെ മാത്രമേ സഹായിക്കയുള്ളൂ. ആത്മാർത്ഥമായ പശ്ചാത്താപം, നാം വേദനിപ്പിച്ച ആളുകൾക്ക് അർഹമായ പ്രതിഫലം, മുടങ്ങാതെയുള്ള പ്രാർത്ഥന എന്നിവ ഈശ്വരനിൽ നിന്നും പ്രേമവും കരുണയും ലഭിക്കുവാൻ സഹായകമാകുന്നു.

ചോദ്യം 93. ഹിന്ദുക്കൾ വിപ്ലവത്തിനെതിരായുള്ള ക്ഷമാ മൂർത്തികളല്ലെ?

ഉ. കഴിഞ്ഞ ആയിരത്തിലേറെ വർഷം ഹിന്ദുക്കൾ വിദേശ രാജാക്കന്മാരുടെ അധീനത്തിലായിരുന്നു. അവർ സംഘടിത മല്ലാത്തതിനാൽ തിരിച്ച് പ്രതികരിക്കുവാൻ കഴിഞ്ഞില്ല. അതിനാൽ വിപ്ലവധ്വനി ഉയർത്തുന്നതിനു പകരം അവർ തങ്ങളുടെ അപമാനങ്ങളെ നിസ്സഹായരായി സ്വീകരിക്കയും അഹിംസ, ശാന്തിപ്രിയം എന്നീ മാർഗ്ഗങ്ങൾ പ്രചരിപ്പിക്കയും ചെയ്തു. ഹിന്ദു സമൂഹത്തെ നിഷ്ക്രിയത്വത്തിന്റെ ആചാര്യന്മാരായി തീരും വിധം പല താത്വിക മൂല്യങ്ങളും അവർ മുന്നോട്ടുവെച്ചു. അത് മാത്രമല്ല തങ്ങളുടെ അടിമത്വ നിലനില്പിനെയും ന്യായീകരിക്കും വിധത്തിൽ അവർ തങ്ങളുടെ നിസ്സീമമായ സഹിഷ്ണതയിൽ അഭിമാനം കൊള്ളുകയും ചെയ്തു. തങ്ങൾക്ക് നേരെയുള്ള ക്രൂരകൃത്യങ്ങളെ അവർ സഹിച്ചു.

ചോദ്യം 94. ഈശ്വരന് പ്രശ്നമായി തീരുന്ന ചെകുത്താനെ ഇല്ലായ്മ ചെയ്യുന്നതിന് ഹിന്ദുക്കൾ എന്താണ് ചെയ്യേണ്ടത്?

ഉ. ഹിന്ദുക്കൾ ഈശ്വരന് അതിരില്ലാത്ത ശക്തിയുണ്ടെന്ന് വിശ്വസിക്കുന്നു. അതിനാൽ ചെകുത്താൻ ഒരിക്കലും ഈശ്വരന് ഒരു തുല്യനല്ല. ആരെങ്കിലും ഈശ്വരന്റെ രാജ്യത്ത് ചെകുത്താൻ നില നില്ക്കുന്നുവെന്നും ഈശ്വരന് പ്രശ്നമുണ്ടാക്കുന്നു എന്നും കരുതുകയാണെങ്കിൽ അവൻ വാസ്തവത്തിൽ ഈശ്വരന്റെ കഴിവിന് ഒരു സീമ വെക്കുകയാണ്. എന്നാൽ ഈശ്വരശക്തി അനന്തമാണ്. അതിനാൽ ഈശ്വരന് ചെകുത്താനിൽ നിന്ന് ഏതെങ്കിലും വിധത്തിൽ പ്രശ്നമുണ്ടെന്ന് കരുതുകയാണെങ്കിൽ അത് തെറ്റാണ്. തർക്കത്തിനുപോലും നിരക്കാത്തതും.

ചെകുത്താന്റെ സ്വഭാവം വളരെയേറെ മനുഷ്യനിലും കാണാനാവുന്നതാണ്. ഈശ്വരൻ ബുദ്ധിയും, സാമാന്യ അറിവും വിവേചനശക്തിയും നല്കിയിട്ടുണ്ട്. മനുഷ്യൻ ചെകുത്താനെ സ്വീകരിക്കുന്നത് ഭൗതികാനന്ദത്തിനും, അധികാര സമ്പദ് മോഹങ്ങൾക്കും വേണ്ടി മാത്രമാണ്.

ചോദ്യം 95. അരെങ്കിലും ഈശ്വരനെ സ്ഥിരമായി പ്രാർത്ഥിച്ചില്ലെങ്കിൽ ഈശ്വരന് അവനോട് ദേഷ്യം തോന്നുമോ?

ഉ. മനുഷ്യൻ എന്നും തന്നെ പ്രാർത്ഥിച്ചുകൊണ്ടിരിക്കണം എന്നതായിരുന്നു ഈശ്വരേച്ഛ എങ്കിൽ, ഈശ്വരൻ മനുഷ്യനെ ഭൂമിയി

ലേക്ക് തന്നെ അയക്കില്ലായിരുന്നു.അവൻ മനുഷ്യനെ തന്റെയടുക്കൽ തന്നെ നിർത്തി എന്നും തന്നെ പ്രാർത്ഥിക്കുവാനായി വിടുമായിരുന്നു. ഇത്തരം നിസ്സാരമായ കാര്യങ്ങളാൽ ചഞ്ചലനാവുന്നതല്ല ഈശ്വരൻ. എന്നാൽ മനുഷ്യൻ ഒരു വിവേകജീവിയായതിനാൽ പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തന്നു. പ്രാർത്ഥന ജീവിതത്തിന്റെ എല്ലാ തുറകളിലും വിജയം കൈവരിക്കാനുള്ള ഒരു ഉത്തേജനവും ശാശ്വതജീവിതം ലഭ്യമാകുവാനുമുള്ള മാർഗ്ഗവുമാകുന്നു.ഈശ്വരനോടുകൂടി ഒരു മണിക്കൂർ ചിലവഴിക്കാൻ നമുക്കാകും. എന്നാൽ ഒരു ജീവിതം മുഴുവനും അവനില്ലാതെ വർത്തിക്കുവാനും കഴിയുകയില്ല. ഉദാഹരണമായി പറഞ്ഞാൽ സമുദ്രതീരത്ത് വസിക്കുന്ന ഒരുവന്റെ കാര്യം തന്നെ എടുക്കാം. സ്ഥിരമായി കടൽസ്നാനം ചെയ്യില്ലെങ്കിൽ കടലിന് ഒന്നും തന്നെ നഷ്ടപ്പെടുവാനില്ല. എന്നാൽ സ്ഥിരം സ്നാനം ചെയ്യുന്നവനോ? ആരോഗ്യവാനും അസുഖങ്ങൾ ഒന്നും തന്നെ ഇല്ലാതെ ജീവിക്കുവാനും കഴിയുന്നു.

ചോദ്യം 96. ഈശ്വരന്റെ സൃഷ്ടികളിൽ ചിലർ നല്ലവരും ചിലർ ചീത്തയും ചിലർ മഹർഷിമാരും മറ്റുചിലർ ഭീകരവാദികളും ആകുന്നു. എന്താണ് ഇതിന് കാരണം?

ഉ. ഭൂമിയിൽ നമുക്കുള്ള ഈ ജീവിതം വെറുമൊരു ഹ്രസ്വപരിശീലന വേദിമാത്രമാണ്. മനുഷ്യർക്ക് ബുദ്ധിയും വിവേക ശക്തിയും കൊടുത്തിട്ടുണ്ട്. ഇവിടെ നാം പരിശീലനം നടത്തുകയും ഒരു ജീവിതമാർഗ്ഗം കണ്ടെത്തുകയും ചെയ്യുന്നു. ഭൂമിയിൽ ഈ ഹ്രസ്വകാലയളവിൽ നമ്മുടെ പ്രവൃത്തികളുടെ ഗുണനിലവാരമനുസരിച്ച് നാം സ്വർഗ്ഗത്തിലോ നരകത്തിലോ പോകുവാൻ അർഹത നേടുന്നു.

ചോദ്യം 97. എല്ലാമനുഷ്യരും ഈശ്വരവിശ്വാസികളായി പരിവർത്തനം ചെയ്യപ്പെട്ടാൽ അത് ഈശ്വരനെ പ്രീതിപ്പെടുത്തുമോ?

ഉ. എല്ലാമനുഷ്യരും തന്റെ നാമത്തിൽ മാത്രമേ ആരാധിക്കാവൂ എന്നായിരുന്നു ഈശ്വരന്റെ ആഗ്രഹം എങ്കിൽ സർവ്വശക്തനായ അവിടുന്ന് അത് ഒരു നിമിഷം കൊണ്ട് ചെയ്യാവുന്നതേയുള്ളൂ. അവന്റെ ഒരു സങ്കല്പവും അപൂർണ്ണമായിരിക്കുകയില്ല. ആരെങ്കിലും ഒരു മതത്തിൽ നിന്ന് മറ്റൊരുമതത്തിലേക്ക് പ്രേരിപ്പിച്ച് മാറ്റുകയാണെങ്കിൽ അവർ ഈശ്വരനെ വെറുമൊരു ഷണ്ഡനായി കണ്ട് അപമാനിക്കുകയാണ്.

ഈശ്വരന് എതിർപ്പുണ്ടായിരുന്നുവെങ്കിൽ അവൻ മനുഷ്യവംശത്തെ വിവിധ ആരാധനാരീതിയിൽ തുടരുവാൻ അനുവദിക്കുമായിരുന്നില്ല. വ്യത്യസ്ഥ വിശ്വാസികൾ അവരവരുടെ പ്രാർത്ഥനാരീതി പിന്തുടരണമെന്നത് അവിടുത്തെ സങ്കല്പം മാത്രമാണ്. എന്നാൽ ഏത് രീതിയിലായാലും അവന് വേണ്ടി നല്കുന്ന പ്രാർത്ഥന എല്ലാം തന്നെ

ഈശ്വരസമക്ഷം എത്തുന്നു.

ചോദ്യം 98. വ്യക്തിഗതമായ മനുഷ്യർക്ക് മോക്ഷം ലഭിക്കുവാൻ ഈശ്വരൻ ഏത് രീതിയിലാണ് ഉത്തരവാദി?

ഉ. വേദങ്ങളുടെ ശ്ലോകങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മനുഷ്യന് മോക്ഷം ലഭിക്കുന്നത് അവന്റെ സ്വന്തം കർമ്മങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈശ്വരന് ഇതിൽ യാതൊരു പങ്കുമില്ല.

ചോദ്യം 99. കൃഷ്ണ ഭഗവാനെ പോലുള്ള ഒരു ദേവത എന്തുകൊണ്ടാണ് തന്റെ ശക്തി ഉപയോഗിച്ച് ഹിന്ദു സമൂഹത്തെ ഒന്നടങ്കം ദാരിദ്ര്യമോ അനാരോഗ്യമോ ഇല്ലാത്ത ഒരു ആധുനിക രാഷ്ട്രമായി മാറ്റുവാൻ തുനിയാഞ്ഞത് ?

ഉ. വേദവാക്യങ്ങൾ എല്ലാദേവതകളെയും നിരന്തരം മുന്നറിയിപ്പ് നല്കിയിരുന്ന ഒരു കാര്യമുണ്ടായിരുന്നു. അവൻ മനുഷ്യവംശത്തിന് ഉപരി ഒരു പ്രതിനിധിയായോ, രക്ഷകനായോ, കേവലാധികാരം ലഭിക്കേണ്ടുന്ന ഒരുവനായോ കഴിയരുത്. അവരുടെ ഒരേയൊരു ചുമതല ദൈവിക സന്ദേശങ്ങളെ ജ്ഞാനബിന്ദുക്കളായും, ഉപദേശങ്ങളായും നന്മ നിറഞ്ഞ പെരുമാറ്റങ്ങളായും മനുഷ്യരിൽ പതിപ്പിക്കുക എന്നതാണ്. കൃഷ്ണനുൾപ്പെടെ ഒരു ദേവതയ്ക്കും ഈശ്വര ശക്തിയെ കവർന്നെടുക്കുവാനോ കീഴപ്പെടുത്തുവാനോ കഴിയുകയില്ല.

ചോദ്യം 100. യാഥാസ്ഥികരീതിയിൽ ഒരു ഹിന്ദു വനിത വസ്ത്രധാരണം ചെയ്യില്ലെങ്കിൽ അത് ഈശ്വരനെ വേദനിപ്പിക്കുമോ?

ഉ. വസ്ത്രധാരണം ഈശ്വരന്റെ സന്തോഷത്തിനോ വെറുപ്പിനോ ഒരു നിലക്കും കാരണമാകയില്ല. സ്ത്രീകൾക്ക് ഒരു പ്രത്യേക രീതിയിൽ വസ്ത്രധാരണം നിഷ്കർഷിക്കുന്നത് സമൂഹത്തിലെ പുരുഷന്മാരുടെ പ്രകൃതവും രീതിയുമാണ് ചൂണ്ടികാട്ടുന്നത്. മനുഷ്യർ എവിടെയാണ് ജീവിക്കുന്നതെങ്കിൽ അവർക്ക് വേണ്ട രിതിയിൽ വസ്ത്രധാരണം നടത്തുന്നത് അനുവദനീയമാണ്, ശ്ലാഘ്യവുമാണ്.

ചോദ്യം 101. നാം ഹിന്ദുവാണെന്ന സൂചന പ്രദർശിക്കേണ്ടതായുണ്ടോ?

ഉ. ഒരാൾ എപ്പോഴും താനൊരു ഹിന്ദുവാണെന്ന സൂചന നല്കുവാനുള്ള അവസരങ്ങൾ ഉപയോഗിക്കേണം. അതേപോലെ തന്റെ വിശ്വാസങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനും ഹിന്ദുമതസന്ദേശം വ്യാപിക്കുന്നതിനും അവൻ അവസരങ്ങൾ ഉപയോഗിക്കേണം. ഇത്തരമൊരു പ്രവൃത്തി ഈശ്വരനെ പ്രീതിപ്പെടുത്തും.

ചോദ്യം 102. ഒരു ഹിന്ദുവിന് അനുയോജ്യവും ധാർമ്മികവുമായ ഭക്ഷണരീതി എന്താണ്?

ഉ. വൈദികകാലം മുതല്ക്കേ സസ്യഭുക്കുകളും മാംസഭുക്കുകളും നിലവിലുണ്ടായിരുന്നു. പച്ചക്കറികളും പഴവർഗ്ഗങ്ങളും സുലഭമായി

ലഭിക്കുന്നിടത്ത് സസ്യാഹാരികളായിരുന്നു. എന്നാൽ ഒരു പുല്ലോടി പോലും വളരാത്ത സ്ഥലങ്ങളിലാകട്ടെ, ജനങ്ങൾ മാംസാഹാരം ഉപജീവനത്തിനായി ഭുജിക്കേണ്ടതായി വരുന്നു. അതിനാൽ ഭക്ഷണസമ്പ്രദായം ഒരിക്കലും ജീവിതത്തിലെ സാന്മാർഗ്ഗികതയെ ബാധിക്കുകയില്ല.

ചോദ്യം 103. ഗോമാംസം ഭുജിക്കുന്നവർക്ക് ഏത് രീതിയിലുള്ള ശിക്ഷയാണ് ഭാരതത്തിൽ കൊടുക്കുക?

ഉ. പശുക്കൾ ഭാരതത്തിലെ കാർഷിക സമ്പത്തിന്റെ ഒരു അവിഭാജ്യ ഘടകമാണല്ലോ. അതിനാൽ ഗോഹത്യ നിരോധിക്കേണ്ടതാണ്. അമിതമായ ജനസംഖ്യയും പട്ടിണിയാൽ ആവരണം ചെയ്യപ്പെട്ടതുമായ ഇന്ത്യയെ പോലുള്ള ഒരു ദേശത്ത്, പശുവിനെ ഭക്ഷണത്തിനുവേണ്ടി ഹിംസിച്ചാൽ അത് നിരന്തരം വിളവ് നാശത്തിന് ഇടവരുത്തും. പാവപ്പെട്ടവരുടെ പട്ടിണി മരണവും അത് മൂലമുണ്ടാകും. അതിനാൽ ഗ്രാമങ്ങളിലെ പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനും കൃഷിക്ക് ഹാനി സംഭവിക്കാതിരിക്കുന്നതിനും ഗോഹത്യ നിർത്തേണ്ടതാണ്. ഗോഹത്യക്കെതിരെ മതപരമായ വിലക്ക് ഏർപ്പെടുത്തുന്നത് പട്ടിണിമരണങ്ങൾ ഒഴിവാക്കുന്നതിനാണ്.

ചോദ്യം 104. ചില ഹിന്ദു ദേവതകളെ നിരവധി ശിരസ്സുകളും കൈകളും ഉള്ളവരായി എന്തിനാണ് ചിത്രീകരിച്ചിട്ടുള്ളത്?

ഉ. മനുഷ്യോപരി നേട്ടങ്ങളും, ആയുധപരിശീലനത്തിൽ മേന്മയും, ഉന്നതജ്ഞാനവും പ്രകടമാക്കുന്നതിന് ചില ദേവതകളെ ഇത്തരത്തിൽ ചിത്രീകരിച്ചിരിക്കുന്നു.ഇത്തരം പ്രതിമകളും നിരവധിയാണ്. അപ്രാകൃതവും രൂപാലങ്കാരവും ഇടകലർന്ന ഇത്തരം പ്രകടനങ്ങൾ വെറും സാങ്കല്പികം മാത്രമാണ്. എല്ലാ ദേവതകൾക്കും ഒരു ശിരസ്സും രണ്ട് കൈകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഹിന്ദുമന്ത്രങ്ങൾ ഇവയെ ഇപ്രകാരം വിശദീകരിക്കുന്നു.

त्रिमस्तकानां ज्ञानम् एकशिरे अवस्थितं
चतुर्बाहुतुल्यबलं द्विहस्ते रोपितम् ॥
भक्तेच्छापूरणार्थ पुनः पुनः आविर्भूतम्
प्रणमामि त्वां हि ईश्वरप्रेरितदूतम् ।

ത്രിമസ്തകാനം ജ്ഞാനം ഏകശിരേ അവസ്ഥിതം
ചതുർബാഹു തുല്യബലം ദ്വിഹസ്തേ രോപിതം
ഭക്തേച്ഛാ പുരാണാർത്ഥാ പുന: പുന: അവിഭൂതം

പ്രണമാമി ത്വാം ഹി ഈശ്വര പ്രേരിതദൂതം.

(ഹേ ഈശ്വരാ! അവിടുന്ന് മനുഷ്യരൂപത്തിൽ രക്ഷകന്മാരെ പലപ്പോഴും അയച്ചിരിക്കുന്നു. ഈ രക്ഷകർ അതീവ ജ്ഞാനികളും അവരുടെ ഒരു ശിരസ്സിൽ മൂന്ന് ശിരസ്സുകളുടെ കഴിവുകൾ നിക്ഷിപ്തമായിരിക്കുന്നു. അവരുടെ ഇരു ഹസ്തങ്ങളാകട്ടെ നാല് കൈകളുടെ ബലവും കഴിവും ഉൾക്കൊണ്ടതാകുന്നു.)

ചോദ്യം 105. ഇന്ദ്രനെപ്പോലുള്ള ചിലദേവതകളെ അസന്മാർഗ്ഗികളായി ചിത്രീകരിച്ചിട്ടുണ്ടെങ്കിലും അവരെ എന്തിനാണ് ഹിന്ദുക്കൾ ആരാധിക്കുന്നത്?

ഉ. കായികബലത്തിലും യുദ്ധനൈപുണ്യത്തിലും ഇന്ദ്രൻ ശ്രേഷ്ഠനായിരുന്നു. അദ്ദേഹം ബുദ്ധിമാനും വിദൂര പ്രാപ്തിയുള്ള രാഷ്ട്രീയനേതാവും ആയിരുന്നു. എന്നിരുന്നാലും ഇന്ദ്രന് തന്റെ കാമത്തിന്മേൽ യാതൊരുവിധ നിയന്ത്രണവും ഉണ്ടായിരുന്നില്ല. പല പ്രശ്നങ്ങളിലും ഇത് അദ്ദേഹത്തെ കൊണ്ടെത്തിച്ചു. ഹിന്ദുക്കൾ ഇന്ദ്രന്റെ അമാനുഷിക മൂല്യങ്ങളേയും ശക്തിയേയും ആദരിക്കുന്നു. എന്നാൽ അദ്ദേഹത്തെ ചുറ്റിപറ്റിയുള്ള അപവാദങ്ങളെ നിരസിക്കുകയും ചെയ്യുന്നു. ഇന്ദ്രന്റെ കഥയിൽ നിന്നും ഹിന്ദുക്കൾ ഗ്രഹിക്കേണ്ട തത്വം ഇതാണ്. ഇതാണ്. ബുദ്ധിമാനായ ഒരാൾ എന്നും ഒരു നല്ലവനായിരിക്കേണമെന്നില്ല.

( (i) ചില ഭിഷഗ്വരന്മാർ കഴിവുറ്റ ശസ്ത്രക്രിയാ വിദഗ്ദ്ധരായിരിക്കാം. എന്നാൽ അവർ ഗവർമ്മെന്റിൽ നിന്ന് നികുതി വെട്ടിപ്പ് നടത്തുകയും ചെയ്യുന്നു. (ii) ആൽബർട്ട് ഐൻസ്റ്റീൻ എക്കാലത്തെയും കേൾവി കേട്ട ശാസ്ത്രജ്ഞനാണല്ലോ. എന്നാൽ അദ്ദേഹം തന്റെ സ്വന്തം ഭാര്യയെ വഞ്ചിച്ചിട്ടാണ് വേറൊരു സ്ത്രീയെ പുനർവിവാഹം ചെയ്തത്.

ഇത്തരം ഉദാഹരണങ്ങളിലെല്ലാം മനുഷ്യർക്ക് അവരുടെ എല്ലാ ന്യൂനതകളും കണക്കിലെടുത്തുകൊണ്ടുതന്നെ ജനമദ്ധ്യത്തിൽ ആദരവ് ലഭിച്ചിരുന്നു. അത് അവരുടെ ബുദ്ധിശക്തിക്കും പ്രവൃത്തിക്കും വേണ്ടിയാണ്. ഇന്ദ്രനും അതിൽ നിന്നും വ്യത്യസ്ഥനല്ല.)

ചോദ്യം 106. മോക്ഷത്തിനായി വിവിധ മാർഗ്ഗങ്ങൾ ഉണ്ടെന്ന് വിശ്വസിക്കുന്നവരെ ഹിന്ദുക്കൾ എങ്ങിനെയാണ് ഗണിക്കേണ്ടത്?

ഉ. വിനയത്തോടെ വേണം ഇത്തരം ആളുകളെ ഹിന്ദുക്കൾ ഗണിക്കേണ്ടത്.

ചോദ്യം 107. ഒരു ഹിന്ദുവിന് ഏത് തൊഴിലാണ് ഏറ്റവും ബഹുമാന്യമായത്?

ഉ. കഴിവിന്റെ പരമാവധി, തികച്ചും ആത്മാർത്ഥതയോടെ, കൂറോടെ ഏറ്റെടുത്ത് പ്രവർത്തിക്കുന്ന ഏത് തൊഴിലും അഭികാമ്യമാണ്. എന്നാൽ കായികാദ്ധ്വാനം കൊണ്ട് ജീവിക്കുന്നവരെ ഈശ്വരൻ കൂടുതൽ ഇഷ്ടപ്പെടുന്നു. വ്യവസായസംഘാടകർ കച്ചവടം ചെയ്ത് ഭാവിതലമുറകൾക്ക് വേണ്ടി സമ്പത്ത് സ്വരൂപിക്കുന്നവരെ ഈശ്വരപ്രീതിക്ക് അർഹരാക്കും.

ചോദ്യം 108. ഹിന്ദുമതത്തിന്റെ ഉന്നമനത്തിനും നിലനില്പിനും വേണ്ടി ഏത് സമുദായമാണ് ഏറ്റവും കൂടുതൽ സേവനമനുഷ്ഠിച്ചിട്ടുള്ളത്?

ഉ. ഈശ്വരൻ തന്റെ സൃഷ്ടികളെ സ്നേഹിക്കുന്നു.അവർ എല്ലാം സാമ്പത്തികമായി നല്ലനിലയിലായിരിക്കുന്നതിൽ അദ്ദേഹത്തിന് തൃപ്തിയുണ്ട്. പണിക്കാരും കലാകാരന്മാരും ഏറ്റവും കൂടുതൽ സേവനമനുഷ്ഠിക്കുന്നു. വ്യവസായ സംഘാടകർ രണ്ടാം സ്ഥാനത്തും വിദ്യാഭ്യാസമേഖലയിലുള്ളവരും രാഷ്ട്രീയക്കാരും മൂന്നാം സ്ഥാനത്തും മറ്റുള്ളവർ നാലാം സ്ഥാനത്തും നിലകൊള്ളുന്നു. എന്നാൽ ചില രാഷ്ട്രീയകാരണങ്ങളാൽ സാമ്പത്തികവിതരണങ്ങൾ ദേശീയ സമ്പദ് വ്യവസ്ഥക്ക് വേണ്ടിയുള്ള സേവനത്തിന്റെ അനുപാതത്തിലല്ല. ഹിന്ദുക്കൾ ഘടനാപരമായ മാറ്റങ്ങൾ ചെയ്യേണ്ടതായുണ്ട്.

ചോദ്യം 109.ഒരു മനുഷ്യൻ ഒരിക്കലും വിശ്വസിക്കാൻ പാടില്ലാത്ത ആറ് കാര്യങ്ങൾ ഏതെല്ലാമാണ്?

ഉ. ഒരുവനും താഴെപറയുന്ന ആറുകാര്യങ്ങൾ യാതൊരു കാരണവശാലും വിശ്വസിക്കുകയോ ആധാരമാക്കുകയോ ചെയ്യരുതെന്ന് നിഷ്കർഷിക്കുന്നു. (i) ഒരു ഭരണാധികാരിയുടെ വാഗ്ദാനം (ii) അഗ്നിബാധ (iii) കാറ്റിന്റെഗതി (iv) ജലത്തിന്റെ ആഴം (v) ബുദ്ധിസ്ഥിരതയില്ലാത്തവർ (vi) സഹനശക്തിയില്ലാത്ത മറ്റൊരു മതവിശ്വാസി

ചോദ്യം 110. മതവും ശാസ്ത്രവും തമ്മിൽ ഏതെങ്കിലും രീതിയിൽ സംഘർഷമുണ്ടോ?

ഉ. പ്രപഞ്ചത്തെകുറിച്ച് ഭൗതികമായ ഒരു വിശദീകരണം നേടുന്ന പ്രക്രിയയാണല്ലോ ശാസ്ത്രം. ആ അറിവിനെ ഉപയോഗിച്ച് ഈശ്വരന്റെ ലോകത്തെ ഒരു മെച്ചപ്പെട്ട സ്ഥലമാക്കുകയും ചെയ്യുന്നു. ഹിന്ദുമതത്തിൽ ശാസ്ത്രവും മതവും തമ്മിൽ യാതൊരു വിധത്തിലും ന്യായീകരിക്കാനാവുന്ന സംഘർഷമില്ല. ഇവ രണ്ടും തമ്മിൽ സംഘർഷമുണ്ടായത് ചില തെറ്റായ പ്രവാചകർ മനുഷ്യർക്ക് ഈശ്വരനുമായി ആശയവിനിമയം നടത്താനാവും എന്ന് പ്രചരിപ്പിച്ചപ്പോൾമാത്രമാണ്. വാസ്തവത്തിൽ ഈശ്വരന് രൂപമോ, നിറമോ, വിശകലനമോ ഒന്നും തന്നെ ഇല്ല. അത് കൊണ്ട് മാത്രം അവർ ആരെങ്കിലും ഈശ്വരനുമായി സംഭാഷണം നടത്തുമെന്ന ചോദ്യത്തിന് തന്നെ ഒരു പ്രസക്തിയുമില്ല.

ചോദ്യം 111. ആരാണ് മനുഷ്യനെ സൃഷ്ടിച്ചത്? ആദിമനുഷ്യർ എങ്ങിനെയാണ് ജീവിച്ചിരുന്നത്?

ഉ. പരിണാമപ്രക്രിയയാൽ മനുഷ്യജാതി ലക്ഷോപലക്ഷം വർഷങ്ങൾക്ക് മുൻപേ ഭൂമിയിൽ വന്നു. ആദി മനുഷ്യന് ഈശ്വരനേക്കുറിച്ചോ എല്ലാഹേതുക്കളുടെയും ഹേതുവെകുറിച്ചോ യാതൊരു

പരിജ്ഞാനവും ഉണ്ടായിരുന്നില്ല. ആളുകൾ സംഘങ്ങളായോ വംശങ്ങളായോ വസിച്ചു. മൃഗങ്ങളെ വേട്ട ചെയ്തും, പഴവർഗ്ഗങ്ങൾ സമാഹരിച്ചും ഭക്ഷണങ്ങൾ തേടുകയും അവർ മറ്റുള്ള സംഘങ്ങളിൽ നിന്നും ഭക്ഷണം, സമ്പത്ത്, സ്ത്രീകൾ എന്നിവ തട്ടിയെടുക്കുകയും ചെയ്തു.

ചോദ്യം 112. എന്നാണ് ഈശ്വരൻ മനുഷ്യനെ രക്ഷിക്കുവാനായി വന്നത്?

ഉ. ഈശ്വരൻ ആദ്യകാലം മുതലേ ഉണ്ടായിരുന്നുവെങ്കിലും അജ്ഞാനിയായ മനുഷ്യന് അവനെ കുറിച്ച് ഒന്നും അറിഞ്ഞിരുന്നില്ല. ഈശ്വരൻ കാലാകാലങ്ങളിൽ തന്റെ ദൂതരെ അയച്ചുവെങ്കിലും ആശയവിനിമയം നടത്താനാവും വിധമുള്ള ഭാഷയുടെ അഭാവത്തിൽ അതൊന്നും ഫലപ്രദമായില്ല. മാത്രവുമല്ല, ആളുകൾ വർഗ്ഗങ്ങളായി മാറി. അവർ ഭീതിജനകവും സ്വയം ഭയമുള്ളവരും ആയിരുന്നു. തങ്ങളുടെ വർഗ്ഗനേതാവിനെയല്ലാതെ വേറെ ആരെയും അവർ വിശ്വസിച്ചിരുന്നില്ല. പ്രകൃതി ക്ഷോഭവും, പകർച്ചവ്യാധികളും, ഹിംസ്രജന്തുക്കളും, മറ്റ് വർഗ്ഗത്തിലെ ആളുകൾതന്നെയും അവരെ ഭീതിപ്പെടുത്തി. തങ്ങൾ ഭക്ഷണമോ മറ്റോ അർച്ചന ചെയ്താൽ, അല്ലെങ്കിൽ ബലി നടത്തിയാൽ, ഇത്തരം പ്രതിസന്ധികളിൽ നിന്നും രക്ഷ നേടാനാവും എന്ന് അവർ വിശ്വസിച്ചു. ദൈവത്തെ അവർ ഒരു വലിയ രാജാവായോ ഒരു വർഗ്ഗനേതാവായോ കരുതി. ഈ ദൈവമാകട്ടെ തന്റെ ആളുകളുടെ പരിപൂർണ്ണ വിധേയത്വം ആവശ്യപ്പെടുകയും സ്വതന്ത്രചിന്താഗതിയെ പ്രതികാര ബുദ്ധിയോടെയോടെ എതിർക്കുകയും ചെയ്തും. ഇവരായിരുന്നു ഭീകരരായ നമ്മുടെ ആദിമനുഷ്യരുടെ തെറ്റായ ദൈവം. ഏകദേശം 20000 വർഷങ്ങൾക്കുമുൻപ് ഈശ്വരൻ മനുഷ്യരാശിയെ ബ്രഹ്മ -വിഷ്ണു -ശിവന്മാർ എന്ന മൂന്ന് രക്ഷകരെ അയക്കുകവഴി കൂടുതൽ സംരക്ഷണം നല്കുവാൻ നിശ്ചയിച്ചു. അവർ ഇന്ത്യൻ ഉപഭൂഖണ്ഡത്തെ യോജിപ്പിക്കുകയും ഈശ്വരന്റെ ജ്ഞാനവും നിയമങ്ങളും പ്രചരിപ്പിക്കുകയും ചെയ്തു. അവർ വേദത്തെ അരുളി ചെയ്തു. സനാതനധർമ്മം സ്ഥാപിക്കുകയും മനുഷ്യന്റെ മൃഗസമാനമുള്ള ജീവിതത്തിൽ നിന്ന് മോചിപ്പിക്കുകയും ചെയ്തു.

ചോദ്യം 113. ഈശ്വരനും ഗിരിവർഗ്ഗക്കാരുടെ ദൈവങ്ങളും തമ്മിൽ എന്താണ് വ്യത്യാസം?

ഉ. വർഗ്ഗക്കാരുടെ ദൈവങ്ങൾ അസത്യമായ ദൈവങ്ങളാണ്. നിരവധി പൊള്ളവാഗ്ദാനങ്ങളും സൗകര്യങ്ങളും ഉറപ്പു തരുന്ന അഹങ്കാരികളായ രാഷ്ട്രീയനേതാക്കളെ പോലെയാണ് ഇത്തരം ദൈവങ്ങൾ. അവർക്ക് തങ്ങളുടെ പിന്തുടർച്ചക്കാരുടെ അംഗസംഖ്യ കൂട്ടുക എന്നത് മാത്രമേ ഒരു ലക്ഷ്യമുള്ളൂ. അവിശ്വാസികളെ അവരുടെ ആളുകൾ മൃത്യു, മാനഹാനി, കൊള്ള അഥവ പ്രലോഭനങ്ങൾ എന്നിവകൊണ്ട് തങ്ങളുടെ വശത്താക്കുവാൻ ശ്രമിക്കുന്നു.

എന്നാൽ യഥാർത്ഥ ദൈവമായ് ഈശ്വരന്റെ വിശ്വാസികളാകട്ടെ ഇഹലോകത്ത് സംസ്കാരസമ്പന്നമായ ഒരു നല്ല ജീവിതം നടത്തേണ്ടതിന്റെ ആവശ്യകത അറിഞ്ഞവരാണ്. അവർ ആളുകൾക്ക് സ്വർഗ്ഗത്തിലേക്കുള്ള ശരിയായ എളുപ്പമാർഗ്ഗത്തെകുറിച്ച് ബോധനം ചെയ്യുന്നു. ഒരുതരത്തിലുള്ള ബലമോ പ്രലോഭനമോ ഈശ്വരന്റെ വിശ്വാസികൾ തങ്ങളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുന്നില്ല.

ചോദ്യം 114. എന്താണ് ഭോജോത്സവം? എന്താണ് ഇതിന്റെ മെച്ചം?

ഉ. പകൽ മുഴുവൻ ഉപവാസമനുഷ്ഠിച്ച ശേഷം പൗർണ്ണമി രാത്രിയിൽ നടത്തുന്ന ഒരു മതസമൂഹ അത്താഴമാണ് ഭോജോത്സവം. സുഹൃത്തുക്കളും ബന്ധുക്കളും, അഭ്യുദയകാംക്ഷികളും, പരിചയക്കാരും മറ്റും മാറി മാറി ഇത്തരം ഭോജോത്സവങ്ങൾ നടത്തുന്നു. മാസത്തിലൊരിക്കൽ പകലാണ് ഉപവസിക്കേണ്ടത്. ഭോജോത്സവം ഏർപ്പെടുത്തുകയോ അതിൽ പങ്കെടുക്കുകയോ ചെയ്യുന്ന ഏവർക്കും സ്വർഗ്ഗത്തിൽ ഒരിടം ലഭിക്കുമെന്നത് ഉറപ്പാണ്. അവരുടെ മക്കൾക്കാകട്ടെ ഇഹത്തിൽ സംരക്ഷണവും സമാധാനവും സമ്പത്തും ലഭിക്കുകയും ചെയ്യും. ഭോജോത്സവം ഹിന്ദുക്കൾക്ക് അനിവാര്യമാണ്. ഈശ്വരനും മരിച്ചുപോയ എല്ലാ സ്ത്രീ പുരുഷ പൂർവ്വികർക്കും നന്ദി പറഞ്ഞുകൊണ്ടു വേണം ഭക്ഷണം കഴിക്കുവാൻ. യാഗങ്ങളെക്കാൾ ഫലപ്രദമാണ് ഭോജോത്സവം എന്നാണ് വേദങ്ങൾ പറഞ്ഞിട്ടുള്ളത്.

ചോദ്യം 115. ഒരുവൻ മരണാനന്തരം തന്റെ അനന്തരാവകാശികൾക്ക് എങ്ങിനെയാണ് സ്വത്തുക്കൾ വീതിച്ച് വെക്കേണ്ടത്?

ഉ. എല്ലാ സമ്പത്തും ഈശ്വരന്റേയും അദ്ദേഹത്തിന്റെ സൃഷ്ടികളുടേയുമാണ്. മനുഷ്യൻ സഹകരിച്ചു കൊണ്ടുള്ള കഠിനാദ്ധ്വാനവും അവസരങ്ങൾ ബുദ്ധിപൂർവ്വം ഉപയോഗിച്ചും സ്വത്തുക്കൾ സമ്പാദിക്കുന്നു. അതുകൊണ്ട് ഒരുവന്റെ അനന്തരാവകാശിക്ക് ഇത്തരം സ്വത്തിന്മേൽ മിതമായ അവകാശമേ ഉള്ളൂ. മരണപ്പെടുന്ന ഒരുവന്റെ സ്വത്ത് അവന്റെ ജീവിതപങ്കാളിക്കാണ് ലഭിക്കേണ്ടത്. പങ്കാളിയുടെ കാലശേഷം സ്വത്തുക്കൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കുന്ന വിധത്തിൽ തുല്യമായി മക്കൾക്കിടയിൽ പങ്കുവെക്കാം. സ്ഥിരമായ സ്വത്തുക്കൾ ആൺമക്കൾക്കും ചലിക്കുന്ന സ്വത്തുക്കൾ പെൺമക്കൾക്കും ലഭിക്കേണ്ടതാണ്.

സ്ത്രീകളായ അനന്തരാവകാശി വിവാഹിതയാകേണ്ടതും വേറൊരു കുടുംബത്തിന്റെ ഭാഗമാകേണ്ടതുമാണ്. അതിനാൽ ഭർത്താവിന്റെ വീട്ടിലെ സ്ഥിത സ്വത്തുക്കൾക്കേ അവൾക്ക് അവകാശമുള്ളൂ. എന്നാൽ ഇവർ (സ്ത്രീയായ അനന്തരാവകാശി) കന്യകയായി തന്നെ തുടരുകയാണെങ്കിൽ അഥവാ വിധവയാകയാണെങ്കിൽ അവർക്ക് ആൺമക്കളെ

പ്പോലെ തന്നെ തുല്യാവകാശമുണ്ട്.

തുല്യത നിശ്ചയിക്കുവാൻ കഴിയാത്തപക്ഷം ആകമാനം സ്വത്തിന്റെ മൂല്യം നിർണ്ണയിക്കണം. പെൺമക്കൾക്ക് അവരുടെ പങ്കായ വില സ്വത്തുക്കൾ രേഖാമൂലം കൈമാറുന്നതിന് മുൻപ് തന്നെകൊടുത്ത് തീർക്കണം. സമൂഹത്തിലെ മാന്യരായ ആളുകളെ ഇതിലേക്കായി മദ്ധ്യസ്ഥരായി നിയോഗിക്കാവുന്നതാണ്. ഏതെങ്കിലും ഒരു അനന്തരാവകാശി തങ്ങളുടെ സ്വത്തുക്കൾ വില്ക്കുവാൻ താല്പര്യപ്പെടു കയാണെങ്കിൽ, നിലവിലുള്ള അവകാശികൾക്ക് വേണം മുൻഗണന ലഭിക്കുവാൻ. ഏതെങ്കിലും തരത്തിൽ യോജിക്കാനാവാത്ത തർക്കം വരികയാണെങ്കിൽ തൽദേശത്തെ നിയമാനുസൃതമായി വേണം തുടർനടപടികൾ എടുക്കേണ്ടത്.

ചോദ്യം 116. ഒരുവന് സ്വയം ഒരു നല്ല ഹിന്ദുവായിതീരുവാൻ എന്ത് ചെയ്യേണം?

ഉ. ഹിന്ദുവായിതീരുന്നതിനോ അല്ലെങ്കിൽ പ്രസ്തുത നിലയിൽ തുടരുന്നതിനോ ഒരുവൻ ഹിന്ദുമതത്തിലെ അടിസ്ഥാനപരമായ നിയമങ്ങളും വ്യവസ്ഥകളും അംഗീകരിക്കണം. (i) ഈശ്വരൻ പുരുഷന്മാരെയും സ്ത്രീകളെയും ഒരേപോലെ കരുതുന്നു. ഒരുവനും മറ്റൊരാൾക്കുപരി ഒരു അവകാശവുമില്ല. (ii) എല്ലാ തരത്തിലുള്ള മനുഷ്യരെയും, മൃഗങ്ങളേയും പ്രകൃതിയേയും ഈശ്വരൻ തന്നെയാണ് സൃഷ്ടിച്ചത്. അവന്റെ സങ്കല്പത്തി നുപരിയായി ഒരു മനുഷ്യവംശത്തിനും നില കൊള്ളുവാനാവില്ല. ഏതെങ്കിലും മനുഷ്യവിഭാഗം ഈശ്വരനെതിരാണെന്ന് കരുതുന്നത് വിഡ്ഢിത്തമാണ്. (iii) ഈശ്വരൻ എല്ലാ മനുഷ്യർക്കും അംഗങ്ങളും ബുദ്ധിയും നല്കിയിരിക്കുന്നു. അവരെല്ലാവരും അതിനാൽ കഠിനാദ്ധ്വാനം ചെയ്യേണ്ടതുണ്ട്. അവർ ചുമതലാപൂർവ്വവും, ഭക്തിയോടെയും വാത്സല്യത്തോടെയും വർത്തിക്കുകയാണെങ്കിൽ, ഭൂമിയിൽ സസുഖം വാഴുവാനും, സ്വർഗ്ഗവാസത്തിനർഹനും, മരണാനന്തരം ശാശ്വത സന്തോഷം ലഭിക്കുവാനും അർഹനാകുന്നു. മനുഷ്യന്റെ ചുമതലാരഹിതമായ പ്രവൃത്തികൾക്കോ മൂഢമായ രീതികൾക്കോ ഈശ്വരൻ ഉത്തരവാദിയല്ല.

(iv) ഒരുവൻ എല്ലാദിവസവും പതിനഞ്ച് മന്ത്രങ്ങൾ ഉരുവിടുകയും ദിവസവും പത്ത് മിനിറ്റെങ്കിലും പ്രാണായാമം ചെയ്യുകയും, ഭോജോത്സവത്തിൽ പങ്കെടുക്കുവാൻ വേണ്ട തയ്യാറെടുപ്പ് ചെയ്യുകയും വേണം. (v) ധൈര്യശാലിയും എല്ലാ ഭീരുത്വത്തേയും എതിർക്കുവാനും കഴിയണം. ജീവിതത്തിൽ വേണ്ട രീതിയിൽ നയിക്കുന്നതിന് ഗീതയും വേദവും പഠിക്കേണ്ടതുണ്ട്. നിങ്ങളുടെ വിശ്വാസം പ്രചരിപ്പിക്കുന്നതിനും, മതത്തെ ധ്വംസകരിൽ നിന്ന് രക്ഷിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന നിങ്ങളിലേവർക്കും തീർച്ചയായും സ്വർഗ്ഗത്തിൽ ആനന്ദവും അനുഭൂതിയും ലഭിക്കുന്നു.

# ഹിന്ദുത്വത്തിലെ വൈദികമതം

വൈദികമതം അഥവാ വേദങ്ങൾ വിഭാവനം ചെയ്യുന്ന മതം, മതചർച്ചകളിൽ ലോകത്ത് എക്കാലത്തും നിലനിന്നിരുന്ന ഏറ്റവും പ്രാചീനമായ മതചർച്ചയാണത്രെ. വേദം യാതൊരു വിധ പാപത്തെയും അംഗീകരിക്കുന്നില്ല. അത് തെറ്റിനെ അംഗീകരിക്കുകയും ഏറ്റവും വലിയ തെറ്റ് സ്വയം ബലഹീനനും പാപിയുമായി കരുതുന്നതാണെന്ന് അനുമാനിക്കുകയും ചെയ്യുന്നു.

ഭാരതത്തിൽ വേദം ക്രിസ്തുവിന് മുൻപ് 18000ത്തിൽ തന്നെ ഉരുക്കഴിച്ചു കൊണ്ടിരുന്നുവത്രെ! ഹിന്ദുമതം ഏകദേശം 20000 വർഷം പഴക്കമുള്ളതും സാംസ്കാരികലോകത്തിന്റെ ആരംഭവുമാകുന്നു. ഹിന്ദുമതം തുടക്കത്തിൽ സനാതനധർമ്മം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. സനാതനം എന്നാൽ നിത്യമായത് ധർമ്മമെന്നാൽ നന്മ നിറഞ്ഞ ജീവിതവും.

ക്രി.മു. 3500 വരെ സനാതനധർമ്മത്തിന് വിഘ്നമൊന്നും നേരിടേണ്ടിയിരുന്നില്ല. എന്നാൽ തത്സമയത്തോടടുപ്പിച്ച് ഭാരതത്തിന്റെ വടക്കു പടിഞ്ഞാറൻ ഭാഗത്ത് നിന്നും അക്രമികൾ വരികയുണ്ടായി. അവർ ഇന്ത്യക്കാരെ (സിന്ധുനദീതീരത്ത് വസിക്കുന്നവരെ) ''ഹിന്ദുക്കൾ'' എന്നാണ് സംബോധന ചെയ്തത്. ഈ പേര് സ്ഥിരപ്പെട്ടു. മാത്രമല്ല, സനാതനധർമ്മം എന്ന നാമം ഹിന്ദുധർമ്മം അഥവ ഹിന്ദുമതം എന്നപേരിൽ അറിയപ്പെടുകയും ചെയ്തു.

അക്കാലം മുതൽ കലിയുഗം ആരംഭിച്ചതായി കരുതാം. ആചാരാധിഷ്ഠിതമായ മന്ത്രങ്ങളാൽ വേദങ്ങളും ഒരു വിധത്തിൽ കളങ്കിതമായി.

യഥാർത്ഥ വേദത്തിന് ശാസ്ത്രീയവും താത്വികവുമായ അടിത്തറയുണ്ടായിരുന്നു. വൈദികമതം ഭാരതത്തിന് അതിന്റെ ശാസ്ത്രീയ താത്വികമായ അടിത്തറ നിദാനം ചെയ്തു. ഉന്നതമായ മാനുഷിക മൂല്യങ്ങൾ ഉൾപ്പെട്ടതും, എല്ലാ ജീവജാലങ്ങൾക്കും കരുണാർദ്രമായതുമായ ഒരു ജീവിതമാണ് ഇവിടെ സംജാതമായത്.

വേദത്തിന്റെ ശക്തി അതിന്റെ ദൈവികമായ ബലമാണ്. അത് അസുഖങ്ങളെ മാറ്റുന്നു. നിത്യവും വേദോച്ചാരണം നടത്തുന്ന അവന്റെ ബന്ധുമിത്രാദികൾക്കും സംരക്ഷണത്തിന്റെ വലയം അത് സൃഷ്ടിക്കുന്നു. കാലമിതുവരെ പലപ്പോഴുമായി ഇവ സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഈ ദൈവികശക്തിയുടെ ഹേതുക്കളെ ആർക്കും വിശദീകരിക്കാനായിട്ടില്ല.

പലേ സന്ദർഭങ്ങളിലും വേദങ്ങൾ സമൂഹമൊന്നടങ്കം ഉച്ചരിക്കുമ്പോൾ അതികഠിനമായ രോഗബാധിർക്കുപോലും ആശ്വാസം പകർന്നിട്ടുണ്ട്. വേദങ്ങൾ നിത്യവും ഉരുവിടുകയും വേദവാക്യങ്ങൾ പാലിക്കുകയും ചെയ്യുന്നവർക്ക് ജീവിതത്തിന്റെ എല്ലാ തുറകളിലും ശാന്തിയും, സമാധാനവും വിജയവും ലഭിക്കുന്നു.

വേദങ്ങളുടെ ഉത്ഭവത്തെ കുറിച്ച് പലേ വിശദീകരണങ്ങളുമുണ്ട്. ഇതിലൊന്ന് പ്രകാരം മന്ത്രങ്ങൾ ബ്രഹ്മാവിന്റെ ശ്വാസത്തിൽ നിന്നാണ് ഉറവിടം

കൊണ്ടതെന്നാണ്. ഇവയെ ഋഷിവര്യർക്ക് വായ്മൊഴിയായി കൈമാറി. ക്രി.മു. 18000മുതൽ 1000വരെ വേദങ്ങൾ നില നിന്നു. അതിന് ശേഷം പെട്ടെന്ന് ഒരു ശൂന്യത അനുഭവപ്പെട്ടു. ഇന്ന് നമുക്ക് ജർമ്മൻകാരും ബ്രിട്ടീഷുകാരും എഴുതിയ വേദങ്ങൾ കിട്ടും. എന്നാൽ ഇവയിലെല്ലാം ആചാരങ്ങൾക്ക് മാത്രമേ പ്രാധാന്യം നൽകിയിട്ടുള്ളു. വൈദികപാഠശാലകൾ എന്നാണ് ഉത്ഭവിച്ചതെന്നോ എത്രകാലമുണ്ടായിരുന്നുവെന്നോ നമുക്ക് പറയുവാനാകില്ല. നമ്മുടെ സംസ്കാരം പരശതം വൈദികപാഠശാലകളെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഉദാഹരണമായി ഐതരേയസ്ഥാപനവും ശംഖായനാസ്ഥാപനവും, യജുർവ്വേദാഷ്ഠിതമായ ആപസ്തംഭവും ബൌദ്ധായനവും ഉൾക്കൊള്ളുന്നു. ഏറ്റവും മുഖ്യമായ ലിഖിതങ്ങളാകട്ടെ ഏറ്റവും പൂർവ്വികമായതുമാണ്. ഇവയിൽ ജ്ഞാനത്തിന്റെ പുസ്തകമായ വേദം, അഥവാ വേദങ്ങൾ, നാല് (സംഹിതങ്ങളുടെ) ഭാഗമായിട്ടുണ്ട്. കുറച്ചുകൂടി വിപുലമായ രീതിയിൽ പറയുമ്പോൾ, വേദങ്ങളിൽ പില്ക്കാലത്തുള്ള വേദങ്ങളും ഇവയിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. പുതിയ വേദപുസ്തകങ്ങൾ മൗലികമായ ഈ സംഹിതകളിൽ നിന്നും നിരവധി ആശയങ്ങൾ ഉൾക്കൊണ്ടിട്ടുള്ളതാണ്. നാല് വേദങ്ങൾ ഇവയാണ് : ഋഗ്വേദം, സാമവേദം, യജുർവേദം, അഥർവവേദം.

ഏഷ്യാമൈനർ, യൂറോപ്പ് എന്നിവിടങ്ങളിൽ നിന്നുമുള്ള ആക്രമികളുടെ വരവുണ്ടായതോടെ വൈദികമതത്തിന്റെ പതനം കുറിക്കുകയായി. സിന്ധുതടത്തിന്റെ ഉപരിതലം അവർ ക്രി.മു. 3500ഓടെ ആക്രമിക്കുക യുണ്ടായി. ഈ കാലം ക്രി.മു. 18000മാണ്ടായും വീക്ഷിക്കുന്നുണ്ട്. ക്രി.മു. 4500മുതൽ 3500വരെ വേദങ്ങൾ ഇറാനിലെ മതത്തെ സ്വാധീനിച്ചു. അതിന് ശേഷം വന്ന സൊരാഷ്ട്രരുടെ (Zorastarians) മതതത്വങ്ങൾ വൈദികതത്വങ്ങളുമായി സാമ്യത പുലർത്തുന്നുണ്ട്. ആദികാലത്തെ വേദങ്ങൾ ഏകദേവാരാധനയാൽ ശ്രദ്ധേയമായിരുന്നു. എന്നാൽ വൈദികമതം ഇറാനിയർ കണക്കാക്കുന്ന മതവുമായി ഇടപഴകുകയും സൂര്യനേയും ഇന്ദ്രനേയും ആരാധിക്കുവാൻ തുടങ്ങുകയും ചെയ്തു. അതോടൊപ്പം തന്നെ യാഗബലി തുടങ്ങിയ ആചാരങ്ങളും. ഇത്തരം മതപരമായ ആശയങ്ങളുടെ വിനിമയം മൂലം ഇന്ത്യയിലെ സ്വർണ്ണ നിക്ഷേപങ്ങളും ധനവും വിദേശീയർക്ക് അറിയുവാനിടയായി. അവർ ഇന്ത്യയെ ആക്രമിക്കുകയും ചെയ്തു. ഇന്ത്യയെ ആക്രമിച്ചവർ അവരോടൊപ്പം അവരുടെ ആചാരങ്ങളും മതാനുഷ്ഠാനങ്ങളും കൊണ്ടുവരികയുണ്ടായി.അവയെ അവർ സാധാരണക്കാർക്കിടയിൽ വിതറി. അവർ സാധാരണക്കാരെ മാനഭംഗപ്പെടുത്തു കയും, ഭീഷണിപ്പെടുത്തുകയും, കീഴടക്കുകയും ചെയ്തു. ഹിന്ദുക്കൾ എന്നും അഹിംസാ തല്പരരായിരുന്നു. സൗഹാർദ്ദതയോടെ സഹവസിക്കുവാൻ അവർ ശ്രമിച്ചു. അച്ചടക്കത്തിനോ, ആയുധപാടവത്തിനോ, സ്വരക്ഷയ്ക്കോ അവർ പ്രാധാന്യം നല്കുകയുമുണ്ടായില്ല. ഇതിന്റെ ഫലമായി ഹിന്ദുക്കൾ അശക്തരായി. അവർ പരദേശികളുടെ ആക്രമത്തിന് വശംവദരുമായി. വിദേശത്തുനിന്ന് വന്ന ആക്രമികൾ വേദത്തിന്റെ സിംഹഭാഗങ്ങൾ ചുട്ടെരിച്ചു. ചില

പണ്ഡിതരാകട്ടെ വേദ പഠനങ്ങളുമായി ഇന്ത്യയുടെ ഏറ്റവും തെക്കുഭാഗത്തുള്ള സ്ഥലത്തേയ്ക്കോ, ഉത്തരഭാഗത്തിലേക്കോ ചേക്കേറി.

കവിതകളുടെ വേദമെന്നറിയപ്പെടുന്ന ഋഗ്വേദം 1000 മന്ത്രങ്ങളുടെ സങ്കലനമാണ്.ഇതിലെ ആയിരത്തോളം മന്ത്രങ്ങൾ ഈശ്വരനെന്ന ഒറ്റ ദേവനെ സംബോധന ചെയ്തിട്ടുള്ളതാണ്. ''ഓം'' എന്നാണ് ഇതിൽ ഈശ്വരനെ വിശേഷിപ്പിക്കുന്നത്. ഇതിലെ മിക്ക മന്ത്രങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ ഒരു രൂപത്തെ മാത്രമേ പ്രതിപാദിക്കുന്നുള്ളു. എന്നാൽ ഇതിന് ആചാരങ്ങളുമായി വിദൂരമായ ഒരു ബന്ധമേ ഉള്ളൂതാനും. ഋഗ്വേദത്തിലെ ശ്ലോകങ്ങൾ ഈശ്വരനെ മനസ്സിലാക്കുവാൻ വേണ്ടി ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.

സാമവേദം അഥവാ ഉച്ചാരണങ്ങളുടെ വേദം സംഗീതശൈലികൾ ഉൾക്കൊള്ളിച്ച് മിക്കവാറും തന്നെ ഋഗ്വേദത്തിൽ നിന്നും തിരഞ്ഞെടുത്ത ശ്ലോകങ്ങളാണ്. ഈശ്വരന്റെ സന്ദേശങ്ങൾ പൊതുജനങ്ങൾക്കിടയിൽ സുഖകരവും ആകർഷകവുമായ രീതിയിൽ പ്രചരിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വേദം. അഥർവ്വവേദം പൊതുവേ ലൌകിക സ്വകാര്യവ്യക്തി ബന്ധങ്ങൾ സംബന്ധിച്ചുള്ളതും യജുർവേദം ആചാരാനുഷ്ഠാനങ്ങളെ കുറിച്ചുള്ളതുമാണ്.

കാലാനുക്രമത്തിൽ നോക്കിയാൽ ഒരുപക്ഷേ വരുന്നത് ''ബ്രാഹ്മണങ്ങ'' ളായിരിക്കും.ഇവ വ്യാഖ്യാനങ്ങളാണ്. ബ്രാഹ്മണങ്ങൾ ഏതെങ്കിലും ഒരു പ്രത്യേക ജാതിയുടേതല്ല, മറിച്ച് പാരായണത്തിനുള്ള ലിഖിതങ്ങളാണ്. ഗദ്യരൂപത്തിലുള്ള ഇവ വേദങ്ങളിൽ നിന്നും വേർതിരിച്ച് സംഗ്രഹിച്ചെടുത്തിട്ടുള്ളതാണ്. വേദങ്ങളുടെ ആശയങ്ങളോ അനുഷ്ഠാന ങ്ങളോ വ്യാഖ്യാനിക്കാനുതകുന്നവയാണ് ഇവ.

ക്രി.മു. 12000–ാം ആണ്ടിൽ സംഗ്രഹിച്ച ''ആരണ്യകങ്ങൾ'' അഥവാ ''വനപുസ്തകങ്ങൾ'' സമൂഹത്തിൽ നിന്നും വിട്ടുനിന്ന്, ആരണ്യങ്ങളിൽ താമസിച്ച് പഠിക്കുവാനുള്ളതാണ്. ഇവയുടെ മാന്ത്രികശക്തി തന്നെയാണ് ഇതിന് കാരണം. ആരണ്യകങ്ങളിൽ അധികവും ആചാരങ്ങളുടെ നാമമാത്ര വ്യാഖ്യാനങ്ങളാണ്.

ക്രി.മു. 16000 മുതൽ 1000 വരെ രചിച്ച ഉപനിഷത്തുക്കളാണ് അടുത്തത്. ഏറ്റവും പ്രാധാന്യമേറിയ ഗ്രന്ഥങ്ങളും. ഉപനിഷത്തുക്കൾ ഹ്രസ്വമാണ്. കഥകളോ, ആദർശകഥകളോ, സംഭാഷണങ്ങളോ ആണ് ഇതിലെ രീതി. പൊതുജനങ്ങൾക്ക് കഥകളുടെ സാരാംശം മനസ്സിലാക്കികൊടുക്കുന്നതിന് ഇവ സഹായകമാകുന്നു. വൈദിക ഉപനിഷത്തുക്കൾ പ്രധാനമായും 13 എണ്ണമുണ്ട്. ബാക്കി ഏകദേശം നൂറോളം ഉപനിഷത്തുക്കൾ വേദകാലത്തിന് ശേഷമുള്ളവയാണ്. എങ്കിലും ഇവയും

വേദങ്ങളാൽ സ്വാധീനിക്കപ്പെട്ടിട്ടുള്ളവയാണ്.

സംഹിതകൾ, ബ്രാഹ്മണങ്ങൾ,ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നിവയെ ശ്രുതി അഥവാ ശ്രവിക്കപ്പെട്ടത്, ദിവ്യഅരുളിപ്പാടുണ്ടായത് എന്നിങ്ങനെയായി വിശേഷിപ്പിക്കാറുണ്ട് വേദങ്ങൾ പാരായണം ചെയ്യുന്നത് നമുക്ക് അമാനുഷികശക്തി നൽകുന്നു. ഇതിനൊരു ഉദാഹരണമാണ് നമ്മുടെ ഭാരതം തന്നെ. പലേ വിദേശശക്തികളും ഇന്ത്യയെ കീഴടക്കി വാണു. എങ്കിലും, വൈദികഭാരതം ഹിന്ദുമതത്തിന്റെ പിന്തുടർച്ചക്കാരായി വർത്തിച്ചു. പലേ രാജ്യങ്ങളിലും വിദേശാക്രമികളുടെ സമ്മർദ്ദവും സ്വാധീനവും തരണം ചെയ്യാനാവാതെ അവരുടെ പിന്തുടർച്ചക്കാരായി മാറി. വേദങ്ങൾ ഉച്ചരിച്ചതിനാൽ ഇന്ത്യക്ക് അമാനുഷികശക്തി പ്രദാനം ചെയ്തു. ഇതുമൂലം യാതൊരു വ്യതിയാനത്തിനും വശംവദമാകാതെ നിലകൊള്ളുവാൻ നമുക്ക് കഴിഞ്ഞു.

കുറേ വേദമന്ത്രങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അവയെ വായിക്കുകയും മനസ്സിലാക്കിയും ഹിന്ദുത്വ ശാസ്ത്രത്തെ ആദരിക്കുകയും ചെയ്യാം.

# വേദമന്ത്രങ്ങൾ

वेदोऽखिलो-धर्ममूलम् ॥1॥

വേദോവഖില ധർമ്മമൂലം (1)

(ജീവിതത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും

എല്ലാവശങ്ങളും ഉൾക്കൊള്ളുന്ന ഒരു സർവ്വരൂപമാണ് വേദങ്ങൾ)

न्मधु मे जिहवायां दधातु परमश्वर ।

येनाऽहं सर्वप्रिय: सर्वजनेभ्य: भूयासम् ॥2॥

2. മധുമേ ദിഹവായാം ദധാതു പരമേശ്വര

യേനാഹം സർവ്വപ്രിയ സർവ്വജനേഭ്യഭുയാസം (2)

എന്നിൽ മധുവിന്റെ മാധുര്യം കൊണ്ടു നിറക്കൂ. അതുകൊണ്ട് ഞാൻ പൊതുജനങ്ങളോട് ശ്രേഷ്ഠമായ വാക്കുകളാൽ സംബോധന ചെയ്യാം.

नासदासीन्नो सदासीत् तदानीं नासीद्रजो नो व्योमा परो यत् ।

किमावरीव: कुह कस्य शर्मन्नम्भ: किमासीद् गहनं गभीरम् ॥

न मृत्युरासीदमृतं न तर्हि न रात्रया अह्न आसीत् प्रकेत: ।

आनीदवातं स्वधया तदेकं तस्माद्धान्यन्न पर: किं चनास: ॥

तम: आसीत् तमसा गूळहमग्रे ऽप्रकेतं सलिलं सर्वमा इदम् ।

तुच्छयेनाभ्वपिहितं यदासीत् तपसस्तन्महिनाजायतैकम् ॥3॥

നാസദാസീന്നോ സദാസിത തദാനിം നാസിദ്രജോ നോ വ്യോമാ പരോ യത്

കിമാ വരീവ കുഹ കസ്യ ശർമ്മന്നഭ്ഭ: കിമാ സീദ ഗഹനം ഗഭീരം

ന മൃത്യു രാസീദമൃതം തഹി ന രാത്രയാ അഹ്ന അസിത് പ്രകേത്:

ആനീദവാദം സ്വധയാ തദേകം തസ്മാധ്യാന്യന്ന പര: കിം ചനാസ്:

തമ: അസീത തമസാ ഗൂഢഹമഗ്രേ അപ്രകേതം ശൈലം സർവ്വമാ ഇദം,

തുച്ഛയയേന ഭവിഹിതം അപ്രകേതം ശൈലം

യഥാസിത് തപസാസ്ഥർ മഹിനാ ജായാ തൈകം. (3)

അപ്പോൾ നിലനില്പോ നിലനില്പില്ലായ്മയോ (സൃഷ്ടിക്ക് മുൻപും ലയനകാലത്തിലും) ഉണ്ടായിരുന്നില്ല.ഭൂമിയോ അനന്തമായ ആകാശമോ, അതിനപ്പുറത്തുള്ള മറ്റേതെങ്കിലുമോ അന്നുണ്ടായിരുന്നില്ല. എങ്ങും നിറഞ്ഞു നിന്നിരുന്ന ആനന്ദ ത്തിനെ പിന്നെ ഏത് മറയാണ് ആവരണം ചെയ്തിരുന്നത്'?, ഒരു മാന്ത്രികൻ മുകളിലേക്കെറിഞ്ഞ ജലത്തിന്റെ ഒരു ഭീമമായ മറയായിരുന്നുവോ അത്? ആ ജലാശയത്തിന്റെ അളക്കാനാവാത്ത ആഴം എത്ര മാത്രം ഉണ്ടായിരുന്നു? അപ്പോൾ മരണമോ അമരത്വമോ ഉണ്ടായിരുന്നില്ല. രാത്രിയും പകലും ഇല്ല.

എന്നാൽ അവിടെ ഒരു ജീവനതത്വം നിലനിന്നിരുന്നു.അവ ശ്വസിച്ചിരുന്നില്ല. സ്വായത്തമായ നിലനില്പിന്റെ ശക്തി കൊണ്ട് അവ നില നിന്നു. അവയ്ക്ക് പുറമേ വേറൊന്നും ഉണ്ടായിരുന്നതുമില്ല. അതിനുശേഷം അന്ധകാരമായിരുന്നു. (വേറൊരു രീതിയിൽ പറഞ്ഞാൽ അജ്ഞത, അവിദ്യ, മായ) ഈ അന്ധകാരം ശക്തമായി ഏതിനേയും ആവരണം ചെയ്യു. അഗാധമായ ആഴിയുടെ അടിത്തട്ടിൽ ഒന്നിനേയും തിരിച്ചറിയുവാൻ പറ്റാത്ത പോലുള്ള പ്രതീതി.പ്രപഞ്ചത്തിന്റെ രൂപങ്ങളോ നാമങ്ങളോ ഒന്നും തന്നെ അപ്പോൾ ഉടലെടുത്തിരുന്നില്ല. സർവ്വവ്യാപിയായ യാഥാർത്ഥ്യത്തെ അത്തരത്തിലുള്ള ഒരു അജ്ഞത ആവരണം ചെയ്യപ്പോൾ, അർത്ഥമോ പ്രസക്തിയോ ഇല്ലാത്ത ഈ അജ്ഞത, അവിടെ നിന്നും ഒരു ജീവി മാത്രം ഉത്ഭവം കൊണ്ടു. അതിന്റെ പേരായിരുന്നു പ്രഥമജ അഥവ ഹിരണ്യഗർഭ.

यत्राग्निश्चद्रमाः सूर्यो वातस्तिष्ठन्त्यर्पिताः
स्कम्भं तं ब्रूहि कतमः स्विदेव सः
यस्य त्रयस्त्रिंशद्देवा अङ्सर्वे समाहिता ॥4॥

യത്രാഗ്നിശ്ചന്ദ്രമാ: സൂർയ്യോ വാതസ്തിഷ്ഠ ന്ത്യർപ്പിതാ
സ്കംഭം തംബ്രൂഹി കഥമ:സ്വിദേവസ:
യസ്യ ത്രയസ്ത്രിശദ്ദേവ അംഗേ സർവ്വേ സമഹിത (4)

ഈ പ്രപഞ്ചത്തിനെ സംരക്ഷിക്കുന്നവൻ, അഗ്നി, ചന്ദ്രൻ, സൂര്യൻ, വായു എന്നിവ യാതൊരുവനിലാണോ നിലകൊള്ളുന്നത് അവന്റെ പ്രതിഫലന മഹത്വത്തിൽ നമുക്ക് അവന്റെ സാക്ഷാത്കാരമായ മുപ്പത്തിമൂന്ന് ദേവതകളെ സമ്മാനമായി ലഭിച്ചിരിക്കുന്നു.

पुण्डरीकं नवद्वारं त्रिभिर्गुणैरावृतम् ।
तस्मिन् यद् यक्षमात्मवत् तद् वै ब्रह्मविदो विदुः ॥5॥

പുണ്ഡരികം നവദ്വാരം ത്രി ഭിർഗുണൈ രാവൃതം
തസ്മിൻ യദ യക്ഷമാത്മ വത തദ്വൈ ബ്രഹ്മ വിദോ വിദു: (5)

മനുഷ്യശരീരത്തിന് ഒൻപത് ദ്വാരങ്ങളുണ്ട്. ഈ ശരീരത്തിൽ സത്വം, രജോ, തമോ ഗുണങ്ങൾ കുടികൊള്ളുന്നു. അവ ശരീരത്തെ നിയന്ത്രിക്കുന്നു. താമരയ്ക്ക് സമാനമായ ഒരു ഹൃദയം ശരീരത്തിൽ കുടികൊള്ളുന്നു. അതിൽ ആരാധനാ മൂർത്തി വസിക്കുന്നു. ബ്രഹ്മത്തെ മനസ്സിലാക്കിയവൻ ആ മൂർത്തി ആത്മാവ് തന്നെയാണെന്ന് കൂടി ഗ്രഹിക്കുന്നു.

ईश्वरः परमैकस्वरूपः ॥
स नित्यःसर्वव्यापी विभुरनादिरनन्तश्च स निराकारो निरूपो वर्णनातीतो निष्कम्पश्च ।
क्वचित् शब्दरूपेण स आत्मानं प्रकाशयति स विधाता

कारणानां कारणं तथा सर्वशक्तिमान् तदिच्छापुरणाय कस्यापि सहायस्य प्रयोजनं न वर्तते
यतो द्वितीय: कोऽपि नास्ति ॥6॥

ഈശ്വര: പരമൈകസ്വരൂപ:
സനിത്യ: സർവ്വവ്യാപി വിഭുര നാദിരനന്തശ്ച
സനികാരോ നിരൂപോ വർണ്ണനാതീതോ നിഷ്ഠം പശ്ച
ക്വാചിത ശബ്ദരൂപേണ സ ആത്മാനം പ്രകാശയതി സവിധാതാ
കാരണാനാം കാരണം സർവ്വശക്തിമാൻ
തദിച്ഛാ പൂരണായ കസ്യാപി സഹായസ്യ പ്രയോജനം ന വർത്തതേ
യതി ദ്വിതിയ: കോപി നാസ്തി (6)

ഈശ്വരൻ സർവ്വശ്രേഷ്ഠ ശക്തിയാണ്. അവൻ കേവലവും, സർവ്വവ്യാപിയും ശാശ്വതവുമാണ്. അവന് ഉത്ഭവമോ അന്ത്യമോ ഇല്ല. അവന് രൂപമോ, നിറമോ, വിവരണഗുണങ്ങളോ ഇല്ല. ചിലപ്പോൾ വാക്കുകളുടെ രൂപത്തിൽ അവൻ സാക്ഷാത്കരിക്കുന്നു. അവൻ സ്രഷ്ടാവും എല്ലാ കാരണങ്ങളുടെയും കാരണവുമാണ്. അവൻ സർവ്വശക്തനാണ്. അവന്റെ സങ്കല്പം നടത്തുന്നതിന് അവന് യാതൊരുവന്റേയും സഹായം ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ, ആരും നിലനില്ക്കുന്നില്ല, അവനൊഴിച്ച് — അത്രതന്നെ.

केचित् तत्सायुज्यं लभन्ते, केचिच्च विरहेण वियुज्यन्ते ।
तस्येच्छया सर्व घटते, तेन विना क: कार्यकरणे समर्थ: ? ॥7॥

കേചിത് തത് സായുജ്യം കേ ചിച്ച വിരഹേണ വിയുജ്യന്തേ
തസ്യേഛയാ സർവ്വ ഘടതേ
തേന വിനാ ക: കാര്യകരണേ സമർത്ഥ:? (7).

ചിലർ അവന്റെ സംസർഗ്ഗം പ്രാപിക്കുന്നു. ചിലരാകട്ടെ (അവനിൽനിന്നും) വേർപെടുന്നു. അവർ ആഗ്രഹിക്കുന്നതെല്ലാം നടക്കുന്നു.(അവനില്ലാതെ) ആർക്കാണ് എന്തെങ്കിലും ഒന്ന് ചെയ്യാനാവുക?

स वा एष महानज आत्माऽजरोऽमरोऽमृतोऽभयो
ब्रह्माभयं वै ब्रह्म भवति य एवं वेद ॥8॥

സവാ എഷ മഹാനജ ആത്മ ജരോ മമരോ മമൃതോ ഭയോ
ബഹ്മാഭയം വൈ ബ്രഹ്മ ഭവതി യ എവം വേദ (8)

ആത്മാവ് ആഗ്രഹങ്ങൾക്കതീതമാണ്.അതിനൊന്നിന്റെയും കുറവോ മരണഭയമോ ഇല്ല. ആത്മാവിന് വയസ്സില്ല, അമരത്വവും നിത്യയൗവ്വനവുമാണ്. അത് അറിയുന്നവൻ ബ്രഹ്മമാകയും അതേപോലെ നിർഭയനാകയും ചെയ്യുന്നു.

एक एवास्ति नापरो विश्वभुवनस्य स्रष्टा ।
पालयिता च संहर्त्ताच पुनरपि सृजनाय तत्
एतदेव दिव्यत्वमीशस्य भास्वत् वर्चसममेयम् ॥9॥

ഏക എ വാസ്തി നാപരോ വിശ്വ ഭുവനസ്യ സ്രഷ്ടാ
പാലയിതാ ച സംഹർത്താച പുനരപി സൃജനായ തത
എതദേവ ദിവ്യത്വമീശസ്യ ഭാസ്വത വർചസമമേയം (9)

ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതും, അതിനെ പരിപാലിക്കുന്നതും, ഇല്ലായ്മചെയ്ത് വീണ്ടും സൃഷ്ടിക്കുന്നതും എല്ലാം ഒരേ ആൾ തന്നെയാണ്. അത്യന്തം തിളങ്ങുന്ന ഈ ദിവ്യത്വം അവന്റെ മഹിമയാണ്.

ईश्वरस्तस्यैव दूतरूपेण पृथिव्यां प्रेरयति देवान्
तस्माच्च प्रभवति मङ्लं समासेनेह मनुष्यमडले ॥10॥

ഈശ്വരസ്ത സ്യൈവ ദൂതരൂപേണ പൃഥ്വിയാം പ്രേരയതി ദേവന
തസ്മാച്ച പ്രഭവതി മംഗളം സമാസേനേഹ മനുഷ്യ മണ്ഡലേ (10)

ഈശ്വരൻ ഭൂമിയിലേക്കയക്കുന്ന സന്ദേശവാഹകരായ തന്റെ ദേവതകൾ മനുഷ്യർക്കിടയിൽ നന്മ വിതറുന്നു.

यथाकामं वा उत्तिष्ठन् वा अनन्यमनसा स्तूयमानश्च भगवन्तम्
सायं प्रातश्च स्व-समाजेन सार्द्धम्
प्रार्थनां कुर्वीताहर्निशं भगवत्-सकाशम् ॥
प्रार्थनया क्षीयते सर्वपापं प्राप्स्यते च स्वर्गम्
भुयिष्ठं परिमार्जनेन लौहमलं यथा प्रयाति
अयश्च भवति परिशुद्धम् ॥11॥

യഥാ കാമം വാ ഉത്തിഷ്ഠൻ വാ അനന്യമനസാ സ്തൂയമാനശ്ച ഭഗവന്തം
സായം പ്രാതസ്വ സ്വ സമാജേന സാർത്ഥം
പ്രാർത്ഥനാം കുർവ്വീതാഹർനിശം ഭഗവത് സകാശം
പ്രാർത്ഥനായാ ക്ഷീയതേ സർവ്വപാപം പ്രാപ്സ്യതേ ച സ്വർഗ്ഗം
ഭൂയിസ്ഥാം പരിമാർജനേന ലൗഹമലം യഥാ പ്രയാതി
അയശ്ച ഭവതി പരിശുദ്ധം. (11)

എന്നും രാവിലേയും വൈകുന്നേരവും കഴിയുമെങ്കിൽ എഴുന്നേറ്റുനിന്ന് കൊണ്ട്, ഏകാഗ്രതയോടെ ഈശ്വരനെ പ്രാർത്ഥിക്കുക. ഭഗവാന്റെ കീർത്തികൾ നിങ്ങളുടെ സമുദായത്തോടൊപ്പം ഉരുവിടുക. സ്വർഗ്ഗത്തിലേക്കുള്ള ചിലവ് പ്രാർത്ഥനയാണ്. കൂടുതൽ ഉരയ്ക്കും തോറും തുരുമ്പ് ഇല്ലാതാകുന്നതുപോലെ നിരന്തരമുള്ള പ്രാർത്ഥനകൊണ്ട് പാപങ്ങൾ ഇല്ലാതാകുന്നു.

सर्वेऽत्र जन्मना अमृतस्य पुत्रा अपापविश्वश्च ते ।
क्वचित् कल्मषं च कृत्वा केचिदात्मानं क्लेदयन्ति ॥12॥

സർവ്വേത്ര ജന്മനാ അമൃതസ്യ പുത്രാ അപാപവിശ്വശ്ച തേ
ക്വാതിത കല്മശം ച കൃത്വാ കേചിദാത്മാനാം ക്ലേദയന്തി. (12).

എല്ലാ ജീവികളും പാപരഹിതമായും അമൃതം നിറഞ്ഞ തുളസിയുമായാണ് ജന്മമെടുക്കുന്നത്. അവർ തങ്ങളുടെ അടിസ്ഥാന ശുദ്ധി തങ്ങളുടെ ജീവിതത്തിൽ താല്ക്കാലികമായി അവരുടെ തന്നെ ദുഷ് പ്രവൃത്തികൾ കൊണ്ട് കളങ്കപ്പെട്ടാൽ തന്നെയും നിലനിർത്തുന്നു.

उच्चो वा नीचो वा न कोऽपि जनः ।
न च नितरां पापकृन् न वा पवित्रस्वरूपः ॥
ईश्वरकरुणया कश्चित् महत्वं लभते ।
तदिच्छया ऋद्धश्च जायते कश्चित्, श्रमेण तु कश्चिदभ्येति पदमुन्नतम् ॥13॥

ഉച്ഛോ വാ നീ ചോ വാ നകോ പി ജന:
ന ച നിതരാം പാപകൃൻ ന വം പവിത്ര സ്വരൂപ:
ഈശ്വരകരുണയാ കശ്ചിത മഹത്വം ലഭതേ
തദിച്ഛായാ ഋദ്ധശ്ച ജായതേ കശ്ചിത്,
ശ്രമേണ തു കശ്ചിദ ഭ്യേതി പദമുന്നതം. (13)

ഒരു മനുഷ്യജീവിയും ഉന്നതനോ ഹീനനോ അല്ല. ഒരുവനും പാപിയെന്ന് മുദ്ര കുത്തപ്പെട്ടവനെന്നോ പരിശുദ്ധനെന്ന് വാഴ്ത്തപ്പെട്ടവനോ അല്ല. ഈശ്വരന്റെ കരുണ കൊണ്ട് ഒരുവൻ മഹത്വം നേടുന്നു. അവന്റെ സങ്കല്പം കൊണ്ട് ചിലർ ഐശ്വര്യ വാന്മാരും ചിലർക്ക് അതിന് വേണ്ടി യത്നിക്കേണ്ടതായും വരുന്നു.

यत्र यत्र मे मनो गच्छति दृश्यते प्रभुम् ।
तस्य कृपां विना न कोऽपि मुक्तिमर्हति ॥14॥

യത്ര ചത്ര മേ മനോ ഗച്ഛതി ദൃശ്യതേ പ്രഭും
തസ്യ കൃപാം വിനാ ന കോ പി മുക്തി മർഹതി (14)

ഏത് മാർഗ്ഗത്തിലൂടെ ഒരുവൻ നോക്കിയാലും അവൻ ഭഗവാനായ ഈശ്വരനെ ദർശിക്കുന്നു. ഒരുവനും അവന്റെ കൃപ കൂടാതെ മുക്തി നേടിയിട്ടില്ല.

अक्लेशेन वै सम्भवति ईश्वरस्य गुणकीर्तनम्
तद् गुणानांच निरूपणं तु क्लेशकरमेव प्रतीयते ।
गुरोः कृपया एव तज्ज्ञ ज्ञानमेवाधिगम्यते ॥15॥

അക്ലേശേന വൈ സംഭവതി ഈശ്വരസ്യ ഗുണകീർത്തനം
തദ് ഗുണാനാം ച നിരൂപണം തു ക്ലേശകരമേവ പ്രതീയതേ
ഗുരോ: കൃപയാ ഏവ തജ് ജ്ഞാനമോദി ഗമ്യതേ (15)

ഈശ്വരന്റെ കീർത്തി വീണ്ടും വീണ്ടും ഉണ്ടാകുക എളുപ്പമാണ്. എന്നാൽ അതിന്റെ നിഗൂഢത അളന്നെടുക്കുന്നതോ ക്ലേശകരവും! ഒരു ഗുരുവിന്റെ സഹായത്താൽ അത് ഒരുവന്റെ മനസ്സിൽ പതിയുകയാണെങ്കിൽ അവൻ അതിന്റെ ഫലം എളുപ്പത്തിൽ അനുഭവിക്കയും ചെയ്യുന്നു.

वेनस्तत्पश्यन्विश्वा भुवनानि विद्वान् यत्र विश्वं भवत्येकनीडम् ।
यस्मिन्निदं सं च विचैति ओत:प्रोतश्व प्रजासु ॥16॥

വെനസ്തത് പശ്യന്വിശ്വാ ഭുവനാനി വിദ്വാൻ യത്ര വിശ്വഭവത്യേകനീഢം
യസ്മാന്നിദം സംചവി ചൈതി ഓത: പ്രോതശ്വ പ്രജാസു. (16)

ആ ഒരുവൻ ചലിക്കുന്നതും സ്ഥിതവും, നടക്കുകയും, നീന്തുകയും, പറക്കുകയും ചെയ്യുന്ന ഭഗവാനാകുന്നു. പ്രപഞ്ചത്തിൽ അവന്റെ എല്ലാറ്റിനെയും ഏകീകരിക്കുന്ന അവനിൽ നിന്നും എല്ലാം ഉത്ഭവിക്കയും ചെയ്യുന്നു.

अमोघाशिषस्तस्मिन्नेव सदैव सन्ति परमेश्वरस्य ।
यो जानाति दु:खत्रयजर्जरो मनुष्येह संसारे ॥
स एव ज्ञातुमर्हति दु:खत्रयस्य हेतवश्च परा-निवृत्तेरुपायश्च तस्य
स वै विजानाति संसारसागरस्य गहनं रहस्यम् ॥17॥

അമോ ഘാ ശിഷസ്ത സ്മിന്നേവ സദൈവ സന്തി പരമേശ്വരസ്യ
യോ ജാനാതി ദു:ഖത്രയജർജരോ മനുഷ്യേഹ സംസാരേ
സ ഏവ ജാതു മർഹതി ദു:ഖത്രയസ്യ
ഹേതവശ്ച പരാനിവൃത്തേ രൂപായശ്ച തസ്യ
സവൈ വിജാനാതി സംസാരസാഗരസ്യ ഗഹനം രഹസ്യം (17)

(ഇഹത്തിൽ) യാതൊരുവനാണോ കഷ്ടപ്പാടുകളുടെ നിലനില്പോ, അതിന്റെ കാരണങ്ങളോ, അതിനുള്ള പരിഹാരമോ, അതിന്റെ ഇല്ലായ്മയോ മനസ്സിലാക്കുന്നത് അവനെ ഈശ്വരൻ അനുഗ്രഹിക്കുന്നു. ജീവിതത്തിന്റെ നിഗൂഢതകൾ മനസ്സിലാക്കാൻ കഴിഞ്ഞാൽ മാത്രം.

वेदपठनं, पुरोहितेभ्यो दानं, यज्ञस्तापशीतादिकैरात्मपीडनम्
अमृतत्त्वलाभाय तपश्चरणमित्यादिकं मोहग्रस्तं परिशुद्धं न करोति ॥18॥

വേദപഠനം, പുരോഹിതേഭ്യോ ദാനം, യജ്ഞസ്താ പശീതാദി കൈരാത്മ പീഢനം
അമൃതത്വ ലാഭായ തപശ്ചരണമിത്യാദികം മോഹഗ്രസ്തം പരിശുദ്ധം ന കരോതി (18)

വേദങ്ങൾ പഠിക്കുകയും, പൂജാരികൾക്ക് അർച്ചനകൾ ചെയ്യുകയോ ഈശ്വരന് വേണ്ടി യജ്ഞങ്ങൾ നടത്തുകയോ, ചൂടുകൊണ്ടോ തണുപ്പുകൊണ്ടോ സ്വയം പീഢനം ചെയ്തതു കൊണ്ടോ മറ്റോ, നമുക്ക് അമൃതത്വം ലഭ്യമാകയില്ല. ഇവയൊന്നും മനുഷ്യനെ മായയിൽ നിന്നും മോചിപ്പിക്കുകയുമില്ല.

श्रद्धया पूजितो वै ईश्वरोस्मत्प्रार्थनां पूरयति ।

हे प्रियतम! तवैव सुरक्षाश्रितानां शुभैषणां च गृहाण ॥19॥

ശ്രദ്ധയാ പൂജിതോ വൈ ഈശ്വരോ സ്മത പ്രാർത്ഥനാം പൂരയതി

ഹേ പ്രിയതമ! തവൈവ സുരക്ഷാ

ശ്രിതാനാം ശ്രു ഭൈഷണാം ച ഗൃഹണാ (19)

ശ്രദ്ധയോടെ നാം ചെയ്യുന്ന പൂജകളാൽ, ഈശ്വരൻ നമ്മുടെ ഓരോ പ്രാർത്ഥനയും സ്വീകരിക്കുന്നു. ഏറ്റവും പ്രിയപ്പെട്ട ഭഗവാനെ, ഞങ്ങൾ സ്വയം അങ്ങയുടെ സംരക്ഷണയിൽ അർപ്പിക്കുകയാണ്. ഞങ്ങളുടെ എല്ലാ നന്മ നിറഞ്ഞ ആഗ്രഹങ്ങളും അവിടുന്ന് സ്വീകരിച്ചാലും!

अन्तश्चरन्ति मनसि कामास्तेभ्यो उदितानि

सर्वाणि चेष्टितानि कर्माणि इहलोके ॥

एतान् कामान् विलोक्यते विधाता ईशलोके

नराणां शुभाशुभ-कर्मफल-विधानकाले ॥

तीक्ष्णभाषणरताश्च ये, ये चातिदर्पपरायणाः

तेषाम् कृते स्वर्गो भवति पराङ्मुखः सर्वदा ॥20॥

അന്തശ്ചരന്തി മനസി കാമാസ്തേഭ്യോ ഉദിതാനി

സർവ്വാണി ചേഷ്ടിതാനി കർമ്മാണി ഇഹലോകേ

നരാണാം ശുഭാ ശുഭ കർമ്മഫല വിധാനകാലേ

തീക്ഷ്ണ ഭാഷണരതാശ്ച യേ, യേ ചാതിദർപ്പ പരായണാ:

തേഷാം കൃതേ സ്വർഗ്ഗോ ഭവതി പരാങ്മുഖ: സർവ്വദാ (20).

ഈശ്വരന്റെ സമക്ഷത്തിൽ എല്ലാ പ്രവൃത്തികളും അവ ചെയ്യുന്നതിന്റെ പ്രേരണയനുസരിച്ചാണ് വിലയിരുത്തപ്പെടുന്നത്. അഹങ്കാരിയോ ദുർഭാഷിയോ ഈശ്വരന്റെ സ്വർഗ്ഗത്തെ പ്രാപിക്കയില്ല.

नायमात्मा प्रवचनेन लभ्यः न मेधया न बहुधा श्रुतेन ।

यमेवैष वृणुते तेन लभ्यस्तस्यैष आत्मा विवृणुते तनुं स्वाम् ॥21॥

നായമാത്മാ പ്രവചനേന ലഭ്യ: ന മേധയാ ന ബഹുധാ ശ്രുതേന

യമേ വൈശ വൃണുതേ തേന ലഭ്യ സ്തംസ്യ ആത്മാ വിവൃണുതേ തനും സ്വാം (21)

വിപുലമായ പ്രസംഗങ്ങളാലോ, ബുദ്ധിശക്തികൊണ്ടോ, പലേവിധത്തിൽ ഉദ്ധരണികൾ ശ്രവിച്ചതുകൊണ്ടോ ഒരുവന് ഈശ്വരനെ വിലയിരുത്തുവാനാകയില്ല. യാതൊരുവനാണോ ഈശ്വരനെ പ്രേമം കൊണ്ട് സ്വീകരിക്കുന്നത്, അവനിൽ ഈശ്വരൻ തന്റെ പരിപൂർണ്ണ തേജസ്സ് കൊണ്ട് പ്രത്യക്ഷപ്പെടുന്നു. അവന് മാത്രമേ ഈശ്വരസമക്ഷം എത്തുവാനോ ഈശ്വരനെ ഗ്രഹിക്കാനോ കഴിയുകയുള്ളൂ.

शुभेषणा सत्यमक्रोधश्च शुद्धता सत्यवादिता
प्रेम-दयादयो गुणैरन्विताश्च ये जनाः ईश्वरस्तेषां प्रसीदति ॥22॥

ശുഭേഷണാ സത്യമക്രോധശ്ച ശുദ്ധതാ സത്യവാദികാ
പ്രേമ ദയാദയോ ഗുണൈരന്വിതശ്ച യേ ജനാ: ഈശ്വരസ്തേഷാം പ്രസീദതി (22)

ഈശ്വരൻ നിങ്ങളുടെ സ്വഭാവത്തിലെ നന്മ, സ്നേഹം, സത്യനിഷ്ഠ, പരിശുദ്ധി, ദയ എന്നീ ഗുണങ്ങളെ ഇഷ്ടപ്പെടുന്നു.

यावन्नैव आस्था ईश्वरे भवति पूर्णा
तावन्नाकपृष्ठं च भवति सुदुस्तरम्
सा आस्था च तावन्न याति पूर्णतां यावदास्तिकेषु न जायते प्रीतिः ॥23॥

യാവന്നൈവ ആസ്ഥാ ഈശ്വരേ ഭവതി പൂർണ്ണാ
താവന്നാകവൃഷ്ഠം ച ഭവതി സുദുസ്തരം
സം ആസ്ഥാ ച താവന്ന യതി പൂർണ്ണതാം
യാവദാസ്തി കേഷ്ഠ ന ജായതേ പ്രീതി: (23).

നിങ്ങൾക്ക് വിശ്വാസമില്ലാതിരുന്ന കാലത്തോളം നിങ്ങൾ സ്വർഗ്ഗത്തിലേക്ക് കടക്കുകയില്ല. അതേ പോലെ ഈശ്വരനിൽ വിശ്വസിക്കുന്ന ഏവരേയും ഇഷ്ടപ്പെടാതിരിക്കുന്നിടത്തോളം നിങ്ങൾക്ക് വിശ്വാസവും ഉണ്ടാകില്ല.

प्रतिनियतं प्रार्थनां कुर्वीत सदा तदर्थभावनया सह ।
ततो वै दृश्यते भगवदुद्भासं भाग्यश्रीश्च भवति प्रसन्ना ॥24॥

പ്രതിനിയതം പ്രാർത്ഥനാം കുർവ്വീത സദാ തദർത്ഥ ഭാവനയാ സഹ
തതോ വൈ ദൃശ്യതേ ഭഗവദുദ് ഭാഷം ഭാഗ്യശ്രീശ്ച ഭവതി പ്രസന്നാ! (24)

നിങ്ങളുടെ മുറ തെറ്റാതെയുള്ള പ്രാർത്ഥനകൾ തുടരട്ടെ. എന്തുകൊണ്ടെന്നാൽ ഈശ്വരന്റെ വെളിച്ചം ആർക്കാണോ വെളിവായിട്ടുള്ളത് അവരിൽ ഭാഗ്യവും പ്രസാദിക്കുന്നു.

दर्शन–गणितशास्त्रपारगानां भगवत्–प्रेषितमहाजनानाम्
प्रतिवोधसुकरं तु भगवत्–सृष्टिरहस्यं गहनं गभीरम् ॥
यश्च यस्य धर्ममार्गस्ततः प्रतीपगमनमीश्वरस्यासहनीयम् ॥25॥

ദർശന ഗണിത ശാസ്ത്ര പാരഗാനാം ഭഗവത് പ്രേഷിത മഹാജനാനാം
പ്രതിവോധസുകരം തു ഭഗവത് സൃഷ്ടി രഹസ്യം ഗഹനം ഗഭീരം
യശ്ച യസ്യ ധർമ്മ മാർഗ്ഗസ്തത: പ്രതീപഗമ മീശ്വ രസ്യാസഹനീയ (25)

ഈശ്വരസൃഷ്ടിയുടെ അഗാധത അനുമാനിക്കുവാൻ തത്വജ്ഞാനികൾക്കും, ഗണിതശാസ്ത്രജ്ഞർക്കും, രക്ഷകർക്കും എളുപ്പമാണ്. അവർ ധർമ്മപാതയിൽ നിന്നുമുള്ള ഒരു വ്യതിയാനവും സഹിക്കയില്ല.

पापरतद्याश्च भूत्वा श्रद्धया सेवामहे ईश्वरं नित्यम् ।
महान् वै ईश्वरो धी–हीनानां धियं यः प्रचोदयति ॥
तद्वदिहलोके वर्त्तते यः प्राज्ञो धी–सम्पत्समृद्धः ।
स एव नयेत् सुपथा यावदल्पज्ञान् जनान् पृथिव्याम् ॥26॥

പാപരഹിതാശ്ച ഭൂത്വാ ശ്രദ്ധയാ സേവാമഹേ ഈശ്വരം നിത്യം
മഹാൻ വൈ ഈശ്വരോ ധീ ഹീനാ നാം ധിയം യ; പ്രചോദയതി
തദ്വ ദിഹ ലോകേ വർത്തതേ യ: പ്രാജ്ഞേ ധീ സമ്പത് സമൃദ്ധ:
സ ഏവനയേത് സുപഥാ യാ വദല്പജ്ഞാനാൻ ജനാൻ പ്രിഥിവയം. (26)

പാപമോചിതരായി നമുക്ക് ഈശ്വരനെ ഭക്തിയോടെ സേവനം ചെയ്യാം. ചിന്തിക്കാതിരിക്കുന്നവന്റെ ബുദ്ധിയെ മഹാനായ ഈശ്വരൻ ഉത്തേജിപ്പിക്കുന്നു. അതേപോലെതന്നെ, ഇഹലോകത്തിൽ യാതൊരുവനാണോ ബുദ്ധിയെന്ന ധനമുള്ളത്, അവൻ അല്പജ്ഞാനികളായ മറ്റുള്ളവരെ ധർമ്മത്തിന്റെ പാതയിലാക്കി വേണ്ടത്ര സഹകരണവും നേതൃത്വവും നല്കണം.

ईश्वरस्य महद्दानं विवेको विद्यते नृणाम् ।
तस्मादधिकतरं समर्थसाधनमिष्टतरं वा न किंचनास्ति
तत्त्ववीधाय सम्यक् ॥27॥

ഈശ്വരസ്യ മഹദ് ദാനം വിവേകോ വിദ്യതേ ഗുണാം
തസ്മാദധികതരം സമർത്ഥസാധനമിഷ്ടതരം വാ ന കിം ചനാസ്തി
തത്വവിധായ സമ്യക. (27)

ഈശ്വരൻ മനുഷ്യന് കൊടുത്തിട്ടുള്ള ഏറ്റവും ശ്രേഷ്ഠമായ ഉപഹാരം അവന്റെ(മനുഷ്യന്റെ) വിവേചനബുദ്ധിയാണ്. ഈയൊരു സത്യം പൂർണ്ണമായും ഗ്രഹിക്കുകയാണ് മനുഷ്യന്റെ ഏറ്റവും ശ്രേഷ്ഠവും അഭികാമ്യവുമായ കാര്യം.

नग एव धरामेति, नगश्च प्रतिगच्छति ।
यद्दैवविहितं कर्म तत्तु साध्यं प्रयततः ॥28॥

നഗ്ന ഏവ ധരാമേതി നഗ്നശ്ച പ്രതി ഗച്ഛതി
യദൈവ വിഹിതം കർമ്മ തത്തു സാദ്ധ്യം പ്രയത്രത: (28)

ഒരുവർ ഭൂമിയിൽ നഗ്നനായി വരുന്നു. നഗ്നനായി തന്നെ പോകുന്നു. ദൈവികശക്തി നിശ്ചയിച്ചതുപോലെ ഒരുവൻ തന്റെ വിധിയുമായി യോജിച്ച് പ്രവർത്തിക്കേണം.

स एव सुखी सदैव यः स्वार्थपरतामत्येति सर्वशः
सत्यं तेनैव लब्धं शान्तिः शाश्वती तेनैव चाप्ता ॥29॥

സ എവ സുഖി സദൈവ യ; സ്വാർത്ഥ വരതാമ ത്യേതി സർവ്വശ:
സത്യം തെന്യെവ ലബ്ധം ശാന്തി: ശാശ്വതീ തെനൈവ ചാപ്ത (29)

സ്വാർത്ഥബുദ്ധിയെ തരണം ചെയ്ത് ശാന്തി കണ്ടെത്തി, സത്യത്തെ മനസ്സിലാക്കിയവനാണ് സന്തോഷവാൻ.

स्जीवनं यथाप्तं तमेव वरेण्यमिति विचिन्त्य
गतासूनां च पूरणशक्यं धर्मानुगं यस्य जीवितम् ।
जरया पीड्यमानोऽपि यस्तामभिनन्दति च
तेनैव लभ्यं भगवत्-प्रसादं दीर्घमायुश्चेति ध्रुवम् ॥30॥

ജീവനം ജീവനം യഥാപ്തം തമേവ വരേണ്യ മിതി വിചിന്ത്യ
ഗതാസൂനാം ച പൂർണ്ണശക്യം ധർമ്മാനുഗം യസ്യ ജീവിതം
ജരയാ പീഡ്യമാനോ വി യസ്താമ ഭിനന്ദതി ച
തേനൈവ ലഭ്യം ഭഗവത് പ്രസാദം ദീർഘമായുശ്ചേതി ധ്രുവം. (30)

ജരാനരകൾ സ്വീകരിച്ചുകൊണ്ട് ജീവിതത്തെ വരവേല്ക്കുക. മരണം കൊണ്ടുണ്ടാകുന്ന ഒഴിവുകൾ നിരത്തുവാനെന്ന വണ്ണം നിങ്ങൾ ഓരോരുത്തരും ഒരാൾക്ക് പിറകേ മറ്റൊരാൾ എന്ന ക്രമത്തിൽ നില്ക്കുക. ഈശ്വരൻ നിങ്ങൾക്ക് ദീർഘവും ആരോഗ്യപരവുമായ ജീവിതം നല്കുമാറാകട്ടെ!

ये विश्वासनिर्वाहं कुर्वन्ति स्व-वचनात् कदापि न प्रविचलन्ति
ईश्वरनाम्ना कृतां प्रतिज्ञां निर्वाहयन्ति ते वै विश्वास-परायणाः ॥31॥

യേ വിശ്വാസനിർവ്വാഹം സ്വ വചനാത് കദാപി ന പ്രവിചലന്തി
ഈശ്വരനാമ്ന കൃതാം പ്രതിജ്ഞാം
നിർവ്വാഹയന്തി നേ വൈ വിശ്വാസ പരായണാ (31)

തങ്ങളുടെ വിശ്വാസങ്ങൾ നിറവേറ്റുന്നവനും വാക്കുകളിൽ വീഴ്ചവരുത്താത്തവനും, ഈശ്വരനോടുള്ള പ്രതിജ്ഞ പാലിക്കുന്നവനുമാണ് കൃതജ്ഞതയുള്ളവൻ.

प्रीतिं विना भगवद्भक्तेषु श्रद्धा नैव परिपूर्यति
श्रद्धां विना नूनं भवति स्वर्ग: प्रवेशदुष्कर: ॥32॥
പ്രീതിം വിനാ ഭഗവദ്ഭക്തേഷ്ഠ ശ്രദ്ധാ നൈവ പരിപൂര്യതി
ശ്രദ്ധാം വിനാ നൂനം ഭഗവതി സ്വർഗ്ഗ: പ്രവേശ ദുസ്കര: (32)

ഈശ്വരനോട് ബഹുമാനമുണ്ടെങ്കിൽ മാത്രമേ നിങ്ങൾക്ക് സ്വർഗ്ഗപ്രാപ്തിയുണ്ടാകുകയുള്ളു; ഈശ്വരന്റെ എല്ലാ സൃഷ്ടികളേയും സ്നേഹിച്ചാൽ മാത്രമേ (ഈശ്വരനോട്) ബഹുമാനവും ഉണ്ടാകയുള്ളു.

यदा सन्तोषमाप्नोति सत्कार्योण असत्कार्योण क्लिश्यति
तदैव हि भवेन्नर: सत्यं सत्यमीश्वरास्थित: ॥33॥
യഥാ സന്തോഷ മാപ്നോതി സത്കാരീണ അസത് കാരീണ ക്ലിശ്യതി
തദൈവ ഹി ഭവേന്നര: സത്യം സത്യമീശ്വരാസ്ഥിത: (33)

എപ്പോഴാണോ നിങ്ങളുടെ സൽപ്രവൃത്തികൾ നിങ്ങൾക്ക് സന്തോഷം തരികയും, നിങ്ങളുടെ ദുഷ് പ്രവൃത്തികൾ നിങ്ങളെ ദു:ഖിപ്പിക്കയും ചെയ്യുന്നത്, അപ്പോൾ മാത്രമേ നിങ്ങൾ ഈശ്വരനോട് സത്യം പുലർത്തുന്നുള്ളൂ.

अन्नं यो ददाति बुभुक्षितेभ्य: पीडितानां भवति सहायक:
दु:खातान् समाश्लिष्यति तस्यैव ईश: प्रसीदति ॥34॥
അന്നം യോ ദദാതി ബുഭുക്ഷിതേഭ്യ പീഢിതാനാം ഭവതി സഹായക:
ദു:ഖത്താൻ സമാശില്യശ്യതി തസ്യൈവ ഈശ: പ്രസീദതി. (34)

നിങ്ങളൊരു മനുഷ്യജീവിയുടെ ഹൃദയത്തിൽ ആനന്ദം പകരുമ്പോൾ ഈശ്വരൻ പ്രീതനാകുന്നു; വിശക്കുന്നവനെ ഊട്ടുമ്പോഴും, കഷ്ടപ്പെടുന്നവനെ സഹായിക്കുമ്പോഴും, ദു:ഖിക്കുന്നവന്റെ വിഷമം ലഘൂകരിക്കുമ്പോഴും, വേദനിക്കുന്നവന്റെ നേരെയുള്ള തെറ്റുകൾ ദൂരീകരിക്കുമ്പോഴും ഈശ്വരൻ സംതൃപ്തനാകുന്നു.

क्षन्तव्याः सर्वजीवाश्च नापि शप्तव्या अरातयश्च ।
एवं ये मन्यन्ते तेषां प्रसीदति केशवः ॥35॥

ക്ഷന്തവ്യ: സർവ്വജീവാശ്ച നാപി ശസ്തവ്യ അരാതയശ്ച
എവം യേ മന്യന്തേ തേഷാം പ്രസീദതി കേശവ: (35)

നിങ്ങളുടെ എതിരാളിയെ ശപിക്കാതെ അവന് നേരെ കരുണ ചൊരിയൂ; ഈശ്വരൻ അത്തരക്കാരിൽ സംതൃപ്തനാകും.

यद् ददाति दक्षिणहस्तेन तन्न वामो विजानीयात्
एवं समाचरेत् बुध एष ईशानुशासनम् ॥36॥

യദ് തദതി ദക്ഷിണ ഹസ്തേന തന്ന വാമോ വിജാനീയാത്
എവം സമാചരേത് ബുധ എശ ഈശാ ശാസനം. (36)

ഇടം കൈ അറിയാതെ വലം കൈ കൊടുക്കുന്ന ദാനമാണ് ഏറ്റവും ശ്രേഷ്ഠമായ ദാനം. അതിനാൽ അപ്രകാരം ജീവിക്കുക. അതാണ് ഈശ്വരന്റെ കല്പനയും!

परत्र प्रया तेकर्म च तस्य नूनं विरमति इहलोके ।
तथापि तस्य त्राण-दान-ज्ञानप्रसारणादि सुकृतस्य कीर्त्या
सुचिरं जीवति स हृदयेषु जनानां प्रीत्या च तमनुचरंति जनाः ॥
येन केन प्रकारेण को हि नाम नु जीवति ।
परेषामुपकारार्थं यज्जीवति स जीवति ॥37॥

പരത്ര പ്രയാതേ നരേ കർമ്മച തസ്യന്തനം വിരമതി ഇഹലോകേ
തഥാപി തസ്യ ത്രാണ ദാന ജ്ഞാനപ്രസാരണാദി
സുകൃതസ്യ കീർത്ത്യാ സുചിരം ജീവതി സ ഹൃദയേഷ്ഠ
ജനാനാം പ്രീത്യാ ച തമനുചരം തി ജനാ: യേന കേന പ്രകാരേണ കോ
ഹി നാമ നു ജീവതി പരേഷാ മുപകാരാർത്ഥം യജ്ജീവതി സ ജീവതി. (37)

ഒരുവന്റെ മരണാനന്തരം ഇഹലോകത്തിൽ അവന്റെ പ്രവൃത്തികൾ നിലയ്ക്കുന്നു. എന്നാൽ അവൻ ചെയ്ത സൽപ്രവൃത്തികൾ ദാനം, വിദ്യാപ്രചരണം എന്നിങ്ങനെ എക്കാലത്തും വസിക്കുന്നു. അവ മറ്റുള്ളവരുടെ ഹൃദയത്തിൽ ശോഭാപൂരിതമാകയും മരണമടഞ്ഞവന്റെ വിശ്വാസികളാകയും ചെയ്യുന്നു. ഒരുവൻ ഏത് രീതിയിലും ജീവിച്ചെന്നിരിക്കാം പക്ഷെ അപരന്റെ നന്മയ്ക്ക് വേണ്ടി ജീവിച്ചവർ മാത്രമേ യഥാർത്ഥത്തിൽ തന്റെ ജീവിതം നയിച്ചിട്ടുള്ളൂ.

ईश्वरसृष्टौ जगति क्रोधद्वेषौ दूरतः परिहर ।
यतो हि द्वावते मनुष्याणां सुकृतं ग्रसतः निर्मूलयतश्च
यथा अगिरिन्धनं दहति भस्मीभूतं करोति च ॥38॥

ഈശ്വരസൃഷ്ടൗ ജഗതി ക്രോധ ദ്വേഷൗ ദൂരത: പരിഹര
യതോഹി ദ്വാവേ തൈ മനുഷ്യാണാം സുകൃതം ഗ്രസ്ത: നിർമ്മൂല യതശ്ച
യഥാ അഗ്നിരിന്ധനം ദഹതി ഭസ്മീഭൂതം കരോതി ച (38)

ഈശ്വരന്റെ ലോകത്തിൽ ക്രോധം, ദ്വേഷം എന്നിവയിൽ നിന്നും(നിങ്ങൾ) വിട്ടുനില്ക്കുക. എന്തുകൊണ്ടെന്നാൽ ഇവ രണ്ടും അഗ്നിമരത്തെ ഗ്രസിച്ച് ഇല്ലായ്മ ചെയ്യും വിധം നമ്മുടെ എല്ലാ സൽപ്രവൃത്തികളേയും ഭസ്മീകരിക്കുന്നു.

माता तु सदा स्नेहार्द्रचित्ता नितरां सन्तान-वत्सला ।
सादरं यथा क्रोडे गृहणाति रुरुद्यमानं निजपुत्रम् ॥
ईश्वरस्तु सदा भक्तवत्सलः करुणाघनविग्रहः ।
आत्मनि गृहणाति तथा भक्तस्यश्रद्धया कृतां स्तुतिम् ॥39॥

മാതാ തു സദാ സ്റ്റേഹാദ്ര ചിത്താ നിതരാം സന്താന വത്സലാ
ഈശ്വരസ്തു സദാ ഭക്തവത്സല: കരുണാ ധനവിഗ്രഹ:
ആത്മനി ഗൃഹണാനി തഥാ ഭക്തസ്യ ശ്രദ്ധയാ കൃതാം സ്തുതിം. (39)

ഒരു മാതാവ് തന്റെ കരയുന്ന പുത്രനെ തികഞ്ഞ വാത്സല്യത്തോടെ തന്റെ മടിയിലിരുത്തി താലോലിക്കുന്നത് പോലെ, കരുണാശാലിയായ ഈശ്വരനും, തന്റെ സദാസ്റ്റേഹികളായ ഭക്തരുടെ ഭക്തിസാന്ദ്രമായ കീർത്തനങ്ങൾ സ്വീകരിക്കുന്നു.

इन्द्रं मित्रं वरुणमग्निमाहुरथो दिव्यः स सुपर्णो गरुत्मान् ।
एकं सद् विप्रा बहुधा वदंत्यग्नि यमं मातरिश्वानमाहुः ॥40॥

ഇന്ദ്രം മിത്രം വരുണമഗ്നി മാഹുരഥോ ദിവ്യ: സ സുപർണോ ഗരുത്മാൻ
ഏകം സത് വിപ്രാ ബഹുധാ വദന്ത്യഗ്നിം യമം മാതാരിശ്വാനമാഹു. (40)

ഇന്ദ്രൻ, മിത്രൻ, വരുണൻ, അഗ്നി, ദിവ്യനായ ഗരുത്മാൻ ഇവരുടെയെല്ലാം പേരെടുത്ത് നോക്കുക. ഇവരെല്ലാം ഒരേ സത്യത്തിന്റെ പ്രതിഫലനം മാത്രമാണ്. ഋഷികൾ ഇവരെ അഗ്നി, യമൻ, മാതാരിശിവൻ എന്നീ നാമങ്ങളാൽ വിളിക്കുന്നു.

उषाकाले अनुदये संध्यायां चास्तमिते रवौ देवं समुपासीत मन्दिरे ।
ध्यायमानश्च तस्य महिमानं देवस्य सायुज्यं प्रार्थय समाजेन सह ॥41॥

ഉഷാകാലേ അനുദയേ സന്ധ്യായാം ചാസ്തമിതേ രവന ദേവം സമുപാസിത മന്ദിരേ
ധ്യായാ യമാനശ്ച മഹിമാനം
ദേവസ്യ സായൂജ്യം പ്രാർത്ഥയ സമാജേന സഹ. (41)

ഉഷസ്സിന്റെ ആദികാലത്തും, അസ്തമയത്തിന് ശേഷമുള്ള അപരാഹ്നത്തിലും, ദിവ്യശക്തിയുമായി, പ്രാർത്ഥനയിലൂടെയും(ഈശ്വരന്റെ) പെരുമയെ ക്ഷേത്രത്തിൽ സമുദായംഗങ്ങളോടൊപ്പം മനനം ചെയ്തു കൊണ്ടും, ബന്ധം പുലർത്തുക.

यस्यापि प्रेमातिशयमस्ति ईश्वर-दर्शनायाचिरात् ।
ईश्वरस्यापि प्रेमातिशयं भवति स्वरूप-प्रदर्शनाय तम् ॥42॥

യസ്യാപി പ്രേമാ തിശയമസ്തി ഈശ്വര ദർശനായാചിരാത്
ഈശ്വരസ്യാപി പ്രേമാതിശയം ഭവതി സ്വരൂപ പ്രദർശനായ തം (42)

ഈശ്വരനെ യാതൊരുവനാണോ ദർശിക്കുവാൻ താല്പര്യപ്പെടുന്നത്, അവനെ ദർശിക്കുവാൻ ഈശ്വരനും തല്പരതയുണ്ടാകും.

यत्र यत्रापि पृथिव्यां वर्त्तते विद्वान् भगवत्-सेवकोत्तमः ।
ज्ञानान्वेषणाय गन्तव्यं तत्तत् स्थानं तीर्थभूतं पवित्रम् ॥43॥

യത്ര യത്രാപി പൃഥ്വിയാം വർത്തതേ വിദ്വാൻ ഭഗവത് സേവ കോത്തമ:
ജ്ഞാനാ ന്വേഷണായ ഗന്തവ്യം തത്താത് സ്ഥാനം തീർത്ഥഭൂതം പവിത്രം. (43)

ജ്ഞാനലബ്ധിക്കുവേണ്ടി ഒരു ജ്ഞാനി വസിക്കുന്ന ഏതൊരു ദിക്കിലും പോകുക. ഒരു ജ്ഞാനി ഈശ്വരനെ നല്ല രീതിയിൽ സേവിക്കുന്നു. അവന്റെ വാസ സ്ഥലം തന്നെ പവിത്രമാണ്.

ज्ञानमाहर, ज्ञानवान् वै सदसद् विवेकमेति ।
ऋतं च चरितुं शक्नुयान् मर्त्ये, गतिनिर्देशमाप्नुयात् च स्वर्गलोके ॥44॥

ജ്ഞാന മാഹാര, ജ്ഞാനവാൻ വൈ സദസദ് വിവേകമേതി
ഋതം ച ചരിതം ശക്നുയാൻ മർത്ത്യേ,
ഗതി നിർദേശ മാപ്നു യാത് ച സ്വർഗ്ഗലോകേ. (44)

ജ്ഞാനം സമ്പാദിക്കുക. അത് അവനെ തെറ്റിൽ നിന്നും ശരിയെ തിരിച്ചറിയുവാൻ സഹായിക്കും. ഭൂമിയിലും സ്വർഗ്ഗത്തിലും ശരിയായ തീരുമാനം എടുക്കുന്നതിനും ഇത് സഹായകമാകും.

तिष्ठास्मिन् जगत्यां नलिनीदलगतजलबिन्दुवत्
वित्तं वर्धय, मा भव तदासक्तः
कथं त्वमिह ईश्वरेण प्रेरितो यदि न कर्त्तुं जगत् ऋद्धतरम् ! 45॥

തിഷ്ഠാസ്മിൻ ജഗത്യാം നളിനി ദലഗത ജലബിന്ദുവത്
വിത്തം വർദ്ധയ, മാ ഭവ തഥാസക്ത:
കഥം ത്വമിഹ ഈശ്വരേണ പ്രരിതോ യദി ന കർത്തും ജഗത് ഋധതരം! (45)

താമരദലത്തിലെ ജലകണം പോലെ ലോകത്ത് വസിക്കുക. ധനം സമ്പാദിക്കുക, എന്നാൽ അതിനോട് ബന്ധപ്പെടരുത്. ഈശ്വരൻ നിങ്ങളെ ഇവിടേക്കയച്ചത് ലോകം കൂടുതൽ ധന്യമാക്കുവാനാണ്.

यदि भवति अन्विष्टं शाश्वतमानन्दम्
भूमानन्दस्वरूपात् प्रार्थय आनन्दमश्नुते ध्रुवम् ॥46॥

യദി ഭവതി അനിഷ്ടം ശാശ്വതമാനന്ദം
ഭൂമാനന്ദ സ്വരൂപാത് പ്രാർത്ഥയ ആനന്ദമസ്സുതേ ധ്രുവം (46)

ശാശ്വതമായ ആനന്ദം ആർ തേടുന്നുവോ, അവൻ അതിനെ പ്രാർത്ഥനകൊണ്ട് സർവ്വവ്യാപിയായ ശക്തിയിൽ നിന്നും തേടട്ടെ!

यस्याचाराः नीतिधर्मनियताश्चिन्तनं च उत्तमं तत्त्वविकाशकरम्
पितरौ तथाचार्याश्च यस्मात् पूजा च सेवा च यथाविधि-प्राप्ताः
यस्तु स्व-दोषानां विशोधनाय स्वयमेव यतते सर्वदा
स भवति ईश्वरस्य परमप्रेमप्रसादभाजनमिति न संशयम् ॥47॥

യസ്യാചാരാ: നീതിധർമ്മനിയതാശ്ചിന്തനം ച ഉത്തമം തത്വ വികാശകരം
പിതരന തഥാശ്ചര്യാശ്ച യസ്മാത് പൂജാ ച സേവാ ച യഥാ വിധി പ്രാപ്താ:
യസ്തു സ്വ ദോഷാൺ വിശോധനായ സ്വയമേവ യതതേ സർവ്വദ
സ ഭവതി ഈശ്വരസ്യ പരമപ്രേമ പ്രസാദ ഭജനമിതി ന സംശയം. (47)

ആദർശങ്ങളുടെ തത്വങ്ങൾ ദൃഢമായി പാലിക്കുന്നവനും, നല്ല ചിന്തകൾ ഊട്ടുകയും പോഷിപ്പിക്കുകയും ചെയ്യുന്നവനും, രക്ഷിതാക്കളെയും അദ്ധ്യാപകരെയും ബഹുമാനിക്കയും സേവിക്കയും, സ്വന്തം തെറ്റുകൾ തിരുത്തുകയും ചെയ്യുന്ന ഒരുവനെ ഈശ്വരൻ അത്യന്തം സേവിക്കുന്നു.

महत् वै सत्यं मधुमच्च, सत्ये स्थिते पापान्मुच्यते
सत्याद् बलवत्तरो न कश्चिदपि त्राता विद्यते भूतले ॥48॥

മഹത് വൈ സത്യം മധുമച്ച, സത്യേ സ്ഥിതേ പാപാനുമുച്യതേ
സത്യാദ് വലവത്തരോ ന കശ്ചിതപിത്രാതാ വിധതേ ഭൂതലേ! (48)

സത്യം പാവനവും മധുരിതവുമാണ്. സത്യത്തിന് നിങ്ങളെ പാപവിമുക്ത നാക്കാനാവും. ലോകത്ത് സത്യത്തിനുപരിയായി സത്യത്തിന് ഉപരിയായി, ശക്തമായി ലോകത്ത് ആർക്കുമധികം ചെയ്യാനാവില്ല.

मनो हि सर्वकरणानां ज्येष्ठं च श्रेष्ठं च ।
मनः-प्रभवा हि प्रवृत्तिराद्या चेष्टितानां कर्मणाम् ॥
सर्वे भावपदार्थाश्च मनस्येव प्रजायन्ते ॥49॥

മനോ ഹി സർവ്വ കരണാനാം ജ്യേഷ്ഠം ച ശ്രേഷ്ഠം ച

മന: പ്രഭവാഹി പ്രവൃത്തി രാധ്യാ ചേഷ്ടിതാനാം കർമ്മണാം
സർവ്വേ ഭാവ പദാർത്ഥാശ്ച മനസ്യേവ പ്രജായന്തേ (49)

എല്ലാപ്രവൃത്തികളുടെയും മുന്നിൽ മനസ്സാണുള്ളത്. മനസ്സിലാണ് ഏറ്റവും വലിയ വിവേകശക്തി കുടികൊള്ളുന്നതും. എല്ലാ ലക്ഷണങ്ങളുടേയും ഉറവിടവും മനസ്സാണ്.

ईश्वरस्य जीवानां हितार्थं य उत्सृज्यति जीवनं कर्म च
स भवति प्रेमास्पदं सर्वजनानाम् ।
ईश्वरे तु संशयं यस्य स भवति घृणाभाजनम् ॥50॥

ഈശ്വരസ്യ ജീവാനാം ഹിതാർത്ഥയ ഉത്സൃജ്യതി ജീവനം കർമ്മ ച
സ ഭവതു പ്രേമാസ്പദം സർവ്വജനാനാം ഈശ്വരേതു സംശയം യസ്യ
സ ഭവതു ഘൃണാ ഭാജനം (50)

തന്റെ ജീവിതവും പ്രവൃത്തിയും ഈശ്വരന്റെ സൃഷ്ടികൾക്കായി ഉഴിഞ്ഞുവെച്ച അവനെ സ്നേഹിക്കുക. ഈശ്വരനെ സംശയിക്കുന്നവനെ വെറുക്കുക.

ईश्वर परलोके च यस्यास्ति दृढमतिः ।
तेन न कर्त्तव्यं हिंसनं प्रतिवेशिनं कायेन मनसा वापि ॥51॥

ഈശ്വരേ പരലോകേ ച യസ്യാസ്തി ദൃഢമതി:
തേന ന കർത്തവ്യം ഹിംസനം പ്രതിവേശിനം കായേന മനസാ വാപി. (51)

ഈശ്വരനിലും ജീവിതാനന്തരത്തിലും ദൃഢമായി ആർ വിശ്വസിക്കുന്നുവോ അവൻ തന്റെ സഹജീവിയെ കായികമായോ മാനസികമായോ മുറിവേല്പിക്കാതിരിക്കട്ടെ!

प्रतिवेशिनां कमपि क्षुधार्तं पश्यन् तमभुक्तं त्यक्त्वा
धार्मिको जनः स्वयं तु भूरिभोजनं कर्त्तुं न शक्नोति ॥52॥

പ്രതിവേശിനാം കമപി ക്ഷുധാർത്തം പശ്യൻ തമഭുക്തം ത്യക്ത്വാ
ധാർമ്മികോ ജന: സ്വയം തു ഭുരിഭോജനം കർത്തും ന ശക്നോതി. (52)

ഒരു യഥാർത്ഥ ധാർമ്മികൻ സ്വയം ഭുജിച്ച് തന്റെ സഹജീവികളെ പട്ടിണിക്കിടുകയില്ല.

जिह्वा यस्य मर्मघातिनी निन्द्यवाक्–भाषणरता ।
यो भवति सदा परपीडन–शोषण–प्रवृत्तिमनस्कः ॥
धर्मानुष्ठानादपि न तस्य निष्कृतिः स्यात् कदाचन ।
न कुत्रापि तस्य हिताय प्रायश्चित्तोऽपि विधीयते ॥53॥

ജിഹ്വാ യസ്യമർമ്മധാതിനി നിന്ദ്യാ വാക് ഭാഷണരതാ
യോ ഭവി സദാ പരപീഢന ശോഷണ പ്രവൃത്തി മനസ്കഃ
ധർമ്മാനുഷ്ഠാനാദപി ന തസ്യ നിഷ്കൃതിഃ സ്യാത് കദചന
ന കുത്രാപി തസ്യ ഹിതായ പ്രായശ്ചിത്തോ പി വിധീയതേ (53)

ദുഷിച്ച വചനങ്ങൾക്കും, പകയും കാമവും നിറഞ്ഞ മനസ്സിനും എത്ര തന്നെ ധർമ്മാനുഷ്ഠാനങ്ങൾ ചെയ്താലും യാതൊരു മോചനവും ലഭിക്കയില്ല.

प्राज्ञश्च विचक्षणश्च स एवास्ते संयता यस्येन्द्रियभोगवासना
यस्यास्ति च पारितोषिके विरक्तिः ॥
स वै मोहान्धकारे निमग्नो अन्धवदज्ञः प्रचरति संसारे
यो भोगलालसापूरणे ताडितोऽपि क्षमां याचते ईश्वरान्मृषा ॥54॥

പ്രാജ്ഞശ്ച വിചക്ഷണശ്ച സ ഏവാസ്തേ സംയതാ യസ്യേന്ദ്രിയ ഭോഗവാസനാ
യസ്യാസ്തി ച പാരിതോഷികേ വിരക്തിഃ സ വൈ മോഹാന്ധകാരേ നിമഗ്നോ
അന്ധ വദജ്ഞ! പ്രചരതി സംസാരേ യോ ഭോഗാ ലലസാപൂരണേ താഡിതോപി
ക്ഷമാം യാചതേ ഈശ്വരാന്മൃഷാ (54)

തന്റെ ശാരീരികാഗ്രഹങ്ങൾ നിയന്ത്രിക്കയും പാരിതോഷികങ്ങൾ ത്യജിക്കയും ചെയ്യുന്നവൻ ബുദ്ധിമാനും വിവേകിയുമാകുന്നു. എന്നാൽ തന്റെ കാമാസക്തിക്ക് വേണ്ടി യത്നിക്കയും അതിന് ശേഷം വൃഥാ ഈശ്വരനോട് മാപ്പിന് അപേക്ഷിക്കയും ചെയ്യുന്നവൻ ബുദ്ധിശൂന്യനുമാണ്.

कुतश्चिद् देशादागतं वा काचन जनजातिजातं वा
ईश्वरादभयप्रार्थिनं शरणार्थिनमाश्रयं प्रदेयं मंगलं च विधेयम् ॥55॥

കുതാശ്ചിദ് ദേശാദാഗതം വാ കാചന ജനജാതിജാതം വാ
ഈശ്വരാദ ഭയ പ്രാത്ഥിനം ശരണാർത്ഥി നമാശ്രയം പ്രദേയം
മംഗളം ച വിധേയം. (55)

ലോകത്തിന്റെ ഏത് ഭാഗത്തുനിന്നുള്ളവനായാലും, ഏത് കുലത്തിൽനിന്നായാലും ഭയത്തിൽ നിന്ന് സംരക്ഷണം നേടുവാനും ഈശ്വരനിൽ ശരണം പ്രാപിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നവനും വേണ്ട സഹായം നല്കുക. അവനോട് നന്മ കാട്ടുക. അവന് സുരക്ഷയും സമാധാനവും തോന്നുമാറാകട്ടെ!

ईश्वरं केवलं भयं कुर्वाणः सर्वापदि विपदि चैव
न कस्मादपरात् स बिभेति निर्भयं जीवतीति ध्रुवम् ॥56॥

ഈശ്വര കേവലം ഭയം കുർവ്വാണാ; സർവ്വാപദി വിപദി ചൈവ
ന കസ്മാ ദപരാത് സ വിഭേതി നിർഭയം ജീവതീതി ധ്രുവം (56)

ദൈവത്തെ ഭയക്കുന്നവന് വേറൊന്നിനേയും ഭയക്കേണ്ടതായിട്ടില്ല. ഏതെങ്കിലും ആപത്തോ പ്രതികൂലാവസ്ഥയോ നിമിത്തം അവന് യാതൊരുവിധ ഭയവും ഉണ്ടാകുന്നില്ലതാനും.

अतिप्राकृतक्रियासिश्वश्च ईश्वरस्य मांगल्यवार्त्तावहाश्च केवलम् ।
ते च श्रश्वर्हास्तथापि उपास्यस्तु एक एवाद्वितीयः परमेश्वरः ॥57॥

അതിപ്രാകൃത ക്രിയാ സിദ്ധാശ്ച ഈശ്വരസ്യ മംഗല്യവാർത്താവനാശ്ച കേവലം
തേ ച ശ്രദ്ധാഹ സ്ഥാപി ഉപായസ്തു ഏക ഏവാദ്വിതീയ: പരമേശ്വര: (57)

അത്ഭുതങ്ങളും സിദ്ധികളും കാണിക്കുവാൻ കഴിവുള്ളവൻ ഈശ്വരന്റെ മംഗളകാര്യങ്ങളുടെ സന്ദേശവാഹകരാണ്. അവരെ ബഹുമാനിക്കുക. എന്നാൽ ആരാധന സർവ്വശ്രേഷ്ഠനായ പരമേശ്വരന് മാത്രമായിരിക്കണം.

विभवे सति तु यो नृशंसो विधिं विहाय चरति जीवनम् ।
अन्यायवत्तश्च भिक्षामाददाति तं प्रति ईश्वरो भवति पराङ्मुखः ॥58॥

വിഭവേ സതി തു യോ നൃശംസോ വിധിം വിഹായ ചരതി ജീവനം
അന്യായ വൃത്തശ്ച ഭിക്ഷാ മാദദാതി
തം പ്രതി ഈശ്വരോ ഭവതി പരാന്മുഖ: (58)

ഹൃദയശൂന്യനായ ഒരുവനിൽനിന്നും സന്മാർഗ്ഗ രീതികളെ ധ്വംസിക്കുന്നവനിൽ നിന്നും, മറ്റുള്ളവരോട് അനീതി കാണിക്കുന്നവനിൽ നിന്നും, സമ്പത്തുണ്ടെങ്കിൽ കൂടി കൂടുതൽ സമ്പത്തിനുവേണ്ടി പ്രാർത്ഥിക്കുന്നവനിൽ നിന്നും ഈശ്വരൻ അകന്നു നില്ക്കുന്നു.

क्लान्तानां हृदयं य आह्लादयति आर्त्तानां क्लेशं च ।
यो दूरीकरोति स स्वर्गस्य लभते राजमार्गम् ॥59॥

ക്ലാന്താനാം ഹൃദയം യ ആഹ്ലാദയതി ആർത്താനാം ക്ലേശം ച
യോ ദൂരീകരോതി സ സ്വർഗ്ഗസ്യ ലഭതേ തജ മാർഗ്ഗം! (59)

ക്ഷീണിച്ചവന് സുഖം പകരുന്നവനും, കഷ്ടപ്പെടുന്നവന്റെ ദു:ഖം ദൂരീകരിക്കുന്നവനും സ്വർഗ്ഗത്തിലെത്തുവാൻ എളുപ്പമാർഗ്ഗമാണ് തുറന്നു കിട്ടുക.

यः समर्थयते विश्वस्तान् आर्तानां च सहायकः ।
स पश्येत् स्वर्गद्वारमपावृतम् ईश्वरमपि सहायकम् ॥60॥

യ: സമർത്ഥ യതേ വിശ്വസ്ഥാൻ ആർത്ഥാനം ച സഹായക:
സപശ്യേത് സ്വർഗ്ഗ ദ്വാരമപാവൃതം ഈശ്വരമപി സഹായകം. (60)

ഈശ്വരവിശ്വാസികളെ പിന്തുണയ്ക്കുന്നവനും, കഷ്ടപ്പാടുള്ളവന് സഹായം നല്കുന്നവനും ഈശ്വരൻ സ്വർഗ്ഗവാതിൽ തുറന്ന് കൊടുക്കുന്നു.

पृष्ठघातो व्यभिचारादपि भयंकर: । ईश्वर: पृष्ठघातिनं
तावन् न क्षमते यावदेवाहतस्य क्षमामसौ न लभेत ॥61॥

പൃഷ്ഠഘാതോ വ്യഭി ചാരാദപി ഭയങ്കര: ഈശ്വര പൃഷ്ഠ ഘാതിനം
താവൻ ന ക്ഷമതേ യാവ ദേവാഹതസ്യ ക്ഷമാ മസന ന ലഭതേ (61)

പരദൂഷണവും ഏഷണിയും വ്യഭിചാരത്തേക്കാൾ വലിയ തെറ്റാണ്. ഏഷണി മൂലം മുറിവേറ്റവൻ പൊറുത്തല്ലാതെ ഈശ്വരൻ ഒരിക്കലും ഒരു ഏഷണിക്കാരന് മാപ്പ് കൊടുക്കുകയില്ല!

यस्तु नाचरति भैक्ष्यं परिश्रमेण तु अर्जयति
स्वजीविकां पुरुषस्य तस्य ईश्वर: प्रसीदति ॥62॥

യസ്തു നാ ചരതി ഭൈക്ഷ്യം പരിക്ഷമേൺ തു അർജയതി സ്വ ജീവികാം
പുരുഷസ്യ തസ്യ ഈശ്വര: പ്രസീദതി (62).

ഭിക്ഷ ചോദിക്കാതെ സ്വന്തം അദ്ധ്വാനം കൊണ്ട് ജീവിതം പുലർത്തുന്നവനെ ഈശ്വരൻ ഇഷ്ടപ്പെടുന്നു. അവനിൽ കരുണ ചൊരിയുന്നു.

यो ददाति अन्नं स्वजनाय स तवानुगत्यमर्हति
विरोधं तेन सह क्रियते चेत् ईश्वरो भवति विरक्त: ॥63॥

യോ ദദാതി അന്നം സ്വജനായ സ തവാനുഗത്യ മർഹതി
വിരോധം തേന സഹ ക്രിയതേ ചേത് ഈശ്വരോ ഭവതി വിരക്ത: (63)

നിങ്ങളുടെ കുടുംബത്തിന് ഭക്ഷണം തരുന്നവനോട് നിങ്ങൾ കൃതജ്ഞത കാണിക്കേണം. ഈശ്വരനെ കോപിക്കുന്നവന് നേരെ നിങ്ങൾ വെറുപ്പും കാട്ടേണം.

धनवान् पश्यतु धनवत्तरमुत्तरोत्तरम् ।
दरिद्रोऽपि पश्यतु दरिद्रतरमध: क्रमम् ।
एवमेव विचार्यं तारतम्येन ईश्वर-प्रसादम् ॥64॥

ധനവാൻ പശ്യതു ധനവത്തരമുത്തരോത്തരം
ദരിദ്രോപി പശ്യതു ദരിദ്രതരമധ: ക്രമം
ഏവമേവ വിചാര്യം താരതമ്യേന ഈശ്വരപ്രസാദം. (64)

ഒരു ധനികൻ തന്നെക്കാളും മിതഭാഗ്യവാന്മാരെ നോക്കുക.അതേ പോലെ ഒരു ദരിദ്രൻ തന്നെക്കാളും കഷ്ടപ്പെടുന്നവനെ നോക്കുക. ഇപ്രകാരം ഏവരും താരതമ്യേനെ ഈശ്വരൻ അവർക്ക് നല്കിയതിനെ വിലയിരുത്തുക.

कामी इन्द्रियदासोऽस्ति कामभोगलालसा नीचत्वं नयति ।
तिष्ठ जगति पद्मपत्रमिवांभसा। एतद्वै ईश्वरानुशासनम् ॥65॥

കാമി ഇന്ദ്രിയ ദാസോസ്തി കാമഭോഗാലസാ നിചത്വം നയതി
നിഷ്ഠ ജഗതി പദ്മപത്രമിപാംഭസാ ഏതദ്വൈ ഈശ്വരാനുശാസനം. (65)

കൂടുതൽ ഇന്ദ്രിയ ഭോഗമാഗ്രഹിക്കുന്നവർ തന്റെ ഭോഗങ്ങൾക്ക് അടിമയാകുന്നു. കാമം ആരെയും തരം താഴ്ത്തുന്നു. ജലത്തിന് മദ്ധ്യത്തിലാണെങ്കിൽ കൂടിയും നനവേല്ലാതെ നില്ക്കുന്ന താമരപ്പൂവിനെ പോലെ വർത്തിക്കുവാൻ ഈശ്വരൻ നമ്മോട് ആജ്ഞാപിക്കുന്നു.

विषयसुखत्यागं वा समाजं प्रति यत् कर्त्तव्यम्
तत् त्यागं नैव त्यागमीश्वरप्रीणितम्
कामपाश-विमोचनमिति त्यागमी रसम्मतम् ॥66॥

വിഷയസുഖ ത്യാഗം വാ സമാജം പ്രതി യത് കർത്തവ്യം
കാമ പാശ വിമോചനാമിതി ത്യാഗമീശ്വരസമ്മതം. (66)

ലൌകികസുഖങ്ങളെ ത്യജിക്കുകയും സാമൂഹികചുമതലകൾ കൈയൊഴിയുകയും ചെയ്യുന്ന ഒരുവനെ ഈശ്വരൻ ഇഷ്ടപ്പെടുന്നില്ല. എന്നാൽ കാമത്തിന്റെ ബന്ധനത്തിൽ നിന്നും വിട്ടു നില്ക്കുന്ന ഒരുവനെ മാത്രമാണ് ഈശ്വരൻ ഇഷ്ടപ്പെടുന്നത്.

सत्यं यस्य व्रतोपवासं सन्तोषं तीर्थभूतम् ।
दिव्यज्ञानं ध्यानं च यज्ञस्वरूपम् ॥
दया च प्रतिमा यस्य क्षमा वै जपमाला ।
तस्य प्रसीदति ईश्वरः पुरतो नित्यम् ॥67॥

സത്യം യസ്യ വ്രതോപവാസം സന്തോഷം തീർത്ഥഭൂതം
ദിവ്യജ്ഞാനം ധ്യാനം ച യജ്ഞസ്വരൂപം
ദയാ ച പ്രതിമാ യസ്യ ക്ഷമാ വൈ ജപമാല
തസ്യ പ്രതീദതി ഈശ്വര: പുരതോ നിത്യം (67)

യാതൊരുവൻ സത്യത്തെ തന്റെ ഉപവാസമായും, സംതൃപ്തിയെ തീർത്ഥാടന കേന്ദ്രമായും, ദിവ്യജ്ഞാനവും ധ്യാനവും തന്റെ വ്രതസ്ഥാനമായും, കരുണ അവരുടെ പ്രതിരൂപമായും, ക്ഷമാസഹനശീലം രുദ്രാക്ഷമായും കണക്കാക്കു

ന്നുവോ അവൻ ഈശ്വരന്റെ തൃപ്തിയിൽ അഗ്രഗണ്യനായിരിക്കും.

हिंसनात् स्तेयादनृतात् विरतो भव । एष ईश्वरादेशः ॥68॥

ഹിംസനാത് സ്റ്റേയാ ദനൃതാത് വിരതോ ഭവ എശ ഈശ്വരാദേശ (68)

ഹിംസ, മോഷണം, അസത്യവചനം എന്നിവയിൽ നിന്ന് വിട്ടുനില്ക്കുവാൻ ഈശ്വരൻ നിങ്ങളോട് കല്പിക്കുന്നു.

ईश्वरं मा दूषय। स्वयं विचारय ।
स्वकृत–पापप्रजातं वै सर्वं तव दुःखभोगम् ॥69॥

ഈശ്വരൻ മാ ഭൂഷയാ സ്വയം വിചാരയ സ്വകൃത പാപപ്രജാതം വൈ
സർവ്വം തവ ദുഃഖ ഭോഗം (69)

നിങ്ങൾ ചെയ്ത പാപങ്ങളാണ് നിങ്ങളുടെ ബുദ്ധിമുട്ടുകൾക്കും വിഷമങ്ങൾക്കും കാരണം. അതിനെ വേണ്ട വിധേന വിലയിരുത്തുക. ഈശ്വരനെ ഇതിനായി പഴിക്കരുത്.

ईश्वरं न दूषय यदि तव वारिणा परिपूरितो दीपो अन्धकारं न दूरीकरोति
यदि वा विनष्टेन्धनेनाग्निप्रज्ज्वलनस्य प्रचेष्टा विफला भवति ॥70॥

ഈശ്വരം ന ഭൂഷയ യദി തവ വാരിണാ പരിപൂരിതോ ദീപോ അന്ധകാരം ന
ദൂരീകരോതി യദി വാ വിനഷ്ടേന്ധനേനാഗ്നി
പ്രജ്ജ്വലനസ്യ പ്രചേഷ്ടാ വിഫലാ ഭവതി. (70)

ജലം നിറച്ച വിളക്കിലെ തിരി പ്രഭാപൂരിതമായില്ലെങ്കിലോ, ദ്രവിച്ച മരത്തടികൊണ്ട് തീ കത്തിക്കുന്നതിനുള്ള നിങ്ങളുടെ ശ്രമം പാഴായി പോയതിനോ നിങ്ങൾ ഈശ്വരനെ കുറ്റപ്പെടുത്തരുത്.

यावत् तृष्णा स्थिता नृषु संसारसुखभोगस्य
तावद् वृथा तपश्चर्या ईश्वरलाभाय यदि वा कृता ॥71॥

യാവത് തൃഷ്ണാ സ്ഥിതാ നൃഷ്ഠ സംസാര സുഖഭോഗസ്യ
താവദ് വൃഥാ തപശ്ചര്യം ഈശ്വരലാഭായ യദി വാ കൃതാ (71)

കാമം ലൗകികസുഖത്തിന് വേണ്ടി പിന്തുടരുന്നത്രയും കാലം, ഈശ്വരപ്രാപ്തിയ്ക്കു വേണ്ടിയുള്ള ഏതൊരു തപശ്ചര്യയും വ്യഥാവിലാകും.

प्राणरक्षार्थमावश्यकीयद्रव्यजातस्य भोगं न तु पापम् ।
शारीरं स्वास्थ्यरक्षणं सदैव कर्तव्यं धर्मसाधनार्थम् ॥
तेन वै वर्तते प्रोज्ज्वलः प्रज्ञाप्रदीपः साध्यते चाघकृतप्रतिरोधम् ॥72॥

പ്രാണ രക്ഷാർത്ഥ മാവശ്യകീയ ദ്രവ്യജാതസ്യ ഭോഗം നതു പാപം
ശരീരം സ്വാസ്ഥ്യരക്ഷണം സദൈവ കർത്തവ്യം ധർമ്മസാധനാർത്ഥം.
തേന വൈ വർത്തതേ പ്രോജ്ജ്വല: പ്രർജ്ഞ പ്രദീപ: സാധ്യതേ
ചാഘല കൃത് പ്രതിരോധം (72)

ജീവിതത്തിലെ ആവശ്യങ്ങൾ നേടുന്നത് പാപമല്ല. ധാർമ്മികമായ പ്രവൃത്തികൾ നിറവേറ്റുന്നതിനായി ആരോഗ്യമുള്ള ശരീരം നില നിർത്തുന്നത് ഒരു ചുമതലയാണ്. അതില്ലെങ്കിൽ ജ്ഞാനത്തിന്റെ ദീപം തെളിയിച്ചു കൊണ്ടിരിക്കുന്നതിനോ ദുഷ്കർമ്മം ചെയ്യുന്ന ഒരുവനെ ചെറുക്കുന്നതിനോ നമുക്കാവുകയില്ല.

बोधे वा चिन्तायां कर्मणि वाचि वा
जीविकार्जने वा चेष्टायां शुद्धिलक्षणा स्यात्
सफला प्रार्थना कृता या ईश्वरसकाशम् ॥73॥

പ്രാണ രക്ഷാർത്ഥ മാവശ്യകീയ ദ്രവ്യജാതസ്യ ഭോഗം നതു പാപം
ബോധേ വാ ചിന്തായാം കർമ്മണി വാചി വാ
ജീവികാർജ്ജനേ വ ചേഷ്ടായാം ശുദ്ധി ലക്ഷണാ സ്യാത്
സഫലാ പ്രാർത്ഥനാ കൃതാ യാ ഈശ്വരസകാശം (73)

ഈശ്വര പ്രാർത്ഥന നിങ്ങൾക്ക് നിങ്ങളുടെ ധാരണ, വിചാരം, ഭാഷണം, പ്രവൃത്തി, ജീവിതക്രമം, ശ്രമങ്ങൾ എന്നിവയിൽ ശുദ്ധി പകരുന്നു.

मत्स्यमांसवर्जनं दिगम्बरत्वं वा मस्तकमुण्डनम्
कर्दमालिप्ताङ्गं वाग्निहोत्रादिकं चैतानि
कानिचित् कर्माणि मोहग्रस्तं न विशुद्धं कुर्वन्ति ॥74॥

മത്സ്യ മാംസ വർജ്ജനം ദിഗംബരത്വം വാ മസ്തകമുണ്ഡനം
കർദമാലിപ്ത നാഗം വാഗ്നിഹോത്രാദികം ചൈതാനി
കാനിചിത് കർമ്മാണി മോഹഗ്രസ്തം ന വിശുദ്ധം കുർവ്വന്തി. (74)

മത്സ്യ മാംസങ്ങൾ ഉപേക്ഷിച്ചതിനാലോ, നഗ്നനായി നടന്നതുകൊണ്ടോ, ശിരോമുണ്ഡനം ചെയ്തതുകൊണ്ടോ, ദേഹം മുഴുവൻ ചെളിവാരി തേച്ചതുകൊണ്ടോ, അഗ്നിയിൽ യാഗം ചെയ്തതുകൊണ്ടോ ഒരുവനും മായയിൽ നിന്നും മോചിതനാകുന്നില്ല.

स एव विश्वासवान् यस्य वाचनं कर्म च
निरापदमिति मन्यन्ते भगवत्-प्रजावर्गाः ॥75॥

സ എവ വിശ്വാസവാൻ യസ്യവാചനം കർമ്മ ച
നിരാപദമിതി മന്യതേ ഭഗവത് പ്രജാവർഗ്ഗ (75)

യാതൊരുവന്റെ വാക്കുകളിലും ഹസ്തങ്ങളിലും ഈശ്വര സൃഷ്ടി സുരക്ഷിതമാണോ അവർ തികച്ചും കൂറുള്ളവനാണ്.

ये तु ईश्वर-कर्तृत्वे संशयन्ति कापुरुषाः
ते निकृष्टाः शत्रवश्च ईश्वरस्य, तेषां महती विनष्टिः ॥76॥

യേ തു ഈശ്വര കർത്തൃത്വേ സംശയന്തി കാ പുരുഷ:
തേ നികൃഷ്ടാ: ശത്രവശ്ച ഈശ്വരസ്യ തേഷാം മഹതീ വിനഷ്ടി: (76)

ഭീരുക്കളും ഈശ്വര കല്പനകളിൽ സന്ദേഹമുള്ളവരുമാണ് ഈശ്വരന്റെ ഏറ്റവും വലിയ ശത്രുക്കൾ. സംശയാലുക്കൾ കൊടും നാശത്തിന് വശംവദരാകും.

सत्यमेव वाचं वदेत् प्रतिज्ञातं निर्वाहयेत् ।
न्यस्तदायं सम्पादयेत् मलिनवासनां च परित्यजेत् ॥77॥

സത്യമേവ വായം വദേത് പ്രതിജ്ഞാതാം നിർവ്വാഹയേത്
ന്യസ്ഥദായം സമ്പാദയേത് മലിനവാസനാം ച പരിത്യജേത് (77)

സത്യം പറയുക. കൊടുത്തവാക്ക് പാലിക്കുക. നിങ്ങളിലർപ്പിച്ച വിശ്വാസങ്ങൾ നിറവേറ്റുക. അശുദ്ധപരമായ യാതൊരു മോഹങ്ങളും ഉണ്ടാകാതിരിക്കുക.

यावती स्नेहशीला माता सन्तानं प्रति भवति
तदधिको दयामयो भगवान् स्वयंसृष्टान् प्रजान् प्रति ॥
हिंसनं नार्हति प्रजानां यदि तन्न भवति चानिवार्यम्
खाद्यसंग्रहर्थिं वा आत्मसंरक्षणार्थमपरिहार्यम् ॥78॥

യാവതീ സ്നേഹശീലാ മാതാ സന്താനം പ്രതി ഭവതി
തദധികോ ദയാമയോ ഭഗവാൻ സ്വയം സൃഷ്ടാൻ പ്രജാൻ പ്രതി
ഹിംസനം നാർഹത പ്രജാനം യതി തന്ന ഭവതി ചാനിവാര്യം
ഖ്യാതസംഗ്രഹാർത്ഥം വാ അത്മ സംരക്ഷണാർത്ഥ മപരിഹാര്യം (78)

ഒരു മാതാവിന് തന്റെ കുഞ്ഞിനോടുള്ള മമതയെക്കാൾ ഏറെയാണ് ഈശ്വരന് തന്റെ സൃഷ്ടികളോടുള്ള വാത്സല്യം.ഭക്ഷണത്തിനോ സ്വന്തം രക്ഷയ്ക്കോ അനിവാര്യമായിട്ടുള്ള സന്ദർഭങ്ങളിലല്ലാതെ ഒരിക്കലും ഈശ്വര സൃഷ്ടികളെ നശിപ്പിക്കരുത്.

मनो यस्य पवित्रम् वासना च सुसंयता ।
श्लोकोच्चाराश्च मधुस्वनाः स एव भवतुमर्हति
प्रार्थनायां पुरोहितो यजमानेभ्यो वहुदत्तदक्षिणः ॥
कवोष्णमृदुवाक् वै स द्रावणे तु भवति शक्तः ।
यावदेव भ्रान्तिं श्रावकानां वा कुमति च तेषाम् ॥79॥

മനോ യസ്യ പവിത്രം വാസനാ ച സുസംയതാ
ശ്ലോകോച്ചരശ്ച മധുസ്വനാ: സ ഏവ ഭവിതു മർഹതി
പ്രാർത്ഥനായാം പുരോഹിത യജമാനേഭ്യോ വഹുദത്ത ദക്ഷിണാ:
കവോഷ്ണാ മൃദ്വാക് വൈസ ദ്രാവണേ തു ഭവതി ശക്ത:
യാവദേവ ഭ്രാന്തിം ശ്രാവകാനാം വാ കുമതിം ച തേഷാം (79)

ഏതൊരുവനാണോ ശുദ്ധമായ മനസ്സുള്ളത്, ആശകളിൽ നിയന്ത്രണമുള്ളത്, ശ്ലോകങ്ങൾ സംഗീതസാന്ദ്രമായി പാരായണം ചെയ്യാനാവുന്നത്, അവർ പുരോഹിതനായി ജീവിക്കാം. അവന് ദാതാവ് സമൃദ്ധിയും സുഭിക്ഷിയും നല്കി അനുഗ്രഹിക്കും. പുരോഹിതൻ കരുണാർദ്രമായി സംസാരിക്കണം. അവന്റെ യടുക്കൽ വരുന്നവന്റെ തെറ്റുകൾ അനുകമ്പയോടെ ശ്രവിക്കയും, മൃദുത്വമായി പെരുമാറി വരുന്നവന്റെ മനസ്സിലെ ഏതെങ്കിലും തരത്തിലുള്ള തെറ്റായ രീതികൾ വിദൂരീകരിക്കേണ്ടതുമാണ്.

विद्वत्वराणां भाषणश्रवणं चान्यान्
विज्ञानतत्त्वप्रबद्धकरणमुच्यते च
धर्मकर्मानुष्ठानतुल्यं वा तदधिकवरदम् ॥80॥

വിദ്വത്വരാണാം ഭാഷണശ്രവണം ചാന്യാൻ
വിജ്ഞാനതത്വ പ്രബുദ്ധകരണമുച്യതേ ച
ധർമ്മകർമ്മാനുഷ്ഠാന തുല്യം വാ തദധികവരദം (80)

വിദ്വാന്റെ വചനങ്ങൾ ശ്രവിക്കയും മറ്റുള്ളവരിൽ ശാസ്ത്രത്തിന്റെ പാഠങ്ങൾ പകർന്നു കൊടുക്കുകയും ചെയ്യുന്നത് ധാർമ്മികകാര്യങ്ങൾക്ക് സമാനമോ അതിലും ഉപരിയോ ആയ കാര്യമാണ്.

मनीषिणां मसिबिन्दुश्च वीराणां रक्तबिन्दव:
उभयोऽपि पवित्रौ च अमृतोपमावुच्यते ॥81॥

മനിഷിണാം മസി വിന്ദുശ്ച വീരാണാം രക്തവിന്ദവ:
ഉഭയോപി പവിത്രൗ ച അമൃതോ പമാവുച്യതേ (81)

പണ്ഡിതന്മാരുടെ തൂലികയിലെ മഷിയും വീരമൃത്യു വരിച്ചവരുടെ രക്തവും ഒരേപോലെ ശ്രേഷ്ഠവും പുണ്യവുമാണത്രെ!

'सुखी भव ईश्वरप्रसादात्'-एवमुवाच्य मित्रमभिनन्धेत् ।
स यदि साहाय्यं याचते तत् पश्व स्थितो भव सर्वसम्पत् सह ॥82॥

"സുഖീഭവ ഈശ്വരപ്രസാദാത്" ഏവ മുവാച്യ മിത്രമഭിനന്ധേത്
സ യദി സാഹായ്യം യാചതേ തത്
പാർശ്വേ സ്ഥിതോ ഭവ സർവ്വസമ്പത് സഹ. (82)

ഒരു മിത്രത്തെ കണ്ടുമുട്ടുമ്പോൾ ഈശ്വരന്റെ അനുഗ്രഹത്തെകുറിച്ച് പറയുക. നിങ്ങളുടെ മിത്രത്തിന് ആവശ്യം തോന്നുമ്പോൾ അവനോടു കൂടെ നിങ്ങളാലാവുന്ന എല്ലാറ്റിനോടും കൂടെ നില്ലുക.

ईश्वरः स्वयंशुक्रः स्निह्यति पवित्रजनमसंशयम् ।
दिवा उपोष्य नक्तं पावनं पङ्क्तिभोजनं स्वजनैः सह
एवं यस्तु पौर्णमासमाचरति तस्य वै ईश्वरः प्रसीदति ॥83॥

ഈശ്വര സ്വയം ശുക്ര: സ്നിഹയതി പവിത്രജനമസംശയം
ദിവാ ഉപോഷ്യ നക്തം പാവനം പംക്തിഭോജനം സ്വജനൈ: സഹ
ഏവം യസ്തു പൗർണ്ണമാസ മാചരതി തസ്യ വൈ ഈശ്വര: പ്രസീദതി. (83)

ഈശ്വരൻ ശുദ്ധിയുള്ളവനും ശുദ്ധിയെ ഇഷ്ടപ്പെടുന്നവനുമാണ്. പൗർണ്ണമി ദിനത്തിൽ പകൽ സമയത്ത് ഉപവസിക്കയും സമുദായംഗങ്ങൾക്കൊപ്പം ചന്ദ്ര രശ്മിയിൽ സദ്യയിൽ പങ്കു ചേരുകയും ചെയ്താൽ നിങ്ങളുടെ പാപങ്ങൾ കഴുകുവാൻ ഈശ്വരൻ പ്രീതനാകും. ഇതിനെയാണ് ''ഭോജോത്സവം'' എന്ന് പറയുന്നത്.

ईश्वरसृष्टेषु जीवेषु यो दयावान् तं प्रति ईश्वरोऽपि दयावान् ।
पशुवधश्चेदनिवार्यं तर्हि तान् स्वल्पतमा पीडा भीतिश्च देया ॥
एष ईश्वरादेशः ॥84॥

ഈശ്വര സൃഷ്ടേഷ്ഠ ജീവേഷ് യോ ദയാവാൻ തം പ്രതി ഈശ്വരോപി ദയാവാൻ
പശു വധശ്ചേദനിവാര്യം തർഹിതാൻ സ്വല്പതമാ പീഢാ ഭീതീശ്ച ദേയ
ഏഷ ഈശ്വരാദേശ: (84)

ഈശ്വരന്റെ സൃഷ്ടികളിൽ കനിവ് കാണിക്കുന്നവന്റെ മേൽ ഈശ്വര കടാക്ഷമുണ്ടാകും. ഒരു മൃഗത്തെ കൊല്ലേണ്ടി വരികയാണെങ്കിൽ ഹിംസയിൽ ഏറ്റവും മിതമായ ഭയവും വേദനയും മാത്രമേ ഉണ്ടാകയുള്ളൂ എന്ന് ഉറപ്പ് വരുത്തേണമെന്ന് ഈശ്വരൻ അനുശാസിക്കുന്നു.

आस्तिको न व्यभिचारी स्यात् परदारं नाभिगच्छेत् ।
न वदेत् प्रतिषिद्धं च सदा सत्ये स्थितो भवेत् ॥85॥

അസ്തികോ ന വ്യഭിചാരി സ്യാത് പരദാരാം നാഭിഗച്ഛേത്
നവദേത് പ്രതിഷിദ്ധം ച സദാ സത്യേ സ്ഥിതോ ഭവേത്

ഈശ്വരവിശ്വാസികൾ വ്യഭിചരിക്കരുത്. പരകളത്രത്തെ അവർ മോഹിക്കരുത്. നിഷിദ്ധമായ വാക്കുകൾ ഉച്ചരിക്കരുത്. എന്നും സത്യത്തെ ആചരിക്കേണം.

पशवश्च भगवत्-सृष्टाः । तान् प्रति सदयो भव ।
यतस्ते च मानुषीवाक्वाचने अशक्ताः ॥
क्षुधार्तेभ्यो तृष्णार्तेभ्यश्च खाद्यं पेयं च दीयताम् ।
ते नैव प्राप्तक्लमाः प्रपीडिताश्च भवन्तु ॥86॥

പശ്വശ്ച ഭഗവത് സൃഷ്ടാ: താൻ പ്രതി സദയോ ഭവ
യതസ്തേ ച മാനുഷീ വാക് വാചനേ അശക്താ:
ക്ഷുതാർത്ഥേഭ്യോ തൃഷ്ണാർത്ഥേഭ്യശ്ച ഖാദ്യം പേയം ച ദീയതാം
തേ നൈവ പ്രാപ്ത ക്ലമാ: പ്രാപീഡിതാശ്ച ഭവന്തു (86)

മൃഗങ്ങളും ഈശ്വരസൃഷ്ടി തന്നെയാണ്. മിണ്ടാപ്രാണികളായ അവരോട് കരുണ കാണിക്കുക. വിശക്കുന്നവർക്ക് ഭക്ഷണവും ദാഹിക്കുന്നവർക്ക് ജലവും നൽകുക. അവരെ പീഡിപ്പിക്കുകയോ ക്ഷീണിപ്പിക്കുകയോ അരുത്.

श्रावकस्य बोधशक्तिं विभाव्य वक्तुमर्हति वाचम् ।
एषा वै भगवदिच्छा । सर्वविषये युगपदालोच्यमाने
न कश्चिद् विषयो न कस्यापि बोधं गम्यते । भ्रान्तिरेव जायते च ॥87॥

ശ്രാവകസ്യ ബോ ധശക്തിം വിഭാവ്യ വക്തുമർഹതി വാചം
ഏശ വൈ ഭഗവദിച്ഛാ സർവ്വവിഷയേ യുഗ പദാലോ ച്യമാനേ
ന കശ്ചിത് വിഷയോ ന കസ്യാപി ബോധം ഗമ്യതേ ഭ്രാന്തിപേ ജായതേ ച (87)

ഒരാൾ വേറൊരാളോട് സംസാരിക്കുമ്പോൾ ശ്രോതാവിന്റെ മനോബലത്തിന്നനുസരിച്ച് വേണം സംസാരിക്കുവാൻ എന്ന് ഈശ്വരൻ ആഗ്രഹിക്കുന്നു. എല്ലാ കാര്യങ്ങളും എല്ലാവരോടും ചർച്ച ചെയ്താൽ ചില വിഷയങ്ങൾ ചിലർക്ക് മനസ്സിലാകാതെ വരികയോ തെറ്റായി ഗ്രഹിക്കുകയോ ചെയ്യേക്കാം.

अन्नं देहि क्षुधार्ताय शुश्रूषस्व आतुरं जनम् ।
कश्चिदन्यायेनाबद्धश्चेत् कुरु तस्य वन्धनमोचनम् ॥88॥

അന്നം ദേഹി ക്ഷുധാത്രയ ശുക്ഷുഷസ്വ ആതുരം ജന്മം
കശ്ചി ദന്യാ യേനാവദ്ധശ്ചേത് കുരു തസ്യ വന്ധന മോചനം (88)

വിശക്കുന്നവനെ ഊട്ടുക. രോഗിയെ സന്ദർശിക്കുക. അന്യായമായി ബന്ദിയാക്കിയവനെ മോചിപ്പിക്കുക.

सहचराः पापकर्त्तारोऽपि यदि साहाय्यमुपयाचन्ते
पापान्निवार्य तान् कुरुष्व पापविरतान् ॥89॥

സഹചരാ: പാപകർത്താരോ പി യദി സാഹാ സ്യമുപയാചന്തേ
പാപാന്നിവാര്യ താൻ കുരുസ്വ പാപവിരതാൻ (89)

നിങ്ങളുടെ സഹജീവികൾ പാപികൾ തന്നെയാണെങ്കിലും അവരെ സഹായിക്കുക. അവരെ തെറ്റ് ചെയ്യുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നതിനും ആ വാഞ്ഛ ദൂരീകരിക്കുന്നതിനും ശ്രമിക്കുക.

यो योग्यो यः समर्थश्च करोति कर्म च आत्मनो
परस्य च तत्सहायः प्रसन्नश्च स्वयं भवति ईश्वरः ॥90॥

യോ യോഗ്യോ യ സമർത്ഥശ്ച കരോതി കർമ്മ ച ആത്മനോ
പരസ്യ ച തത് സഹായ: പ്രസന്നശ്ച സ്വയം ഭവതി ഈശ്വര: (90)

കഴിവും ആരോഗ്യവുമുള്ള ആരും അവർക്കും മറ്റുള്ളവർക്കും വേണ്ടി അദ്ധ്വാനിക്കുക. ഈശ്വരൻ അവരെ സഹായിക്കയും അവരിൽ കടാക്ഷിക്കയും ചെയ്യും.

ईश्वरलाभाय आत्मानं विद्धि ।
प्रतिजनस्य ज्ञानाहरणमवश्यं करणीयम् ॥91॥

ഈശ്വരലാഭായ ആത്മാൻ വിദ്ധി
പ്രതിജനസ്യ ജ്ഞാനാഹരണമവശ്യം കരണീയം (91).

ഈശ്വരനെ ഗ്രഹിക്കുന്നതിനായി നിങ്ങൾ സ്വയം മനസ്സിലാക്കുക. ജ്ഞാനസമ്പാദനം എല്ലാ മനുഷ്യരിലും നിക്ഷിപ്തമായ ഒരു കടമയാണ്.

नारी तु समादरणीया । एष ईश्वरादेशः
सा वै भवति माता च कन्या च भगिनी वा ।
तां प्रति यत् कर्तव्यं तदकरणं नरकं नयति ॥92॥

നാരീ തു സമാദരണീയാ ഏഷ ഈശ്വരാദേശാ:
സാ വൈ ഭവതി മാതാ ച കന്യാ ച ഭഗിനീ വാ
താം പ്രതിയത് കർത്തവ്യം തദ് കർണം നരകം നയതി (92)

സ്ത്രീകളെ നല്ല രീതിയിൽ കരുതുവാൻ ഈശ്വരൻ നിങ്ങളോട് കല്പിക്കുന്നു. അവർ നിങ്ങളുടെ അമ്മയോ സഹോദരിയോ മകളോ ആകാം. സ്ത്രീകളോടുള്ള ചുമതലയിൽനിന്നും നിങ്ങൾ വ്യതിചലിക്കുന്നത് നരകത്തിലേക്കുള്ള നിങ്ങളുടെ പാത തുറക്കപ്പെടുവാൻ സഹായകമാകും.

प्रतिदानं वा पुनर्लाभमिच्छन् न कुरुष्व किमपि दानम्
एवमनिच्छन्नपि लभेत्तु पुण्यं जगदपिच भवति तव मित्रम् ॥93॥

പ്രതിദാനം വാ പുനർലാഭമിച്ഛൻ ന കുരു സ്വ കിമപി ദാനം
ഏവ മനിച്ഛന്നപി ലഭേതു പുണ്യം ജഗദപിച ഭവതി തവ മിത്രം (93)

നിങ്ങൾ എന്തെങ്കിലും സംഭാവന ചെയ്യുമ്പോൾ ഒരു നഷ്ടപരിഹാരമോ അതിൽ നിന്നും ഏതെങ്കിലും വിധേനയുള്ള ലാഭമോ കാംക്ഷിക്കാതെ ചെയ്യുക. ഇങ്ങിനെയാണെങ്കിൽ നിങ്ങൾക്ക് പുണ്യങ്ങൾ ലഭിക്കും. നിങ്ങൾ വേണ്ടെന്ന് വെച്ചിരുന്നാൽ കൂടി, ലോകവും നിങ്ങളുടെ മിത്രമാകും.

समुत्पन्ने विवादे तु विचारात् प्रागेव श्रोतव्यम्
उभयपक्षस्य वक्तव्यं यतो विस्पष्टं भवति तथ्यमवितथम् ॥94॥

സമുത്പന്നേ വിവാദേ തു വിചാരത് പ്രോഗേവ ശ്രോതവ്യം
ഉഭയപക്ഷസ്യ വക്തവ്യം യതാ, വി സ്പഷ്ടം ഭവതി തഥ്യ മപിതഥം (94)

ഏതെങ്കിലും തർക്കവും കൊണ്ട് രണ്ട് പക്ഷക്കാർ നിങ്ങളുടെ അടുക്കൽ തീരുമാനത്തിന് വേണ്ടി വരികയാണെന്നിരിക്കട്ടെ. രണ്ടുപേരുടെയും വാദമുഖങ്ങൾ സശ്രദ്ധം കേട്ട ശേഷമേ ഒരു നിഗമനത്തിലെത്താവൂ. സത്യം നിങ്ങൾക്ക് പൂർണ്ണമായും ഗ്രഹിച്ചിരിക്കേണ്ടതാണെന്ന് നിർബ്ബന്ധമാണ്.

यो जीवान् द्रुह्यति तेषामनिष्टं करोति च
सर्वजीवेषु यस्य मैत्रीभावना च नास्ति,
पतितः स समाजच्युतिमर्हति ॥95॥

യോ ജീവാൻ ദ്രുഹതി തേഷാ മനിഷ്ടം കരോതി ച
സർവ്വ ജീവേഷ്ഠ യസ്യ മൈത്രീ ഭാവനാ ച നാസ്തി
പതിത: സ സമാജച്യുതിമർഹതി (95)

ഒരു ജീവിയെ വേദനിപ്പിക്കുകയോ ദ്രോഹിക്കുകയോ ചെയ്യുന്ന ആരും കരുണയില്ലാത്തവനാണ്. അവന് നേരെ ഭ്രഷ്ട് കല്പിക്കേണ്ടതാണ്.

शौर्यं तु जगद्-विजयक्षमं जीवने च सुप्रतिष्ठा
कृतिषु च कीर्तिरतत् सर्वमीश्वरानुग्रहे पूर्णतया निर्भरम्
निश्चितं वै निर्णयमेतद् आस्तिक्यबद्धेर्विशिष्टलक्षणम् ॥96॥

ശൗര്യം തു ജഗദ് വിജയക്ഷമം ജീവനേ ച സുപ്രതിഷ്ഠാ
കൃതിഷു ച കീർത്തി മേതദ് സർവ്വമീശ്വരാനുഗ്രഹേ പൂർണതയാ നിർഭരം
നിശ്ചിതം വൈ നിർണ്ണയമേതദ് ആസ്തക്യവുദ്ധേർവ്വി ശിഷ്ടലക്ഷണം (96)

നിങ്ങളുടെ വിശ്വാസത്തിന്റെ പ്രകടമായ ലക്ഷണം ലോകം മുഴുവൻ ജയിക്കുവാനുള്ള ധൈര്യമാണ്. അതേ പോലെ തന്നെ നിങ്ങളുടെ ജീവിതത്തിനും നേട്ടങ്ങൾക്കും വേണ്ടി ഈശ്വരനിലുള്ള പരിപൂർണ്ണ വിധേയത്വവും.

यावदायुस्तावदिह सदा दानशीलो नरः प्रेत्यास्माल्लोकात् ।
पश्यति स्वर्गद्वारं विशालं तस्य कृते उन्मुक्तमनर्गलम् ॥97॥

യാവ ദായുസ്താ വദിഹ സദാ ദാനശീലോ നര: പ്രേത്യാസ്മാല്ലോകാത്
പശ്യതി സ്വർഗ്ഗദ്വാരം വിശാലം തസ്യ കൃതേ ഉന്മുക്തമനർഗ്ഗളം (97)

ജീവിച്ചിരിക്കുമ്പോൾ എക്കാലവും ദാനശീലനായിരുന്ന ഒരുവന് (അവന്റെ) മരണശേഷം സ്വർഗ്ഗത്തിന്റെ വലിയ വാതിൽ അവന് മുന്നിൽ വിശാലമായി തുറന്ന് വെച്ചിരിക്കുന്നതായി കാണാവുന്നതാണ്.

हृदयं यत् सदा जीवप्रेमपूरितं तदभीष्टतममिह संसारे ॥98॥

ഹൃദയം യത് സദാ ജീവ പ്രേമ പൂരിതം
തദഭീഷ്ട തമമിഹ സംസാരേ (98)

ഈശ്വരസഷ്ടികളോട് ഹൃദയം നിറയും സ്നേഹമാണ് ഈ ലോകത്തിൽ ഏറ്റവും ആവശ്യമായുള്ളത്.

आस्ते भग आसीनस्य - चरैवेति चरैवेति ।
चरन् वै मधु विन्दति चरन् स्वादु उदुम्वरम् ॥
पश्य सूर्यस्य श्रेमाणं यो न तन्द्रयते चरन् ।
चरैवेति चरैवेति चरैवेति ॥99॥

ആസ്തേ ഭഗ ആസീനസ്യ – ചരൈവേതി
ചരൻ വൈ മധു വിന്ദതി ചരൻ സാദു ഉദുംവരം
വശ്യ സൂർയ്യസ്യ ശ്രേമാണാം യോ ന തന്ദ്ര്യയതേ ചരൻ
ചരൈവേതി ചരൈവേതി ചരൈവേതി (99)

ഒരുവൻ വെറുതെ ആസനസ്ഥനായാൽ അവന്റെ ഭാഗ്യം ഒരിക്കലും വികസിക്കയില്ല. അതിനാൽ മുന്നോട്ട് പോകൂ മുന്നോട്ട് പോകൂ. ഒരുവൻ മുന്നിലോട്ട് പോകുമ്പോൾ തീർച്ചയായും അവന് തേൻ ലഭിക്കുന്നു. മരത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന അവന് മധുരമേറിയ ഉദുംവരപ്പഴങ്ങൾ ലഭ്യമാകുന്നു. നോക്കുക. എന്നും ചലിച്ചുകൊണ്ടിരിക്കുന്ന സൂര്യൻ ഒരിക്കലും തളരുകയോ നില്ക്കുകയോ ചെയ്യുന്നില്ല. എത്ര പ്രകാശമയമാണത്! അതിനാൽ മുന്നോട്ട് തന്നെ പോയിക്കൊണ്ടിരിക്കുക.

ॐ भद्रं कर्णेभिः शृणुयाम देवाः । भद्रं पश्येमाक्षभिर्यजत्राः ।
स्थिरैरङ्गैस्तुष्टुवांसस्तनूभिः । व्यशेम देवहितं यदायुः ॥
ॐ शान्तिः शान्तिः शान्तिः ॥100॥

ഓം ഭദ്രം കർണ്ണേഭി: ശൃണുയാ മ ദേവാ: ഭദ്രം പശ്യേമാക്ഷഭിര്യജത്രാ:
സ്ഥിരൈരങ്ഗൈസ്തുഷ്ടുവാം സസ്തനൂഭി: വ്യ ശേമ ദേവഹിതം യ ദായു:
ഓം ശാന്തി ശാന്തി ശാന്തി (100)

ഹേ ഈശ്വര! ഞങ്ങൾ ഞങ്ങളുടെ കർണ്ണത്തിലൂടെ സുഭാഷിതങ്ങൾ ശ്രവിക്കട്ടെ! ഞങ്ങളുടെ കണ്ണുകൾ നല്ലത് കാണട്ടെ. ഞങ്ങൾ നിവർന്ന ശരീരത്തോടെ, കരചരണാദി അംഗങ്ങളോടെ അങ്ങേയ്ക്ക് മന്ത്രങ്ങൾ ചൊല്ലട്ടെ. അങ്ങിനെ ഞങ്ങളുടെ ജീവിതമാസകാലം അങ്ങ് കല്പിച്ചത് പോലെ കഴിയട്ടെ. എങ്ങും എവിടേയും ശാന്തിയുണ്ടാകുമാറാകട്ടെ.

# ഭഗവാൻ കൃഷ്ണനും ഭഗവദ് ഗീതയും

मूकं करोति वाचालं, पंगुं लंघयते गिरिम् ।
यत् कृपा तमहं वन्दे, परमानन्द माधवम् ॥

മൂകം കരോതി വാചാലം പംഗുലംഘ യതേ ഗിരീശം
യത് കൃപാ തമഹ് വന്ദേ പരമാനന്ദ മാധവം.

പരമാനന്ദരൂപിയായ ഭഗവാൻ കൃഷ്ണനെ ഞാൻ നമിക്കുന്നു. അവന്റെ കരുണ മൂകനെ വാചാലമാക്കും. മുടന്തനെ പർവ്വതം തരണം ചെയ്യുവാൻ സാദ്ധ്യമാക്കും!

ഭഗവാൻ കൃഷ്ണൻ മഥുരയിൽ ക്രി. മു. 1550ൽ ജനിച്ചു. അക്കാലത്ത് കംസൻ എന്നൊരു രാജാവായിരുന്നു മഥുര ഭരിച്ചിരുന്നത്. കംസന്റെ സഹോദരി ദേവകിയ്ക്കും ഭർത്താവ് വാസുദേവനും ലഭിച്ച എട്ടാമത്തെ ശിശുവായിരുന്നു കൃഷ്ണൻ. അങ്ങിനെ കംസൻ കൃഷ്ണന്റെ മാതുലനും.

കംസൻ ദുഷ്ടനായ ഒരു സ്വേച്ഛാധിപതിയായിരുന്നു. അവന്റെ ക്രൂരത ആരേയും ഒഴിവാക്കിയില്ല. മഹർഷിമാർ പോലും അവന്റെ ക്രൂരതയ്ക്ക് പാത്രമായി. രാജാവായിരുന്ന തന്റെ പിതാവ് ഉഗ്രസേനനെ ബന്ദിയാക്കിയിട്ടാണ് കംസൻ രാജാവായത്. കംസന് ഒരിക്കൽ ഒരു അശരീരി കേൾക്കുകയുണ്ടായത്രേ:''നിന്റെ സഹോദരി പ്രസവിക്കുന്ന എട്ടാമത്തെ ശിശു നിന്നെ വധിക്കും'' എന്ന്. അതിനാൽ ദേവകിയുടെ വിവാഹം കഴിഞ്ഞ ഉടൻ തന്നെ കംസൻ തന്റെ സോദരിയെ ഭർത്താവിനോടൊപ്പം കാരാഗൃഹത്തിലടച്ചു.

കാരാഗൃഹത്തിൽ വെച്ച് ദേവകി പ്രസവിച്ച ഓരോ കുഞ്ഞിനേയും കംസൻ തന്നെ വധിച്ചുകൊണ്ടിരുന്നു. അങ്ങിനെ ദേവകി എട്ടാം തവണയും ഗർഭിണിയായി. മഹാവിഷ്ണുവിന്റെ ദിവ്യാംശം ദേവകിയുടെ എട്ടാമത് ശിശുവിലൂടെ ജനിക്കാനിരിക്കയാണ്. ആ ശിശുവാണ് കൃഷ്ണൻ.

കൃഷ്ണന്റെ ജന്മസമയത്ത് കൊടുങ്കാറ്റും, ഇടിയും, മിന്നലും, വെള്ളപ്പൊക്കവും എല്ലാം അനുഭവപ്പെട്ടു. കാരാഗൃഹത്തിന് കാവൽ നിന്നിരുന്ന ഭടന്മാർ ഉറക്കത്തിലായി. ഒരു ദിവ്യാത്ഭുതം പോലെ കാരാഗൃഹത്തിന്റെ വാതിൽ താനേ തുറന്നു. ഭഗവാൻ കൃഷ്ണൻ ജനിച്ച ഉടൻ തന്നെ വസുദേവന് ഒരു ദിവ്യസന്ദേശം ലഭിച്ചു. ''ഈ കുഞ്ഞിനേയും കൊണ്ട് യമുനാനദി കടന്ന് ഗോകുലത്തിലേക്ക് ചെല്ലുക. വേറെയാരെങ്കിലും ഈ കുട്ടിയുടെ ജന്മത്തെ കുറിച്ചറിയുന്നതിന് മുൻപായി ഈ കാരാഗൃഹത്തിലേക്ക് തിരിച്ചെത്തുക''. വസുദേവൻ ഉടൻ തന്നെ നവജാത ശിശുവുമായി പുറപ്പെട്ടു. കാരാഗൃഹവാതിൽ തന്നത്താൻ തുറന്നു. യമുനയ്ക്കടുത്തെത്തിയപ്പോൾ നദി പേമാരി കൊണ്ട് ക്ഷുഭിതമായിരുന്നു. എന്നാൽ വസുദേവൻ നദിയുടെ വക്കിലെത്തിയതോടെ ഒരത്ഭുതം സംഭവിച്ചു. നദി രണ്ടായി പിളർന്നു. ഇടയിൽ ഉണ്ടായിരുന്ന പാതയിലൂടെ

വസുദേവന് മുന്നോട്ട് നടക്കാമെന്നായി. ദിവ്യ ശിശുവിനെ കൈകളിലേന്തി അദ്ദേഹം നടന്നു.

വസുദേവൻ നദിയുടെ അക്കരയിലെത്തി. അവിടെ ഗോകുലത്തിലെ ഏവരും ഗാഢനിദ്രയിലായിരുന്നു. അദ്ദേഹം ഗോക്കളെ പാലിക്കുന്നവരുടെ മുഖ്യനായ നന്ദന്റെയും ഭാര്യ യശോദയുടെയും വീട്ടിലെത്തി. ശിശുവായ കൃഷ്ണനെ അദ്ദേഹം നന്ദന്റെ കൈകളിലേല്പിച്ചു. നന്ദനാകട്ടെ അതിനെ യശോദയുടെ അടുക്കൽ കിടത്തുകയും ചെയ്തു. അങ്ങിനെ യശോദയായി കൃഷ്ണന്റെ വളർത്തമ്മ.. കറുത്ത നിറമുള്ളവനായതിനാലാണ് കൃഷ്ണൻ എന്ന പേര് കിട്ടിയത് തന്നെ. യശോദയാണ് കൃഷ്ണനെ വളർത്തിയത്. ഹിന്ദുക്കൾക്ക് ഇതിനാൽ കറുത്ത തൊലിയുള്ളവരോട് പ്രത്യേക ഇഷ്ടമാണ്.

ദേവകി എട്ടാമതും പ്രസവിച്ചു എന്നറിഞ്ഞ് ദുഷ്ടനായ കംസൻ കുഞ്ഞിനെ നിഗ്രഹിക്കുവാനായി തടവറയിലേക്ക് പാഞ്ഞെത്തി. എന്നാൽ അത് സാദ്ധ്യമല്ലാതെ വന്നപ്പോൾ അദ്ദേഹം കുപിതനായി. വൃന്ദാവനത്തിലും അയൽ പ്രദേശത്തും ഉള്ള എല്ലാ കുഞ്ഞുങ്ങളേയും വധിക്കുവാൻ കംസൻ ആജ്ഞാപിച്ചു. എന്നാൽ സനാതനധർമ്മത്തെ പുനസ്ഥാപിക്കുവാൻ വേണ്ടി ജന്മമെടുത്ത കൃഷ്ണനാകട്ടെ യാതൊരു പോറലുമേൽക്കാതെ രക്ഷപ്പെട്ടു. കംസൻ നിയോഗിച്ച പലേ നിഗ്രഹശ്രമങ്ങളും വിഫലമായി. കംസൻ എന്നാൽ വിട്ടുകൊടുക്കുവാൻ തയ്യാറായിരുന്നില്ല. കൃഷ്ണനുമായി സന്ധി ചെയ്യുവാനെന്ന വ്യാജേന കൃഷ്ണനെ വൃന്ദാവനത്തിലേക്ക് കൊണ്ടുവരുന്നതിനായി കൃഷ്ണന്റെ മാതുലനായ അക്രൂരനെ അയച്ചു.

കൃഷ്ണൻ രാജസന്നിധിയിലെത്തിയതോടെ കംസൻ അദ്ദേഹത്തെ വധിക്കുവാനായി ആദ്യം കൂലി തല്ലുകാരോടും പിന്നീട് മദമിളകിയ ആനയാലും ശ്രമം നടത്തി. എന്നാൽ രണ്ട് ശ്രമങ്ങളും പരാജയപ്പെടുകയ്യാണ് ഉണ്ടായത്. നേരിട്ടുള്ള ദ്വന്ദയുദ്ധത്തിൽ കൃഷ്ണൻ കംസനെ വധിച്ചു. ബന്ധനസ്ഥനായ കംസപിതാവ് ഉഗ്രസേനനെ രാജാവായി വാഴിക്കയും ചെയ്തു.

കൃഷ്ണന്റെ ബാല്യകാലം മുഴുവൻ ദുർഘടം നിറഞ്ഞതായിരുന്നു. അദ്ദേഹത്തിന്റെ ജീവിതമൊടുക്കുവാൻ പലേ ശ്രമങ്ങളും നടന്നു.

മഥുരയിൽ കൃഷ്ണൻ ഗോക്കളെ മേയ്ക്കുന്നവരും പാൽവില്പനക്കാരികളായ ബാലികമാരോടുമൊത്താണ് വളർന്നത്. ഈ പെൺകുട്ടികളെ വൃന്ദാവനത്തിൽ ഗോപികകൾ എന്നാണ് വിളിച്ചിരുന്നത്. തന്റെ ബാല്യകാലത്ത് കൃഷ്ണൻ കൂട്ടുകാരെ അവരുടെ അധികമുള്ള യുവശക്തിയും ഊർജ്ജവും എങ്ങിനെ ഉപയോഗപ്രദമാക്കാം എന്ന് പഠിപ്പിച്ചു. സംഗീതവും നൃത്തവും അഭ്യസിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. കൃഷ്ണൻ കാട്ടിക്കൊടുത്ത ആ നൃത്തം ഇന്നും ദണ്ഡിരസ നൃത്തമായി കാണാവുന്നതാണ്.

രാധ എന്ന തോഴിയാണ് കൃഷ്ണന്റെ ഏറ്റവും അടുത്ത തോഴിയും സുഹൃത്തും. പതിനാലു വയസ്സുവരെ അദ്ദേഹം പാട്ടുകളുടേയും, നൃത്തങ്ങളുടേയും,

യുവത്വത്തിന്റെ വികൃതികളുമായി കഴിച്ചുകൂടി. പതിനാലാം വയസ്സിന് ശേഷമാണ് കൃഷ്ണൻ വൃന്ദാവനവും രാധയേയും സ്ഥിരമായി പിരിയുകയും കംസവധം നടത്തുകയും ചെയ്തത്. അതിന് ശേഷം മഥുരയിലായി അദ്ദേഹത്തിന്റെ വാസം. സന്ദീപമഹർഷിയുടെ ആശ്രമത്തിൽ നിന്നും പ്രാഥമികവിദ്യകളും യുദ്ധമുറകളും അദ്ദേഹം അഭ്യസിച്ചു.

തന്റെ ജീവിതകാലം മുഴുവനും കൃഷ്ണൻ നഷ്ടപ്പെട്ട ജനങ്ങൾക്ക് അവരർഹിക്കുന്നതെല്ലാം നേടി കൊടുക്കുവാൻ ശ്രമിച്ചു. അദ്ദേഹം തന്റെ എല്ലാ സുഖങ്ങളും പാവപ്പെട്ടവരുടെ നന്മയ്ക്കും രക്ഷക്കുമായി ഉഴിഞ്ഞുവെച്ചു. ഇങ്ങിനെ ചെയ്തതുകൊണ്ട് കൃഷ്ണന് അക്കാലത്തെ പലേ പ്രബലന്മാരുമായി ഏറ്റു മുട്ടേണ്ടതായും വന്നു.

സനാതനധർമ്മത്തെ ഒരു കേന്ദ്രീകൃതപ്രസ്ഥാനമാക്കി ഒരു കുടക്കിഴിൽ എല്ലാവരേയും കൊണ്ടുവരിക എന്നായിരുന്നു കൃഷ്ണന്റെ ലക്ഷ്യം. പാണ്ഡവരാജാവായ യുധിഷ്ഠരന് നീതിയും ന്യായവും ഏവർക്കും നിർല്ലോഭം ലഭിക്കുന്ന രീതിയിലുള്ള ഒരു രാജ്യം സ്ഥാപിക്കുന്നതിനായി സഹായം നല്കി.

കൃഷ്ണന്റെ കാലത്ത് മഗധ ഭരിച്ചിരുന്നത് കംസന്റെ ജാമാതാവായ ജരാസന്ധനായിരുന്നു. ഉഗ്രപ്രതാപിയും ദുഷ്ടനുമായിരുന്നു. ജരാസന്ധൻ കംസന്റെ നിഗ്രഹത്തിന് പ്രതികാരം ചോദിച്ചുകൊണ്ട് ഭാരതത്തിന്റെ വടക്കുപടിഞ്ഞാറൻ അതിർത്തിയിൽ നിന്നും കാലജവൻ എന്ന ഒരു അശ്വാരൂഢനായ യോദ്ധാവിനെ വിളിച്ചുവരുത്തി. ഹിന്ദുകുഷ് പർവ്വതനിര തരണം ചെയ്ത് കാലജവനും ഭടന്മാരും കൃഷ്ണന്റെ മഥുരയെ ആക്രമിച്ചു. കൃഷ്ണന്റെ കൈയാൽ കാലജവൻ മരണമടഞ്ഞതോടെ മഥുര വീണ്ടും മോചിതയായി.

എന്നാൽ ജരാസന്ധൻ വെറുതെയിരുന്നില്ല. കൃഷ്ണന്റെ പിൻഗാമികളെ അദ്ദേഹം ബുദ്ധിമുട്ടിക്കയും വധിക്കുകയും പലേ തരത്തിലും പീഢിപ്പിക്കയും ചെയ്തു. പലപ്പോഴും ജരാസന്ധൻ മഥുരയെ വംശനാശം വരുത്തുന്നതിനായി അക്രമിച്ചുകൊണ്ടിരുന്നു. നഗരത്തിലേക്കുള്ള അവശ്യസാധനങ്ങൾ പ്രത്യേകിച്ചും ഭക്ഷ്യസാധനങ്ങൾ സേനയെ ഉപയോഗിച്ച് അദ്ദേഹം തടഞ്ഞു. എന്നാൽ ഓരോ സന്ദർഭത്തിലും കൃഷ്ണൻ ജരാസന്ധനെ വിജയകരമായി ഏറ്റുമുട്ടുക യാണുണ്ടായത്.

ജരാസന്ധന്റെ നിസ്സീമമായ സമ്പത്തും വൈഭവങ്ങൾക്കും മുന്നിൽ മഥുരയുടെ സ്ഥിതി പരമ ദയനീയമാണെന്ന് കൃഷ്ണൻ മനസ്സിലാക്കി. ജരാസന്ധന്റെ സൈന്യത്തെ ഇല്ലായ്മ ചെയ്യുന്നതിന് ചുരുങ്ങിയത് 300 വർഷമെങ്കിലും വേണം. ഇത് മനസ്സിലാക്കിയ അദ്ദേഹം കൂടുതൽ രക്തച്ചൊരിച്ചിൽ ഒഴിവാക്കുന്നതിനായി വേറൊരു മാർഗ്ഗം കണ്ടെത്തി. തന്റെ എല്ലാ പിൻഗാമികളുമൊത്ത് ഏകദേശം ആയിരം നാഴിക പിന്നിട്ടുകൊണ്ട് കൃഷ്ണൻ ഭാരതത്തിന്റെ പശ്ചിമതീരത്ത് എത്തുകയും ദ്വാരക എന്നൊരു പട്ടണത്തിന് രൂപം കൊടുക്കുകയും ചെയ്തു. ദ്വാരക തന്റെ കൂട്ടരായ വൃഷ്ണികൾക്ക് ഭരിക്കുവാനായി വിട്ടുകൊടുത്തു. സ്വയം ഒരു ശ്രേഷ്ഠനായ യോദ്ധാവും, പക്വത നിറഞ്ഞ

ഭരണകർത്താവും,ബുദ്ധിമാനായ ഭരണതന്ത്രജ്ഞനും ആയിരുന്നുവെങ്കിലും കൃഷ്ണൻ ഒരിക്കലും രാജാവായിരുന്നില്ല. ഭരണം എന്നും തന്റെ നാട്ടുകാർക്ക് നല്കുക മാത്രമാണ് അദ്ദേഹം ചെയ്തത്.

53 വയസ്സുള്ളപ്പോൾ തന്റെ പൂർവ്വസുഹൃത്തുക്കളുടെ നിരന്തരമായ അപേക്ഷ മാനിച്ച് കൃഷ്ണൻ വീണ്ടും വൃന്ദാവനം സന്ദർശിക്കുകയുണ്ടായി. കൃഷ്ണനെ കണ്ടയുടൻ പൊതുജനങ്ങൾ അദ്ദേഹത്തിന്റെ രഥം വലിച്ചിരുന്ന അശ്വങ്ങളെ അഴിച്ച് മാറ്റുകയും സ്വയം വലിച്ച് കൊണ്ടുപോകയും ചെയ്തു. കൃഷ്ണന്റെ ഈ ഹ്രസ്വ സന്ദർശനത്തെ ഇന്നും ലോകമെമ്പാടും ഹിന്ദുക്കൾ രഥമഹോത്സവമായി കൊണ്ടാടുന്നു.

നിരന്തരവും അശ്രാന്തവുമായ പ്രവൃത്തിയിലൂടെ മാത്രമേ നമുക്ക് കൃഷ്ണനെ കാണുവാനാവൂ. അദ്ദേഹം എല്ലാ ദുരിതങ്ങളും സ്വയം ഏറ്റെടുത്ത് അശരണരും ഇല്ലാത്തവരുമായി അവരുടെ ഉന്നമനത്തിന് വേണ്ടി ജീവിച്ചു.

പ്രഗ്ജ്യോതിസ്പൂറിൽ ക്രൂരനായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം തന്റെ സേവനത്തിനായി 16000 യുവതികളെ കാരാഗൃഹത്തിലാക്കി. തന്റെ രാജ്യത്തെ ജനങ്ങളെ അദ്ദേഹം എന്തെന്നില്ലാതെ ദ്രോഹിച്ചു. ജനങ്ങൾ രക്ഷയ്ക്കുവേണ്ടി കൃഷ്ണന്റെയടുക്കലെത്തി കേണപേക്ഷിച്ചു. കൃഷ്ണൻ പ്രഗ്ജ്യോതിഷ്പൂരിലെത്തി ക്രൂരനായ രാജാവിനെ വധിച്ചു. അതിന് ശേഷം രാജ്യം താൻ വധിച്ച രാജാവിന്റെ പുത്രന് കൈമാറി. മോചിതരായ 16000 യുവതികളെ ഇനി എന്തുചെയ്യും? അവരെ ആര് രക്ഷിക്കയും ഊട്ടുകയും ചെയ്യും? കൃഷ്ണൻ ഒരു മാർഗ്ഗം കണ്ടെത്തി. ഒരു പരസ്യമായ പ്രസ്താവനയിൽ ഈ യുവതികളെല്ലാവരും തന്റെ പത്നിമാരാണെന്ന് കൃഷ്ണൻ പ്രഖ്യാപിച്ചു. അവരുടെ ഓരോരുത്തരുടെയും സംരക്ഷണം ജനങ്ങൾ ഏറ്റെടുക്കണമെന്നും, അവരുടെ പ്രാണനോ, മാനത്തിനോ, എന്തെങ്കിലും അപകടം വരുകയാണെങ്കിൽ അവർക്ക് വധശിക്ഷതന്നെ നല്കുമെന്ന് അറിയിച്ചു. ഭാര്യമാരെന്ന് കൃഷ്ണൻ വിശേഷിപ്പിച്ചെങ്കിലും അദ്ദേഹത്തിന് ഇവരിൽ ആരുമായും ശാരീരിക ബന്ധമുണ്ടായിരുന്നില്ല. ഇന്നും അശരണരായ ഹിന്ദുസ്ത്രീകൾ കൃഷ്ണനെ തന്റെ ഭർത്താവായി ഗണിക്കയും അത് മൂലം ആശ്വാസം കണ്ടെത്തുകയും ചെയ്യുന്നു.

ഭൂമിയിൽ ജീവിച്ചിരുന്ന ഏറ്റവും വലിയ ഒരു മനുഷ്യജീവിയായിരുന്നു ഭഗവാൻ കൃഷ്ണൻ. പരമകാരുണികനും, ആർക്കും ഇഷ്ടപ്പെടുന്നവനും, പണ്ഡിതാഗ്രഗണ്യനും, ഗണിതജ്ഞനും, കലാകാരനും, ആകർഷക കളിക്കാരനും മറ്റുമെല്ലാമായിരുന്നു കൃഷ്ണൻ. തോൽവിയറിയാത്ത ശക്തനായ പോരാളിയും, ബുദ്ധിമാനായ ഭരണാധികാരിയും കൂടിയായിരുന്നു അദ്ദേഹം.

കൃഷ്ണൻ എക്കാലത്തും പൊതുജനങ്ങളുടെ ഒരു ഭാഗമായിരുന്നു. ലളിതജീവിതം നടത്തിയ അദ്ദേഹത്തെ ഹിന്ദുക്കൾ ഈശ്വരന്റെ സ്വന്തം പുത്രനായിട്ടാണ് വിശ്വസിക്കുന്നത്. പാവപ്പെട്ടവന്റെ കഷ്ടപ്പാടുകൾ ദൂരീകരിക്കുന്നതിന് ഈശ്വരൻ തന്റെ സ്വന്തം മകനെ തന്നെ ഭൂമിയിലേ ക്കയക്കുകയാണുണ്ടായത്. എക്കാലവും കൊട്ടാരങ്ങളിൽ വസിച്ച് സ്വർണ്ണ

ശയ്യയിൽ കിടക്കാമായിരുന്ന കൃഷ്ണൻ എന്നും ഒരു വൃക്ഷത്തണലിലാണ് സാധാരണക്കാരെപ്പോലെ കഴിഞ്ഞുകൂടിയത്.

ക്രി. മു. 1445ൽ കൃഷ്ണൻ ഒരു വൃക്ഷക്കീഴിൽ വിശ്രമിക്കയായിരുന്നു. ദൂരത്തുനിന്നും കൃഷ്ണന്റെ പനിനീർസമാനമായ പാദം കണ്ട് ഒരു വേടൻ അതൊരു ചുവന്ന പക്ഷിയാണെന്ന് തെറ്റിദ്ധരിച്ചു. വേടൻ അയച്ച വിഷം പുരട്ടിയ ശസ്ത്രം കൃഷ്ണനിൽ തറച്ചുകയറി. സത്യാവസ്ഥയറിഞ്ഞ വേടൻ അതീവ ദു:ഖിതനായി. ആത്മഹത്യയ്ക്കൊരുങ്ങിയ അവനെ ദയാലുവായ കൃഷ്ണൻ ഒരു പുഞ്ചിരിയോടെ അനുഗ്രഹിക്കയും അതിൽ നിന്ന് പിന്തിരിപ്പിക്കയും ചെയ്തു. അതോടെ കൃഷ്ണൻ തന്റെ ഭൗതികജീവിതം വെടിഞ്ഞു.

ആയിരക്കണക്കിന് വർഷങ്ങൾ പോയി മറഞ്ഞെങ്കിലും ഭഗവാൻ കൃഷ്ണനെ കുറിച്ചുള്ള മധുരസ്മൃതികൾ ഇന്നും അദ്ദേഹത്തിന്റെ വേണുനാദത്തോടൊപ്പം അദ്ദേഹത്തിന്റെ കോടിക്കണക്കിന് ഭക്തർക്കിടയിൽ കാണാവുന്നതാണ്.

ഈശ്വരന്റെ ഏറ്റവും അവസാനത്തെ സന്ദേശവാഹകനായ ഭഗവാൻ കൃഷ്ണനെ പലേ രൂപത്തിലും ആരാധിക്കന്നു. ഇന്നും കൃഷ്ണൻ സ്ത്രീ പുരുഷർക്കും, കുട്ടികൾക്കും, പ്രായമുള്ളവർക്കും എല്ലാം തന്നെ ഒരു ഇഷ്ടദേവനാണ്. ലോകത്തോട് യാതൊരു ആസക്തിയുമില്ലാത്ത ഈ സന്യാസി ഇന്നും എല്ലാ ഗൃഹങ്ങളിലും ഇടം നേടിയിട്ടുണ്ട്. ഒരു രാജാവിന്റെ എല്ലാ അധികാരങ്ങളും സ്വാധീനവും അദ്ദേഹത്തിന് ഉണ്ടായിരുന്നിട്ടു കൂടി കൃഷ്ണൻ ഒരു സാധാരണക്കാരനായി, വിരക്തിയുടെ മകുടോദാഹരണമായി, കഴിഞ്ഞുകൂടി.

കൃഷ്ണന്റെ മരണാനന്തരം താമസിയാതെ തന്നെ സമുദ്രാന്തർഭാഗത്തു നിന്നുമുണ്ടായ വെള്ളപ്പൊക്കം മൂലം ദ്വാരകയിലും അറബിക്കടൽ തീരത്തും ഒരു കൊടുങ്കാറ്റ് വീശിയടിച്ചു.

കൃഷ്ണൻ ഈശ്വരന്റെ പ്രതിനിധിയും ഏവരുടേയും രക്ഷാകർത്താവുമാണ്. പാവപ്പെട്ടവരരേയും മർദ്ദിതരേയും അദ്ദേഹം ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷപ്പെടുത്തുന്നു. അദ്ദേഹത്തെ ആര് തന്നെ സ്നേഹിച്ചാലും അവരിൽ കൃഷ്ണൻ വിജയവും ആശ്വാസവും നല്കുന്നു. കൃഷ്ണനിൽ ശരണം പ്രാപിക്കുന്ന ആർക്കും എല്ലാ വേദനകളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും മോചനം ലഭിക്കുന്നു. ഈശ്വര സന്നിധാനത്തിൽ ശാശ്വതമായ ആനന്ദം ലഭിക്കുമാറ് അവർക്ക് സ്വർഗ്ഗം ലഭിക്കുന്നു. പാവപ്പെട്ടവരുടെ കഷ്ടപ്പാടുകൾ വിദൂരീകരിക്കുവാൻ താൻ വീണ്ടും ജന്മമെടുക്കുമെന്ന് കൃഷ്ണൻ സ്വയം ഗീതയിൽ അരുളി ചെയ്തിട്ടുണ്ട്.

यदा यदाहि धर्मस्य ग्लानिर्भवति भारत
अभ्युथानमधर्मस्य तदात्मानं सृजाम्यहम्
परित्राणाय साधनाम् विनाशाय च दुष्कृताम्
धर्मसंस्थापनार्थाय सम्भवामि युगे युगे

യഥാ യഥാ ഹി ധർമ്മസ്യ ഗ്ലാനിർ ഭവതി ഭാരത

അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം

പരിത്രാണായ സാധൂണാം വിനാശായ ച ദുഷ്കൃതാം

ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ!

ഭാരതത്തിൽ എപ്പോഴെല്ലാമാണോ ധർമ്മത്തിന് മങ്ങലേല്ക്കുന്നത് അപ്പോഴെല്ലാം സാധുക്കളെ സംരക്ഷിക്കുന്നതിനും ദുഷ്ടാത്മാക്കളെ നിഗ്രഹിക്കുന്നതിനുമായി ഞാൻ ധർമ്മസംസ്ഥാപനം നടത്തുന്നതിനായി വീണ്ടും വീണ്ടും അവതരിക്കുന്നു!

ഹിന്ദുമതത്തിൽ ഗീത ഒരു വിജ്ഞാനഭണ്ഡാരമാണ്. നല്ല ഒരു ജീവിതരീതി പിന്തുടരുവാൻ ഗീത ഏത് ഹിന്ദുക്കളേയും അനുശാസിക്കുന്നു. ഒരു ഹിന്ദുവിനെ സംബന്ധിച്ചിടത്തോളം ഗീതയാണ് ഏറ്റവും വലിയ ഗ്രന്ഥം. മറ്റ് മതങ്ങളിൽ പെട്ടവർക്ക് കൂടിയും ഗീത വായിക്കയും നിത്യജീവിതത്തിൽ അഭ്യസിക്കയും ചെയ്യാവുന്നതാണ്.

ചരിത്ര പ്രസിദ്ധമായ മഹാഭാരതയുദ്ധം ന്യൂഡെൽഹിയിൽ നിന്നും 100 കി.മീ. വടക്ക് പടിഞ്ഞാറുള്ള കുരുക്ഷേത്രത്തിൽ നടന്നു. കൗരവരും പാണ്ഡവരും തമ്മിൽ നടന്ന ഈ യുദ്ധത്തിന്റെ ആരംഭത്തിനുമുൻപ് ഭഗവാൻ കൃഷ്ണൻ തന്റെ ശിഷ്യനായ അർജ്ജുനന് നല്കിയ സാരോപദേശങ്ങളാണ് ഗീതയുടെ ഇതിവൃത്തം.

പാണ്ഡപപക്ഷത്തുള്ള അർജ്ജുനൻ കേൾവി കേട്ട ഒരു യോദ്ധാവായിരുന്നു. ഗീതോപദേശത്തിനിടയ്ക്ക് ഭഗവാൻ കൃഷ്ണൻ ദിവ്യത പ്രാപിക്കയും അർജ്ജുനന് വിശ്വരൂപം കാണിച്ച് കൊടുക്കുകയും ചെയ്തു. അർജ്ജുനനിലൂടെ ഗീത എന്ന മഹാത്ഭുതം സാധാരണ ജനങ്ങൾക്ക് കൃഷ്ണൻ കൈമാറുകയും ചെയ്തു. ഗീതയിലൂടെ കൃഷ്ണൻ ഹിന്ദുക്കളെ ശ്രേഷ്ഠമായ ജീവിതപാത തുറന്നു കാട്ടുകയും ഈശ്വരസന്നിധാനത്തിലേക്കുള്ള ഉത്തമമാർഗ്ഗം പ്രസ്താവിക്കുകയും ചെയ്യുന്നു.

കർമ്മയോഗമാണ് ജ്ഞാനയോഗത്തെക്കാൾ മെച്ചപ്പെട്ടതെന്ന് ഗീത അനുശാസിക്കുന്നു. ഈശ്വരൻ പരമോന്നതനും അവിഭാജ്യവുമാണ്. അവന് ആദിയോ അന്ത്യമോ ഇല്ല. ഈശ്വരനാണ് എല്ലാ ഹേതുക്കളുടെയും ഹേതു.

ജാതിയനുസരിച്ചുള്ള വിഭജനം വെറും മനുഷ്യന്റെ കഴിവുകൾക്കും പ്രാപ്തിക്കനുസരിച്ചുമുള്ള വേർതിരിക്കൽ മാത്രമാണെന്ന് കൃഷ്ണൻ ചൂണ്ടിക്കാട്ടുന്നു. അത് ഈശ്വര കല്പനയനുസരിച്ചിട്ടുള്ളതല്ല. പ്രപഞ്ചത്തിലെ എല്ലാം തന്നെ ഈശ്വരന്റെ സൃഷ്ടിയാണ്. ഈശ്വരൻ എന്തെങ്കിലുമോ ഏതെങ്കിലുമോ വെറുക്കുന്നുണ്ടെങ്കിൽ അതിനെ സ്വയം ഇല്ലായ്മ ചെയ്യും. ഇതിന് വേറൊരു മനുഷ്യസഹായം ആവശ്യമില്ല. വേറൊരാൾക്കും ഇത് ചെയ്യുന്നതിനായി നിയോഗിക്കയുമില്ല.

മിഥ്യാചാരികൾക്ക് ഒരിക്കലും മോക്ഷം ലഭിക്കയില്ല. അവർ അപകട കാരികളാണ്. അവരെ ഒഴിവാക്കുക. നാം നമ്മുടെ പ്രവൃത്തി ഏറ്റവും മികച്ച രീതിയിൽ, അതിന്റെ ഫലേച്ഛ കൂടാതെ ചെയ്യേണ്ടതാണ്. ഫലം സ്വാഭാവികമായി തന്നെ, നമ്മുടെ പ്രവൃത്തിക്കും സാഹചര്യങ്ങൾക്കും അനുപാതമായി തന്നെ നമുക്ക് ലഭിക്കുന്നതാണ്.

ലൗകികസുഖങ്ങൾ ത്യജിക്കുന്നത് എളുപ്പമായിരിക്കാം. എന്നാൽ ഇത് ഈശ്വരനെ കുറച്ച് മാത്രം പ്രീതിപ്പെടുത്തുന്ന ഒന്നാണ്. കർമ്മയോഗത്തിലൂടെ വേണം (കഠിനാദ്ധ്വാനവും ആത്മാർത്ഥമായ ബുദ്ധിയുമുപയോഗിച്ചുള്ള കർമ്മയോഗം) നാം കഷ്ടപ്പെടുകയും ബുദ്ധിമുട്ടുകൾ തരണം ചെയ്യേണ്ടതും.

യഥാർത്ഥസത്യം അസത്യത്തിന്റെ പുകമടലങ്ങളാൽ ആവരണം ചെയ്യപ്പെട്ടി രിക്കയാണ്.അധികാരമോഹികളായ മിഥ്യാശീലർ അസത്യം പറഞ്ഞു പരത്തുന്നു.

ശരിയായ ഗീതയിൽ 18 അദ്ധ്യായങ്ങളിലായി 700 ശ്ലോകങ്ങളുണ്ട്. അവയിൽ ചില ശ്ലോകങ്ങൾ സ്ഥിരമായി ജോലിയിലേർപ്പെട്ടിരിക്കുന്നവരുടെ ഉപയോഗത്തി നായി താഴെ കൊടുത്തിരിക്കുന്നു.

## ഗീതയിലെ ചില ശ്ലോകങ്ങൾ

**1**

ये यथा मां प्रपद्यन्ते तांस्तथैव भजाम्यहम् ।
मम वर्त्मानुवर्तन्ते मनुष्याः पार्थ सर्वशः ।।

**യേ യഥാ മാം പ്രപദ്യന്തേ താംസ്തഥൈവ ഭജാമ്യഹം**
**മമ വർത്തമാനുവർത്തന്തേ മനുഷ്യ: പ്രാർത്ഥ സർവ്വശ:**

**ഹേ അർജ്ജുനാ! മനുഷ്യർ ഏത് വിധത്തിൽ ഈശ്വരനെ തേടുന്നുവോ, ഞാനും അവരുടെയടുക്കലേയ്ക്ക് പോകുന്നു. എന്തുകൊണ്ടെന്നാൽ എല്ലാ മനുഷ്യരും എല്ലാ രീതിയിലും എന്റെ പാത തന്നെയാണ് പിന്തുടരുന്നത്.**

**2**

कर्मण्येवाधिकारस्ते मा फलेषु कदाचन ।
मा कर्मफलहेतुर्भूर्मा ते सङ्गोऽस्त्वकर्मणि ।।

കർമ്മണ്യേ വാധികാരസ്തേ മാ ഫലേഷു കദാചന
മാ കർമ്മ ഫലഹേതുഭൂർമ്മാ തേ സംഗോ സ്ഥവ കർമ്മാണി

കർമ്മം ചെയ്യുക എന്നത് മാത്രമാണ് നിന്റെ അധികാരം. അതിന്റെ ഫലത്തിന് വേണ്ടി ശ്രമിക്കരുത്. അക്ഷമനാകാതിരിക്കുക. നിങ്ങളുടെ കർമ്മത്തിന് അനുപാതമായി അതിന്റെ ഫലവും ലഭിക്കുമെന്നത് സ്വാഭാവികം മാത്രമാണ്. അതിനെ ആർക്കും തന്നെ തടയാനാവില്ല!

**3**

यदा ते मोहकलिलं बुद्धिर्व्यतितरिष्यति ।
तदा गन्तासि निर्वेदं श्रोतव्यस्य श्रुतस्य च ।

യദാതേ മോഹ കലിലം ബുദ്ധിർവ്യതി താരിതി
തദാ ഗന്താസി നിർവ്വേദം ശ്രോതവ്യസ്യ ശ്രുതസ്യച

എവിടെയാണോ നിങ്ങളുടെ വിചാരങ്ങൾ മായയാൽ ആവരണം ചെയ്യപ്പെടാതിരിക്കുന്നത് അപ്പോൾ ലൌകിക സുഖ ദു:ഖങ്ങൾ നിങ്ങൾക്ക് അപ്രസക്തമായിതീരുന്നു. ഇഹത്തിലും പരത്തിലും നിങ്ങൾക്ക് ശാശ്വതാനന്ദം ലഭിക്കയും ചെയ്യുന്നു.

**4**

नमः पुरस्तादथ पृष्ठतस्ते नमोऽस्तु ते सर्वत एव सर्व ।
अनन्तवीर्यामितविक्रमस्त्वं सर्वं समाप्नोषि ततोऽसि सर्वः ।

നമ:പുരസ്താദഥ പൃഷ്ഠതസ്തേ നമോസ്തുതേ സർവ്വത ഏവസർവ്വ
അനന്ത വീര്യാമിത വിക്രമസ്ത്വം സർവ്വസമാ പ്രോഷി തലോസി സർവ്വ:

അനന്ത ശക്തിയുള്ള ഈശ്വരാ! അങ്ങേയ്ക്ക് എന്റെ സർവ്വവശങ്ങളിൽ നിന്നുമുള്ള പ്രണാമം. എല്ലാത്തിന്റെയും പൊരുളായവനേ, നിസ്സീമമായ ശക്തിമാനേ, എങ്ങും നിലകൊള്ളുന്നവനേ, അങ്ങു മാത്രമേ എല്ലാമായതായിട്ടുള്ളൂ.

**5**

ज्ञेयं यत्तत्प्रवक्ष्यामि यज्ज्ञात्वामृतमश्नुते ।
अनादिमत्परं ब्रह्म न सत्तन्नासदुच्यते ।

ജ്ഞേയം യത്തപ്രവാക് ഷ്യാമി യജ്ഞത്വാമൃതം ശ്രുതേ
അനാദി മത്പരം ബ്രഹ്മാ ന സത്തത്രാസദുച്ച്യതേ

അവൻ ആരെന്നറിയുക, അറിഞ്ഞാൽ മാത്രമേ പരമാനന്ദം ലഭിക്കയുള്ളൂ. ആ പരമേശ്വരൻ അനന്ത ജീവിയാണ്. അവൻ സത്യമോ അസത്യമോ അല്ലാത്തവനാണ്.

**6**

दिवि सूर्यसहस्रस्य भवेद्युगपदुत्थिता ।
यदि भाः सदृशी सा स्यात्भासस्तस्य महात्मनः ।

ദിവി സൂര്യ സഹസ്രസ്യ ഭവേധു ഗപദു തഥിത

യദി ഭാ: സദൃശീ സാ സ്യാ ഭാഷാശാസ്സ്യ മഹാത്മ:

ആയിരം സൂര്യൻ ഒന്നിച്ചുദിച്ചാലുള്ള പ്രഭപോലും ശക്തനായ ഈശ്വരചേതനയുടെ മുൻപിൽ ഒന്നുമല്ല.

**7**

सर्वतः पाणिपादं तत्सर्वतोऽक्षिशिरोमुखम् ।
सर्वतः श्रुतिमल्लोके सर्वमावृत्य तिष्ठति ।

സർവ്വതാ:പാണിപാദം തത് സർവ്വതോക്ഷി ശിരോമുഖം
സർവ്വതാ: ശ്രുതി മല്ലോകേ സർവ്വമാവൃത്യ തിഷ്ഠതി

തന്റെ കാലും കൈകളും എല്ലാവശങ്ങളിലേക്കും നീട്ടിവെച്ചതുപോലെ, കണ്ണുകളും, ശിരസ്സും, വായയും, ചെവികളും എങ്ങും നിറഞ്ഞിരിക്കുന്നതു പോലെ പ്രപഞ്ചത്തിൽ ഈശ്വരൻ മുഴുവനായും വസിക്കുന്നു.

8

नादत्ते कस्यचित्पापं न चैव सुकृतं विभुः ।
अज्ञानेनावृतं ज्ञानं तेन मुह्यन्ति जन्तवः ।

നാദതേ കസ്യചിത്പാപം ന ചൈവ സുകൃതം വിഭു:
അജ്ഞാനേനാവൃതം ജ്ഞാനം തേന മുച്യന്തി ജന്തവ:

ആരുടെയെങ്കിലും നന്മയോ പാപമൊ കൊണ്ട് സ്വാധീനിക്കാനാവുന്നതിന്റെ വളരെ ദൂരെയാണ് ഈശ്വരൻ. അറിവ് മായയിൽ ആവരണപ്പെട്ടിരിക്കുന്നു. അതിനാൽ മനുഷ്യൻ എപ്പോഴും അജ്ഞനായി തന്നെ കഴിഞ്ഞുകൂടുന്നു.

9

ज्ञानेन तु तदज्ञानं येषां नाशितमात्मनः ।
तेषामादित्यवज्ज्ञानं प्रकाशयति तत्परम् ।

ജ്ഞാനേന തു തദ്ജ്ഞാനം യേഷാം നാശിതമാത്മന:
തേഷാമാദിത്യവജ്ഞാനം പ്രകാശയതി തത്പരം

അജ്ഞതയെ ഈശ്വരനെ കുറിച്ചുള്ള യഥാർത്ഥ ജ്ഞാനത്തിൽ ദൂരീകരിക്കുക. അപ്പോൾ സൂര്യനെപ്പോലെ വിവേകവും വിളങ്ങുന്നു. ശ്രേഷ്ഠമായ വിവേകം വിജയത്തെ പ്രദാനം ചെയ്യുന്നു.

10

बलं बलवतां चाहं कामरागविवर्जितम् ।
धर्माविरुद्धो भूतेषु कामोऽस्मि भरतर्षभ ।

ബലം ബലവതാം ചാഹം കാമരാഗ വിവർജ്ജിതം
ധർമ്മാവിരുദ്ധോ ഭൂതേഷു കാമോസ്മി ഭരതർഷഭ.

ശക്തരിൽ ശക്തനും, മോഹാശകളിൽ നിന്ന് വിമുക്തനുമാണ് ഈശ്വരൻ. നന്മയുമായി സംഘർഷമില്ലാത്ത സാധാരണമായ ലൈംഗികാസക്തിയാണ് അവൻ.

11

उत्तमः पुरुषस्त्वन्यः परमात्मेत्युदाहृतः ।
यो लोकत्रयमाविश्य बिभर्त्यव्यय ईश्वरः ।

ഉത്തമ: പുരുഷസ്ത്വന്യ: പരമാത്മേ ത്യുദാരിത
യോ ലോക ത്രയമാവിശ്യ വിഭർത്യവ്യയ ഈശ്വര:

ഈശ്വരൻ പരമോന്നത ദൈവമാകുന്നു. എല്ലാ ഹേതുക്കളുടെയും ഹേതുവായ അവൻ അനന്ത ജീവിയാണ്. അവൻ ഏവരേയും നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. അവനെ നാശമില്ലാത്തതും പരമോന്നതാ ത്മാവുമായി വിശേഷിപ്പിക്കുന്നു.

12

मूढग्राहेणात्मनो यत्पीडया क्रियते तपः ।
परस्योत्सादनार्थं वा तत्तामसमुदाहृतम् ।

മൂഢഗ്രഹേണാത്മനോ യത്പീടയാ ക്രിയതേ തപ:
പസ്യോതവാദനാർത്ഥ വാ തത്യാ മാസാമൂഢ ഹൃതം..

വിപരീത ബുദ്ധിയോടെ അനുഷ്ഠിക്കുന്ന ലളിതജീവിതവും മറ്റുള്ളവരെ ദ്രോഹിക്കുവാനുതകും വിധമുള്ള ആത്മതപവും വെറും തമസ്സ് മാത്രമാണത്രെ!

13

दातव्यमिति यद्दानं दीयतेऽनुपकारिणे ।
देशे काले च पात्रे च तद्दानं सात्त्विकं स्मृतम् ।

ദാതവ്യമിതി യത്ദാനം ദീയതേനുപകാരിണേ
ദേശ കാലേ ച പാത്രേ ച തത്ദാനം സാത്തികം സ്മൃതം

യാതൊരു വിധത്തിലുള്ള പ്രതിഫലേച്ഛയും കൂടാതെ അർഹിക്കുന്ന ഒരുവന് യുക്തമായ അവസരത്തിൽ നിസ്വാർത്ഥമായി നല്കുന്ന ഒരു പാരിതോഷികം സ്വാത്വികത്തിന്റെ ലക്ഷണമാണ്.

14

यत्तु प्रत्युपकारार्थं फलमुद्दिश्य वा पुनः ।
दीयते च परिक्लिष्टं तद्दानं राजसं स्मृतम् ।

യതു പ്രത്യുപകാരാർത്ഥ ഫലമുദ്ദിശ്യ വാ പുനഃ
ദിയതേ ച പരിക്ലിഷ്ടം തദ് ദാനം രാജസം സ്മൃതം

പൂർണ്ണ മനസ്സോടെയല്ലാതെ, പ്രത്യുപകാരമോ പ്രതിഫലമോ കാംക്ഷിച്ച് ചെയ്യുന്ന ഏതൊരു പാരിതോഷികവും രാജഗുണമാണ്.

15

ईश्वरः सर्वभूतानां हृद्देशेऽर्जुन तिष्ठति ।
भ्रामयन्सर्वभूतानि यन्त्रारूढानि मायया ।

ഈശ്വരഃ സർവ്വഭൂതാനാം ഹൃദ്ദേർജ്ജന തിഷ്ഠതി
ഭ്രാമയൻ സർവ്വഭൂതാനി യന്ത്രാരൂഢാനി മായയാ

എല്ലാ ജീവികളുടേയും ജീവിതമാകുന്ന വാഹനത്തിൽ, ഈശ്വരൻ ഹൃദയങ്ങളിൽ വസിക്കുന്നു. അവർ ഓരോരുത്തരും തങ്ങളുടെ കർമ്മത്തെ ആശ്രയിച്ച് മായയിൽ കറങ്ങിത്തിരിയുന്നു

16

परस्तस्मात्तु भावोऽन्योऽव्यक्तोऽव्यक्तात्सनातनः ।
यः स सर्वेषु भूतेषु नश्यत्सु न विनश्यति

പരസ്തസ്മാത്തു ഭാവോന്യോ വ്യക്തോ വ്യക്തത് സനാതനഃ
യഃ സ സർവേഷു നശ്യത്സു ന വിനശ്യതി

ഈ സാക്ഷാത്കാരത്തിനും വളരെ ദൂരത്ത് വേറൊന്ന് വസിക്കുന്നു. ലോകം മുഴുവൻ നശിച്ചാലും ആ ദിവ്യാത്മാവ് മരണമടയുകയില്ല. എന്നും അത് ജീവിച്ചിരിക്കും.

17

अश्रद्धया हुतं दत्तं तपस्तप्तं कृतं च यत् ।
असदित्युच्यते पार्थ न च तत्प्रेत्य नो इह ।

അശ്രദ്ധയാ ഹുതം ദത്തം തപസ്തപതം കൃതം ച യത്
അസദിത്യുച്യതേ പാർത്ഥ ന ച തത് പ്രേത്യേ നോ ഇഹ

വിശ്വാസ രഹിതമായ ഒരു യാഗം നടത്തിയാലോ, മിതവ്യയം ആചരിച്ചാലോ, നല്ല കൃത്യങ്ങൾ ചെയ്തത് കൊണ്ടോ യാതൊരു ഫലവും ഉളവാകുന്നില്ല.

18

यद्यदाचरति श्रेष्ठस्तत्तदेवेतरो जनः ।
स यत्प्रमाणं कुरुते लोकस्तदनुवर्तते ।

യദ്യദ് ആചരതി ശ്രേഷ്ഠസ്തത്ത ദേവേതേരോ ജനഃ
സ യത് പ്രമാണം കുരുതേ ലോകസ്തദ് അനുവർത്തതേ

ഒരു മഹൽ വ്യക്തി എന്ത് തന്നെ ചെയ്താലും മറ്റുള്ളവർ അതേ പോലെ തന്നെ ചെയ്യുന്നു. അതേപോലെ, അവൻ തിട്ടപ്പെടുത്തിയിരിക്കുന്ന നിലവാരം പൊതുജനങ്ങളും അനുവർത്തിക്കുന്നു

19

उत्सीदेयुरिमे लोका न कुर्या कर्म चेदहम् ।
संकरस्य च कर्ता स्यामुपहन्यामिमाः प्रजाः ।

ഉത്സിദേയുരിമേ ലോകാ ന കുർജ്ജം കർമ്മ ചേ ദഹം
സംസ്കരസ്യ ച കർത്താ സ്യാ- ഉപഹന്യാമിമാഃ പ്രജാ

ഈശ്വരൻ താൻ പ്രവർത്തിക്കുന്നത് നിർത്തുകയാണെങ്കിൽ ഈ ലോകങ്ങൾക്ക് തന്നെ നാശം ഭവിക്കുന്നു. അത് പോലെ(നാം) പ്രവർത്തിക്കാതിരിക്കുന്നത് മൂലം ചിന്താക്കുഴപ്പങ്ങൾ ഉണ്ടാക്കയും അത് സർവ്വനാശത്തിലേക്ക് വഴി തിരിക്കയും ചെയ്യുന്നു.

20

इन्द्रियाणि पराण्याहुरिन्द्रियेभ्यः परं मनः ।
मनसस्तु परा बुद्धिर्यो बुद्धेः परतस्तु सः ।

ഇന്ദ്രിയാണി പരാണ്യാഹുരിന്ദ്രിയേ ഭ്യഃ പരം മനഃ
മനസസ്തു പരാ ബുദ്ധിർയോ ബുദ്ധേഃ പരതുസ്തു സഃ

നമ്മുടെ ഇന്ദ്രിയങ്ങൾ ദേഹത്തെക്കാൾ തന്നെ വലുതാണെന്ന് പറയുന്നു. എന്നാൽ മനസ്സാണ് ഇന്ദ്രിയങ്ങൾക്കുപരിയായത്. മനസ്സിനുപരി ബുദ്ധിയും ബുദ്ധിയ്ക്കും ഉന്നതത്തിൽ ഈശ്വരൻ അഥവാ ആത്മാവുമാണ്.

21

ब्राह्मणक्षत्रियविशां शुद्राणां च परंतप ।
कर्माणि प्रविभक्तानि स्वभावप्रभवैर्गुणैः ।

ബ്രാഹ്മണ ക്ഷത്രിയവിശാം ശൂദ്രാണാം ച പരം തപ
കർമ്മാണി പ്രവിഭക്താനി സ്വഭാവ പ്രഭൈവർഗ്ഗുണൈ:

ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ വിഭജനം അവരോരുത്തരുടേയും തൊഴിൽ ഗുണങ്ങളെ ആശ്രയിച്ചിട്ടുള്ളതാണ്.

22

संन्यासस्तु महाबाहो दुःखमाप्तुमयोगतः ।
योगयुक्तो मुनिर्ब्रह्म नचिरेणाधिगच्छति ।

സന്യാസസ്തു മഹാബാഹോ ദുഃഖമാസ്തുമയോഗതഃ
യോഗയുക്തോ മുനിബ്രഹ്മാ ന ചിരേണാധി ഗച്ഛതി

സംഖ്യാ യോഗം എന്നാൽ പ്രവൃത്തിക്കുന്നവൻ തന്റെ മനസ്സും, ഇന്ദ്രിയവും, ദേഹവുമെല്ലാം ചെയ്യുന്ന പ്രവൃത്തികളുടെ ഫലം വർജ്ജിക്കുന്നവനാണ്. എന്നാൽ കർമ്മ യോഗത്തെ കൂടാതെ സാംഖ്യയോഗം സാദ്ധ്യമല്ല. ഈശ്വരനിൽ ഏകാഗ്രതയോടെ മനസ്സ് വെച്ച് പ്രവർത്തിക്കുന്ന കർമ്മയോഗി ക്ഷണ നേരം കൊണ്ട് തന്നെ ബ്രഹ്മജ്ഞാനം സമ്പാദിക്കുന്നു.

23

न कर्तृत्वं न कर्माणि लोकस्य सृजति प्रभुः ।
न कर्मफलसंयोगं स्वभावस्तु प्रवर्तते ।

ന കർത്തൃത്വം ന കർമ്മാണി ലോകസ്യ സൃജതി പ്രഭുഃ
ന കർമ്മഫലസംയോഗം സ്വഭാവസ്തു പ്രവർത്തതേ

ആര് ചെയ്യതെന്നോ, എന്താണ്(മനുഷ്യർ) ചെയ്യതെന്നോ, അവന്റെ പ്രവൃത്തികളുടെ ഫലമെന്താണെന്നോ ഒന്നും തന്നെ ഈശ്വരൻ കണക്കാക്കുന്നില്ല. എന്നാൽ മനുഷ്യൻ പ്രവർത്തിക്കുന്ന രീതിയിലാണ് ഈശ്വരൻ ഊന്നൽ കൊടുക്കുന്നത്.

24

सर्वकर्माण्यपि सदा कुर्वाणो मद्व्यपाश्रयः ।
मत्प्रसादादवाप्नोति शाश्वतं पदमव्ययम् ।

സർവ്വകർമ്മാണ്യപി സദാകുർവ്വാണോ മദ്യപ്രശയഃ
മത് പ്രസാദാദവാപ്രോതി ശാശ്വതം പദമവ്യയം

ഈശ്വരനെ ആശ്രയിക്കുന്ന കർമ്മയോഗി എല്ലാ കർമ്മങ്ങളും ചെയ്യുകയാണെങ്കിൽ തന്നെയും അവന്റെ (ഈശ്വരന്റെ) പ്രസാദവും ശാശ്വതമായ സ്ഥാനവും നേടുന്നു.

25

नियतं कुरु कर्म त्वं कर्म ज्यायो ह्यकर्मणः ।
शरीरयात्रापि च ते न प्रसिद्ध्येदकर्मणः ।

നിയതം കുരു കർമ്മത്വം കർമ്മ ജ്യായോഹ്യാ കർമ്മണ
ശരീരയാത്രപി ച തേ ന പ്രസിദ്ധ്യേത് കർമ്മണാഃ

നിങ്ങളിൽ നിക്ഷിപ്തമായ ജോലി ചെയ്യുക. എന്തുകൊണ്ടെന്നാൽ, കർമ്മമാണ് നിഷ്കർമ്മത്തെക്കാൾ ഉത്തമം. എല്ലാ കർമ്മങ്ങളിൽ നിന്നും നിങ്ങൾ വിട്ടു നില്ക്കുകയാണെങ്കിൽ നിങ്ങൾക്ക് സ്വന്തം ശരീരം പോലും നില നിർത്തുവാൻ കഴിയാതെ വരുന്നു.

26

मोघाशा मोघकर्माणो मोघज्ञाना विचेतसः ।
राक्षसीमासुरो चैव प्रकृतिं मोहिनो श्रिताः ।

മോഘാശാ മോഘകർമ്മാണോ മോഘജ്ഞാന വിചേതസഃ
രക്ഷസീമാസൂരി ചൈവ പ്രകൃതിം മോഹിനിം ശ്രിതഃ

സ്വർഗ്ഗം ലഭിക്കുമെന്ന തെറ്റിദ്ധാരണയാൽ, വഴി തെറ്റിയ ആളുകൾ നശീകരണമായ പ്രവൃത്തികളിലും, നിഷ്ഫലമായ ആചാരങ്ങളിലും അകപ്പെട്ട് പൈശാചികവും മിഥ്യയുമായ ചെയ്തികളിലേർപ്പെടുന്നു.

27

यान्ति देवव्रता देवान्पितन्यान्ति पितृव्रताः ।
भुतानि यान्ति भूतेज्या यान्ति मद्याजिनोऽपि माम् ।

യാന്തി ദേവവ്രതാ ദേവാൻപിതൃന്യായന്തി പിതൃവ്രതാഃ
ഭൂതാനി യാന്തി ഭൂതേജ്ഞ്യാ യാന്തി മദ്യാജിനോപി മാം

ദൈവവ്രതമായവർ ദൈവത്തിലേക്കും, ദുർമ്മൂർത്തികളെ ആരാധിക്കുന്നവർ തൽസ്ഥാനത്തേക്കും എത്തിച്ചേരുന്നു. എന്നാൽ ഈശ്വരനെ ആർ ആരാധിക്കുന്നുവോ അവർ ഈശ്വരനിലേക്ക് മാത്രമേ എത്തിച്ചേരുകയുള്ളൂ.

28

यः सर्वत्रानभिस्नेहस्तत्तत्प्राप्य शुभाशुभम् ।
नाभिनन्दति न द्वेष्टि तस्य प्रज्ञा प्रतिष्ठिता ।

യഃ സർവ്വത്രാ നഭി സ്നേഹസ്തത്തത്പ്രാപ്യ ശുഭാശുഭം
നാഭിനന്ദതി ന ദ്വേഷ്ഠി തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ

ആരാണോ യാതൊന്നുമായും അടുപ്പമില്ലാതിരിക്കുന്നവനും, നന്മയോ തിന്മയോ, കണ്ടാൽ ആനന്ദിക്കുകയോ, വ്യാകുലപ്പെടുകയോ ചെയ്യാതിരിക്കുന്നതും, അവന്റെ മനസ്സ് ഉറച്ചതാകുന്നു.

29

क्रोधाद्भवति सम्मोहः सम्मोहात्स्मृतिविभ्रमः ।
स्मृतिभ्रंशाद्बुद्धिनाशो बुद्धिनाशात्प्रणश्यति ।

ക്രോധാത് ഭവതി സമ്മോഹഃ സമ്മോഹാത്സ്മൃതിവിഭ്രമഃ
സ്മൃതിഭ്രംശാദ് ബുദ്ധി നാശോ ബുദ്ധിനാശാത് പ്രണശ്യതി

ക്രോധത്തിൽ നിന്നും മതിഭ്രമവും, മതിഭ്രമത്തിൽ നിന്ന് ഓർമ്മപ്പിശകും, ഓർമ്മപ്പിശകിൽ നിന്ന് ബുദ്ധിനാശവും, ബുദ്ധിനാശത്തിൽ നിന്ന് സർവ്വനാശവും ഭവിക്കുന്നു.

**30**

न कर्मणामनारम्भान्नैष्कर्म्यं पुरुषोऽश्नुते ।
न च संन्यासनादेव सिद्धिं समधिगच्छति ।

ന കർമ്മണാം മനാരംഭാ നൈഷ്കർമ്മം പുരുഷോശ്രുതേ
ന ച സന്യാസ നാ ദേവ സിദ്ധിം സമാധിഗച്ഛതി

കർമ്മത്തിലേർപ്പെടാതെ മനുഷ്യന് കർമ്മമുക്തി ലഭിക്കയില്ല. അതേ പോലെ തന്നെ കർമ്മം ചെയ്യാതിരിക്കുന്നത് കൊണ്ട് അവൻ പരിപൂർണ്ണതയിലും എത്തിച്ചേരുകയില്ല

**31**

न हि कश्चित्क्षणमपि जातु तिष्ठत्यकर्मकृत् ।
कार्यते ह्यवशः कर्म सर्वः प्रकृतिजैर्गुणैः ।

ന ഹി കശ്ചിത്ക്ഷണമറി ജാതു തിഷ്ഠത്യകർമ്മകൃത്
കാര്യതേഹ്യാവശഃ കർമ്മ സർവ്വഃ പ്രകൃതി ജൈർഗുണോഃ

തീർച്ചയായും ആർക്ക് ഒരു നിമിഷത്തേക്ക് പോലും പ്രവർത്തിക്കാതിരിക്കുവാൻ കഴികയില്ല. എന്തുകൊണ്ടെന്നാൽ പ്രകൃതിയുടെ കാരണങ്ങൾ തന്നെ മനുഷ്യനെ നിസ്സഹായനായി കർമ്മത്തിലേക്കെത്തിക്കുന്നു.

**32**

तस्मादसक्तः सततं कार्यं कर्म समाचर ।
असक्त्ये ह्याचरन्कर्म परमाप्नोति पुरुषः ।

തസ്മാദാസക്തഃ സതതം കാര്യ കർമ്മസമാചാര
അശക്തോഹ്യാ ചരൻ കർമ്മ പരമാപ്രോതി പുരുഷഃ

യാതൊരു വിധത്തിലുള്ള അടുപ്പമില്ലാതെ സമർത്ഥമായി നിങ്ങളുടെ കർമ്മങ്ങൾ ചെയ്യുക. ഫലേച്ഛ കൂടാതെ കർമ്മങ്ങൾ ചെയ്യുക വഴി ഒരുവൻ ഈശ്വരനെ പ്രാപിക്കുന്നു.

**33**

य इमं परमं गुह्यं मद्भक्तेष्वभिधास्यति ।
भक्तिं मयि परां कृत्वा मामेवैष्यत्यसंशयः ।

യ ഇമം പരമം ഗുഹ്യം മദ് ഭക്തേഷ്വഭിധാസ്യതി
ഭക്തിം മയി പരാം കൃത്വാ മാ മേവൈഷ്യത്യസംശയാഃ

യാതൊരുവനാണോ ഈ ദിവ്യഗ്രന്ഥങ്ങഴിലെ ഏറ്റവും പ്രധാനപ്പെട്ട അരുളലുകൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നത് അവൻ ഈശരന് കവിഞ്ഞ പ്രേമമാണ്

അർച്ചന ചെയ്യുന്നത്. അവന് സ്വർഗ്ഗപ്രാപ്തി ലഭിക്കുമെന്നതിൽ യാതൊരു സന്ദേഹവുമില്ല.

34

चातुर्वर्ण्यं मया सृष्टं गुणकर्मविभागशः ।
तस्य कर्तारमपि मां विद्ध्यकर्तारमव्ययम् ।

ചാതുർവ്വണ്യം മയാ സൃഷ്ടം ഗുണകർമ്മവിഭാഗാശഃ
തസ്യ കർത്താരമപി മാം വിദ്യ കർത്താരമവ്യയം

സമൂഹത്തിലെ ചാതുർവണ്യം ജനത്തിന്റെ ഗുണ കർമ്മാദികളെ അടിസ്ഥാന പ്പെടുത്തി ഞാൻ നിർമ്മിച്ചതാണ്. അമരനായ ഭഗവാൻ ഇതിനുത്തരവാദിയല്ല.

35

श्रेयान्स्वधर्मो विगुणः परधर्मात्स्वनुष्ठितात् ।
स्वधर्मे निधनं श्रेयः परधर्मो भयावहः ।

ശ്രേയാൻ സ്വധർമ്മോ വിഗുണാഃ പരധർമ്മാത്സ്വനുസ്ഥിതാത്
സ്വധർമ്മേ നിധനം ശ്രേയഃ പരധർമ്മോ ഭയാവഹഃ

മെച്ചപ്പെട്ടതല്ലെങ്കിൽ കൂടിയും, ഒരുവന്റെ സ്വന്തം ചുമതല ചെയ്യുന്നതാണ് വേരൊരു നല്ല ജോലി ചെയ്യിനെക്കാൾ ഉത്തമം. സ്വന്തം ജോലി ചെയ്യുന്നതിനിടെ മരണം ഭവിച്ചാൽ തന്നെയും അത് അനുഗ്രഹീതമാണ്. വേറൊരുവന്റെ ചുമതലയാ കട്ടെ ഭയാവഹവുമായിരിക്കും.

36

संन्यासः कर्मयोगश्च निःश्रेयसकरावुभौ ।
तयोस्तु कर्मसंन्यासात्कर्मयोगो विशिष्यते ।

സന്യാസഃ കർമ്മയോഗത്വ നിഃശ്രേയസകരാവുഭൗ
തയോസ്തു കർമ്മ സന്യാസാത് കർമ്മ യോഗോ വിശിഷ്യതേ

ജ്ഞാനയോഗവും കർമ്മയോഗവും പരമാനന്ദ പ്രാപ്തിക്ക് വഴി തെളിക്കുന്നു. എന്നാൽ ഇവ രണ്ടിലും എളുപ്പത്തിൽ ചെയ്യാനാവുന്ന കർമ്മയോഗമാണ് ജ്ഞാനയോഗത്തൊക്കാൾ ഉത്തമം.

37

सांख्ययोगौ पृथग्बालाः प्रवदन्ति न पण्डिताः ।
एकमप्यास्थितः सम्यगुभयोर्विन्दते फलम् ।

സാംഖ്യയോഗൗ പൃഥഗ്ബാലാഃ പ്രവദന്തി ന പണ്ഡിതാഃ

ഏകമപ്യാസ്ഥിതഃ സമ്യാഗുഭയോർവ്വിന്ദതേ ഫലം

സാംഖ്യയോഗവും കർമ്മ യോഗവും ഒരേ ഫലങ്ങളാണുളവാക്കുക എന്ന് മൂഢർ കരുതുന്നു. ഇത് ശരിയല്ല. എന്തുകൊണ്ടെന്നാൽ ഇവ രണ്ടിലു മേതെങ്കിലുമൊന്നിൽ ഒരുവൻ ദൃഢമായി സ്ഥിതമായെന്നാൽ ദൈവജ്ഞാനം ലഭിക്കയും, രണ്ടു യോഗത്തിന്റേയും (സാംഖ്യവും കർമ്മവും) ഫലം നേടുകയും ചെയ്യുന്നു.

38

नियतं सङ्गरहितमरागद्वेषतः कृतम् ।
अफलप्रेप्सुना कर्म यत्तत्सात्त्विकमुच्यते ।

നിയതം സംഗരഹിതം അരാഗദ്വേഷതഃ കൃതം
അഫല പ്രെപ്സുനാ കർമ്മജാത് തത് സാത്വികമുച്യതേ

ദിവ്യ ഗ്രന്ഥങ്ങൾ അനുശാസിക്കുന്നതും, ഫലേച്ഛയോ, കാർമ്മകബോധമോ ഇല്ലാതെ, പക്ഷപാത വിദ്വേഷങ്ങളൊന്നുമില്ലാതെ, ചെയ്യുന്ന കർമ്മം സാത്വിക മാണ്.

39

रागी कर्मफलप्रेप्सुर्लुब्धो हिंसात्मकोऽशुचिः ।
हर्षशोकान्वितः कर्ता राजसः परिकीर्तितः ।

രാഗീ കർമ്മഫല പ്രേപ്സുലുർബ്ധുധോ ഹിംസാത്മകോസുചി
ഹർഷശോകാന്വിത കർത്താ രാജസഃ പരികീർത്തിതഃ

കർമ്മങ്ങൾ ചെയ്യുന്നതിൽ അടുപ്പം കാട്ടുന്നവനും, തന്റെ കർമ്മഫലം കാംക്ഷിക്കുന്നവനും അത്യാഗ്രഹിയും പീഢനപ്രകൃതമുള്ളവനും പെരുമാറ്റ ദൂഷ്യമുള്ളവനും, സുഖദുഃഖാദികൾ ഉള്ളവനുമയ ഒരുവനെ ഒഴിവാക്കുക. അവൻ രാജസ്വികനാണ്.

40

यतः प्रवृत्तिर्भूतानां येन सर्वमिदं ततम् ।
स्वकर्मणा तमभ्यर्च्य सिद्धिं विन्दति मानवः

യതഃപ്രവൃത്തി ഭൂതാനാം യേന സർവ്വമിദം തതം
സ്വകർമ്മണാ തമഭ്യർച്യ സിദ്ധിം വിന്ദതി മാനവഃ

ഈശ്വരനെ സ്വന്തം പ്രകൃതത്തിലുള്ള കർമ്മങ്ങൾ ചെയ്യുക വഴി ആരാധിക്കുന്ന തിലൂടെയാണ് മനുഷ്യർ പരമോന്നത സമ്പൂർണ്ണത കൈവരിക്കുന്നത്. സർവ്വസൃഷ്ടി കളും ഈശ്വരനിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ഈശ്വരൻ തന്നെയാണ് ഈ പ്രപഞ്ചം മുഴുവനും നിറഞ്ഞിരിക്കുന്നതും.

41

कर्मेन्द्रियाणि संयम्य य आस्ते मनसा स्मरन् ।
इन्द्रियार्थान्विमूढात्मा मिथ्याचारः स उच्यते ।

കർമ്മേന്ദ്രിയാണി സംയമ്യ യ ആസ്തേ മനസാ സ്മരൺ
ഇന്ദ്രിയാർത്ഥാ ന്വി മൂഢാത്മാ മിഥ്യാചാരഃ സ ഉച്യതേ

മനസ്സിനുള്ളിൽ കർമ്മജ്ഞാനേന്ദ്രിയങ്ങളെ താലോലിക്കുകയും, എന്നാൽ പുറമേയ്ക്ക് ഇവയിൽ നിന്നെല്ലാം മോചിതനാണെന്ന് ഭാവിക്കുകയും ചെയ്യുന്നവൻ ഒരു മിഥ്യാബുദ്ധിയാണ്. അവൻ ഒരു കപടകാരിയുമാണ്.

42

अधिष्ठानं तथा कर्ता करणं च पृथग्विधम् ।
विविधाश्च पृथक्चेष्टा दैवं चैवात्र पञ्चमम् ।

അധിഷ്ഠാനം തഥാ കർത്താ കരണം ചപ്രഥഗ്വിധം
വിവിധാശ്ച പൃഥക്ചേഷ്ടാ ദൈവം ചൈവാത്ര പഞ്ചമം

പ്രവൃത്തി ചെയ്യുന്നതിന് സഹയകമാകുന്ന അഞ്ചു ഘടകങ്ങൾ ഇവയാണ് : പ്രവൃത്തിയുടെ സമയവും ആത്മാർത്ഥതയും, അതിലേക്കായി സ്വീകരിച്ച വ്യത്യസ്ഥമാർഗ്ഗങ്ങൾ, മറ്റ്ശക്തികളുടെ സങ്കലനം, ഈശ്വരസങ്കല്പം.

43

यज्ञदानतपःकर्म न त्याज्यं कार्यमेव तत् ।
यज्ञो दानं तपश्चैव पावनानि मनीषिणाम् ।

യജ്ഞദാനതപഃകർമ്മ ന ത്യാജ്യം കാര്യമേവതത്
യജ്ഞോ ദാനം തപശ്ചൈവ പാവനാ നി മനീഷിണാം

യജ്ഞം ചെയ്യുന്നത് ദാനശീലം, തപശ്ചര്യ എന്നിവ ചെയ്യാവുന്നതാണ്. ഇവയെല്ലാം ഈശ്വരൻ വളരെ ഇഷ്ടപ്പെടുന്നു. ഇവ ജ്ഞാനികളെ ശുദ്ധീകരിക്കുന്നു.

44

दुःखमित्येव यत्कर्म कायक्लेशभयात्त्यजेत् ।
स कृत्वा राजसं त्यागं नैव त्यागफलं लभेत् ।

ദുഃഖമിത്യേവ യത് കർമ്മ കായക്ലേശഭയാത്യജേത് സകൃത്വാ രാജസം ത്യാഗം നൈവ ത്യാഗഫലം ലഭേത് ശാരീരിക സാമ്പത്ഥ്യത്തെ ഭയന്ന് കൊണ്ട് ആരെങ്കിലും സന്യസിക്കുകയാണെങ്കിൽ അത്തരം ത്യാഗം രാജസികം ആയിരിക്കും. ഇത്തരം പ്രവൃത്തിയ്ക്ക് ഫലമൊന്നു മുണ്ടാകയില്ല.

## 45

न हि देहभृता शक्यं त्यक्तुं कर्माण्यशेषतः ।
यस्तु कर्मफलत्यागी स त्यागीत्यभिधीयते ।

ന ഹി ദേഹഭൃത ശക്യം ത്യക്തും കർമ്മാണ്യ ശേഷതഃ
യസ്തു കർമ്മഫലത്യാഗി സ ത്യാഗീത്യഭിധീയതേ

ഒരു ശരീരമുള്ള ആർക്കും തന്നെ അവന്റെ സകല കർമ്മങ്ങളും ഉപേക്ഷിക്കാനാവുവുകയില്ല. എന്നാൽ തന്റെ എല്ലാ കർമ്മങ്ങളുടേയും ഫലം ആരാണോ പൂർണ്ണമയും ഉപേക്ഷിക്കുന്നത് അവനെ യഥാർത്ഥ സന്യാസിയെന്ന് കരുതാം.

## 46

इदं ते नातपस्काय नाभक्ताय कदाचन ।
न चाशुश्रूषवे वाच्यं न च मां योऽभ्यसूयति ।

ഇദം തേ നാ തപസ്കായ നാ ഭക്തായ കദാചന
ന ചാ ശുശ്രൂഷവേ വാച്യം ന ച മാം യോഭ്യസുയതി ·

ഗീതയുടെ രഹസ്യമായ ഈ സന്ദേശം തപശക്തി ഇല്ലാത്തവനോ, ഭക്തിയില്ലാത്തവനോ, ശ്രവിക്കുവാൻ താല്പര്യം കാണിക്കാത്തവനോ, എന്തുതന്നെയായാലും ഈശ്വരനിൽ തെറ്റു കാണുന്നവനോ നല്കരുത്.

## 47

अश्रद्दधानाः पुरुषा धर्मस्यास्य परंतप ।
अप्राप्य मां निवर्तन्ते मृत्युसंसारवर्त्मनि ।

അശ്രദ്ധധാനാഃ പുരുഷാ ധർമ്മസ്യാസ്യ പരം തപ
അപ്രാപ്യ മാം നിവർത്തന്തേ മൃത്യു സംസാര വർത്തമനി

സ്വന്തം മതത്തിൽ വിശ്വസമില്ലാത്തവർ ഇശ്വരനെ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നു. മാത്രവുമല്ല എന്തു ലക്ഷ്യം തന്നെയാണെങ്കിലും, അവയെല്ലാം മനോസംഘർഷത്തിലും മരണത്തിലും ആവൃതമായിരിക്കുകയും ചെയ്യും.

## 48

क्लैब्यं मा स्म गमः पार्थ नैतत्त्वय्युपपद्यते ।
क्षुद्रं हृदयदौर्बल्यं त्यक्त्वोत्तिष्ठ परंतप ।

ക്ലൈബ്യം മാ സ്മ ഗമഃ പാർത്ഥ നൈതത്വയ്യു പപധ്യതേ
ക്ഷുദ്രം ഹൃദയദൗർബ്ബല്യം ത്യക്തോ തിഷ്ഠ പരം തപ

പുരുഷത്വമില്ലായ്മയ്ക്ക് മുന്നിൽ നമിക്കാതിരിക്കുക. ഈ ഭീതിയും ഹൃദയദൗർബ്ബല്യവും ഉപേക്ഷിക്കുക. ശത്രുക്കളെ നിഗ്രഹിക്കുന്ന അവിടുന്ന് എഴുന്നേറ്റ് നിന്നാലും.

## ഹിന്ദുക്കൾക്ക് നിർബ്ബന്ധമായും ആവശ്യകരമായ നിത്യോപയോഗത്തിനുള്ള പ്രാർത്ഥന

### മന്ത്രം

(ഈശ്വരാനുഗ്രഹത്തിനായി ചൊല്ലുന്ന ശ്ലോകം)

താഴെ കൊടുത്തിരിക്കുന്ന പതിനഞ്ച് ശ്ലോകങ്ങൾ ദിവസേന ചുരുങ്ങിയത് രണ്ട് നേരമെങ്കിലും ചൊല്ലേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ രണ്ട് നേരം പ്രാണായാമവും ചെയ്യണം. എല്ലാ പുരുഷന്മാരും, സ്ത്രീകളും, പത്തുവയസ്സോ അതിന് മീതെയുള്ളവരോ ആയ എല്ലാവരും താഴെ കൊടുത്തിരിക്കുന്ന മന്ത്രങ്ങൾ ചൊല്ലേണ്ടതുണ്ട്. വേദസംഗീതസാന്ദ്രതയിലൂടെ ഈ മന്ത്രങ്ങൾ ഉച്ചരിക്കുകയാണെങ്കിൽ അവർക്ക് ആരോഗ്യം, സമ്പത്ത്, അധികാരം, ശാന്തി എന്നിവ ലഭ്യമാകും. അവർ അവരുടെ എല്ലാ പരിശ്രമങ്ങളിലും വിജയിക്കുകയും ആനന്ദകരമായ ജീവിതം നയിക്കയും ചെയ്യും. ഈ പാരായണം നടത്തുവാൻ പ്രത്യേകിച്ച് സമയമോ സ്ഥലമോ ഒന്നുമില്ല. എന്നാൽ ഏറ്റവും നല്ല ഫലം ലഭിക്കുന്നതിനായി ഒരു സംഘമായി ക്ഷേത്രാങ്കണത്തിലോ ഏതെങ്കിലും ഉദ്യാനത്തിലോ, അതിരാവിലെയോ വൈകുന്നേരങ്ങളിൽ നേരത്തെയോ ചെയ്യാവുന്നതാണ്. ആയിരമായിരം വർഷങ്ങൾ ഈ മന്ത്രങ്ങൾ ശക്തമായി തന്നെ കഴിഞ്ഞു. സംഗീതസാന്ദ്രമായി പാരായണം ചെയ്താൽ മന്ത്രശക്തി ഒരു അതിമാനുഷിക ചലനം ഉണ്ടാക്കുകയും ഉച്ചാരണം ചെയ്യുന്നവന് ചുറ്റും ഒരു രക്ഷാകവചമയി നില കൊള്ളുകയും ചെയ്യും. ഈ മന്ത്ര ശക്തിയുടെ ഹേതുവെ കുറിച്ച് ആധുനിക ശാസ്ത്രത്തിന് ഇനിയും കണ്ടെത്തുവാനായിട്ടില്ല. ഹിന്ദുവല്ലാത്ത ഒരാൾ കൂടി ഈ മന്ത്രങ്ങൾ ഉച്ചരിക്കുകയാണെങ്കിൽ അതിന്റെ ഫലം അവർക്ക് കൂടി അനുഭവിക്കാനാകും.

ॐ श्री विष्णुः ॐ श्री विष्णुः ॐ श्री विष्णुः

ॐ भूर्भुवः स्वः तत्सवितुर्वरेण्यं भर्गो देवस्य धीमहि ।
धियो यो नः प्रचोदयात् ॥

ഓം ശ്രീ വിഷ്ണു ഓം ശ്രീ വിഷ്ണു ഓം ശ്രീ വിഷ്ണു
ഓം ഭൂ ഭുവഃ സ്വഃ തത്സവിതൃ വരേണ്യം
ഭർഗ്ഗോ ദേവസ്യ ധീമഹി ധീയോ യോ നഃ പ്രചോദയാത്

ॐ जवाकुसुमसंकाशं काश्यपेयं महाद्युतिम् ।
ध्वान्तारिं सर्वपापघ्नं प्रणतोऽस्मि दिवाकरम् ॥

ഓം ജവാകുസുമസംകാശം കാശ്യപേയം മഹാധ്യുതിം
ധ്വാന്താരിം സർവ്വപാപഘ്നം പ്രണതോസ്മി ദിവാകരം

ॐ वक्रतुण्ड महाकाय सूर्यकोटिसमप्रभ
निर्विघ्नं कुरू मे देव सर्वकार्येषु सर्वदा ॥
ॐ नमो गणपतये । ॐ नमो गणपतये ॥

ഓം വക്രതുണ്ഡ മഹാകായ സൂർയ്യകോടി സമപ്രഭ
നിർവ്വിഘ്നം കുരുമേ ദേവ സർവ്വകാര്യേഷു സർവ്വദാ
ഓം നമോ ഗണപതയേ ഓം നമോ ഗണപതയേ

ॐ बन्दे सर्वभूते विराजमानम् ईश्वरम् एकमेवाद्वितीयम् ।
प्रणमामि देवरूपेण तान् सर्वान् ईश्वरप्रेरितदूतान् ॥
ईश्वर-प्रेरिता दूता आगच्छन्ति देवरूपेण पुनः पुनः ।
तन्मध्ये श्रेष्ठत्रयं ब्रह्माविष्णुमहेश्वराः ॥

ഓം വന്ദേ സർവ്വഭൂതേ വിരാജമാനം ഈശ്വരം ഏകമേവാദ്വിതീയം
പ്രണമാമി ദേവരൂപേണ താൻ സർവ്വാൻ ഈശ്വര പ്രേരിത ദൂതാൻ
ഈശ്വരപ്രേരിത ദൂതാ ആഗച്ഛന്തി ദേവ രൂപേണ പുനഃ പുനഃ
തന്മദ്ധ്യേ ശ്രേഷ്ഠത്രയം ബ്രഹ്മവിഷ്ണു മഹേശ്വരാഃ

ॐ नमो ब्रह्मण्य देवाय गो ब्राह्मण हिताय च ।
जगद्धिताय कृष्णाय गोविन्दाय नमो नमः ॥

ഓം നമോ ബ്രഹ്മണ്യ ദേവായ ഗോ ബ്രാഹ്മണ്യ ഹിതായ ച
ജഗദ്ധിതായ കൃഷ്ണായ ഗോവിന്ദായ നമോ നമഃ

ॐ कृष्णाय वासुदेवाय हरये परमात्मने ।
प्रणत क्लेशनाशाय गोविन्दाय नमो नमः ॥

ഓം കൃഷ്ണായ വാസുദേവായ ഹരയേ പരമാത്മനേ
പ്രണത ക്ലേശനാശായ ഗോവിന്ദായ നമോ നമഃ

ॐ नागेन्द्रहाराय त्रिलोचनाय भस्माङ्गरागाय महेश्वराय ।
नित्याय शुद्धाय दिगम्बराय तस्मै नकाराय नमः शिवाय ॥

ഓം നാഗേന്ദ്രഹാരായ ത്രിലോചനായ ഭസ്മാങ്കരാഗായ മഹേശ്വരായ
നിത്യായ ശുദ്ധായ ദിഗംബരായ തസ്മൈ നകാരായ നമഃ ശിവായ

ॐ मन्दाकिनी सलिल-चन्दनचर्चिताय
नन्दीश्वर-प्रमथनाथ-महेश्वराय ।
मन्दारपुष्प-बहुपुष्प सुपुजिताय तस्मै मकाराय नमः शिवाय ॥

ഓം മന്ദാകിനീ സലീല ചന്ദനചർച്ചിതായ

നന്ദീശ്വര പ്രമഥനാഥാ മഹേശ്വരായ
മന്ദാരപുഷ്പ ബാഹുപുഷ്പ സുപൂജിതായ
തസ്മൈ മകാരായ നമഃ ശിവായ

ॐ नमः शिवाय शान्ताय कारणत्रयहेतवे ।
निवेदयामि चात्मानं त्वं गतिः परमेश्वरः ॥

ഓം നമഃ ശിവായ ശന്തായ കാരണത്രയഹേതവേ
നിവേദനായാമി ചാത്മാനാം ത്വം ഗതി: പരമേശ്വര:

ॐ त्र्यम्बकं यजामहे सुगन्धिं पुष्टिवर्धनम् ।
उर्वारुकमिव बन्धनान्मृत्योर्मुक्षीय मामृतात् ॥

ഓം ത്രയംബകം യജാമഹേ സുഗന്ധിം പുഷ്ടിവർദ്ധനം
ഉർവ്വാരുകമിവ ബന്ധനാൻമൃത്യോർമുക്ഷയ മാമൃതാത്

ॐ सर्वमङ्गलमङ्गल्ये, शिवे सर्वार्थसाधिके ।
शरण्ये त्र्यम्बके गौरि नारायणि नमोऽस्तु ते!

ഓം സർവ്വമംഗളം മംഗളേയം ശിവേ സർവ്വാർത്ഥ സാധികേ
ശരണ്യേ ത്രയംബകേ ഗൗരി നാരായണി നമോസ്തുതേ

ॐ त्रिमस्तकानां ज्ञानम् एकशिरे अवस्थितं ।
चतुर्बाहुतुल्यबलं द्विहस्ते रोपितम् ॥
भक्तेच्छापूरणाथ पुनः पुनः आविर्भूतम् ।
प्रणमामि तं हि ईश्वरप्रेरितदूतम् ॥

ഓം ത്രിമസ്തകാനാം ജ്ഞാനം ഏകാശിരേ അവസ്ഥിതം
ചതുർബാഹുതുല്യബലം ദ്വിഹസ്തേ രോപിതം
ഭക്തേച്ഛാപൂരണാർത്ഥം പുനഃ പുനഃ അവിഭൂതം
പ്രണാമി തം ഹി ഈശ്വര പ്രേരിതദൂതം

ॐ य आस्तिको धर्मनिष्ठः स वै शूरो न नास्तिकः ।
नास्तिकः कापुरुषोऽभुत् पृथिव्यां परिधावति ॥

एकांशं स्वोपार्जनस्य देयम् दीनजनाय ।
यो भुंजीत-स्वयमेव, स मोघं केवलादी च ॥

ഓം യ ആസ്ഥികോ ധർമ്മനിഷ്ഠഃ സ വൈ ഗുരോ ന നാസ്ഥികഃ
നാസ്ഥികഃ കാപുരുഷോഭൂത് പൃഥ്വിയാം പരിധാവതി
ഏകാംശം സ്വോപാജ്ജനേന്യ ദേയം ദീനജനായ
യോ ഭുംജിത – സ്വയമേവ, സ മോഘം കേവലാദി ച

ॐ ईशा वास्यमिदं सर्व यत् किञ्च जगत्यां जगत् ।
तेन त्यक्तेन भुञ्जीथा मा गृधः कस्यस्विद्धनम् ॥
ഓം ഈശാ വാസ്യമിദം സർവ്വം യദ് കിഞ്ച ജഗത്യാം ജഗത്
തേന ത്യക്തേന ഭുഞ്ജീഥാ മാ ഗൃഘഃ കസ്യസ്വിദ്ധനം

ॐ त्वमेव माता च पिता त्वमेव, त्वमेव बन्धुश्च सखा त्वमेव ।
त्वमेव विद्या द्रविणं त्वमेव, त्वमेव सर्व मम देवदेव ॥
ഓം ത്വമേവ മാതാ ച പിതാ ത്വമേവ, ത്വമേവ ബന്ധുശ്ച സഖാ ത്വമേവ,
ത്വമേവ വിദ്യാ ദ്രവിണം ത്വമേവ, ത്വമേവ സർവ്വം മമ ദേവ ദേവ!

ഓരോ ഹിന്ദുവും ചെയ്യേണ്ടുന്ന കുറഞ്ഞ ധാർമ്മിക കർമ്മങ്ങൾ ഇവയാണ്.

1. പതിഞ്ച് മന്ത്രങ്ങളും പാരായണം ചെയ്യുക
2. പ്രണായാമം ചെയ്യുക.
3. (സ്മൃതി ശാസ്ത്രം എന്ന അദ്ധ്യായത്തിൽ ചോദ്യം 114ൽ കൊടുത്തിട്ടുള്ളത് പ്രകാരം) ഭോജോത്സവം നടത്തുക.

മന്ത്ര പാരായണത്തിന് ശേഷമാണ് 10 മിനിറ്റെങ്കിലും പ്രാണായാമം ചെയ്യേണ്ടത്. ഇത് ചെയ്യുവാൻ ഒരുവൻ നിലത്ത് ''പത്മാസന''ത്തിലോ അഥവാ കസേരയിലിരുന്നോ ആവാം. ഏതെങ്കിലും കാരണവശാൽ പ്രാണായാമം മന്ത്രപാരായണത്തോടു കൂടി തന്നെ ഇരുനേരവും ചെയ്യുവാനായില്ലെങ്കിൽ, അത് ഒരുതവണയ്യാക്കാം. പ്രാണായാമം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. നട്ടെല്ലു നേരെയാക്കി, ശരീരം വിശ്രമാവസ്ഥയിലാക്കി വേണം ഇത് ചെയ്യുവാൻ. മനസ്സ് സർവ്വ ചിന്തയിൽ നിന്നും വിമുക്തമായിരിക്കണം. മന്ത്രോച്ചാരണവും പ്രാണായാമം ചെയ്യുകയും സ്വർഗ്ഗത്തിലും ഭൂമിയിലും നിങ്ങളുടെ നില വളരെയേറെ മെച്ചപ്പെടുത്തും. ഭക്തർക്ക് എല്ലായ്പ്പോഴും ഈശ്വരന്റെ അനുകൂലമായ ന്യായവുംലഭിക്കും. പ്രാണായാമം ചെയ്യുക ലളിതമായ കാര്യമാണ്. ഒരിക്കൽ ഇത് ചെയ്യുന്നുവൻ ആദ്യമായി തന്നെ വലത്തെ മൂക്ക് തള്ളവിരൽകൊണ്ട് അടച്ച് വെക്കുക. പിന്നീട് കഴിയാവുന്നത്ര, ഇടത്ത് മൂക്കിലൂടെ ഉച്ഛ്വസിക്കുക. അതും കഴിഞ്ഞാൽ വലത് മൂക്ക് തുറന്ന് ഇടത് മൂക്ക് അടച്ചു പിടിക്കുക. പിടിച്ച് വെച്ച ശ്വാസം പുറത്തേക്ക് വിടുക. പിന്നീട് വലത് മൂക്കിലൂടെ ശ്വസിച്ച് ഇടത് മൂക്കിലൂടെ മേൽ പറഞ്ഞ രീതിയിൽ വിടുക. ഈ പ്രക്രിയ 10

മിനിറ്റെങ്കിലും ചെയ്യുക. പ്രാണായാമം വേണമെങ്കിൽ ഒരു ഗുരുവിന്റെയടുക്കൽ നിന്നും അഭ്യസിക്കാം.

ധാർമ്മിക കർമ്മങ്ങൾ ചെയ്യുന്ന ഹിന്ദുക്കൾക്ക് ഈ ജന്മത്തിൽ തന്നെ നല്ല ആരോഗ്യവും, സമൂഹത്തിൽ അംഗീകാരവും, സുരക്ഷയും, സമ്പത്തും ലഭിക്കും. 'സ്മൃതിശാസ്ത്ര'ത്തിലെ 91–ാം ചോദ്യത്തിൽ പറഞ്ഞത് പോലെ ഇഹ ജീവിതത്തിന് ശേഷം സ്വർഗ്ഗവും ലഭിക്കും. ഈശ്വരൻ ഒരു ഏക പരമോന്നത ശക്തിയാണെന്നും പ്രപഞ്ചത്തിൽ എല്ലാറ്റിനേയും സൃഷ്ടിക്കുകയും വേണ്ട വിധത്തിൽ പരിപാലിക്കുകയും ചെയ്യുന്നവനാണെന്ന് എല്ലാ ഭക്തരും മനസ്സിലാക്കേണ്ടതുണ്ട്. ഈശ്വരൻ നമ്മെ എന്നും വീക്ഷിച്ച് കൊണ്ടിരിക്കയും നമ്മുടെ പ്രാർത്ഥനകളെ കേൾക്കുകയും ചെയ്യുന്നു. ഈശ്വരനെ ശാസ്ത്രപരമായി വിവക്ഷിക്കുവാൻ പ്രയാസമാണ്. എന്തുകൊണ്ടെന്നാൽ ഈശ്വരൻ ദൃഷ്ടിഗോചരമയ ഒരു ഫലങ്ങളും ആൾക്ക് വേണ്ടിയും നല്കുകയില്ല എന്നത് തന്നെ.

മന്ത്രോച്ചാരണം നടത്തുന്നവർക്ക് പുറമേ അവരുടെ ബന്ധുമിത്രാദികൾക്ക് കൂടി മന്ത്രശക്തിയുടെ ഫലം ലഭക്കുന്നതാണ്. മുകളിൽ കൊടുത്ത പതിനഞ്ച് മന്ത്രങ്ങളും സാധാരണക്കാർക്കുള്ളതാണ്. എന്നാൽ ഒരുവന് സമയവും മനോഭാവവും ഉണ്ടെങ്കിൽ മറ്റ് പലേ ദേവർക്കും വിവാഹം, ശവദാഹം, ശ്രാർദ്ധം എന്നീ പലേ സാമൂഹികാചാരങ്ങൾക്കിടയിലും കൂടുതൽ മന്ത്രങ്ങൾ ഉരുവിടാവുന്നതാണ്.

## ഭജന- ഭഗവാന്റെ കീർത്തനങ്ങൾ

ഭജനകൾ എന്നാൽ ഈശ്വരനെ പ്രകീർത്തിച്ചുകൊണ്ടുള്ള പാട്ടുകളാണ്. ഇവ മതപരമായ വേളകളിലും സാമൂഹിക പരിപാടികളിലും, പറ്റുകയാണെങ്കിൽ സംഘഗാനമായി ആലപിക്കേണ്ടതാണ്.

भजतामीशं जपतामीशं समवेतं सर्व जनेषु रे

नाशित सर्व प्रभेदजनो ईशमनसि खलु स वसति रे ॥

भजतामीशं जपतामीशं समवेतं सर्व जनेषु रे

य विश्वसिति परमेश्वरं भयहीनः खलु स भवति रे ॥

भजतामीशं जपतामीशं समवेतं सर्व जनेषु रे

यः करोति स्वधर्म रक्षामीश मनसि खलु स वसति रे ॥

भजतामीशं जपतामीशं समवेतं सर्व जनेषु रे

यः पूजयति परमेश्वरं-अमर लोकं खलु स गच्छति रे ॥

ഭജതാമീശം ജപതാമീശം സമവേതം സർവ്വ ജാനേഷു രേ

നാശിത സർവ്വ പ്രഭേദജനോ ഈശമനീസ ഖലു സ വസീത രേ

ഭജതാമീശം ജപതാമീശം സമവേതം സർവ്വ ജനേഷു രേ

യ വിശ്വസിതി പരമേശ്വരം ദയഹീനഃ ഖലു സ ഭവതി രേ

ഭജതാമീശം ജപതാമീശം സമവേതം സർവ്വ ജനേഷു രേ

യഃ കരോതി സ്വധർമ്മ രക്ഷാമീശ മനസി ഖലു സ വസതി രേ

ഭജതാമീശം ജപതാമീശം സമവേതം സർവ്വ ജനേഷു രേ

യഃ പൂജയതി പരമേശ്വര. അമര ലോകം ഖലു സ ഗച്ഛതി രേ!

# സ്വർഗ്ഗവും നരകവും

സ്വർഗ്ഗത്തിനും, സ്വർഗ്ഗാനന്ദസൗകര്യങ്ങൾക്കും ഏഴു തലങ്ങളാണുള്ളത്. ഈശ്വരന് താല്പര്യമുള്ള കാര്യങ്ങൾക്ക് വേണ്ടി ധൈര്യപൂർവ്വം പ്രയത്നിക്കുവാനുള്ള ഒരു ഉദ്ദേശത്തോടെയാണ് ഈശ്വരൻ മനുഷ്യരെ ഇവിടെക്കയച്ചത്.

തന്റെ ജനങ്ങൾക്ക് വേണ്ടി നന്മകൾ ചെയ്യുന്നതിനും തന്റെ കല്പനകളെ ബഹുമാനിക്കുന്നതിനും ഈശ്വരൻ താല്പര്യപ്പെടുന്നു. ലോകത്തിൽ താൻ ചെയ്ത തെറ്റുകൾ മനസ്സിലാക്കി അതിൽ പശ്ചാത്തപിക്കുന്നവർ വീണ്ടും ജനിക്കുന്നു. അവർ ഈശ്വരനോടു നന്മ ചെയ്യുന്നതിന് വേണ്ടി ഒര വസരം കൂടി തരണമെന്ന് അപേക്ഷിക്കുന്നു.

പൊതു ജനങ്ങൾ ഈശ്വരൻ നിശ്ചിയിച്ച പാതയിൽ നിന്നും വഴി തെറ്റാതെ പോകുവാൻ സഹായിക്കുന്നതിനും, അതിന് വേണ്ടി എന്ത് ത്യാഗവും ചെയ്യുവാൻ തയ്യാറുള്ളവരും, ഈശ്വര കോപത്തെ ഭയപ്പെടുന്നവനും, നിത്യ പ്രാർത്ഥനകൾ, വിനയശീലം, മുറതെറ്റാതെ പ്രാണയാമം ചെയ്യുന്നവരും, എല്ലാ മാസവും ഒരിക്കൽ ഭോജോത്സവം നടത്തുകയോ അതിൽ പങ്കെടുക്കയോ ചെയ്യുന്നവരും, ലോകം നല്ലരീതിയിൽ നടത്തിപ്പിക്കുന്നതിന് ശ്രമിക്കുന്നവനും, ആവശ്യക്കാരെ സഹായിക്കുകയും, സമുദായ ക്ഷേത്രത്തേയും അതിന്റെ പൂജാരിയേയും പിന്തുണയ്ക്കുകയും, ദേശത്തെ നിയമത്തെ പാലിക്കുന്നവരും ആയവർക്ക് പരമോന്നത സ്വർഗ്ഗം ലഭ്യമാകുന്നു.

ഭക്തർ സ്വർഗ്ഗത്തിലേക്ക് പോകുന്നു. അവർക്ക് വേണ്ടി ഈശ്വരൻ സമുദ്രം മുന്നിലും മഞ്ഞു മൂടിയ കന്നുകൾ പിന്നിലുമുള്ള ഒരു നല്ല വാസസ്ഥലം ഒരുക്കുന്നു. ബഹുമാനിക്കുന്ന മിത്രങ്ങളും അംഗീകാരവും, പ്രശസ്തിയും, സന്തോഷവും, യഥാർത്ഥ ജ്ഞാനവും അവർക്ക് അവിടെ ലഭിക്കും.

ഭക്തർക്ക് അവിടെ ഏറ്റവും നല്ലതും സ്വാദുമുള്ളതുമായ ഭക്ഷണമായിരിക്കും ലഭിക്കുക. അവരുടെ ലൈംഗിക ജീവിതത്തിന് ആകർഷകവും, ആനന്ദനീയവുമായ സഹജീവിയെയും രതി മൂർച്ഛയും ലഭിക്കുന്നു. (ഗീതയിലെ 11–ാ മത് ശ്ലോകം നോക്കുക) തന്റെ ലൈംഗിക മിത്രം ഓരോ ദിവസവും ഭക്തർ എന്നും താല്പര്യപ്പെട്ടിരുന്ന മാനുഷിക നായികാനായകരുടെ രൂപത്തിൽ വരുന്നു.

നല്ലതും ആവശ്യകരവുമായ എല്ലാം സ്വർഗ്ഗത്തിൽ ലഭ്യമാകുന്നു. ഭക്തർ എന്നും ഈശ്വരന്റെ സമീപത്ത് തന്നെയാവുകയും സ്വർഗ്ഗത്തിൽ പരമാനന്ദം അനുഭവിക്കുകയും ചെയ്യുന്നു.

അവരുടെ ശത്രുക്കൾ നരകത്തിലേക്കായിരിക്കും പോവുക. അവരെ തിളയ്ക്കുന്ന എണ്ണയിൽ മുക്കും. അവരുടെ രതിപങ്കാളി കുഷ്ഠം പിടിപെട്ടവരായിരിക്കും. കള്ളിച്ചെടി പോലുള്ള മുള്ളുകളെ ഭക്ഷിക്കുവാൻ അവർ നിർബ്ബന്ധിതരാകും. 13 ദിവസം പഴകിയ എലികളുടേയും കാകന്റെയും നാറുന്ന മാംസം അവർക്ക് കഴിക്കേണ്ടി വരും. അവരെന്നും ദാഹിച്ചിരിക്കയും നിരവധി വേദനയുള്ള അസുഖങ്ങൾ അനുഭവിക്കേണ്ടതായും വരും. ദുഷ്ടരും, കൊടും പാപികളും, ദുർഗ്ഗന്ധം വമിക്കുന്ന മൃതശരീരങ്ങൾക്കിടയിലുമായിരിക്കും അവരുടെ വാസം.

ഈശ്വരന്റെ കോപത്തെ ഭയപ്പെടാത്തവനും അവന്റെ കല്പനകൾക്ക് വില കൊടുക്കാത്തവനും, ഹിന്ദുക്കളെ മറ്റ് വിശ്വാസ വൈരികളെകൊണ്ട് ചുറ്റപ്പെടുത്തുവാൻ സ്വയം കാരണമാകുന്നവരും, ഈശ്വരനെ ബഹുമാനി ക്കാത്തവരും നരകത്തിലേക്ക് പോകുന്നു.

ഇത്തരം ഒറ്റുകാരാണ് ഈശ്വര വിശ്വാസികളുടെ കൂട്ടക്കരുത്തിന് കളമൊരുക്കുന്നത്. അവരുടെ പ്രവൃത്തിയും, കുറ്റവും കുറവും, ഈശ്വര വിശ്വാസികളുടെ ഭാവി അറവുശാലകൾക്ക് വഴിയൊരുകയാണ്. അവർ നരകത്തിൽ ചെന്നെത്തുമെന്നത് ഉറപ്പാണ്.

ഏതൊരു ഹിന്ദു ഭക്തനാണോ മേൽപറഞ്ഞ ഒറ്റുകാരെ ഒതുക്കുവാനും അവർക്ക് അതികഠിനമായ ശിക്ഷ കൊടുക്കുകയും അത് മൂലം നരകത്തിലേക്കുള്ള അവരുടെ പ്രയാണം ത്വരിതപ്പെടുത്തുകയും ചെയ്യുന്നത് അവർ സ്വർഗ്ഗപ്രാപ്തിക്കർഹ നാകുന്നു.

# ബിംബാരാധന

"നമ്മിലോരോരുത്തരും ഈശ്വരനെന്ന ചക്രവർത്തിമാരുടെ ചക്രവർത്തിയുടെ അനന്തരാവകാശികളാണ്"

ഒരു ഹിന്ദുവിന് ഈശ്വരൻ മാത്രമേ ഒരേ ഒരു പരമോന്നത ദൈവമുള്ളൂ. ഈ പരമോന്നതത്തിൽ നിന്നുമാണ് നിലവിലുള്ള എല്ലാ നാമരൂപങ്ങളുടേയും ഉത്ഭവം. അതിൽ നിന്നു തന്നെ ലോകം നിലനിന്നു പോകുന്നു, അതിലേക്ക് തന്നെ മാത്രം ലോകം അവസാനം അലിഞ്ഞു ചേരുകയും ചെയ്യുന്നു. ഈശ്വരനെപ്പോലെ വേറൊരു ദൈവമില്ല. ഈശ്വരനെ പ്പോലെ വേറൊരു ദൈവമില്ല. ഈശ്വരനെ ദേവതൈ, ദേവഡു, ഈശ്വരൻ, കടവുൾ, ഇരൈവൻ എന്നീ പേരുകളിലും ആരാധിക്കപ്പെടുന്നു. തന്റെ പ്രവൃത്തികൾ നിറവേറ്റന്നതിന് ഈശ്വരന് വേറൊരു പങ്കാളിയുടെ ആവശ്യമില്ല. വേദ ശ്ലോകം ഉദ്ധരിക്കുകയാണെങ്കിൽ :

ईश्वर: परमैकस्वरूप: ॥

स नित्य:सर्वव्यापी विभुरनादिरनन्तश्च स निराकारो निरूपो वर्णनातीतो निष्कम्पश्च ।

क्वचित् शब्दरूपेण स आत्मानं प्रकाशयति स विधाता

कारणानां कारणं तथा सर्वशक्तिमान् तदिच्छापुरणाय कस्यापि सहायस्य प्रयोजनं न वर्तते

यतो द्वितीय: कोऽपि नास्ति ॥

ഈശ്വരഃ പരമൈകസ്വരൂപഃ

സ നിത്യഃ സർവ്വവ്യാപി വിഭുരനാതിരനന്തശ്ച സ നിരാകാരോ നിരൂപോ വർണ്ണ നാ തീതോ നിഷ്കാമശ്ച

ക്വാചിത് ശബ്ദരൂപേണ സ ആത്മാനം പ്രകാശയതി സ വിധാത

കാരണാനാം കാരണം തഥാ സർവ്വക്തിമാൻ തദിച്ച പുർണായ കസ്യാപി

സഹായസ്യ പ്രയോജനം ന വർത്തതേ

യതി ദ്വിതീയഃ കോപി നാസ്തി

ഈശ്വരൻ ഒരേ ഒരു പരമോന്നത ആസ്തിത്വമാണ്. അവൻ കേവലവും, സർവ്വവ്യാപിയും, നിത്യവുമാണ്. അവന് ഉത്ഭവമോ അന്തമോ ഇല്ല. അവന് രൂപമോ, നിറമോ വിവരണങ്ങളോ ഒന്നും തന്നെയില്ല. അവൻ ചിലപ്പോൾ ശബ്ദ രൂപത്തിൽ സാക്ഷാത്ക്കരിക്കും. അവൻ സ്രഷ്ടാവും എല്ലാ കാരണങ്ങളുടേയും കാരണവുമാണ്. അവൻ സർവ്വശക്തനാണ്. അവന് തന്റെ സങ്കല്പങ്ങൾ നിറവേറ്റുന്നതിന് യാതൊരാളുടേയും സഹായഹസ്തമോ മാറ്റോ ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ സ്ഥിരമായ അവനൊഴിച്ച് ആരും തന്നെ ഈ ലോകത്ത് വാഴുകയില്ല.

ഈ ഉന്നത സാക്ഷാത്കാരമാണ് ഈശ്വരൻ. അവനെ വിഷ്ണു (വിഷ്ണു, ബ്രഹ്മാവ് എന്നീ പേരുകൾകൊണ്ട് ആശയകുഴപ്പം ഉണ്ടാകരുത് ഇവർ സനാതന ധർമ്മത്തിന്റെ ആദ്യത്തെ പ്രവാചകരായിന്നു) എന്നും സംബോധന ചെയ്യുന്നു. വിഷ്ണു എന്ന പദം ''വിസ് ''(അഥവാ വ്യാപിച്ചിരിക്കുന്നത്) എന്ന മൂലപദത്തിൽ നിന്നാണുണ്ടായത്. വിഷ്ണു എന്നാൽ സർവ്വവ്യാപി. ഈശ്വരന് തുടക്കമോ ഒടുക്കമോ ഇല്ല.

ഈശ്വരന്ഒരു ജനയിതാവിന്റെ ആവശ്യമുണ്ടായിരുന്നില്ല. അവന് മാതാപിതാക്കളില്ല, മറിച്ച് മനുഷ്യർ തന്നെയാണ് ഈ പരമോന്നത അസ്ഥിത്വത്തിന് ''ഈശ്വരൻ'' എന്ന് നാമകരണം ചെയ്തത്. മറ്റ് പലേ മതങ്ങളിൽ നിന്നുള്ള ആളുകൾ അവനെ പലേ പേരിലും സംബോധന ചെയ്യുന്നു. ഹിന്ദുക്കൾ അവനെ ഈശ്വരൻ, വിഷ്ണു, ബ്രഹ്മാവ്, ദേവഡു, കടവുൾ, ഇറൈവൻ തുടങ്ങിയ പേരുകളിൽ വിളിക്കുന്നു. ഈശ്വരന്റെ അടയാളം ॐ അഥവാ ഓം എന്നാണ്.

इश्वर: तस्य दूतरूपेण पृथिव्यां प्रेरयति देवान्
तस्माच्च मङ्‌लं मनुष्यत्वं प्रापोति ॥

ഈശ്വരഃ തസ്യ ദൂതരൂപേണ പൃഥിവ്യാം പ്രേരയതി ദേവാൻ
തസ്മാച്ച മംഗളം മനുഷ്യത്വം പ്രപ്രോതി

ദേവതകളെ ഈശ്വരൻ തന്റെ സന്ദേശവാഹകരായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും അയക്കുന്നു. അവിടങ്ങളിൽ നിന്ന് നന്മ മാനവരാശിലേക്ക് എത്തിച്ചേരുന്നു.

ദേവതകൾ മനുഷ്യ രക്ഷകർ മാത്രമാണ്. ഈശ്വരൻ തന്റെ ഒരംശത്തെ ജനങ്ങളുടെ രക്ഷകനായി (ദേവതയായി) അയക്കുകയാണെന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു. ഈ ദേവതകൾ സ്ത്രീകളേയും പുരുഷന്മാരേയും കൂടുതൽ അർത്ഥവത്തവും മനപ്പൊരുത്തമുള്ള ജീവിതത്തിലേക്ക് നയിക്കും.

ഈ രക്ഷകരെ ഹിന്ദുക്കൾ ഈശ്വരന്റെ തനിപ്പകർപ്പായി കരുതുകയും അവരെ ദേവതകൾ എന്ന് വിളിക്കയും ചെയ്യുന്നു. മാത്രമല്ല അവരെ ഹിന്ദു നായികാ നായകന്മാരായി സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ദേവതകൾ ഈ ലോകത്ത് അവരുടെ ലീലകൾ (മനുഷ്യ രൂപത്തിലുള്ള ഇഹലോകത്തെ ജീവിതം) കഴിഞ്ഞ ശേഷം തിരിച്ച് പോകയും ഈശ്വരനിൽ ലയിക്കുമെന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു. അവർ ഈ ലോകത്ത് ഇല്ലെങ്കിൽ കൂടിയും ദേവതകൾക്ക് മനുഷ്യരെ നയിക്കുവാനും സഹായിക്കുവാനും കഴിയുന്നു. ഹിന്ദുക്കൾ അവരുടെ പ്രതിമകൾ നിർമ്മിച്ച് അവയെ ഈശ്വരനിലേക്കുള്ള ഒരു മാദ്ധ്യമമായി കരുതി പൂജ ചെയ്യുന്നു.

വിഗ്രഹങ്ങൾ ഈശ്വരനല്ല. അവ ഈശ്വരനെ ശ്രദ്ധ വെച്ച് പൂജിക്കുവാനുള്ള ഒരു മാദ്ധ്യമം മാത്രമാണെന്നും ഹിന്ദുക്കൾക്ക് അറിയാം. വിഗ്രഹങ്ങളെ

പൂജിക്കുക വഴി വാസ്തവത്തിൽ സർവ്വശക്തനായ ഈശ്വരനെയാണ് നാം പൂജിക്കുന്നത്.

വിഗ്രഹ പൂജയെകുറിച്ച് പറയുമ്പോൾ മറ്റൊരു ലളിതമായ ദൃഷ്ടാന്തത്തിലൂടെ അതിന്റെ സാരം ഗ്രഹിക്കാവുന്നതാണ്. നാമെല്ലാവരും നമ്മുടെ ദേശീയ പതാകയെ ആദരിക്കുന്നു. എന്നാൽ പതാക വെറുമൊരു തുണി ക്കഷണമാണെന്നും അതിൽ നിറഭേദങ്ങൾ മാത്രമേ ഉള്ളൂവെന്നും ആർക്കാണ് അറിയാത്തത്. ലോകത്ത് എവിടെ ഈ പതാക കണ്ടാലും നാം അതിനെ ആദരിക്കുന്നു. പതാക നമ്മുടെ രാജ്യമാണോ? അല്ല. എന്നാലും നാം ഒരുപക്ഷെ ഈ പതാക ആരെങ്കിലും അനാദരിക്കുകയാണെങ്കിൽ അതിന്റെ രക്ഷയ്ക്ക് വേണ്ടി ജീവത്യാഗം പോലും നടത്തുവാൻ തയ്യാറാണ്.അതേ പോലെ തന്നെയാണ് വിഗ്രഹപൂജയുടെ കാര്യവും.

ആരും കല്ലു കൊണ്ടുള്ള വിഗ്രഹത്തെയല്ല, മറിച്ച് ഈശ്വരനെയാണ് പ്രാർത്ഥിക്കുന്നത്.അതുകൊണ്ടാണ് ഏത് മന്ത്രങ്ങൾക്ക് മുൻപും "ഓം" (സംസ്കൃതത്തിൽ ഈശ്വരനാണ് ഏറ്റവും വലുത് എന്നർത്ഥം)എന്ന അക്ഷരം കാണുന്നത്.

എന്തു കൊണ്ടാണ് ഹിന്ദുക്കൾ പൂജയ്ക്ക് ശേഷം വിഗ്രഹങ്ങൾ വെള്ളത്തിൽ ഒഴുക്കി കളയുന്നത്? ഇതിന്റെ സാരം ഇതാണ്: വിഗ്രഹമോ മൂർത്തിയോ അല്ല പ്രധാനം മറിച്ച് ഈശ്വരനാണ്. ഈശ്വരന്റെ രൂപത്തെ സങ്കല്പിച്ച് അതിൽ ശ്രദ്ധ കൊടുക്കുവാൻ കഴിയുന്നുവെങ്കിൽ വിഗ്രഹാരാധന നല്ലതാണ്.

ആയുധ ഉപകരണങ്ങളുടേയോ ജ്ഞാനസമ്പാദനത്തിന്റേയോ കാര്യത്തിൽ കഥാകർത്താക്കൾ ദേവതകളെ വാഴ്ത്തുന്നത് കഥാകർത്താക്കൾ കെട്ടിച്ചമച്ചത് മാത്രമാണ്.

നിരവധി കാഥികർ ദേവതകളുടെ അമാനുഷിക കഴിവുകളെ കുറിച്ച് ആയുധങ്ങൾ ഉപയോഗിക്കിന്നതിലോ ജ്ഞാനത്തിലോ വലുതാക്കി പറയുകയും ചില മിഥ്യാ രൂപങ്ങൾ കെട്ടിച്ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. അതേപോലെ ചിത്രരചനയിലും പ്രതിമാനിർമ്മാണത്തിലും അത്യുത്സാഹികളായ ചില രചയിതാക്കൾ തങ്ങളുടെ ഭാവനയ്ക്കും സങ്കല്പത്തിനും അനുയോജ്യമായി രൂപങ്ങൾ നിർമ്മിക്കാറുണ്ട്. എന്നാൽ ദേവതകളും സാധാരണ മനുഷ്യരൂപ ത്തിലായിരുന്നുവെന്ന് മാത്രമല്ല പ്രകൃതി നിയമങ്ങൾക്ക് വിധേയരുമായിരുന്നു. അവർക്കെല്ലാം ഒരു ശിരസ്സും രണ്ട് കൈകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു ഹിന്ദുമന്ത്രം നമുക്ക് പരിശോധിക്കാം.

ॐ त्रिमस्तकानां ज्ञानम् एकशिरे अवस्थितं ।
चतुर्बाहुतुल्यबलं द्विहस्ते रोपितम् ॥
भक्तेच्छापूरणाथ पुनः पुनः आविर्भूतम् ।
प्रणमामि तं हि ईश्वरप्रेरितदूतम् ॥

ഓം ത്രിമസ്തകാനാം ജ്ഞാനം ഏകശിരേ അവസ്ഥിതം
ചതുർബ്ബാഹു തുല്യബലം ദ്വിഹസ്തേ രോപിതം
ഭക്തേച്ഛാപൂരണാർത്ഥം പുന: പുന: ആവിർഭൂതം
പ്രണമാമി ത്വാം ഹി ഈശ്വര പ്രേരിതദൂതം

ഹേ ഈശ്വര! അവിടുന്ന് രക്ഷകരെ മനുഷ്യരൂപത്തിൽ കാലാകാലങ്ങളായി അയക്കുന്നു. ഈ രക്ഷകർക്ക് ഒരു ശിരസ്സേ ഉള്ളുവെങ്കിലും അവർക്ക് മൂന്ന് ശിരസ്സുകളുടെ കഴിവും ജ്ഞാനസമ്പത്തും ഉണ്ട്. അവരുടെ രണ്ട് ഹസ്തങ്ങളും നാല് കൈകൾക്ക് തുല്യം പ്രവർത്തിക്കുന്നതിന് സമാനമാണ്. ഞങ്ങൾ ഈശ്വരന്റെ ഈ ദൂതർക്ക് മുന്നിൽ പ്രണമിക്കുന്നു.

കഴിഞ്ഞ 20000 വർഷങ്ങൾക്കുള്ളിൽ ഹിന്ദുക്കൾക്ക് നിരവധി രക്ഷകരുടേയും പ്രവാചകന്മാരുടേയും അനുഗ്രഹാശിസ്സുകൾ ലഭിച്ചിട്ടുണ്ട്. അവരാകട്ടെ ബ്രഹ്മ- വിഷ്ണു -മഹേശ്വരന്മാർ തുടങ്ങിയ ആദിദേവതകളുടെ അവതാരങ്ങളായിട്ടാണ് പ്രസ്തുത രക്ഷകരെ ഗണിച്ചിട്ടുള്ളത്. ഉദാഹരണമായി ഏകദേശം 5000 വർഷങ്ങൾക്ക് മുൻപ് ജനിച്ച രാമനും, 3500 വർഷങ്ങൾക്ക് മുൻപുണ്ടായിരുന്ന കൃഷ്ണനും വിഷ്ണുവിന്റെ അവതാരങ്ങളായി കണക്കാക്കപ്പെടുകയും അത്തരത്തിലുള്ള സ്നേഹാദരങ്ങൾ ലഭിച്ച് കൊണ്ടിരിക്കയും ചെയ്യുന്നു.

ഒരു ഹിന്ദു ഈശ്വരനെ സ്നേഹിക്കയും എപ്പോഴും ഈശ്വരസമക്ഷം കാംക്ഷിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് വേദങ്ങളോ ഗീതയോ വായിച്ചിട്ടില്ലാത്ത സാധാരണ ഹിന്ദുക്കൾ വിഗ്രഹങ്ങളെ ആരാധിക്കുന്നത്. വേദങ്ങളുടേയും ഗീതയുടേയും ജ്ഞാനമുള്ളവർക്ക് ഈശ്വരൻ മാത്രമേ ഒരേയൊരു ദൈവമെന്ന് അറിയാം. ഒരു മനുഷ്യന് അർപ്പിക്കാവുന്നതെല്ലാം ഈശ്വരൻ അർഹിക്കുന്നു. വിഗ്രഹങ്ങൾ അവന്റെ പ്രതിനിധാനങ്ങൾ മാത്രമാണ്. അവനോട് പ്രാർത്ഥിക്കുന്നത് വെറും ഉചിതമായ കാര്യം മാത്രമാണ്.

ഹിന്ദുമതം വികസിച്ച് കൊണ്ടിരിക്കെ അത് ലോകത്തിലെ വിവിധ ജനങ്ങളുടെ എല്ലാവർഗ്ഗങ്ങളുടേയും വിഭാഗങ്ങളേയും സഹിക്കുകയും അവയിലെ രീതികൾ സ്വയം ലയിക്കയും ചെയ്തു. മാത്രവുമല്ല, അത് വ്യത്യസ്ത ജീവിതരീതികൾക്കും വിഗ്രഹങ്ങൾക്കും നായകർക്കും വേണ്ട ബഹുമാനങ്ങളും നല്കുകയുണ്ടായി. ഇതിന്റെയെല്ലാം പരിണിത ഫലമായി നിരവധി പൂജാവിഗ്രഹങ്ങളെ ഹിന്ദുവിഗ്രഹങ്ങളായി കരുതി തുടങ്ങി. ഹിന്ദുമതത്തിലെ തന്നെ ഒരു വിഭാഗം ജനങ്ങൾ ചില വിഗ്രഹങ്ങളെ ആരാധിക്കുമ്പോൾ മറ്റൊരു വിഭാഗത്തിന് അതിന്റെ സ്ഥിതിവിവരം തന്നെയറിയില്ല എന്നത് ഇവിടെ പ്രസ്താവ്യമാണ്. അവരാകട്ടെ ഈ വിഗ്രഹങ്ങളെ അംഗീകരിക്കുക കൂടിയില്ല. സംസാരഭാഷയിലും ദൈവനാമങ്ങൾ വ്യത്യസ്ഥമായിരിക്കാം.

ഉത്തരേന്ത്യയിൽ ദൈവത്തെ "ഈശ്വര" നായിട്ടാണ് ആരാധിക്കപ്പെടുന്നത്.

എന്നാൽദക്ഷിണഭാരതത്തിൽദൈവത്തെ മൂർത്തിയായോ, വിഗ്രഹമായോ, ഈശ്വരൻ അഥവാ, ഈശ്വരഡുവായോ, ബാലാജി അഥവാ വെങ്കടേശ്വര ഭഗവാനായോ മുരുകൻ അഥവാ ഷൺമുഖൻ അഥവാ കുമാരസ്വാമി(കാർത്തികേയൻ) ആയോ ആരാധിക്കാം. എന്നാൽ ഹിന്ദുക്കൾ ഒരു കാര്യത്തിൽ ഏകത്വം കാണിക്കുന്നു. സർവ്വവ്യാപിയും സർവ്വശക്തനും എല്ലാ കാരണങ്ങളുടേയും കാരണമായ ഒരു ദൈവത്തെ, സർവ്വശക്ത ആസ്തിത്വമായി ആരാധിക്കുന്നതാണ് ഇക്കാര്യം. ഇതിനെ ഈശ്വരൻ അഥവാ ദേവത, ദേവഡു, ദേവതൈ, കടവുൾ അഥവാ ഇറൈവർ എന്നീപേരുകളിൽ പൂജിക്കപ്പെടുന്നു.

ഭഗവദ് ഗീതയിലെ ഏഴാം അദ്ധ്യായത്തിലെ ഇരുപതാമത് ശ്ലോകം നമുക്ക് പരിശോധിക്കാം.

कामैस्तैस्तैर्हृतज्ञानाः प्रपद्यन्तेऽन्यदेवताः ।
तं तं नियममास्थाय प्रकृत्या नियताः स्वया ॥

കാമൈ സ്തൈ സ്തൈഹൃതജ്ഞാന പ്രപദ്യയന്തോ ന്യ ദേവത
തം തം നിയമമാസ്ഥായ പ്രകൃത്യാ നിയതാ സ്വയ

തന്റെ ജ്ഞാനം വിവിധ ആശകളാൽ ലഘൂകരിക്കപ്പെട്ടവർ, അവരുടെ സ്വന്തം പ്രകൃതത്താൽ സ്വാധീനിക്കപ്പെട്ട് ഈശ്വരന് പുറമേ മറ്റ് ദേവന്മാരെ ഓരോ നിയമങ്ങൾക്കനുസൃതമായി പൂജചെയ്യുന്നു.

മേലുദ്ധരിച്ച ശ്ലോകം അർത്ഥവത്താണ്. നമുക്ക് ഈശ്വരനെ പ്രാർത്ഥിച്ചാൽ മാത്രമേ ഫലമുണ്ടാകുകയുള്ളൂ. എന്നാൽ വിവേചനശക്തി നഷ്ടപ്പെട്ടവർക്കും അജ്ഞനുമായ ഒരാൾ ദേവതകളുടെ വിഗ്രഹങ്ങൾ പൂജിക്കുന്നു.

# ജാതിവ്യവസ്ഥ

ജാതി വ്യവസ്ഥ എന്നത് മദ്ധ്യേഷ്യയിൽ നിന്നും ഭാരതത്തിൽ ആക്രമിച്ച് കടന്നെത്തിയവർ ഹിന്ദുക്കളെ തമ്മിൽ തമ്മിൽ ഭിന്നിപ്പിക്കുവാനും അവർക്ക് മേലെ മേല്ക്കോയ്മ ലഭിക്കുന്നതിനും വേണ്ടി തുടങ്ങി വെച്ചതാണ്. ഇത് ഒരു സാമൂഹികചൂഷണവും ധാർമ്മികമായ അഴിമതിയുമാണ്. ഈ അക്രമികൾ വരുന്നതിനു മുൻപ് ഇന്ത്യയിൽ ജാതിയുടെ അടിസ്ഥാനത്തിൽ സമൂഹത്തെ നാലുവിഭാഗമായി വേർതിരിച്ചു.

ആദി ഋഗ്വേദകാലത്തിൽ ഒരേ കുടുംബത്തിൽ തന്നെ പലേ തൊഴിലുകളും ചെയ്തുകൊണ്ടിരുന്ന അംഗങ്ങളുണ്ടായിരുന്നു. വിദ്യയോ ജ്ഞാനമോ അഭ്യസിക്കുന്നതിൽ തല്പരരായവരെ ബ്രാഹ്മണർ എന്ന് വിളിച്ചു. ആയുധകലകളിൽ നൈപുണ്യം കാട്ടുന്നവർ ക്ഷത്രിയന്മാർ എന്ന പേരിൽ അറിയപ്പെട്ടു. ധാരാളം വസ്തുവകകൾ ഉള്ളവരും വാണിജ്യകാര്യങ്ങളിൽ ഏർപ്പെടുന്നവർ വൈശ്യരെന്നും, ശില്പകലകളിലും കൈത്തൊഴിലുകളിലും ഏർപ്പെടുന്നവർ ശൂദ്രരെന്നും അറിയപ്പെട്ടു. ഓരോരുത്തരും അവർക്ക് താല്പര്യമുള്ളതും പങ്കെടുത്തിരുന്നതുമായ തൊഴിലുകളിൽ പ്രാവീണ്യം കാണിച്ചു.

ക്രി.മു. 4500 -3500 ആണ്ടുകളിൽ അശ്വരൂഢരായി ദേശാന്തരം നടത്തുന്ന യോദ്ധാക്കൾ മദ്ധ്യേഷ്യയിൽ നിന്നും ഭാരതത്തെ ആക്രമിക്കുകയുണ്ടായി. പുതിയ ഭരണാധികാരികൾ (മേൽപറഞ്ഞ) സമ്പദ് വ്യവസ്ഥയനുസരിച്ചുള്ള തൊഴിലുകളെ നാലു പ്രധാനപ്പെട്ട ജാതികളായി– ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ– ഇനം തിരിച്ചു. വിദ്യാഭ്യാസമില്ലാത്തവരും പ്രത്യേകിച്ച് കഴിവുകളുമില്ലാത്തവരുമായവരെ പുതിയ ഭരണാധികാരികൾ ഗണിക്കയുണ്ടായില്ല. അവർ സ്വയം ജീവിക്കുന്നതിന് അനുവദിക്കപ്പെട്ടു. ഇത്തരം ആളുകളെയാണ് 'ദളിത്' വിഭാഗമായി കണക്കാക്കുന്നത്.

ജാതിവ്യവസ്ഥ ഒരു സാമൂഹ്യനീതിയായിരുന്നു. ഇവിടെ കഴിവും ജ്ഞാനവും രക്ഷിതാവിൽ നിന്നും കുട്ടികളിലേക്ക് കൈമാറിക്കൊണ്ടിരുന്നു. അക്കാലത്ത് സാങ്കേതിക പരിശീലനമോ പാഠശാലകളൊ കടലാസോ ലിഖിതരൂപത്തിലുള്ള പുസ്തകങ്ങളോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. വൈദഗ്ദ്ധ്യവും അറിവും ലഭിക്കുന്നതിന് വേറൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. കലകളിലും വിജ്ഞാനത്തിലുമുള്ള പരിശീലനം ഒരു തലമുറയിൽ നിന്നും വേറൊന്നിലേക്ക് കൈമാറിക്കൊണ്ടിരുന്നു. എന്നാൽ ഒരു ജാതിയിൽ നിന്നും മറ്റൊരു ജാതിയിലേക്കുള്ള പ്രയാണം അന്ന് ഹിന്ദുക്കൾക്കിടയിൽ അനുവദനീയവും സാധാരണവുമായിരുന്നു.

തങ്ങളുടെ സ്വാഭാവികമായ രക്തദാഹത്തോടെ (മദ്ധ്യേഷ്യയിൽ നിന്നുമുള്ള) അക്രമികൾ നമ്മുടെ ശാന്തിപ്രിയമായ രാജ്യത്തെ തങ്ങളുടെ അധീനതയിലാക്കി. എന്നാൽ ഇവിടുത്തെ ജനങ്ങളുടെ ധാർമ്മികശക്തിയും, ദൃഢവിശ്വാസത്തിന്റെ കീഴടക്കുവാനായില്ല.

അക്രമികൾ താമസിയാതെ പുതിയ ഭരണാധിപന്മാരായി. അവർ ജാതിവ്യവസ്ഥയെ ദുരുപയോഗപ്പെടുത്തി. സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള ഇവിടുത്തെ സാമൂഹികവിഭജനത്തെ അവർ ഒരു മിഥ്യാ ധാർമ്മിക വസ്തുതയായി തെറ്റിദ്ധരിപ്പിച്ചു. അവയെ മതപരമായ പിന്തുണ കാട്ടി വിഭാഗങ്ങളാക്കി സ്ഥിരീകരിക്കയും ചെയ്തു. ഇവിടെ ഒരു കാര്യം പ്രസ്താവിക്കട്ടെ. ലോകത്തിലെവിടെയായാലും ശരി, നിരവധി കാലം ഒരു സാമൂഹികതെറ്റ് തുടർന്ന്കൊണ്ടിരിക്കയാണെങ്കിൽ അതിന് നിയമ പിൻബലവും കിട്ടുന്നു.

ഹിന്ദുസമൂഹത്തിലെ ഏറ്റവും വലിയ തെറ്റായിരുന്നു ഇത്തരത്തിലുള്ള ദുർഘടമായ ജാതി വിവേചന വ്യവസ്ഥ.

കാലമിന്നോളം കുരുട്ടുബുദ്ധികളായ രാഷ്ട്രീയക്കാർ ഇതിൽ നിന്നും മുതലെടുക്കുകയും നമ്മെ വിഭജിച്ച് ഭരിക്കയും ചെയ്തു. ഇതിൽ നിന്നും മെച്ചം ലഭിച്ച ചില ആളുകളാകട്ടെ ജാതിവ്യവസ്ഥയെ അനുകൂലിക്കുകയും ചെയ്തു.

സനാതനനധർമ്മത്തിന്റെ തത്വശാസ്ത്രം ഹിന്ദുക്കൾക്ക് അനിതര സാധാരണമായ ധാർമ്മികശക്തിയാണ് പ്രദാനം ചെയ്തത്. ആക്രമികൾക്ക് ഈ വിശ്വാസികളെ മതം മാറ്റുന്ന കാര്യം വളരെ വിഷമം പിടിച്ച ഒന്നായിരുന്നു.

എന്നാൽ മിക്കവാറും എല്ലാ ഭരണകർത്താക്കൾക്കും ചില മിഥ്യാചാരികളിൽ നിന്നും ഹിന്ദുക്കളെ വിഭജിക്കുവാനും അതു മൂലം അശക്തരാക്കുവാനും കഴിഞ്ഞു. ഇത്തരം ഹീനശക്തികൾ കറകളഞ്ഞ ഹിന്ദുക്കളും മാനുഷികമൂല്യമുള്ളവരുമായി അഭിനയിച്ചുവെങ്കിലും വാസ്തവത്തിൽ അവരുടെ സ്വന്തം സങ്കുചിത താല്പര്യങ്ങൾക്ക് വേണ്ടി സമൂഹത്തെ തന്നെ വിഭജിക്കയായിരുന്നു. അവർ അവരുടെ ലാഭേച്ഛ കണ്ടെത്തുകയും സ്വയം അഹങ്കരിക്കുകയും ചെയ്തു. അതോടെ തങ്ങളുടെ യജമാനന്മാരുടെ പ്രീതിക്കും അവർ പാത്രമായി. പലപ്പോഴും അവർ അളുകളെ തെറ്റിദ്ധരിപ്പിക്കുകയും വിദേശാക്രമികൾക്ക് ഇവിടെ വന്ന് ഹിന്ദുക്കളെ കൊള്ളയടിക്കുവാൻ വഴിയൊരുക്കുകയും ചെയ്തു. ഇവിടുത്തെ ജനങ്ങളാകട്ടെ, അധികാംശവും നിരക്ഷരരും, അജ്ഞരും, തെറ്റിദ്ധരിക്കപ്പെട്ടവരും അതിലേറെ കൊടും ദരിദ്രരുമായിരുന്നു. കാലം മാറുന്നതോടെ പുതിയ ഭരണാധികാരികളുടെ കൊട്ടാരത്തിൽ ചില സ്ഥാപിത താല്പര്യങ്ങൾ വളർന്നു വലുതായി. ദേശത്തെ സമ്പത്തിന്റെ ഒരു പിടി കൈക്കലാക്കുവാൻ ചിലർ അകംവലയത്തിലും മറ്റുചിലർ പുറം വലയത്തിലുമായി മുദ്രകുത്തപ്പെട്ടു.

ആയിരത്തോളം വർഷങ്ങൾ നീണ്ടു നിന്ന ഈ സമ്പദ് വിഭജനം ജാതിവ്യവസ്ഥയെ ഒരു സാമൂഹിക രോഗമാക്കിമാറ്റി. ഇത്തരം മർദ്ദിതാവസ്ഥ തുടരുന്നതിനാകട്ടെ മിഥ്യാചാരികൾ ആ വ്യവസ്ഥകൾക്ക് മതത്തിന്റെ നിറഭേദങ്ങൾ വരച്ച് കാട്ടുകയും ചെയ്തു.

ഭഗവദ്ഗീത ജാതിവ്യവസ്ഥയ്ക്ക് എതിരാണ്. ജാതി തൊഴിലടിസ്ഥാനമാക്കിയ വിഭജനമാണെന്ന് ഗീത പറയുന്നു. ഇത് മനുഷ്യർ തന്നെ നിർമ്മിച്ചതുമാണ്. ഈശ്വരനോ മതമോ ഇതുമായി ബന്ധപ്പെട്ടതല്ല. താഴെകൊടുത്തിരിക്കുന്ന രണ്ട് ഗീതാശ്ലോകങ്ങൾ ഇത്തരുണത്തിൽ പ്രസക്തമാണ്.

ब्राह्मणक्षत्रियविशां शद्राणां च परंतप ।
कर्माणि प्रविभक्तानि स्वभावप्रभवैर्गुणै: ॥

ബ്രാഹ്മണ ക്ഷത്രിയ വിശാം ശൂദ്രാണാം ച പരം തപ
കർമ്മാണി പ്രവി ഭക്താനി സ്വഭാവ പ്രഭവൈർ ഗുണൈ:

ബ്രാഹ്മണർ, ക്ഷത്രിയർ,വൈശ്യൻ,ശൂദ്രൻ എന്നീ പ്രകാരമുള്ള വിഭജനം അവരോരോരുത്തരും ഏർപ്പെട്ടിരിക്കുന്ന തൊഴിലിനെ അടിസ്ഥാനമാക്കി വേണം.

चातुर्वण्यं मया सृष्टं गुणकर्मविभागश: ।
तस्य कर्तारमपि मां विद्ध्यकर्तारमव्ययम् ॥

ചാതുർവർണ്ണ്യം മയാ സൃഷ്ടം ഗുണകർമ്മവിഭാഗാശാ
തസ്യ കർത്താരമപി മാം വിദ്യാ കർത്താരമവ്യയം.

സമൂഹത്തിലെ ചാതുർവർണ്ണ്യം ജനങ്ങളുടെ ഗുണകർമ്മാദികളെ മാത്രം അടിസ്ഥാനപ്പെടുത്തി ഞാൻ നിർമ്മിച്ചതാണ്. ഇത് മനുഷ്യ നിർമ്മിതം മാത്രമാണ്. അമരനായ ഈശ്വരന് ഇതിൽ യാതൊരു പങ്കുമില്ല.

സാമ്പത്തിക രാഷ്ട്രീയ കുതന്ത്രങ്ങൾ മതത്തെ ഒരു ചളിക്കുളമാക്കി മാറ്റി. ഹിന്ദുക്കൾ വിഭക്ത കുടുംബമായി. ഹിന്ദുമതമെന്ന സനാതനധർമ്മം ഒരിക്കലും ജാതിവ്യവസ്ഥയെ അംഗീകരിക്കുകയോ അനുവദിക്കുകയോ ചെയ്തില്ലെങ്കിൽ പോലും വേറെ പോംവഴി ഇല്ലാത്തതുകൊണ്ടും അജ്ഞതകൊണ്ടും അവർ അതിന് നേരെ കണ്ണടച്ചു. ഈശ്വരൻ വിധിച്ചതാണ് ജാതിവ്യവസ്ഥയെന്നും തൽസമ്പ്രദായം കൊണ്ടുനടക്കുന്നവർ നിർദ്ധനരരും, അശരണരും ബന്ദികളുമായിരിക്കണമെന്നും അവർ സങ്കല്പിച്ചു.

ജാതിസമ്പ്രദായത്തെ എതിർക്കുകയും ഹിന്ദുക്കളുടെ ഐകമത്യത്തിന് വേണ്ടി പ്രവർത്തിക്കുന്നവർക്ക് സ്വർഗ്ഗം ലഭിക്കുമെന്ന് മാത്രമല്ല, അവരുടെ പ്രപിതാക്കൾക്ക് പോലും സുരലോകം ലഭിക്കുമെന്നാണത്രെ ഈശ്വരൻ കല്പിച്ചിട്ടുള്ളത്.

ജാതിവ്യവസ്ഥ മതപരമായ ഒന്നല്ല, രാഷ്ട്രീയ സാമ്പത്തിക ചൂഷണത്തിന്റെ ഫലമാണെന്ന് തെളിയിക്കുവാൻ ബംഗാളിലെ പൂർവ്വചരിത്രം നമുക്ക് നോക്കാവുന്നതാണ്. ക്രിസ്ത്വാബ്ദം 1200ൽ ബല്ലൻ സെൻ എന്നൊരു രാജാവ് ബംഗാളിൽ ഉണ്ടായിരുന്നു.അദ്ദേഹത്തിന്റെ ഭരണകാലത്ത് നാഥബ്രാഹ്മണർ അഥവാ രുദ്രജബ്രാഹ്മണർ വളരെ വാഴ്ത്തപ്പെട്ട ബ്രാഹ്മണ ജാതികളായിരുന്നു. അവർ രാജപുരോഹിതരുമായിരുന്നു. രാജാവിന്റെ പിതാവ് മരിച്ചപ്പോൾ, രാജാവ് തന്റെ ഗുരുവായ പീതാംബരനാഥനോട് മരണമടഞ്ഞ രാജാവിൻെറ ശവദാഹക്രിയയിൽ കൊടുക്കുന്ന വസ്തുക്കൾ (പിണ്ഡദാനം) രാജകീയ സമ്മാനമായി സ്വീകരിച്ചുകൊള്ളുവാൻ പറഞ്ഞു. എന്നാൽ മരണാനന്തര ക്രിയയുമായി ബന്ധപ്പെട്ട ഒന്നും തന്നെ പാരിതോഷികമായി സ്വീകരിക്കുവാൻ

പീതാംബരനാഥൻ തയ്യാറായില്ല. രാജാവ് കുപിതനായി. ഗുരുവിന്റെ ഈ ധിക്കാരം അദ്ദേഹത്തിന്റെ അഭിമാനത്തെ ത്രസിച്ചു. രാജാവിന്റെ കല്പന പ്രകാരം പീതാംബരനാഥന്റെ പൂണുനൂൽ വലിച്ചു പൊട്ടിച്ചു. രാജകല്പനയും അതേ തുടർന്നുണ്ടായി. ഇനിമുതൽ ഉന്നതജാതിക്കാരായ രുദ്രജരും നാഥബ്രാഹ്മണരും നീചജാതിക്കാരായ ശൂദ്രരായിരിക്കും. അന്നു മുതൽ നാഥ/രുദ്രജവംശക്കാരെ ബംഗാളിൽ ശൂദ്രരായിട്ടാണ് കണക്കാക്കുന്നത്. എന്നാൽ ബംഗാളിനു പുറത്ത് അവർ ഇന്നും ബ്രാഹ്മണപൂജാരികളായിട്ടാണ് ഗണിക്കുന്നത്. എന്താണ് ഈ ഉദാഹരണം കൊണ്ട് വ്യക്തമാകുന്നത്? ജാതിവ്യവസ്ഥ ഹിന്ദുമതത്തിന്റെ ഒരു ഭാഗമല്ല, മറിച്ച് സൂത്രശാലികളായ രാഷ്ട്രീയനേതാക്കളുടെ രാഷ്ട്രീയ ചൂഷണം മാത്രമാണ്.

പുരാണങ്ങളനുസരിച്ച് നാഥബ്രാഹ്മണർ അഥവാ രുദ്രജബ്രാഹ്മണർ ശിവന്റെ (രുദ്രൻ എന്ന പേരുകൂടിയുള്ള ശിവന്റെ) പിൻഗാമികളാണ്. അവസാനത്തെ ഹിന്ദുരാജ്യമായ നേപ്പാളിലെ രാജപുരോഹിതനും ഒരു നാഥബ്രാഹ്മണനാണ്.

കല്ക്കത്തയിലെ പേരു കേട്ട ഒരു ക്ഷേത്രമാണല്ലോ കാളീഘട്ട്. കാളിക്ഷേത്ര ത്തിലെ ആദ്യത്തെ പൂജാരി ശ്രീ ചൗറംഘീനാഥായിരുന്നു. കല്ക്കത്തയിലെ പ്രധാന വീഥി അദ്ദേഹത്തിന്റെ പേരിൽ ചൗറംഘീ റോസ് എന്നറിയപ്പെടുന്നു.

മറ്റ് പ്രധാനപ്പെട്ട രണ്ട് നാഥജർ ഇവയാണ്. ഗുജറാത്തിലെ സോമനാഥനും (അദ്ദേഹത്തിന്റെ പേരിലാണത്രെ സോമനാഥക്ഷേത്രം പണികഴിപ്പിച്ചിട്ടുള്ളത്), ഉത്തർപ്രദേശിലെ ഗോരഖ്നാഥ് ക്ഷേത്രവും (ഗോരഖ് നാഥിന്റെ പേരിലുള്ളത്). ഈ കാര്യങ്ങളെല്ലാം എന്താണ് നമ്മെ ബോധ്യപ്പെടുത്തുന്നത് ? ജാതിസമ്പ്ര ദായവും ഹിന്ദുമതവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു തന്നെ!

മഹാഭാരതത്തിലെ "വനപർവ്വം" എന്ന ഖണ്ഡം എടുത്ത് നോക്കാം. ഇതിൽ യുദ്ധിഷ്ഠിരനൊഴിച്ച് മറ്റ് നാല് പാണ്ഡവന്മാരും ഒരു യക്ഷൻ കാരണം മോഹാലസ്യപ്പെട്ട് പോകുന്നതായ ഒരു രംഗമുണ്ട്. ഈ നാലു സഹോദരന്മാരും യക്ഷന്റെ ജലാശയത്തിൽ നിന്നും അദ്ദേഹത്തിന്റെ അനുവാദമില്ലാതെ വെള്ളം കുടിച്ചതിനാലാണ് ഇപ്രകാരം സംഭവിച്ചത്. തന്റെ നാലു സഹോദരന്മാരെയും കാണാതെ യുധിഷ്ഠരൻ സ്വയം ജലാശയത്തിനരികെയെത്തി. യക്ഷൻ യുധിഷ്ഠിരനോട് താൻ ചോദിക്കുന്ന പന്ത്രണ്ട് ചോദ്യങ്ങൾക്കും (യുധിഷ്ഠരൻ) ഉത്തരം നല്കുകയാണെങ്കിൽ സഹോദരന്മാരെ പുനരുജ്ജീവിപ്പിക്കാമെന്നേറ്റു. യക്ഷന്റെ ഒൻപതാമത്തെ ചോദ്യം ഇതായിരുന്നു.

राजन् कुलेन वृत्तेन स्वाध्यायेन श्रुतेन वा ।
ब्राह्मण्यं केन भवति प्रब्रह्येतत् सुनिश्चितम् ॥

(वनपर्व ३१३ अध्याय, श्लोक १०७)

രാജൻ കുലേന വൃത്തനേ സ്വാധ്യായേന ശ്രുതേന വാ
ബ്രാഹ്മണ്യ കേന ഭവതി

പ്രബ്രുഹത്യേത് സുനിശ്ചിതം (വാനപ്രസ്ഥം, അദ്ധ്യായം 323, ശ്ലോകം 107)

എന്താണ് ഒരു ബ്രാഹ്മണനെ ഉണ്ടാക്കുന്നത്? ജനനമോ, സ്വഭാവമോ, വിദ്യാഭ്യാസമോ ജ്ഞാനമോ? യുധിഷ്ഠിരന്റെ മറുപടി ഇതായിരുന്നു:

शृणु यक्ष कुलं तात न स्वाध्यायो न च श्रुतम् ।
कारणं हि द्विजत्वे च वृत्तमेव न संशयः ॥

(वनपर्व ३१३ अध्याय, श्लोक १०८)

ശൃണു യക്ഷ കുലം താത ന സ്വാധ്യായോ ന ച ശ്രുതം

കാരണം ഹി ദ്വിജം ത്വേ ച വൃത്തമേ ന സംശയ:

(വനപർവ്വം 323ാം അദ്ധ്യായം ശ്ലോകം 108)

ജനനമോ, പഠിപ്പോ, ജ്ഞാനമോ അല്ല മറിച്ച് സ്വഭാവം ഒന്നുമാത്രമാണ് ഒരു ബ്രാഹ്മണനെ ഉണ്ടാക്കുന്നത്. മഹാഭാരതത്തിൽ നിന്നും ചൂണ്ടിക്കാട്ടുന്നത് മനുഷ്യജാതി ജന്മനാലല്ല, മറിച്ച് സ്വയം തിരഞ്ഞെടുക്കുക മാത്രമാണുള്ളത് എന്നതാണ്.

നേരത്തെ പ്രസ്താവിച്ച പോലെ ഇന്ത്യയിലെ ജാതിസമ്പ്രദായം സാമ്പത്തിക കൈകാര്യങ്ങളിൽനിന്നും (തൊഴിൽവീത രീതിയിൽ നിന്നും), രാഷ്ട്രീയ ചൂഷണങ്ങളിൽ നിന്നും ഉടലെടുത്ത ഒന്നാണ്.

ഇന്ത്യയിൽ ഗുപ്തന്മാരുടെ കാലത്ത് ബ്രാഹ്മണരും ക്ഷത്രിയരും തൊഴിൽ കലകൾ ഒരു സാധാരണ രീതിയിൽ മാത്രമാണ് പിന്തുടർന്നിരുന്നത്. മയൂരശർമ്മ എന്നൊരു ബ്രാഹ്മണൻ ഒരു യോദ്ധാവിന്റെ ജോലി സ്വീകരിക്കുകയും കദംബരാജ്യം സ്ഥാപിക്കയും ചെയ്തു. മാത്രിവിഷ്ണു എന്ന മറ്റൊരു ബ്രാഹ്മണനാകട്ടെ ക്ഷത്രിയന്റെ ജോലിയാണ് സ്വീകരിച്ചത്. ഗുപ്തഭരണത്തിൽ അദ്ദേഹം ഒരു പ്രവിശ്യയുടെ ഗവർണ്ണറുമായി. ജാതികൊണ്ട് പ്രദോഷവർമ്മൻ ഒരു ശൂദ്രനായിരുന്നു. എന്നാൽ അദ്ദേഹവും ഒരു ക്ഷത്രിയന്റെ ജോലി ചെയ്യുകയും വേറൊരു പ്രവിശ്യയുടെ ഗവർണ്ണറാകുകയും ചെയ്തു.

ഗുപ്തഭരണകാലത്ത് നിരവധി ബ്രാഹ്മണർ വനങ്ങളിൽ പോയി മൃഗങ്ങളെ വേട്ടയാടുക എന്ന ലാഭകരമായ തൊഴിലിൽ ഏർപ്പെട്ടു. മന്ദസോറിൽ ശൂദ്രരായ പലരും കൂടി കേൾവികേട്ട സൂര്യക്ഷേത്രം പണികഴിപ്പിച്ചു. ഹിന്ദുസമൂഹത്തിൽ ജാതിവ്യവസ്ഥ വെറുമൊരു തൊഴിൽ വിഭജനം മാത്രമായിരുന്നു എന്നതിന്റെ ദൃഷ്ടാന്തം മാത്രമാണ് ഇതെല്ലാം.

വൈദികകാലത്ത് ഒരു ദളിതനെന്ന പേരിലോ നീചനെന്ന കാരണത്താലോ ശൂദ്രനേയോ മറ്റാരെങ്കിലുമായോ തൊട്ടുകൂടായ്മ എന്ന തത്വം ആരും തന്നെ

പാലിച്ചിരുന്നില്ല. ഏതെങ്കിലും ഒരു വ്യക്തിയെ കുറ്റപ്പെടുത്തിയിരുന്നെങ്കിൽ അത് പ്രധാനമായും അവൻ (അവൾ) സമൂഹത്തിന് സ്വീകാര്യമല്ലാത്ത പ്രവൃത്തിയിൽ ഏർപ്പെടുന്നത് കൊണ്ട് മാത്രമായിരുന്നു. എന്നാൽ സമൂഹത്തിന്റെ വെറുപ്പ് തന്നെ പതിഞ്ഞ ഏതൊരു സ്ഥിതിപോലും പശ്ചാത്താപവും, ഒരുവന്റെ മെച്ചപ്പെടുത്തിയ പെരുമാറ്റവും കൊണ്ട് മാറ്റാവുന്ന രീതി അന്ന് നിലവിലുണ്ടായിരുന്നു.

പഴയകാലത്ത് വിദ്യാഭ്യാസരീതി നീണ്ടതും കഠിനവും വനാന്തര ചുറ്റുപാടുകളിലെ വർണ്ണ കുടീരങ്ങളിൽ ദശാബ്ദങ്ങളോളം നീളുന്നതുമായിരുന്നു. വിജ്ഞാനം ഗുരുവും ശിഷ്യരും തമ്മിൽ കൊടുത്തും എടുത്തുമിരുന്നു. ലിഖിതരൂപങ്ങൾ അക്കാലത്ത് കുറവായിരുന്നതിനാൽ ഇത് മിക്കവാറും വായ്മൊഴിയായിട്ടായിരുന്നു. കുട്ടികൾ ആദ്യം മുതല്ക്കു തന്നെ അവരുടെ കുടുംബതൊഴിലുമായി സ്വാഭാവികവും തുടർച്ചയായും ബന്ധം പുലർത്തി വന്നു. അവരുടെ മാതാപിതാക്കൾ കുട്ടികളെ തങ്ങളുടെ കുലത്തൊഴിലിൽ തുടക്കം മുതല്ക്കു തന്നെ ആഭിമുഖ്യം കാട്ടിതുടങ്ങി. എന്നാൽ കാലക്രമേണ തൊഴിലുകൾ തിരഞ്ഞെടുക്കുന്ന രീതി അറിയാതെ തന്നെ തൊഴിലധിഷ്ഠിതമായ കുടുംബങ്ങൾ സർവ്വയിടത്തും പൊന്തിവരുവാൻ വഴിയൊരുക്കി: സമൂഹം ഇത്തരമൊരു രീതി ആഗ്രഹിക്കാതിരുന്നിട്ടു പോലും! ഹിന്ദുസമൂഹം മാറ്റങ്ങൾക്കും പരിവർത്തനത്തിനും വിധേയമായി തന്നെയായിരുന്നു. ആളുകൾക്ക് അവരുടെ തൊഴിലും താല്പര്യവും തിരഞ്ഞെടുക്കുവാൻ ഹിന്ദുമതം സ്വാതന്ത്ര്യം നല്കി. ഉദാഹരണമായി, ശൂദ്രനായി ജനിച്ച സത്യകാമൻ വേദപഠനം നടത്തിയത് കൊണ്ട് സമൂഹമാരാധിക്കുന്ന ഒരു ബ്രാഹ്മണനായി. വൈദികകാലത്ത് അർക്ക് വേണമെങ്കിലും ഒരു പൂജാരിയാകാമായിരുന്നു. തൽസ്ഥാനം ബ്രാഹ്മണർക്ക് മാത്രമേ വിധിച്ചിട്ടുള്ളൂ എന്നൊരു തത്വം അന്ന് നിലവിലുണ്ടായിരുന്നില്ല.

വേദങ്ങളിലെ ഒരു ശ്ലോകം നോക്കാം:

पवित्रात्मा संयतेन्द्रियः पेशलां मधु जीऔवा च
तं गुरुं श्रद्धया श्रृणु उपहार च प्रयच्छतु ॥

പവിത്രാത്മാ സംയതേന്ദ്രിയ: പേശലാം മധുജീവാ ച
തം ഗുരു ശ്രദ്ധയാ ശൃണു ഉപഹാർ ച പ്രയച്ഛതു.

ശുദ്ധമായ മനസ്സും, ഇച്ഛകളിൽ നിയന്ത്രണവും, ശ്ലോകങ്ങൾ സംഗീതസാന്ദ്രമായി പാരായണം ചെയ്യാവുന്നവനും ആയ ആർക്കും പുരോഹിതൻ അഥവാ ഗുരു എന്ന നിലയിൽ പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുക്കാം. അവർക്ക് അവരുടെ പിന്തുണയ്ക്കുന്നവർ കൈയയഞ്ഞ് സഹായിക്കുന്നു.

ഒരേ ജാതിയിൽ പെട്ട പുരുഷനും സ്ത്രീയും തമ്മിൽ വിവാഹിതരാകുക തൊഴിൽപരമായി നേട്ടമുള്ളതും സൗകര്യപൂർണ്ണവുമായിരുന്നു. അവരുടെ പൊതു പശ്ചാത്തലം സ്വന്തം കുടുംബതൊഴിലുമായി ഇണചേർന്ന് സുഗമമായി മുന്നോട്ട് പോകുവാൻ സഹായകമായി. ഏതെങ്കിലും തരത്തിലുള്ള പരിശീലനമോ ആവശ്യമുണ്ടായിരുന്നില്ല. ബുദ്ധിമുട്ടുകളോ ഇല്ലതാനും. ഇതിന് പുറമേ വിവാഹിതരാകുന്ന വധൂവരന്മാർ ഏതെങ്കിലും തരത്തിലുള്ള അപ്രതീക്ഷിത ബുദ്ധിമുട്ടുകളോ, പരിചയമില്ലാത്ത അപമര്യാദപരമായ ചുറ്റുപാടുകളോ വിവാഹാനന്തരം അനുഭവിക്കേണ്ടി വരില്ല താനും.

അതേപോലെ തന്നെ വ്യത്യസ്ഥ പശ്ചാത്തലങ്ങളിലുള്ള ആളുകൾ തമ്മിലുള്ള വിവാഹവും പലപ്പോഴും അനുവദനീയമായിരുന്നു. മഹാഭാരതത്തിൽ ഒരു ശൂദ്ര മത്സ്യകന്യകയായ സത്യവതി ക്ഷത്രിയരാജാവായ ശന്തനുവിനെ കല്യാണം കഴിക്കുകയും അതിലേക്ക് സമൂഹം യാതൊരു വിലക്കുകളും ഏർപ്പെടുത്താതിരിക്കുകയും ചെയ്തു. അടിസ്ഥാനപരമായി നോക്കിയാൽ ജാതിസമ്പ്രദായം ഒരു സ്വേച്ഛാപരമായ സാമൂഹികാചാരമായിരുന്നു. രാജാക്കന്മാരുടെ നിർദ്ദേശപ്രകാരവും സൗകര്യപ്രദവുമായ ഈ ആചാരം ആളുകൾ സ്വീകരിക്കുകയും സ്വന്തം തൊഴിലിൽ ബന്ധിതരാക്കുകയും ചെയ്തു. തൊഴിൽ സമാനതയനുസരിച്ച് മാത്രമേ വിവാഹബന്ധങ്ങളും നടന്നിരുന്നുള്ളൂ. സാമവേദത്തിലെ ഒരു ശ്ലോകമനുസരിച്ച് ഈശ്വരൻ യാതൊരു തരത്തിലുള്ള ചൂഷണത്തേയും അംഗീകരിക്കുന്നില്ല. തന്റെ ഭക്തർ എല്ലാവരെയും തുല്യമായി തന്നെ കാണേണമെന്നും ബുദ്ധിമുട്ടുള്ളവനെ ശുശ്രൂഷിക്കേണമെന്നുമായിരുന്നു അവിടുത്തെ ആജ്ഞ.

यो ददाति बुभुक्षितेभ्य: पीडितानां सहायक:
दु:खार्तानां समाश्लिष्यति तमेव ईश: प्रसीदति ॥

യോ ദദാതി ബുഭുക്ഷിതേ ഭ്യ: പീഢിതാനാം സഹായക:

ദു:ഖാർത്താനാം സമാശിലാഷ്യതി തമേവ ഈശാ: പ്രസീദതി.

നിങ്ങൾ ഒരു മനുഷ്യന് സന്തോഷം പ്രദാനം ചെയ്യുമ്പോൾ ഈശ്വരൻ സന്തുഷ്ടനാകുന്നു. നിങ്ങൾ വിശക്കുന്നവനെ ഊട്ടുമ്പോഴും, കഷ്ടപ്പാടുള്ളവനെ സഹായിച്ചും ദു:ഖിതന്റെ ദു:ഖം ലഘൂകരിക്കുമ്പോഴും, വ്യാകുലന്റെ മുറിവ് തെറ്റുകൾ നീക്കി മാറ്റുമ്പോഴും ഈശ്വരന് സന്തോഷം തോന്നുന്നു.

ആയിരം വർഷങ്ങൾ വിദേശബന്ധത്തിലായിരുന്ന നമ്മുടെ ഭാരതം 1947ൽ സ്വതന്ത്രമായപ്പോൾ സമൂഹത്തെ വിഭജിക്കുന്ന ശാപത്തെ, ജാതിസമ്പ്രദായത്തെ ദൂരീകരിക്കുന്നതിന് ഭാരതം വിദ്യാഭ്യാസ മേഖലകവിലും ജോലിസ്ഥാപനങ്ങളിലും തലമുറകളായി ജാതിവ്യവസ്ഥയുടെ കാരണത്താൽ നരകിച്ചു കൊണ്ടിരിക്കുന്ന ജനവിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തി. ജാതിസമ്പ്രദായം പരിശീലി ക്കുന്നത് നിയമ പ്രകാരം ഇന്ത്യയിൽ കുറ്റകരമാണ്. ആധുനികരും വിദ്യാ സമ്പന്നരുമായ ഇന്നത്തെ ഹിന്ദുക്കൾ ജാതിവ്യവസ്ഥകൾക്കെതിരാണ്. അവയെ നഖശിഖാന്തം എതിർക്കുകയും ചെയ്യുന്നു.

# മനുസ്മൃതി

ക്രി.മു. ഏകദേശം 3500-ാം ആണ്ടിൽ ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ ദിശയിൽ നിന്നും ചില ആക്രമി സംഘങ്ങൾ ഇന്ത്യയിൽ പ്രവേശിക്കയും രാജ്യത്തെ കീഴടക്കുകയും ചെയ്തു. ഇവിടുത്തെ ജനങ്ങളുടെ ലൗകികജീവിതം മാത്രമല്ല, സംസ്കാരമേഖലകളിൽ കൂടി ഈ വിദേശികൾ മാറ്റം വരുത്തുന്നതിന് ശ്രമിച്ചു. അവർ അവരുടെ ആചാരാനുഷ്ഠാനങ്ങൾ ഇന്ത്യൻ മത ജീവിതത്തിൽ ഉൾക്കൊള്ളിക്കുവാൻ ഇതു ഹേതുവായി. വേദങ്ങളെയും കാര്യമായി തന്നെ സ്വാധീനിക്കുവാൻ ഈ വിദേശികൾ ശ്രമിച്ചു.

വ്യക്തിബന്ധങ്ങളും സാമൂഹിക ചട്ടങ്ങളും ഉൾക്കൊള്ളുന്ന മതാനുഷ്ഠാനങ്ങളിൽ ഏകദേവാരാധനയിൽ അധിഷ്ഠിതമായ വേദങ്ങൾ ഒരു ശക്തമാർന്ന മാർഗ്ഗദീപ്തിയായിരുന്നു. വൈദികമതം ഇറാനിലെ സൂര്യ ചന്ദ്രാദി ആരാധനയും യാഗാനുഷ്ഠാനങ്ങളും തങ്ങളുടെ ചർച്ചയിൽ ഉൾക്കെള്ളിക്കുവാൻ നിർബന്ധിതമായി. പലേ ഋഷിവര്യരും ഹിമാലയസാനുവിലെ ഗുഹകളിലേക്കോ ദക്ഷിണേന്ത്യയിലേക്കോ ചേക്കേറുകയും ചെയ്തു.

ഇറാനിലെ ആളുകളും ഏഷ്യാമൈനറിലെ ഭരണാധികാരികളും ഇന്ത്യയിലെ സമൂഹം ഭാഗിക്കുവാൻ ശ്രമിച്ചു. അതുമൂലം സമൂഹത്തെ ശിഥിലീകരിക്കുവാനും, അടിമത്വത്തിലാഴത്തുവാനും, രാജകുടുംബത്തിലെ സേവനത്തിനുമായി അവരെ രൂപപ്പെടുത്തുകയായിരുന്നു. പിന്നീട് ഏകദേശം ക്രി. മു. 3250ൽ സാമൂഹിക തൊഴിൽ വിതരണ സമ്പ്രദായത്തെ അടിസ്ഥാനമാക്കി മനു ഒരു പുതിയ നിയമ സംഹിത മുന്നോട്ടുവെച്ചു. ഇതിനെ "മനുസ്മൃതി" എന്ന് പറയുന്നു. വൈദിക കാലത്തിന്റെ അപരാഹ്നത്തിലാണ് മനു ജീവിച്ചിരുന്നത്.

ഹിന്ദുമതമെന്ന സനാതനധർമ്മത്തിന്റെ യഥാർത്ഥമതമാണ് വേദം. മനുസ്മൃതി

വിദേശമേല്ക്കോയ്മക്ക് സഹായകമായ ഒരു രീതിയായിരുന്നു. മനുവിന്റെ ഇത്തരം "ജാടവിദ്യ" കളെ ഹിന്ദുക്കൾ അറിഞ്ഞിരിക്കേണ്ടിയിരിക്കുന്നു. സാമൂഹിക വിഭജനമാണ് ഈ സ്മൃതിയുടെ അടിത്തറ. എന്നാൽ ഗണിതശാസ്ത്രത്തെ കുറിച്ച് മനു ചെയ്ത സംഭാവന തികച്ചും ശ്ലാഘനീയവും ബുദ്ധിപരമായ ശാസ്ത്രസേവനവുമാണ്

പഴയ കാലത്തെ "മനുസ്മൃതി" എന്ന പ്രധാനപ്പെട്ട ഒരു സംസ്കൃതനിയമസംഹിത രചിച്ച വ്യക്തിയാണ് മനു. മനു എന്നാൽ മനുഷ്യൻ എന്ന് മാത്രമെ അർത്ഥമുള്ളൂ. ഈ പദം ഒരു ഭാരത യൂറോപ്യൻ സംസ്കാരത്തിന്റെ പ്രതിഫലനമായിരിക്കാം. എന്നാൽ ഇത് ഹീബ്രുഭാഷയിലെ ആദം (മനുഷ്യൻ എന്ന് തന്നെ അർത്ഥം) എന്നതിന്റെ തനിരൂപവുമായി ഒരു സ്വതന്ത്ര പരിണാമവുമാകാം. 'ഷഢപാദ ബ്രാഹ്മണ' എന്ന ഒരു ധാർമ്മിക ഗ്രന്ഥമുണ്ട്. വേദകാലത്തിന് ശേഷമാണ് ഈ പ്രധാന ഗ്രന്ഥം രചിച്ചത്. ഇതിൽ രസകരമായ ഒരു കഥയുണ്ട്. മനു ഒരു മത്സ്യത്തോട് ഒരിക്കൽ കനിവ് കാണിക്കയുണ്ടായി. പ്രത്യുപകാരമായി മത്സ്യം

മനുവിനോട് ഒരു പ്രളയം വരുമെന്നും മനുഷ്യജാതിയുടെ ഭൂരിഭാഗവും അതിൽ ക്ഷയിച്ച് പോകുമെന്നും മുന്നറിയിപ്പ് നല്കി. പ്രസ്തുത മത്സ്യം അഭിപ്രായപ്പെട്ടതനുസരിച്ച് മനു ഒരു വലിയ തോണിയുണ്ടാക്കി. പ്രളയം വന്നപ്പോൾ ഈ തോണി മത്സ്യത്തിന്റെ വാലിൽ കെട്ടിയിട്ടു. മത്സ്യമാകട്ടെ, പ്രളയാന്ത്യം വരെ തോണിയെ ഒരു പർവ്വതമുകളിൽ സുരക്ഷിതമായി തങ്ങുവാനനുവദിച്ചു. പ്രസ്തുത മത്സ്യം വിഷ്ണുവിന്റെ പ്രഥമാവതാര മാണെന്നാണ് സങ്കല്പം.

പില്ക്കാലത്തുണ്ടായ ഹിന്ദുമതത്തിലെ പുരാണങ്ങൾ പോലുള്ള മറ്റ് പലേ മഹൽ ഗ്രന്ഥങ്ങളിലും, മനുസ്മൃതിയിലുമുൾപ്പെടെ, പതിനാല് മനുക്കൾ ജീവിച്ചിരുന്നതായി പ്രതിപാദിക്കുന്നുണ്ട്. ഈ പതിനാല് പേരും, ഓരോരുത്തരായി 864 കോടി വർഷങ്ങൾ ഉൾക്കൊള്ളുന്ന ഒരു കാലചക്രത്തിന്റെ (കല്പം) പതിനാല് ഉപകാലഘട്ടങ്ങളിലായി, ജീവിച്ചിരിക്കുന്നുവെന്നാണ് കരുതുന്നത്. നാം ഇപ്പോൾ പ്രസ്തുത കാലചക്രത്തിന്റെ ഏഴാമത് ഗണത്തിലാണത്രേ. ഇതിനെ മന്വന്തരം എന്നും പറയുന്നു. പതിനാലാമത്തെ മനുവിന് ശേഷം ഭൂമിതന്നെ ഇല്ലാതാകും എന്നാണ് പ്രമാണം. അതിന് ശേഷം സൃഷ്ടി- സ്ഥിതി -സംഹാര പ്രക്രിയയിലെ അനന്തമായ വേറൊരു സൃഷ്ടിയിലേക്ക് വഴിതെളിക്കപ്പെടും. പ്രപഞ്ചത്തിൻെറ നിലനില്പ്, ഏതായാലും, അനന്തമാണ്. മനുവിന്റെ ഗണനമനുസരിച്ച് കുറച്ചെങ്കിലും ജ്ഞാനവും വിവേചനമുള്ള മനുഷ്യൻ കഴിഞ്ഞ 25ലക്ഷം വർഷങ്ങളായി ഭൂമിയിൽ വസിച്ചിരുന്നു എന്നതാണ്. എന്നാൽ ഇരു കാലുകളിൽ നടന്നതും മൃഗലക്ഷണങ്ങളുള്ളതുമായ മനുഷ്യൻ കഴിഞ്ഞ പതിനഞ്ച് ദശലക്ഷം വർഷങ്ങൾക്ക് മുൻപ് ഇവിടെ ഉണ്ടായിരുന്നുവത്രേ. ഈശ്വരനാകട്ടെ, ഏകദേശം നാല്പതിനായിരം വർഷങ്ങൾക്ക് മുൻപാണ് സൗരയൂഥം തന്നെ ഉണ്ടാക്കിയത്. ഇത് ഇനിയും 8640 365 100 315360,000 (ഏകദേശം 3153.6 ലക്ഷം) വർഷങ്ങൾ തുടരും. മനുവിന്റെ ഗണിത ശാസ്ത്രമനുസരിച്ച് ഈശ്വരൻ 100 "ഈശ്വര ജീവിത"മാണ് നമ്മുടെ സൗരയൂഥത്തിന് നല്കിയിട്ടുള്ളത്.

മനുസ്മൃതി അഥവാ മനുവിന്റെ നിയമങ്ങൾ മാനവധർമ്മശാസ്ത്രമെന്ന പേരിലും അറിയപ്പെടുന്നു. നിയമവും അതോടനുബന്ധിച്ചുള്ള കാര്യങ്ങളുമാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയങ്ങൾ. സുതാര്യവും കളങ്കമില്ലാത്തതുമായ ഭരണത്തെ ഈ സംഹിത പ്രകീർത്തിക്കുന്നു. ഈ ഗ്രന്ഥമനുസരിച്ച് ഒരു രാജാവ് ഏറ്റവുമധികം നികുതി ജനങ്ങളിൽ നിന്നും വസൂലാക്കേണ്ടത് അവരുടെ ആദായത്തിന്റെ ആറ് ശതമാനത്തിലധികമാകരുത്. ആഭ്യന്തരവും കുറ്റകൃത്യങ്ങൾ ക്കുമുള്ള നിയമപാലനത്തിന് പുറമേ മനുസ്മൃതി വിശദമായി ഒരു മനുഷ്യന്റെ ജീവിതത്തിലെ നാലുഘട്ടങ്ങളെ കുറിച്ചും പ്രതിപാദിക്കുന്നു. ഈ ഘട്ടങ്ങൾക്ക് 'ആശ്രമ' ജീവിതമെന്നാണ് പറയുന്നത്. ബാല്യകാലത്ത് ഒരാൾ വിദ്യ അഭ്യസിക്കുകയും ജ്ഞാനസമ്പാദനം നടത്തുകയും ചെയ്യുന്നു. ഗൃഹസ്ഥാശ്രമ ത്തിൽ അവൻ കുടുംബം പുലർത്തുന്നു. സന്യാസാശ്രമത്തിൽ സർവ്വവും പരിത്യജിച്ചുള്ള ജീവിതമാണ്. നാലാമത്തെ ആശ്രമം വാനപ്രസ്ഥമാണ്. ഈ

ദശമിൽ മനുഷ്യൻ നാടും വീടും എല്ലാം ഉപേക്ഷിച്ച് വനാന്തരഭാഗങ്ങളിൽ ഈശ്വരചിന്തയോടെ കഴിയുന്നു.

തൊഴിലധിഷ്ഠിത വിഭജനം വിദേശാക്രമികൾ തെറ്റായി വിധിച്ചതും രാജ്യത്തെ അശക്തമാക്കാനുദ്ദേശിച്ചിട്ടുള്ളതുമാണ്. തൊഴിൽ വിഭജനം സാമൂഹികവിഭജനമായാണ് പര്യവസാനിച്ചത്. അതിന്റെ ഫലമായി വർണ്ണ വിഭജനം സമൂഹത്തിൽ വന്നു. ഇതാണ് ജാതിസമ്പ്രദായത്തിന്റെ ചരിത്രപരമായ അടിത്തറ തന്നെ!

മനുസ്മൃതി ഹിന്ദുക്കളെ ബലഹീനരാക്കുകയായിരുന്നു. വേദത്തിനുപരിയായി തന്നെ മനുസ്മൃതിക്ക് സ്ഥാനം കൊടുത്തതിനാൽ വിദേശശക്തികളുടെ കൊടിക്കീഴിൽ ഇന്ത്യക്ക് കഴിയേണ്ടി വന്നു. പരിശുദ്ധമായ വൈദികധർമ്മ പ്രകാരവും, ഗീതോപദേശപ്രകാരവും ജാതിസമ്പ്രദായം നിയമവിരുദ്ധവും കുറ്റകരവുമായ ഒരു കാര്യമാണ്. ചിലപ്പോൾ മനുഷ്യൻ അറിയാതെ തന്നെ ജാതിവ്യവസ്ഥ ശീലിക്കുന്നു. ഇന്ത്യയിലെ പല രാഷ്ട്രീയനേതാക്കളും മനുസ്മൃതിയെ തങ്ങളുടെ വിഭാഗീയ താല്പര്യങ്ങൾക്കും രാജ്യത്തെ വിഭാഗീകരിക്കുന്നതിനും അശക്തമാക്കുന്നതിനുമായി ഉപയോഗിക്കുന്നു. അവരെല്ലാം തന്നെ ഈശ്വരന്റെ ശത്രുക്കളാണ്.

# ഉപനിഷത്തുക്കൾ

'ഉപനിഷത്' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് 'അജ്ഞതയെ പൂർണ്ണമായും ഇല്ലായ്മ ചെയ്യുക' എന്നാണ്. ഉപനിഷത്തുക്കൾ ആദ്ധ്യാത്മികാർത്ഥിയെ ഈശ്വരന് സമീപത്തേയ്ക്കെത്തിക്കുന്നു. ഉപനിഷത്തിലെ മന്ത്രങ്ങൾ അവരുടെ മനസ്സിലെ ഭക്തിസാന്ദ്രവും പുണ്യാത്മകവുമായ ചിന്തകൾ ഉണർത്തുന്നു. ഈ മന്ത്രങ്ങൾ ഭക്തിയോടെ ഉരുവിടുമ്പോൾ ദിവ്യമായ ഒരു അന്തരീക്ഷമാണ് സംജാതമാകുന്നത്. എങ്ങും പുണ്യസാന്ദ്രമായ അലകൾ പ്രതിദ്ധ്വനിക്കുന്നു.

എല്ലാം കൂടി 108 ഉപനിഷത്തുക്കളാണ് ഉള്ളത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടവ കഠോപനിഷത്ത്, കേനോപനിഷത്, മുണ്ഡകോപനിഷത്, മാണ്ഡൂക്യോപനിഷത്, പ്രശ്ലോപനിഷത്, ചാന്ദോക്യോപനിഷത്, ശ്വേതാസ്വതരോപനിഷത്, ഈശാവാസ്യോപനിഷത്, നാരായണോപനിഷത്, മഹാനാരായണോപനിഷത്, തൈത്തിരിയോപനിഷത്, ഐതരയോപനിഷത്, സൂര്യോപനിഷത്, ബൃഹദാരണ്യകോപനിഷത് എന്നിവയാണ്.

ക്രി.മു.1600 മുതൽ 1000 ആണ്ടുകൾക്കുള്ളിൽ രചിച്ച ഈ ഉപനിഷത്തുക്കൾ ദിവ്യത്വത്തിന്റെ പ്രകൃതിയും മോക്ഷത്തിന്റെ ലക്ഷണങ്ങളും മാർഗ്ഗങ്ങളും മറ്റും കണ്ടെത്തുവാനുതകുന്നു. പുരാതന ഭാരതസംഹിതകളായ ഇവ, വേദപരമ്പരയുടെ അവസാനഘട്ടത്തെ പ്രതിനിധീകരിക്കയും, അതിനാൽ വേദാന്തമെന്ന പേരിൽ അറിയപ്പെടുകയും ചെയ്യുന്നു. വേദാന്തമെന്നാൽ വേദത്തിന്റെ അവസാനത്തെ അദ്ധ്യായങ്ങൾ. മറ്റ് പലേ പഴയ ഉപനിഷത്തുക്കളും വേദത്തിന്റെ പിൽക്കാലത്തുള്ള വികസനമാണ്. എന്നാൽ ലൗകികജീവിതത്തിൽ നേരിടുന്ന കാര്യങ്ങളുടെ താത്വികവും പ്രായോഗികവുമായ വിശകലനങ്ങൾ ഋഗ്വേദ മന്ത്രങ്ങളുടെ പശ്ചാത്തലത്തിൽ വിശദീകരിക്കുന്നു. ഒരു വ്യക്തിയുടെ ആത്മാവ് പ്രപഞ്ചത്തിന്റെ ഒന്നടങ്കമുള്ള ആത്മാവിന്റെ ഒരു ഭാഗം മാത്രമാണെന്ന തത്വത്തിലാണ് ഉപനിഷത്തുക്കൾ നിലകൊള്ളുന്നത്. ഈ പരമാത്മാവ് പരമോന്നത തത്വമാണ്- ബ്രഹ്മം. ഈ തത്വത്തെ ചാന്ദോഗ്യോപനിഷത് ഇങ്ങനെ വിശദീകരിക്കുന്നു: തത്ത്വമസി അഥവാ "അത് നിങ്ങൾ തന്നെയാണ്". കഠോപനിഷത് അനശ്വരമായ ജീവിതത്തെ കുറിച്ച് പ്രതിപാദിക്കുന്നു. ഉപനിഷത്തുക്കളിൽ കാണാവുന്ന മറ്റ് തത്വങ്ങൾ ഉടൽ വിട്ട് ഉടൽ മാറുന്ന കാര്യവും, 'മായ' എന്ന തത്വവും ലോകം മിഥ്യയാണെന്ന വാദവും (ശ്വേതാസ്വരോപനിഷത്) മറ്റുമാണ്.

ഉപനിഷത്തുക്കളിലെ ഉള്ളടക്കം പൊതുവെ വളരെ ഹ്രസ്വമാണ്. ഊഹാധിഷ്ഠിതമായ കാര്യങ്ങൾ, പൊതുവെ ചില കഥകളിലൂടെ, സാധാരണക്കാർക്ക് എളുപ്പത്തിൽ ഗ്രഹിക്കുവാൻ പാകത്തിൽ ചില സംഭാഷണ ശകലങ്ങളിലൂടെ, ഇവ പ്രതിപാദിക്കുന്നു. വേദോപനിഷത്തുക്കൾ എന്ന പേരിൽ അറിയപ്പെടുന്നത് പതിമൂന്നെണ്ണം മാത്രമാണ്. ബാക്കിയുള്ള നൂറോളം ഉപനിഷത്തുക്കൾ വേദകാലത്തിന് ശേഷമുള്ളതാണ്. എങ്കിലും ഇവയിൽ

മിക്കതും വേദങ്ങളുടെ സ്വാധീനം ഉള്ളവയാണ്. കവികളും എഴുത്തുകാരും കലാകാരന്മാരും ഇവയിലൂടെ ഉപയോഗിക്കുന്ന പലേ സാരകഥകളും ദേവതകളുടെ ആയുധകലകളെ പ്രകീർത്തിക്കുന്നവയുമാണ്. നിരവധി കൈകളുള്ള ദേവതമാർ നിരവധി പലേതരത്തിലുള്ള ആയുധങ്ങളേന്തി നില്ക്കുന്നവയായി ഇതിൽ ചിത്രീകരിച്ചിട്ടുണ്ട്.

---

## ലോകത്തിൽ ഭൂഗർഭശാസ്ത്ര പരമായ പരിണാമ കാലങ്ങളും വിഷ്ണുവിന്റെ ദശാവതാരങ്ങളും

| കാലം | ഉപകാലം | സംഭവം | ആദിമുതൽ അന്ത്യം വരെ (ദശലക്ഷം വർഷങ്ങൾ) | |
|---|---|---|---|---|
| Cenozoic | നാലാം പാദം | Holocene | 0.0115 - 0.00 | ഭഗവാൻ ബുദ്ധൻ, ശ്രീകൃഷ്ണൻ, ശ്രീരാമൻ |
| | | Pleistocene | 1.81 - 0.0115 | പരശുരാമൻ |
| | Tertiary | Pliocene | 2.59 - 3.60 | വാമനാവതാരം |
| | | Miocene | 7.25 - 20.4 | നരസിംഹ അവതാരം |
| | | Oligocene | 23.4 - 28.4 | |
| | | Eocene | 37.2 - 48.6 | വരാഹ അവതാരം |
| | | Paleocene | 58.7 - 61.7 | |
| Mesozoic | | Cretaceous | 70.6 - 140 | പരിണാമ കാലം |
| | | Jurassic | 151 - 197 | |
| | | Triassic | 204 - 250 | |
| Paleozoic | | Permian | 254 - 295 | |
| | | Carboniferous | 304 - 345 | കൂർമ്മാവതാരം |
| | | Devonian | 375 - 411 | മത്സ്യാവതാരം |
| | | Silurian | 419 - 439 | |
| | | Ordovician | 446 - 479 | |
| | | Cambrian | 496 - 534 | |
| Pre-Cambrian | | Proterozoic | 630 - 2300 | ബ്രഹ്മ കാലം |
| | | Archean | 2800 - 3600 | |
| | | Hadean | 3850 - 4150 | |

## വിഷ്ണുവിന്റെ പത്തു അവതാരങ്ങൾ

ഹിന്ദുമതത്തിൽ ഭൂമിയുടെ ശാസ്ത്രപരമായ ഉല്പത്തിയെ കുറിച്ച് വിഷ്ണുവിന്റെ പത്ത് അവതാരങ്ങളിലൂടെ കണക്കാക്കിയിട്ടുണ്ട്. ഹിന്ദുമതത്തിൽ വിഷ്ണു പരമാത്മാവുമായും ഈശ്വരനുമായും പൊരുത്തപ്പെട്ടിരിക്കുന്നു. എല്ലാ ജീവികൾക്കും ഒരു ആത്മാവുണ്ട്. ഇത് പരമാത്മാവിന്റെ ഒരു ഭാഗവുമാണ്.

ശൂന്യതയിൽ നിന്നും വിഷ്ണു(അഥവാ ഈശ്വരൻ) ഏതെങ്കിലും ഘട്ടങ്ങളിലായിട്ടാണ് പുരോഗമിച്ചതെന്ന് വിഷ്ണുവിന്റെ ദശാവതാരങ്ങളിൽ നിന്നും – ആത്മാവിന്റെ പത്ത് നിലകളിൽ നിന്നും – വിശദമാക്കുന്നുണ്ട്. ഈ ദശാവതാരങ്ങൾ ഇവയാണ്: മത്സ്യം, കൂർമ്മം(ആമ), വരാഹം(പന്നി), നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, ബുദ്ധൻ, കല്കി.

വളരെ യുഗങ്ങൾക്ക് മുൻപ് ഈശ്വരേച്ഛ കൊണ്ട് സൂര്യന്റെ ഒരു കൊടും താപവാതകക്കഷണം, സൂര്യനിൽ നിന്നും വിട്ടുപോയി. അത് സൂര്യനു ചുറ്റും പരിക്രമിച്ചുകൊണ്ടിരുന്നു. ആ കഷണം തണുത്തപ്പോൾ അത് ഭൂമിയെന്ന ഗ്രഹമായി തീർന്നു. ആരംഭദിശയിൽ ഭൂമി മുഴുവനും വെള്ളമായിരുന്നു. ഭൂമിയിലെ ആദ്യത്തെ ജീവകണിക വന്നത് മത്സ്യത്തിന്റെ രൂപത്തിലായിരുന്നു. ഭൂമിയുടെ ഈ **(Paleozoic Silurian Devonian)** കാലത്തിലായിരുന്നു (254ദശലക്ഷം വർഷങ്ങൾ മുതൽ 419ദശലക്ഷം വർഷങ്ങൾ വരെയുള്ള കാലയളവ്) മത്സ്യാവതാരം. ഇതിനെ മത്സ്യകാലം എന്ന് വിശേഷിപ്പിക്കാം. അക്കാലത്ത് വേദം ഉല്പത്തിയുടെ കലയെ കുറിച്ചായിരുന്നു പ്രതിപാദിച്ചിരുന്നത്. മത്സ്യമായിരുന്നു വിഷ്ണുവിന്റെ ആദ്യാവതാരം.

ഭൂമിയുടെ അടുത്ത പരിണാമദശ Paleozoic കാലത്തെ Carboniferous കാലയളവിലായിരുന്നു (304മുതൽ 345ദശലക്ഷം വർഷങ്ങൾ). ഉഭയജീവികൾ അഥവാ ജലത്തിലും കരയിലും ജീവിക്കുവാൻ പാകത്തിലുള്ള ജീവികളുടെ കാലമായിരുന്നു ഇത്. ഇക്കാലത്ത് ജീവികൾക്ക് വായുവിൽ നിന്നും നേരിട്ട് ജീവകവായു ശ്വസിക്കുവാൻ കഴിഞ്ഞിരുന്നു. വിഷ്ണുവിന്റെ രണ്ടാമത്തെ അവതാരം ആമയായിട്ടായിരുന്നു -വെള്ളത്തിലും കരയിലും ജീവിക്കാനാവുന്ന ജീവി.

വരാഹമായിരുന്നു മൂന്നാമത്തെ അവതാരം. പന്നിയുടെ പ്രത്യേകത ഇതായിരുന്നു. കരയിൽ ജീവിക്കാനാവുമെങ്കിലും ഇവ ചളിയിലും മണ്ണിലുമാണ് കഴിഞ്ഞുകൂടുവാൻ ഇഷ്ടപ്പെട്ടത്. ഭൂമിയിൽ തന്റെ കുഞ്ഞുങ്ങളെ പ്രസവിക്കാനാവുന്ന സസ്തനിയായിരുന്നു ഇവ. അതിന്റെ പ്രകൃതത്തിൽ തന്റെ മുൻ കൊമ്പുപയോഗിച്ച് മണ്ണിളക്കി കരയുടെ ഉപരിതലത്തിൽ നിന്നും ഇവ ഇരതേടി ഭക്ഷിച്ചു.

പകുതി മനുഷ്യനും പകുതി മൃഗവുമായി ഇടകലർന്ന നരസിംഹമായിരുന്നു നാലാമത്തെ അവതാരം. ആൾക്കുരങ്ങ്, ഒറാംഗുട്ടാൻ, ഗോറില്ല തുടങ്ങിയ

ജീവികളും ഇതേപോലെ പാതി പാതിയായവയാണ്. നരസിംഹം ക്രൂരനായ ഹിരണ്യകശിപുവിനെ തന്റെ ദംഷ്ട്രയും നഖവും ഉപയോഗിച്ച് കൊന്നുവെന്നാണ് ഐതിഹ്യം.

പരിണാമ പ്രക്രിയയിൽ മനുഷ്യനുതകുന്ന ഭക്ഷണം തുടർച്ചയായി ചില പ്രാണികൾ നശിപ്പിച്ചിരുന്നു. അക്കാലത്ത് വനഫലങ്ങളെ, പ്രത്യേകിച്ചും പഴങ്ങളെ ഭക്ഷിച്ചു കഴിഞ്ഞിരുന്നും.

മനുഷ്യർക്ക് ഈ ക്ഷുദ്രജീവികൾ വലിയ ശല്യമായി. നരസിംഹം ഈ പ്രശ്നത്തിന് ഒരു പോംവഴി കണ്ടെത്തി. പല്ലും നഖവും ഉപയോഗിച്ച് ഭക്ഷണം അദ്ദേഹം നിലനിർത്തി. ഇന്നും വാഴപ്പഴങ്ങളിലെ ഈ പ്രാണികൾ ഒറാംഗുട്ടാൻ, ബാബൂൺ എന്നീ ജീവികളുടെ ശത്രുക്കളാണല്ലോ. വാഴപ്പഴം അങ്ങിനെയാണ് ഹിന്ദുക്കളുടെ മതപരമായ ഉത്സവങ്ങളിൽ ഒരു പ്രധാനയിടം നേടിയത്. അവ മനുഷ്യന്റെ നിലനില്പിന് തന്നെ സഹായകമാണല്ലോ. ഭൂമിയുടെ പരിണാമദശയിൽ ഇത് Cenozoic കാലത്തിലെ Oligocene-Miocene കാലഘട്ടമായിരുന്നു. (7.25 മുതൽ 284 ദശലക്ഷം വർഷങ്ങളുടെ ഇടയിൽ).

വിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരം വാമനൻ അഥവാ കുള്ളനായ ഒരുവനായിരുന്നു. മനുഷ്യൻ ഈ രൂപത്തിൽ രണ്ട് കാലിന്മേൽ നിന്നിരുന്നുവെങ്കിലും മുന്നോട്ട് നീങ്ങുവാൻ കൈകളുടെ സഹായം ആവശ്യമായിരുന്നു. വിഷ്ണുവിന്റെ ഈ അവതാരത്തിന് ഇന്നത്തെ മനുഷ്യന്റെ പകുതി പൊക്കമേ ഉണ്ടായിരുന്നുള്ളൂ.

പൂർണ്ണ മനുഷ്യന്റെ രൂപത്തിൽ വിഷ്ണു അവതരിച്ചത് പരശുരാമനായിട്ടായിരുന്നു. മഴുവായിരുന്നു അദ്ദേഹം നിലനില്പിനായി ഉപയോഗിച്ചത്. അതായത് വെറും കായശക്തി കൊണ്ടുമാത്രമല്ല ബുദ്ധിശക്തി കൊണ്ടു കൂടിയും ഉള്ള ഒരു ജീവിതം. മഴുവിന്റെ സഹായത്താൽ കൃഷിചെയ്യുന്നതിനും, അഗ്നി ഉപയോഗിക്കുവാനും അദ്ദേഹം പഠിച്ചു. അദ്ദേഹത്തെ അതിനാൽ പ്രാചീനമതഗ്രന്ഥങ്ങളിൽ അഗ്നിഹോത്രി (അഗ്നിയെ നിയന്ത്രിക്കുവാൻ കഴിവുള്ളവൻ) എന്നു കൂടി വിളിക്കുന്നു. ക്ഷത്രിയ മരമെന്ന കാർത്തവീര്യാർജ്ജുനനെന്ന ആയിരം ശാഖകളുള്ള കനത്ത മരത്തെ പരശുരാമൻ ഇരുപത്തൊന്ന് തവണ ഹനിക്കുകയും ക്ഷത്രിയരെ വേരറ്റ് കളയുകയും ചെയ്തു. മാത്രമല്ല തന്റെ മഴുകൊണ്ട് തന്റെ കർത്തവ്യം പൂർത്തീകരിക്കുന്നതിനായി സ്വന്തം മാതാവിന്റെ നെഞ്ചത്തും വെട്ടുകയുണ്ടായി. മഴു കൊണ്ട് വനം നികത്തുവാൻ അദ്ദേഹം പഠിച്ചു. പ്രസ്തുത നിലം കൃഷിക്കുതകുന്ന രീതിയിലുമാക്കി. കൃഷിയെ അടിസ്ഥാനപ്പെടുത്തിയുള്ള മാനവസംസ്കാരം അദ്ദേഹത്തിന്റെ കാലം മുതല്ലാണ് നാം കണ്ടുവരുന്നത്. മനുഷ്യന് കൃഷിയുടെ പ്രാചീനരീതി മാത്രം അറിയാവുന്ന 1.81 മുതൽ 0.0115 ദശലക്ഷം വർഷങ്ങൾക്ക് മുൻപാണ് പരശുരാമന്റെ അവതാരമുണ്ടായത്.

വിഷ്ണുവിന്റെ ഏഴാം അവതാരമായിരുന്നു രാമൻ. പരശുരാമന്റെ മഴുവുമായി താരതമ്യപ്പെടുത്തുമ്പോൾ രാമൻ ഉപയോഗിച്ച അമ്പും വില്ലും കൂടുതൽ ഫലവത്തായിരുന്നു. ദൂരത്ത് നിന്ന് തന്നെ ആക്രമിക്കുവാൻ ഇതിന്

കഴിഞ്ഞു. രാജ്യം എന്ന അടിസ്ഥാനത്തിൽ മാനവസംസ്കാരം രാമന്റെ കാലം മുതല്ലാണ് ഉണ്ടായിതുടങ്ങിയത്. പൊതുജനങ്ങളുടെ അഭിപ്രായം രാജ്യനിയമങ്ങൾ ഉണ്ടാക്കുന്നതിനായി അദ്ദേഹം തേടുകയും ഉപയോഗിക്കുകയും ചെയ്തു. ജനാധിപത്യം സ്ഥാപിക്കുന്നതിന് പുറമേ തരിശുഭൂമിയിൽ നുകം പ്രയോഗിച്ച് രാമൻ അഹല്യയെ രക്ഷപ്പെടുത്തി. രാമനെ സീതാപതി അഥവാ സീതയുടെ ഭർത്താവ് എന്നും വിശേഷിപ്പിക്കാറുണ്ട്.സംസ്കൃതത്തിൽ "സീത" എന്നാൽ നുകത്തിന്റെ തലഭാഗം എന്നാണർത്ഥം. കാർഷിക മേഖലയിൽ വമ്പിച്ച പുരോഗതി നേടുന്നതിന് രാമൻ തന്റെ അറിവിനെ ഉപയോഗപ്പെടുത്തുകയും സാധാരണക്കാരുടെ സാമ്പത്തികവളർച്ചയ്ക്ക് വഴിയൊരുക്കുകയും ചെയ്തു. ഭൂമിയുടെ പരിണാമപ്രക്രിയയിൽ Cenozoic കാലത്തിലെ Holocene ഘട്ടത്തിലാണ് (0.0115 ദശലക്ഷവർഷംമുതൽ ഇന്ന് വരെയുള്ള കാലത്തിലാണ്) രാമൻ ജീവിച്ചിരുന്നത്.

എട്ടാമത്തെ അവതാരം ഭഗവാൻ കൃഷ്ണനാണ്. എല്ലാ നിലയ്ക്കും ഒരു പുരുഷോത്തമനായിരുന്നു കൃഷ്ണൻ. ശാസ്ത്രം, തത്വശാസ്ത്രം, ധാർമ്മികമൂല്യങ്ങൾ എന്നിവയിലെല്ലാം നമ്മുടെ അറിവിനെ ഉപയോഗപ്പെടുത്തുവാൻ കൃഷ്ണൻ മുൻകൈയെടുത്ത് പ്രവർത്തിച്ചു. നന്മതിന്മകളുടെ നിലവാരം അദ്ദേഹം തിട്ടപ്പെടുത്തി. രാഷ്ട്രീയകാര്യങ്ങളിൽ ആധുനികചിന്ത പ്രയോഗിച്ച് എല്ലാ മനുഷ്യർക്കും സമാധാനത്തിലും അഭിമാനത്തിലും ജീവിക്കുവാൻ സഹായകമായ ആധുനിക ചിന്താഗതി കൃഷ്ണൻ നിലവിൽ കൊണ്ടുവന്നു.

ഭഗവാൻ ബുദ്ധനായിരുന്നു ഒൻപതാമത്തെ അവതാരം. ഗൗതമ സിദ്ധാർത്ഥൻ അഥവാ ബുദ്ധദേവൻ എന്ന പേരിലും അറിയപ്പെട്ട അദ്ദേഹം "അഹിംസാപരമധർമ്മ"(അഹിംസയാണ് ഏറ്റവും വലിയ സൽഗുണം) എന്ന ബോധനം ജനങ്ങൾക്കിടയിൽ സമ്മാനിച്ചു.

വിഷ്ണുവിന്റെ പത്താമത്തെ അവതാരമായ കല്കി ഇനിയും വരുവാനിരിക്കുന്നതേയുള്ളൂ. കല്കി എന്നാൽ താപ ആണവ ഊർജ്ജങ്ങൾ ഉപയോഗിച്ച് സാധാരണജനങ്ങളുടെ ബുദ്ധിമുട്ടുകൾ മാറ്റുന്നവൻ എന്നാണർത്ഥം.

# ഭഗവാൻ മഹാവീരൻ

വൈശാലിയിലെ സ്വാധീനമുള്ള ഒരു ക്ഷത്രിയ നേതാവായ സിദ്ധാർത്ഥന്റെ മകനായി മഹാവീരൻ ക്രി.മു. 599 മാർച്ച് 30ന് ഭൂജാതനായി. നിരവധി സ്വത്തുക്കളും, സുന്ദരിയായ ഭാര്യയും ഒരു നല്ല കുടുംബവും അദ്ദേഹത്തിന് ഉണ്ടായിരുന്നു. എന്നാൽ മഹാവീരൻ ബലിയനുഷ്ഠാനത്തെ എതിർത്തു. വേദങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് അദ്ദേഹം തയ്യാറായിരുന്നുവെങ്കിലും, യാഗങ്ങൾ തുടങ്ങി പലേ ആചാരങ്ങളേയും അദ്ദേഹം എതിർത്തു. മനുഷ്യനിലനില്പിന്റെ സത്യാവസ്ഥ ഗ്രഹിക്കുവാൻ അദ്ദേഹം സ്വന്തം ലൗകിക കുടുംബജീവിതങ്ങൾ ഉപേക്ഷിച്ച് ഇറങ്ങിത്തിരിച്ചു. മഹാവീരൻ തന്റെ ശിഷ്യരെ മോക്ഷമാണ് ഏറ്റവും വലിയ ആനന്ദമെന്ന് പഠിപ്പിച്ചു. ആത്മാർത്ഥമായി ചിന്തിക്കയും ജീവിക്കയും വിശ്വസിക്കയും ചെയ്താൽ മാത്രമേ മോക്ഷം ലഭിക്കയുള്ളൂ. ഈ മൂന്നു നടപടികളേയും അദ്ദേഹം "ത്രിരത്നങ്ങൾ" എന്ന് വിശേഷിപ്പിച്ചു.

പാരഗ് നാഥ് തീർത്ഥങ്കരന്റെ അനുയായിയായിരുന്നു മഹാവീരൻ. തീർത്ഥങ്കരൻ ജൈനമതം മുൻപ് തന്നെ സ്ഥാപിച്ചിരുന്നു. ഒരു വിപ്ലവ ചിന്താഗതിക്കാരനായ മഹാവീരനെ ജന്തുഹത്യ വല്ലാതെ വേദനിപ്പിച്ചു. ജാതിവ്യവസ്ഥയെ എതിർത്ത അദ്ദേഹം ഒരു ബ്രാഹ്മണന്റെ പ്രവൃത്തി ഒരിക്കലും വലുതല്ലെന്ന് പ്രഖ്യാപിച്ചു. ആചാരങ്ങൾക്കധിഷ്ഠിതമായ ബ്രാഹ്മണരെക്കാളും ശ്രേഷ്ഠം മാനവത്വത്തിന് വേണ്ടി യത്നിക്കുന്ന വൈശ്യ(വ്യവസായസംഘാടകർ)നാണെന്ന് അദ്ദേഹം വാദിച്ചു. വൈശാലിയിലെ കച്ചവടവർഗ്ഗം മഹാവീരനെ പിന്തുണയ്ക്കുകയും ചെയ്തു.

ജൈനമതം നാല് അടിസ്ഥാന തത്വങ്ങളാണ് മുന്നോട്ട് വെച്ചത്. (1) അഹിംസ (2) സത്യസന്ധമായ ജീവിതം (3) മോഷ്ടിക്കാതിരിക്കുക (4) മറ്റുള്ളവരുടെ സ്വത്തുക്കൾ ആഗ്രഹിക്കാതിരിക്കുക. ബ്രഹ്മചര്യമാണ് അഞ്ചാം തത്വം എന്ന് അദ്ദേഹം പറഞ്ഞു. ദ്വാദശാംഗങ്ങൾ എന്ന പന്ത്രണ്ട് അദ്ധ്യായങ്ങളടങ്ങുന്ന 'പൂർവ്വ' എന്ന മഹൽ ഗ്രന്ഥം മഹാവീരൻ രചിച്ചിട്ടുണ്ട്. ജൈനർ ഇതിനെ അവരുടെ മാർഗ്ഗ ദർശിയായി കരുതുന്നു. "ജൈനകല്പസൂത്ര"വും "ജൈനഭാഗബലിസൂത്ര"വും മഹാവീരന്റെ തത്വശാസ്ത്രത്തെ മനസ്സിലാക്കാനുള്ള രണ്ട് മാർഗ്ഗരേഖകളാണ്. ജൈനർ എന്ന മഹാവീരന്റെ അനുയായികൾ പൂർണ്ണ സസ്യഭുക്കുകളാണ്.

# ശ്രീശങ്കരൻ (ശങ്കരാചാര്യർ)

സർവ്വകാലത്തിലേയും ഏറ്റവും വലിയ താത്വകനും, തന്റെ കാലത്തെ ഏറ്റവും വലിയ ഹിന്ദുവുമായ ശ്രീശങ്കരൻ കേരളത്തിലെ കാലടിയിൽ ക്രിസ്ത്വബ്ദം 788ലാണ് ജനിച്ചതെന്ന് കരുതപ്പെടുന്നു.

ഒരു കൊച്ചു ബാലനായിരിക്കേ തന്നെ ശങ്കരൻ വേദപാഠശാലയിൽ അഭ്യസിച്ചു. തന്റെ അതുല്യ ബുദ്ധി ശക്തി കൊണ്ട് അദ്ദേഹത്തിന് പവിത്രമായ വേദഗ്രന്ഥങ്ങൾ ചൂഴ്ന്നറിയുവാനും, കവിഞ്ഞ കൂർമ്മതകൊണ്ട് ശരിയായ വിശകലനവും പ്രത്യയങ്ങളും സ്വരൂപിച്ചെടുക്കുവാനും സമന്വയ തത്വശാസ്ത്രം രൂപപ്പെടുത്തുവാനും കഴിഞ്ഞു. തന്റെ മനസ്സ് ഏതെങ്കിലും വിധത്തിൽ ലൗകികാസക്തികൾക്ക് വശംവദനാകുന്നതിന് മുൻപ് തന്നെ ശങ്കരൻ ലൗകികജീവിതം ഉപേക്ഷിച്ചു. ഏകദേവ വിശ്വാസത്തെ സ്വീകരിച്ച അദ്ദേഹം തന്റെ ജീവിതം ഈശ്വരസാക്ഷാത്കാരത്തിനും, ലോകത്തെ അതിന്റെ യഥാർത്ഥ പരിശുദ്ധിയിലേക്ക് തിരിത്ത് കൊണ്ടുവരുന്നതിനുമായി ഉഴിഞ്ഞുവച്ചു.

അമ്മയുടെ അന്ത്യനാളുകളിൽ മാതൃസമക്ഷം വരാമെന്ന് ഉറപ്പ് നല്കിക്കൊണ്ട് ശങ്കരൻ തന്നെ ഔപചാരികമായി സന്യാസത്തിലേക്കാനയിക്കുവാനുതകുന്ന ഒരു ഗുരുവിനെ തേടി പുറപ്പെട്ടു. നർമ്മദാനദിയുടെ തീരത്തുള്ള ഓങ്കാരനാദത്തിൽ ഗോവിന്ദ ഭഗവദ് പാദരിൽ അദ്ദേഹം ഗുരുവെ കണ്ടെത്തി. പരമോന്നത സത്യത്തെ അദ്ദേഹം ഗുരുവിന്റെ കൂടെ താമസിച്ച് മനസ്സിലാക്കുകയും ജ്ഞാനത്തിന്റെ വൈഭവത്തിൽ എളിമ കൈവരിക്കയും ചെയ്തു.

ഗുരു ശങ്കരനോട് അദ്വൈത വേദാന്തം സ്ഥാപിക്കുവാൻ ആജ്ഞാപിച്ചു. "ദൈവം ഒന്നേയുള്ളു" എന്ന ഈ പ്രമാണം എല്ലാ ഏകദേവവാദികൾക്കും ദ്വൈതവാദികൾക്കും തമ്മിലുള്ള സങ്കലന സ്ഥാനമായിരുന്നു – എത്ര തന്നെ ഇവ രണ്ടും വ്യത്യസ്ഥമായി തോന്നുമെങ്കിലും. താമസിയാതെ തന്നെ ശങ്കരൻ വേദമത സംസ്കാരങ്ങളുടെ പുരാതനസ്ഥാനമായ വാരണാസിയിലേക്ക് യാത്ര തിരിച്ചു. അവിടെ നിന്നാണ് ഈശ്വരൻ എന്ന "ഒരു ദൈവം" സിദ്ധാന്തം തുടങ്ങി വെച്ചത്. വിവിധ ചിന്താഗതിക്കാരുടെ നേതാക്കളുമായി ശങ്കരൻ വാദപ്രതിവാദങ്ങൾ നടത്തി. അവരുടെ വാദമുഖങ്ങളിലെ ന്യൂനതകളും പൊള്ളത്തരങ്ങളും സമർത്ഥമായി തന്നെ പൊളിച്ച് കാട്ടുകയും തന്റെ സിദ്ധാന്തത്തെ കൂടുതൽ കരുത്തുറ്റതാക്കി മാറ്റുകയും ചെയ്തു. വാരണാസിയിൽ വെച്ചാണ് പില്ക്കാലത്ത് പത്മപാദൻ എന്ന പേരിൽ പ്രശസ്തനായ സനന്ദനൻ എന്ന ശിഷ്യൻ ശങ്കരനോടൊത്ത് ചേർന്നത്.

വാരണാസിയിൽ നിന്നും ശങ്കരൻ തന്റെ ശിഷ്യരോടൊത്ത് ബദരീനാഥത്തിലേക്ക് പോകയും തന്റെ സമന്വയ തത്വശാസ്ത്രം പ്രചരിപ്പിക്കുകയും ചെയ്തു. പ്രയാഗ്, ഹരിദ്വാർ, ഋഷികേശ്, ശ്രീനഗർ, രുദ്രപ്രയാഗ്, നന്ദപ്രയാഗ്, കാമരൂപം, ഗോമുഖി എന്ന് തുടങ്ങി നിരവധി പുണ്യസ്ഥലങ്ങൾ അദ്ദേഹം സന്ദർശിക്കുകയും ദേവന്മാരെ പൂജിക്കുകയും ചെയ്തു. ഇത് മൂലം ശങ്കരൻ തെളിയിച്ച ഒരു കാര്യം

ഇതായിരുന്നു. നിർഗ്ഗുണ ബ്രഹ്മനായ ഈശ്വരനെ ഗ്രഹിച്ച ഒരാൾക്ക് (രക്ഷകരുടെ പ്രതിമകളായ) ദേവതകളെ പൂജിച്ചത് കൊണ്ട് ഒന്നും തന്നെ നഷ്ടപ്പെടാനില്ല !

പത്ത് ഉപനിഷത്തുക്കളെ കുറിച്ചും, ഭഗവദ്ഗീത, ബ്രഹ്മസൂത്രം എന്നിവയെ കുറിച്ചും ശങ്കരൻ വ്യാഖ്യാനങ്ങൾ എഴുതി തന്റെ തത്വത്തെ അടിയുറച്ചതാക്കി തീർത്തു.

ഇതിന് ശേഷം ശങ്കരൻ ഒരിടത്ത് നിന്നും മറ്റൊരിടത്തേക്ക് വിവിധ ചിന്താഗതിക്കാരും, വിഭാഗക്കാരുമായ ആളുകളുമായി ചർച്ചയിലേർപ്പെടുവാനായി യാത്ര തിരിച്ചു. ചെല്ലുന്നിടത്തെല്ലാം അദ്ദേഹം തന്റെ വാഗ്ചാതുരി കൊണ്ട് ഏവരെയും തന്റെ വാദമുഖങ്ങൾ സ്വീകരിപ്പിച്ചു. അർത്ഥരഹിതമായ വിശ്വാസങ്ങളും തെറ്റായ പ്രമാണങ്ങളും അദ്ദേഹം പൊളിച്ചു മാറ്റി.

ഇന്ത്യൻ ഉപഭൂഖണ്ഡം മുഴുവനും നാല് തവണ ശങ്കരൻ സന്ദർശിക്കയും നാല് മുഖ്യ മഠങ്ങൾ വ്യത്യസ്ഥ സ്ഥാനങ്ങളിൽ സ്ഥാപിക്കയും ചെയ്തു. ദക്ഷിണേന്ത്യയിലെ ശൃംഗേരി കുന്നിലുള്ള ശൃംഗേരി മഠം, പശ്ചിമേന്ത്യയിലെ ദ്വാരകയിലുള്ള ശാരദാ മഠം, ഉത്തരേന്ത്യയിൽ ബദരികാശ്രമത്തിലെ ജ്യോതിർ മഠം, പൂർവ്വേന്ത്യയിൽ പുരിയിലെ ഗോവർദ്ധന മഠവുമായിരുന്നു ഇവ. തന്റെ നാല് പ്രധാന ശിഷ്യന്മാരെ ഓരോയിടത്തും അദ്വൈത പ്രചരണത്തിനായി നാലിടത്തും ചുമതല നല്കി. ഓരോ മഠവും അതുമായി ബന്ധപ്പെട്ട സന്യാസിമാരുടേയും ജനങ്ങളുടേയും ഉന്നമനത്തിനായി പ്രവർത്തിക്കും. ഓരോന്നിനും ഓരോ വേദവും കല്പിച്ചു നല്കുകയുണ്ടായി. അങ്ങിനെ ഗോവർദ്ധന മഠത്തിന് ഋഗ്വേദവും, ശൃംഗേരിമഠത്തിന് യജുർവേദവും, ശാരദാ മഠത്തിന് സാമവേദവും, ജ്യോതിർമഠത്തിന് അഥർവ്വവേദവും ലഭ്യമായി.

നിന്ദ്യമായ നിരവധി ആരാധനാ രീതികളും അന്നത്തെ ഇന്ത്യൻ സമൂഹത്തെ ഗ്രസിച്ചിരുന്നു. ക്ഷേത്രങ്ങൾ ചില അഴിമതിക്കാരായ പൂജാരികളുടെ അധീനതയിലായിരുന്നു. ബീഭത്സകരമായ ജന്തുബലി അന്ന് നടപ്പുണ്ടായിരുന്നു. ഹൈന്ദവഗ്രന്ഥങ്ങളെ ഉദ്ധരിച്ചതും തന്റെ തന്നെ വാദമുഖങ്ങൾ സമർത്ഥമായി നിരത്തിയും ഇത്തരം ക്രിയകൾ വേദങ്ങളുടെ അർത്ഥത്തിന് തന്നെ നിരക്കാത്തവയാണെന്ന് ശങ്കരൻ സ്ഥാപിച്ചു. ഇത്തരം ഹീനാചാരങ്ങളെ അദ്ദേഹം ഏകദേവാരാധന എന്ന മഹൽ തത്വങ്ങൾ ഉയർത്തിപ്പിടിച്ച് കൊണ്ട് ശുദ്ധീകരിച്ചു. ശങ്കരൻ ഇവിടെ വ്യക്തമാക്കിയ ഒരു കാര്യം ഇതായിരുന്നു. വിഗ്രഹാരാധന കൊണ്ട് നാം രക്ഷകർക്ക് മാത്രമേ പൂജ ചെയ്യുന്നുള്ളൂ. ഏറ്റവും നല്ല ഫലം ലഭിക്കേണമെങ്കിൽ ഈശ്വരനോട് തന്നെ പ്രാർത്ഥിക്കേണ്ടതുണ്ട്.

തന്റെ മാതാവിനോട് ശങ്കരനുണ്ടായിരുന്ന അകമഴിഞ്ഞ സ്നേഹം പ്രകടമായത് അമ്മയുടെ മരണശേഷമായിരുന്നു. ബന്ധുക്കൾ തന്റെ മാതാവിന്റെ മരണാനന്തരക്രിയകൾ ചെയ്യുവാൻ വിസമ്മതിച്ചപ്പോൾ, സന്യാസിമാർ ഇത്തരം ക്രിയകൾ ചെയ്യുന്നതിനെതിരെയുള്ള വിലക്ക് തൃണവൽഗണിച്ച് ശങ്കരൻ അന്ത്യകർമ്മങ്ങൾ നടത്തി. ഹിമാലയത്തിലെ കേദാരനാദത്തിൽ ശങ്കരൻ തന്റെ മുപ്പത്തി രണ്ടാം വയസ്സിൽ സമാധിയായി.

# സ്വാമി വിവേകാനന്ദനും
# അദ്ദേഹത്തിന്റെ തത്വശാസ്ത്രവും

ഹിന്ദുമതത്തെ വേദങ്ങളുടെ അടിത്തട്ടിലേക്കാനയിച്ച സ്വാമി വിവേകാനന്ദൻ 1863 ജനുവരി 12നാണ് ജനിച്ചത്. ''ഉപനിഷത്തുക്കൾ എല്ലാ ഏടുകളിൽ നിന്നും എന്നെ പഠിപ്പിക്കുന്നത് ''ധൈര്യം'' എന്ന പദത്തെ കുറിച്ചാണ്. ഇതാണ് എന്നും ഓർമ്മ വെക്കേണ്ടുന്ന കാര്യം: എന്റെ ജീവിതത്തിൽ ഞാൻ പഠിച്ച പാഠം.'' ഏ മനുഷ്യാ ! ധൈര്യമായിരിക്കുക ദുർബ്ബലനാകരുത് എന്നതാണ്. " അദ്ദേഹം അരുളി ചെയ്തു.

വിവേകാനന്ദൻ പറയുന്നു: ''ഒരു ജാതി എന്ന നിലയിൽ നാം നേടിയതെല്ലാം നമ്മെ ബലഹീനരാക്കുന്നു'' അക്കാലത്ത് ദേശീയ ജീവിതത്തിൽ ഒരു ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളുവെന്ന് തോന്നും. നമ്മെ എങ്ങിനെയാണ് കൂടുതൽ ബലഹീനരാക്കുക. അവസാനം നാം വെറും പുഴുക്കളായി നമുക്ക് മുന്നിൽ വാൽ കാട്ടി നമ്മെ നിലം പതിപ്പിക്കുന്നവരുടെ കാൽക്കീഴിൽ കഴിയേണ്ടതായി വരുന്നു.

ഇരുമ്പിന്റെ മാംസപേശികളും ഉരുക്കിന്റെ രക്ത ധമനികളുമാണ് എനിക്ക് വേണ്ടത്. അത്തരമൊരു ദേഹത്തിന്നകത്ത് അതേപോലുള്ള ഇടിമിന്നലിന് സമാനമായ മനസ്സും കുടി കൊള്ളട്ടെ. ശക്തിയേയും മനുഷ്യത്വത്തേയും ആരാധിക്കുക. എല്ലാ ശക്തിയും നിങ്ങളിൽ തന്നെയാണ് നിക്ഷിപ്തമായിട്ടുള്ളത്. നിങ്ങൾക്ക് ഏത് കാര്യവും എന്ത് കാര്യവും ചെയ്യാനാവും. അതിൽ വിശ്വസിക്കുക. ഒരിക്കലും നിങ്ങൾ അശക്തനാണെന്ന് കരുതരുത്. ആരുടേയും സഹായമോ മാർഗ്ഗനിർദ്ദേശമോ ഇല്ലാതെ കൂടി നിങ്ങൾക്കും എന്തു എല്ലാം ചെയ്യാനാവും. എല്ലാ ശക്തിയും നിങ്ങളിൽ തന്നെയുണ്ട്. എഴുന്നേറ്റു നില്ലിൻ. നിങ്ങൾക്കകത്തുള്ള ദിവ്യത്വത്തെ പ്രകടിപ്പിക്കുവിൻ.

നിങ്ങളുടെ ആളുകൾക്ക് നായകന്മാരെയാണ് ആവശ്യം. നായകന്മാരാകു. ഒരു പാറപോലെ ദൃഢമായി നാല്ലുക. സത്യം എപ്പോഴും വിജയിക്കുന്നു. ജനങ്ങൾക്ക് ആവശ്യം രാഷ്ട്രധമനികളിൽ ഒരു നവോത്തേജനം നൽകുവാനുതകുന്ന അഗ്നിജ്വാലയെ ഉദ്ദീപിക്കുമാറ് ഒരു വൈദ്യുതശക്തിയാണ്. ധൈര്യമായിരിക്കുക. മനുഷ്യന് മരണം ഒരിക്കലേയുള്ളൂ. എന്റെ ശിഷ്യന്മാർ ഭീരുക്കളാകരുത്. ഭീരുത്വം ഞാൻ വെറുക്കുന്നു. അഗാധമായ മാനസികശക്തി നിലനിർത്തുക. ശിശുസമാനം നിങ്ങളെ കുറിച്ച് ആരും എന്തെങ്കിലും പറഞ്ഞാൽ കൂടിയും അതിനൊന്നും യാതൊരു ശ്രദ്ധയും കൊടുക്കരുത്. വില കല്പിക്കാതിരിക്കുക. കനത്ത പ്രതിസന്ധികളിലൂടെ മാത്രമേ എല്ലാ നേട്ടങ്ങളും ഉണ്ടായിട്ടുള്ളൂ. നിങ്ങൾ നിങ്ങളുടെ പുരുഷത്വമായ ശ്രമങ്ങൾ മുന്നോട്ടു വെയ്ക്കുക.

സുഹൃത്തേ, നിങ്ങൾ എന്തിനാണ് കണ്ണീരൊഴുക്കുന്നത്! നിങ്ങളിൽ തന്നെയാണ് എല്ലാ ശക്തിയും നില കൊള്ളുന്നത്. എല്ലാ ശക്തിവൈഭവും സ്വരൂപിക്കുക. എന്നാൽ ഈ പ്രപഞ്ചം മുഴുവനും നിങ്ങളുടെ പാദസമക്ഷം നമിക്കും. സ്വന്തം ശരീരവുമായി സ്വയം കണക്കാക്കുന്ന മൂഢന്മാർ മാത്രമേ

ദു:ഖാദ്രമായി''ഞങ്ങൾ ശക്തിഹീനരാണെന്ന്'' അല മുറയിട്ട് കരയുകയുള്ളൂ. നമ്മുടെ രാജ്യത്തിനാവശ്യം പ്രവൃത്തിയും ശാസ്ത്രീയ നൈപുണ്യവുമാണ്. നമുക്ക് ശക്തമായ ഊർജ്ജ്വസലത വേണം. അതിരറ്റ ഉത്സാഹവും കവിഞ്ഞ ശക്തിയും വേണം. പരിശ്രമിയായ മനുഷ്യനിലാണ്, സിംഹഹൃദയനിലാണ് ഐശ്വര്യത്തിന്റെ ദേവി കുടി കൊള്ളുന്നത്. തിരിഞ്ഞുനോക്കേണ്ടതില്ല.

മുന്നോട്ട്! കലവറയില്ലാത്ത ഊർജ്ജമാണ് നമുക്കാവശ്യം: അതിരില്ലാത്ത ഉത്തേജനം, ധൈര്യം, സഹനശക്തി ഇതെല്ലാമുണ്ടെങ്കിൽ മാത്രമേ വലിയ കാര്യങ്ങൾ നമുക്ക് നേടാനാവൂ.

വേദം യാതൊരു പാപങ്ങളേയും അംഗീകരിക്കുന്നില്ല. അത് പിഴകളെ മാത്രമേ കാണുന്നുള്ളൂ. വേദങ്ങൾ പ്രകാരം ഏറ്റവും വലിയ പിഴവ് ''നാം അശക്തനാ''ണെന്ന ഭാവമാണ്. നാമൊരു വല്ലാത്ത ജീവിയും ഇതോ അതോ ഒന്നും തന്നെ ചെയ്യാൻ കഴിവില്ലാത്ത ഒരു അശക്തൻ എന്ന ആ ചിന്താഗതി.

ശക്തിയാണ് ജീവിതം. ബലഹീനത മരണമാണ്. ശക്തി വന്ദ്യവും ജീവിതം ശാശ്വതവുമാണ്. ബലഹീനത എപ്പോഴുമുള്ള കഷ്ടപ്പാടും ദു:ഖവുമാണ്. അശക്തത മരണവുമാണ്. നാം ശക്തനാണ് എന്ന ശുഭവിശ്വാസം നിങ്ങൾക്ക് സഹായകമാണ്. ഇത് കുട്ടിക്കാലം മുതല്ക്കു തന്നെ നിങ്ങളുടെ മനസ്സിൽ തഴച്ചു വളരേണം.

കഷ്ടപ്പാടുകളുടെ ഒരു കാരണമാണ് ബലഹീനത. നാം അശക്തരായാൽ സ്വയം ബുദ്ധിമുട്ടിലാകുന്നു. അസത്യം പറയുകയും, മോഷ്ടിക്കുകയും, ഹിംസയും മറ്റ് കൃത്യങ്ങളും ചെയ്യുന്നു. നാം മരിക്കുന്നു, കഷ്ടപ്പെടുന്നു. എന്നാൽ നമ്മെ ക്ഷയിപ്പിക്കുവാൻ മാത്രം ഒന്നുമില്ലെങ്കിൽ നമുക്ക് ദു:ഖവുമില്ല, മരണവുമില്ല.

നമുക്കാവശ്യം ശക്തിയാണ്. ലോകം നേരിടുന്ന രോഗത്തിനുള്ള പ്രതിവിധിയാണ് ശക്തി. ശക്തരായ എതിരാളികൾ നമ്മെ മർദ്ദിക്കുമ്പോൾ നമുക്ക് ചെറുത്തുനില്ക്കുവാനുതകുന്ന ഔഷധമാണ് ശക്തി. പണ്ഡിതന്മാർ അജ്ഞരെ കീഴടക്കുമ്പോഴും ആവശ്യമുള്ള മരുന്ന് ശക്തി തന്നെയാണ്. അതേ പോലെ തന്നെ തെറ്റു ചെയ്ത ഒരുവനെ മറ്റ് കുറ്റവാളികൾ ഇടിച്ച് താഴ്ത്തുമ്പോൾ പ്രയോഗി ക്കേണ്ട മരുന്നും ശക്തി തന്നെയാണ്.

എഴുന്നേറ്റ് നില്ക്കൂ, ധൈര്യമായിരിക്കൂ, ശക്തനാകൂ എല്ലാ ചുമതലയും നിങ്ങളുടെ തോളിൽ തന്നെ വെയ്ക്കുക. നിങ്ങളുടെ ലക്ഷ്യത്തിന്റെ സ്രഷ്ടാവ് നിങ്ങൾ തന്നെയാണ് എന്ന് മനസ്സിലാക്കുക. നിങ്ങൾക്കാവശ്യമുള്ള ശക്തിയും ഊർജ്ജവും നിങ്ങളിൽ തന്നെയാണുള്ളത്. അതിനാൽ നിങ്ങൾ സ്വന്തം ഭാവിയെ തിട്ടപ്പെടുത്തുക.

''നാം രോഗിയാണ്'' എന്ന് സർവ്വസമയവും ചിന്തിച്ചത് കൊണ്ട് നമുക്ക് ഒരു ചികിത്സയാകുന്നില്ല. അതിന് ഔഷധത്തിന്റെ ആവശ്യമുണ്ട്. നമ്മുടെ ഹീനതയെക്കുറിച്ച് എപ്പോഴും ഓർമ്മിപ്പിക്കുന്നത് വലിയ സഹായമാകുന്നില്ല. ശക്തി കൊടുക്കൂ. സദാ നേരവും ബലഹീനതയെ കുറിച്ചാലോചിച്ചാൽ നമുക്ക്

ശക്തി ലഭിക്കയില്ല. ബലഹീനത മാറ്റുവാനുള്ള ഉപാധി അതേ കുറിച്ച് ചിന്തിക്കയല്ല, മറിച്ച് ശക്തിയെ കുറിച്ചാലോചിക്കുകയാണ്.

ഇഹലോകത്തിലോ അതോ മതത്തിന്റെ ലോകത്തിലോ, തരം താഴ്ത്തലിന്റേയും പാപത്തിന്റേയും ഹേതു ഭയമാണെന്നത് ഉറപ്പാണ്. ഭയം വിഷമങ്ങളെ കൊണ്ടുവരുന്നു. അത് മരണത്തേയും. പാപത്തേയും മാടിവിളിക്കുന്നു.എന്താണ് ഭയത്തിനുള്ള കാരണം? നമ്മുടെ സ്വന്തം പ്രകൃതത്തെ കുറിച്ചുള്ള അജ്ഞത മാത്രമാണ് ഇതിന് കാരണം. നമ്മളിലോരോരുത്തരും ചക്രവർത്തിമാരുടെ ചക്രവർത്തിയായ ഈശ്വരന്റെ പിൻഗാമിയാണ്.

എല്ലാ പാപങ്ങളും ദൂഷ്യങ്ങളും ''ബലഹീനത'' എന്ന പദത്തിൽ ഒതുക്കി നിർത്താവുന്നതാണെന്ന് മനസ്സിലാക്കുക. എല്ലാ ദൂഷ്യപ്രവൃത്തികളുടേയും ലക്ഷ്യശക്തി ബലഹീനത തന്നെയാണ്. ഈ ബലഹീനതയിൽ നിന്ന് തന്നെയാണ് സ്വാർത്ഥതയും മറ്റുള്ളവരെ വ്രണപ്പെടുത്തുവാനുള്ള ത്വരയും ഉണ്ടാകുന്നത്. യഥാർത്ഥത്തിൽ ഇല്ലാത്ത ഇവയെല്ലാം സാക്ഷാത്കരിക്കുന്നത് ഈ ബലഹീനത തന്നെയാണ്.

നമ്മുടെ ജനങ്ങൾക്ക് ഇപ്പോൾ ആവശ്യം ഇരുമ്പിന്റെ മാംസപേശികളും ഉരുക്കുകൊണ്ടുള്ള രക്തധമനികളുമാണ്. ഒന്നിനും തടയാനാവാത്ത ദൃഢമായ ആത്മവിശ്വാസവും, പ്രപഞ്ചത്തിന്റെ നിഗൂഢതകളും രഹസ്യങ്ങളും അറിയുന്നതിനായി അതിലേക്ക് തുളച്ചു കയറാനാവും വിധമുള്ള വിശ്വാസമാണ് നമുക്കാവശ്യം. നമ്മുടെ ലക്ഷ്യം നേടുന്നതുവരെ സമുദ്രാന്തർഭാഗത്ത് കടന്ന് ചെല്ലുവാനും വേണമെങ്കിൽ മരണത്തെ തന്നെ അഭിമുഖീകരിക്കുവാനുമുള്ള ദൃഢത്വമാണ് നമുക്കാവശ്യം.

നാം കുറേയേറെ കണ്ണീരൊഴുക്കിയിട്ടുണ്ട്. ഇനി അത് വേണ്ടതില്ല. സ്വന്തം പാദത്തിന്മേൽ ഒരു മനുഷ്യനെപ്പോലെ എഴുന്നേറ്റ് നില്ക്കുക. മനുഷ്യനിർമ്മാണ ത്തിനുതകുന്ന മതത്തെയാണ് നമുക്കാവശ്യം. അതിനുതകുന്ന സിദ്ധാന്തങ്ങളും വിദ്യാഭ്യാസരീതികളും നമുക്കാവശ്യമാണ്. ശാരീരികമായോ, ബുദ്ധിപരമായോ, ആദ്ധ്യാത്മികമായോ നമ്മെ ബലഹീനരാക്കുന്ന ഏതും വർജ്ജിക്കുക. അതിൽ ജീവിതമില്ല. അത് സത്യവുമല്ല. സത്യം നമ്മെ ശക്തരാക്കുന്നു. സത്യം ശുദ്ധിയാണ്. സത്യം സർവ്വജ്ഞാനമാണ് സത്യത്തെ ശക്തിപ്പെടുത്തുക. അത് നമ്മെ പ്രകാശപൂരിതമാക്കുന്നു, ഉത്തേജിപ്പിക്കുന്നു. ഇതാണ് സത്യത്തിനുള്ള പരീക്ഷ.

ഒരു തത്തയെപ്പോലെ നാം പലേ കാര്യങ്ങളും വിളിച്ചുപറയുന്നു. എന്നാൽ അവ ഒന്നും തന്നെ ചെയ്യുന്നുമില്ല. പ്രവർത്തിക്കാതെ ഭാഷണം ചെയ്യുന്നത് നമ്മുടെ ഒരു സ്വഭാവമായി മാറിയിരിക്കയാണ്. എന്താണ് ഇതിന്റെ കാരണം? നമ്മുടെ ഭൗതികമായ ബലഹീനത തന്നെ. ഇത്തരം അശക്തമായ ചിന്താഗതിക്ക് ഒന്നും തന്നെ ചെയ്യാനാവുന്നില്ല. നാം അതിനെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ആദ്യം തന്നെ നമ്മുടെ യുവതലമുറ ശക്തരായിരിക്കേണ്ടതുണ്ട്. മതം പിന്നീട് വന്നുകൊള്ളും. കൃഷ്ണനിലെ അതിബുദ്ധിശാലിയേയും അത്യുന്നത കായിക ബലത്തേയും അറിയണമെന്നുണ്ടെങ്കിൽ ശക്തമായ രക്തം നിങ്ങളുടെ

ധമനികളിലൂടെ പ്രവഹിക്കേണ്ടതുണ്ട്. അതേ പോലെതന്നെ ഉപനിഷത്തുക്കളെ നല്ലപോലെ ഗ്രഹിക്കുന്നതിനും ആത്മാവിന്റെ മഹിമയെ കുറിച്ച് മനസ്സിലാക്കുന്നതിനും നിങ്ങളുടെ ദേഹം സ്വന്തം പാദങ്ങളിൽ ഉറച്ചുനില്ക്കയും സ്വയം ഒരു മനുഷ്യനാണെന്ന് തോന്നുകയും വേണ്ടതുണ്ട്.

ധാർമ്മികനും, ശക്തനുമാകുക. ധാർമ്മികനായ ഒരുവനായി തീരുക. ആശങ്കാകുലനാകാതിരിക്കുക. ഭീരുക്കൾ തെറ്റുചെയ്യുന്നു. ധീരന്മാർ ചെയ്യുന്നില്ല. ആരേയും ഏവരേയും സ്നേഹിക്കുവാൻ പരിശ്രമിക്കുക.

എഴുന്നേല്ക്കു! നിങ്ങളുടെ തോളിൽ ചക്രമേറ്റുക. എത്രകാലത്തേയ്ക്കാണ് ഈ ജീവിതം? ഈ ലോകത്തിലേക്ക് നിങ്ങൾ പ്രവേശിച്ചതിനാൽ, നിങ്ങൾ പോകുമ്പോൾ ഇവിടെ എന്തെങ്കിലും നേട്ടം വെച്ച് പോകുക. അല്ലെങ്കിൽ നിങ്ങളും മരങ്ങളും കല്ലുകളും തമ്മിൽ എന്താണ് വ്യത്യാസം? അവരും ഇവിടെ വരുന്നു, വളരുന്നു,മരിക്കുന്നു!

എന്നും ധൈര്യവാനായിരിക്കുക. എന്റെ കുട്ടികൾ ഏതിലുമുപരി ധൈര്യവാന്മാരായിരിക്കേണം. ഒരു നിലയ്ക്കും നിങ്ങൾ വിട്ടുവീഴ്ചയ്ക്ക് തയ്യാറാവരുത്. പരമോന്നത സത്യങ്ങളെ പ്രചരിപ്പിയ്ക്കുക. ആരുമായും നിങ്ങൾ സ്വാഭിമാനം നഷ്ടപ്പെടുമെന്നോ ആരെങ്കിലുമായി അസന്തുഷ്ട സംഘർഷമുണ്ടാകുമെന്നോ ഭയപ്പെടേണ്ടതില്ല. ഒരു കാര്യം ഓർക്കുക. ഏത് പ്രലോഭനത്തേയും അതി ജീവിച്ച് സത്യത്തെ സേവിക്കുന്ന ഒരുവൻ, സ്വർഗ്ഗീയശക്തി ലഭിക്കുന്നവനാകുന്നു. നിങ്ങൾ തെറ്റല്ലെന്ന് കരുതുന്ന ഒരു കാര്യവും നിങ്ങളുടെ മുന്നിൽ സംസാരിക്കുവാൻ ജനങ്ങൾ ഭയക്കും. നിങ്ങൾ എന്തുതന്നെ പറഞ്ഞാലും ആളുകൾ നിങ്ങളെ വിശ്വസിക്കും. ഇതിനായി നിങ്ങൾ 14 വർഷം മുടങ്ങാതെ സത്യത്തെ സംരക്ഷിക്കുകയും സേവിക്കുകയും ചെയ്യേണ്ടതുണ്ട്.

# സംസ്കൃത നാമങ്ങളുടേയും പദങ്ങളുടേയും അർത്ഥം

അവതാരം: ഹിന്ദുക്കൾ പുനർജ്ജന്മത്തിൽ വിശ്വസിക്കുന്നു. അതായത് ഒരാൾ തന്റെ പൂർവ്വജന്മത്തിലെ ഗുണങ്ങൾക്കനുസൃതമായി വീണ്ടും ജനിക്കുന്നു. ഹിന്ദുമതത്തിലെ ആദ്യത്തെ മൂന്ന് പ്രവാചകന്മാർ ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നിവരാണ്. വിഷ്ണുവിന്റെ ഭാര്യ മഹാലക്ഷ്മിയും മഹേശ്വരന്റെ പത്നി ഭഗവതിയുമായിരുന്നു. മഹേശ്വരന് രണ്ട് കുട്ടികൾ ഉണ്ട്. കാർത്തികേയനും, ശ്രീ ഗണേശനും. കാലക്രമേണ ഈ ഹിന്ദുസമൂഹ പ്രവാചകന്മാരിൽ ശ്രേഷ്ഠത സങ്കല്പിക്കയും അവരെയെല്ലാം മേൽപ്പറഞ്ഞ ഏതെങ്കിലും പ്രവാചകന്റേയോ അവരുടെ ഭാര്യമാരുടേയോ അവതാരങ്ങളായി ഗണിക്കയും ചെയ്തു. ഉദാഹരണമായി ഭഗവാൻ രാമൻ, ഭഗവാൻ കൃഷ്ണൻ, ഭഗവാൻ വെങ്കടേശ്വരൻ, ബാലാജി എന്നിവരെല്ലാം വിഷ്ണുവിന്റെ അവതാരങ്ങളായിട്ടാണ് കരുതപ്പെടുന്നത്. ഭഗവാൻ ശിവൻ, നടരാജൻ,സുബ്രഹ്മണ്യൻ എന്നിവർ മഹേശ്വരന്റെ അവതാരങ്ങളായി ഗണിക്കപ്പെടുന്നു. ദുർഗ്ഗ, കാളി എന്നിവർ ഭഗവതിയുടേയും.

അസുരൻ: സമൂഹത്തിലെ നന്മയെ കുറിച്ച് ചിന്തിക്കാത്തവൻ. സ്വാർത്ഥനും ചതിയനുമായ പ്രകൃതമുള്ളവൻ.

ബ്രഹ്മാവ്: ഈശ്വരന്റെ പല പേരുകളിൽ ഒന്ന്.

ബ്രഹ്മാവ്: സനാതനധർമ്മം അഥവാ ഹിന്ദുമതത്തിന്റെ ആദ്യകാല പ്രവാചകരിൽ ഒരാൾ. അദ്ദേഹം മദ്ധ്യഭാരതത്തിലായിരുന്നു വസിച്ചത്.

വിഷ്ണു: ബ്രഹ്മാവിനെപ്പോലെ തന്നെ ഒരു ആദ്യകാല പ്രവാചകൻ. ദക്ഷിണേന്ത്യയിലായിരുന്നു വാസം. നാരായണൻ, ഭഗവാൻ വെങ്കടേശൻ എന്നീ പേരുകളിലും അറിയപ്പെടുന്നു.

ബ്രഹ്മചര്യം: ലൈംഗികാസക്തിയിൽ നിന്നും വിട്ടു നല്ക്കുക. ഏതെങ്കിലും ഒരു പാവന ഹേതുവിന് വേണ്ടി മനസ്സിനെ ഏകാഗ്രമാക്കി വെക്കുവാനായി ഇത് പാലിക്കുന്നു.

ഭജനം: ഈശ്വരനെ വാഴ്ത്തിക്കൊണ്ടുള്ള സംഗീതസാന്ദ്രമായ പാട്ടുകൾ.

ബ്രാഹ്മണർ: ഒരു അദ്ധ്യാപകനെന്ന നിലയിൽ ജീവിത നിവൃത്തി വരുത്തുന്നവൻ. പൂർവ്വകാലങ്ങളിൽ വേദങ്ങളും മറ്റു മതഗ്രന്ഥങ്ങളും വ്യാഖ്യാനിച്ച് ജ്ഞാനപ്രചാരം നടത്തിയവർ ബ്രാഹ്മണന്മാരായിരുന്നു. തത്സംബന്ധമായ പ്രധാന ഉറവിടവും ഇവർ തന്നെ.

ദേവത: സംരക്ഷകർ അഥവാ പ്രവാചകർ. ഇവർ നായകന്മാരായും, മാർഗ്ഗനിർദ്ദേശികളായും, രക്ഷകന്മാരായും മറ്റും ജനങ്ങളാൽ

ആദരിക്കപ്പെടുന്നു. മനുഷ്യജന്മമെടുത്തതിനാൽ ഇവർക്ക് മാനുഷികമായ പരിമിതികളും ഉണ്ടായിരുന്നു. നിലവിലുള്ള സാമൂഹിക കാഴ്ചപ്പാടുകളും അവർ ജീവിച്ച കാലത്തിന്റെ സ്വാധീനവും ഇവരിൽ കണ്ടിരുന്നു. അതിനാൽ അവരുടെ മിക്ക പ്രവൃത്തികളും നമ്മിൽ ചോദ്യങ്ങൾ ഉയർത്തുവാൻ ഇടയുണ്ട്. എന്നാൽ സമൂഹത്തിന്റെ പുരോഗതിക്കു വേണ്ടി അവരുടെ പ്രവൃത്തികൾ ഉപകരിക്കപ്പെട്ടതിനാൽ നമ്മുടെ അഭിനന്ദനത്തിന് അവർ അർഹരാണ്. അവരുടെ സൽപ്രവൃത്തികളുടെ ഫലങ്ങൾ നാം ഇന്നും അനുഭവിച്ചു കൊണ്ടിരിക്കുന്നു.

ധർമ്മം: ഒരു മനുഷ്യൻ തന്റെ ജീവിതം ആദർശപരമായി നയിക്കുവാനുതകുന്ന ചില മൂല്യങ്ങൾ.

ദളിത്: സമൂഹത്തിന്റെ വിലക്ക് കൊണ്ട് പ്രത്യേക കലാവിരുതുകൾ അഭ്യസിക്കാനാവാതെ തന്റെ ജീവിതം വെറും സാധാരണ ജോലികൾ മാത്രം ചെയ്ത് സമൂഹത്തിന്റെ താഴേക്കിടയിൽ ജീവിത നിവൃത്തി ചെയ്യേണ്ടി വരുന്നവർ.

ഗീത: ഭഗവാൻ കൃഷ്ണൻ നിത്യജീവിതത്തിൽ ഒരു ഭക്തന് പിന്തുടരാനാവുന്നതിനായി നല്കിയ ദിനചര്യകളും അദ്ധ്യയനങ്ങളും.

ക്ഷത്രിയർ: ആയുധകലയും, പരിജ്ഞാനവും, പരിശീലനവും ലഭിച്ച് അതിനെ തൊഴിലാക്കി രാജ്യത്തിന്റേയോ സംഘടനയുടേയോ സുരക്ഷയ്ക്ക് വേണ്ടി പൊരുതുന്നവർ.

മഹേശ്വരൻ: ബ്രഹ്മാവ്, വിഷ്ണു എന്നിവർക്ക് പുറമേ സനാതനധർമ്മ പ്രചരണത്തിൽ ഉള്ള മറ്റൊരു പ്രവാചകൻ. ഉത്തരേന്ത്യയിലെ കാശ്മീരിൽ നിന്നുമുള്ള മഹേശ്വരന് ശിവൻ, രുദ്രൻ, നടരാജൻ, ഭഗവാൻ, സുബ്രഹ്മണ്യൻ എന്നീ പേരുകളുമുണ്ട്.

മുനി: ഒരു ഉന്നതതല ഋഷി. വേദങ്ങളെ കുറിച്ചും ഈശ്വരനെ കുറിച്ചും പരിപൂർണ്ണ ജ്ഞാനം ലഭിക്കയും അവയെ സാധാരണക്കാർക്കായി ലളിതമായ ഭാഷയിൽ വിശകലനം ചെയ്തുകൊടുക്കുവാനും കഴിവുള്ള ആൾ.

ഋഷി: ഈശ്വരൻ കല്പിച്ചയച്ച ഒരു പരമോന്നത തല പ്രവാചകൻ. മനുഷ്യവംശത്തിന് നാളിതുവരെ അറിയാത്ത ഒരു രൂപരേഖ വിഭാവനം ചെയ്യുവാൻ ഋഷിക്കാകുന്നു.

രാക്ഷസൻ: ദുഷ്ട പൈശാചികസ്വഭാവമുള്ള മനുഷ്യൻ.


സനാതനധർമ്മം: മനുഷ്യസംസ്ക്കാരത്തിന്റെ ആദ്യത്തെ മതം. ഇതിന് പിന്നീട് പ്രചുരപ്രചാരമായ നാമമായിരുന്നു. "ഹിന്ദുമതം"

ശൂദ്രൻ: കരവിരുതുള്ള പണിക്കാരൻ. അവൻ തന്റെ കായിക ജോലിയാൽ ജീവിത നിവൃത്തി വരുത്തുന്നു.

വിഷ്ണു: ഈശ്വരന്റെ വിവിധ പേരുകളിൽ ഒന്ന്. ഈ പദം സംസ്കൃതത്തിലെ മൂലപദമായ "വിസ" അഥവാ 'നിറഞ്ഞിരിക്കുന്നു', 'വ്യാപിച്ചിരിക്കുന്നു' എന്നർത്ഥമുള്ള വാക്കിൽ നിന്നുത്ഭവിക്കുന്നു. വിഷ്ണു എന്നാൽ 'സർവ്വ വ്യാപിയായത" എന്നർത്ഥം.

വേദം: സനാതനധർമ്മത്തിലെ ഏറ്റവും പുരാണമായ ഗ്രന്ഥം. അർത്ഥവത്തായ ജീവിതം നയിക്കുന്നതിന് ഇത് മാർഗ്ഗ നിർദ്ദേശം നല്കുന്നു.

വൈശ്യർ: സാമ്പത്തിക സംയോജകനായ ഇവർ കച്ചവടം നടത്തി ജീവിക്കുന്നു.




**Mahamrityunjoy Trisul**

**Mahamrityunjoy Axe**

**Mahamrityunjoy Sword**

This sword or axe or Trisul containing replica of Ishwar's angels becomes "Mahamrityunjoy", i.e., a guarantee against accidental disaster. Any one who keeps any one of these items at home and master the art of using these sword or axe or Trisul will be blessed by Ishwar to be healthy, wealthy, successful & very powerful.




Badrinath Dham existing since the time of Veda is the oldest Hindu shrine (Altitude 3133 M).

The Holy Book of Hindu religion has dealt with Veda, Gita, Manusanghita, Smriti Shastras etc, in capsule form. For a Hindu family person, this much knowledge about Hinduism is minimum requirement & is almost adequate.

Pandit Pradip Ramnath, Priest of Badrinath Dham



Indian Space Research Organisation Ministry of Science & Technology, India.

Every chapter of The Holy Book of Hindu Religion bears the stamp of a scientific mind and eternal human values. I recommend to all the young people to go through the chapters like Idol Worship, Caste System & Ten Incarnations of Vishnu etc. This book covers almost 90% of the knowledge required for an ordinary person to understand the strength of this humanist religion.

Dr Samiran Das, Space Scientist , ISRO,INDIA




Kedarnath Dham existing since the time of Mahabharat is the holiest Hindu shrine (Altitude 3584M).

I have liked The Holy Book of Hindu Religion. I think that all Hindus should read this book.

Pandit MahendarSukla, Priest of Kedarnath Dham



Indian Institute of Technology, Kharagpur, Ministry of Human Resource Development, India.

Throughout my life I served science and neither had time nor had any interest to read scriptures. Recently I studied The Holy Book of Hindu Religion. It was a turning point. Had I read this book during my student days, I would have surely achieved much more in life.

Prof. Dr. B.B.Ghosh, I.I.T. Kharagpur

ISBN 81-903418-7-1